
റ്റോംസിന്റെ


# ബോബനും മോളിയും


TOMS PUBLICATIONS

















THE CARTOONS THAT CREATED
A COMIC WAR IN THE SUPREME COURT OF INDIA

# ബോബനും മോളിയും

## 50–ാം ജന്മദിന സ്മാരക ഗ്രന്ഥം

### റ്റോംസ്

റ്റോംസ് പബ്ലിക്കേഷൻസ്
കോട്ടയം

**BOBANUM MOLLIYUM**
Cartoons (Malayalam)
by V.T. THOMAS (Toms)

Published by the Author
All rights reserved.
First published November 2007.

Marketed by
**TOMS PUBLICATIONS**
SH Mount P.O.
Nagampadom, Kottayam-686 006
Kerala, India.
Tel: +91-481-2565642, 3297317
Email: tomscomics@rediffmail.com

**Price: Rs. 500/-**

# സമർപ്പണം

ബോബനും മോളിയിലും
തുടക്കം മുതലേ ഒരു കഥാപാത്രമായ
കുട്ടികളുടെ അച്ചനും എന്റെ ഉറ്റ സുഹൃത്തുമായ
പരേതനായ അഡ്വ. കെ.എം.അലക്സിന്
ഈ പുസ്തകം ഞാൻ സമർപ്പിക്കുന്നു.

# ഓർമ്മകളിലൂടെ......

അമ്പതു വർഷം പിന്നിടുമ്പോൾ ഓർമ്മകൾ ഞാൻ പങ്കുവെയ്ക്കുകയാണ്. ചക്ക വീണ് മുയലു ചത്തു എന്നതുപോലെയാണ് ഞാൻ കാർട്ടൂണിസ്റ്റായത്. ഒരു കാർട്ടൂണിസ്റ്റാവണമെന്ന മോഹം എനിക്കില്ലായിരുന്നു. കോളേജ് വിദ്യാഭ്യാസത്തിനു ശേഷം കുട്ടനാട്ടിലെ ചെളിമണ്ണിൽ കാലുറയ്ക്കാത്ത കാലം നേരം പോകാൻ വേണ്ടി എന്തെങ്കിലും കുത്തിവരയ്ക്കും. ആനയും ചുണ്ടൻ വള്ളങ്ങളുമൊക്കെയായിരുന്നു പലതും. ഞാൻ വരയ്ക്കുന്ന ചിത്രങ്ങൾ കാണാൻ അയൽവക്കത്തെ രണ്ട് കുട്ടികൾ വരും. ബോബനും മോളിയുമെന്നായിരുന്നു അവരുടെ പേര്.

ആദ്യമൊക്കെ അവർക്കെന്നെ ഭയമായിരുന്നു. തല്ലാൻ പലതവണ ഓടിച്ചിട്ടുണ്ട്. ഏതാണ്ട് നാലേക്കർ വരുന്ന എന്റെ വളപ്പിന്റെ വേലി ഭേദിച്ചാണ് അവർ വരുന്നത്. അവർക്ക് സ്കൂളിൽ പോകാൻ ഈ പുരയിടത്തിന്റെ മുക്കാൽ ഭാഗവും



ചുറ്റിയാലേ നേർവഴിയിൽ എത്താൻ കഴിയൂ. ഈ വഴിയിൽ ഒരു കടിക്കുന്ന പട്ടിയുണ്ട്. രണ്ടു മൂന്നുതവണ പട്ടിയെ ഭയന്നവർക്ക് തോട്ടിൽ ചാടേണ്ടി വന്നിട്ടുണ്ട്. പട്ടിയെ ഭയന്ന് എന്റെ വേലിക്ക് ദ്വാരമുണ്ടാക്കി ഞാൻ കാണാതിരിക്കാൻ എന്റെ അടുക്കളവഴി അവർ ഇറങ്ങി ഓടും. ഇതു മനസ്സിലാക്കിയ ഞാൻ വേലിയുടെ ആ ഭാഗം മുള്ളുകളിട്ട് കെട്ടിയടച്ചു.

അപ്പോഴേക്കും അവർ മറ്റൊരു വഴി കണ്ടുപിടിച്ചു. എന്റെ പുരയിടത്തിനു വെളിയിലുള്ള ഒരു തെങ്ങ് വേലിയ്ക്കകത്തേയ്ക്ക് വീണത് ചുവട് അറ്റിട്ടില്ലായിരുന്നതു മൂലം അഗ്രം മേൽപ്പോട്ടു വളഞ്ഞ് കായ്ഫലം തന്നിരുന്നു. ഈ തെങ്ങിലൂടെ എന്റെ വളപ്പിലേയ്ക്ക് ചാടി വീണ്ടും പഴയ മാർഗ്ഗം ഉപയോഗിച്ചു. തെങ്ങ് എനിക്ക് വെട്ടിക്കളയാൻ നിവൃത്തിയില്ല. അവിടെ ഞാൻ അവരോടു



തോറ്റു. സ്നേഹഭാവത്തിൽ ഉപദേശിച്ചു പിന്തിരിപ്പിക്കാനായി അവരോടടുത്തു. വല്ലവന്റേം പുരയിടത്തിൽ കയറി മോഷ്ടിച്ച മാമ്പഴം അവരെനിക്കു സമ്മാനമായി തന്നു. ക്രമേണ ഞങ്ങൾ തമ്മിൽ ഉറ്റ ചങ്ങാതികളായി. ഞാൻ വരയ്ക്കുന്ന ചിത്രങ്ങൾ അവർ നോക്കി നിൽക്കും.

ഒരിക്കൽ ആ കുസൃതിപ്പെണ്ണ് എന്നെ ഒന്നു വരയ്ക്കാമോന്നു ചോദിച്ചു. തോൽക്കാൻ പറ്റില്ലല്ലോ. അവളെ ഇരുത്തി ഞാനൊന്നു വരച്ചു. ചുരുണ്ട മുടിയും വട്ടക്കണ്ണുമുള്ള അവളെ വരയ്ക്കാൻ എളുപ്പമായിരുന്നു. അവൾക്കു നന്നേ ഇഷ്ടപ്പെട്ടു. പിറ്റേന്ന് സ്കൂളിലെ കുട്ടികളെ കാണിച്ചു.കുട്ടികൾ ചുറ്റുവട്ടം കൂടി. അവളങ്ങനെ ഒരു ഹീറോയിനായി. അതു കണ്ടപ്പോൾ ബോബനൊരു അസൂയ. പിറ്റേന്ന് അങ്കിളേ എന്നെക്കൂടി വരയ്ക്കണമെന്ന് അവൻ അവശ്യപ്പെട്ടു. അവനേയും വരച്ചു കൊടുത്തു.

പിന്നീടൊക്കെ ഈ കുട്ടികളെ



തന്നെ വെറുതെ ഇരിക്കുമ്പോൾ സമയം കളയാൻ വേണ്ടി വീണ്ടും വീണ്ടും വരച്ചു. അവരുടെ കഴുത്തിനുമീതേ ഉടലു വരച്ചു കൈകാലുകൾ വരച്ചു. ഒന്നു നടത്തി ഓടിച്ചു. വള്ളം തുഴയിച്ചു. ഇതിനൊന്നും ഒരു ലക്ഷ്യവുമില്ലായിരുന്നു. ഇങ്ങനെ വരച്ച ഒട്ടേറെ ചിത്രങ്ങൾ മേശമേലും താഴെയും ചിതറിക്കിടക്കുന്നത് ഒരിക്കൽ എന്റെ മുറിയിൽ വരാനിടയായ പള്ളി വികാരി. ഫാ.ജോസഫ് വടക്കും മുറി കാണാനിടയായി. അദ്ദേഹത്തിനെന്നെപ്പറ്റി തീരെ അഭിപ്രായമില്ലായിരുന്നു. ബി.എ.പാസ്സായിട്ടും ഒരു പണിക്കും പോകാതെ ഇരുന്നും ഉറങ്ങിയും കഴിയുന്ന ഒരു കുഴിമടിയൻ. ചിലചിത്രങ്ങൾ എടുത്തിട്ട് ഇത് ആരു വരച്ചതാണെന്നു ചോദിച്ചു. ഞാൻ വരച്ചതാണെന്നു പറഞ്ഞപ്പോൾ തന്നെ ഇതിനെങ്കിലും കൊള്ളാമല്ലോ ശ്രമിച്ചാൽ ഒരു നല്ല കാർട്ടൂണിസ്റ്റാകാമെന്നു പറഞ്ഞു. താൻ അടുത്ത ആഴ്ച വരുമ്പോൾ ഒരു കാർട്ടൂൺ വരച്ചു കാണിക്കണമെന്ന് പറഞ്ഞിട്ട് പോയി. ഞാനത്ര കൂട്ടാക്കിയില്ല. പിറ്റേ ആഴ്ച വന്നപ്പോൾ ഒന്നും വരച്ചില്ലെന്നു മനസ്സിലാക്കിയ അദ്ദേഹം ഏറെവഴക്കു പറഞ്ഞു.അങ്ങനെയാണ് ഞാൻ ആദ്യമായി ഒരു കാർട്ടൂൺ വരച്ചത്. അത് എനിക്കുവേണ്ടിയോ പത്രക്കാർക്കു

വേണ്ടിയോ ആയിരുന്നില്ല. അച്ചനുവേണ്ടി. ഇനി വഴക്കു പറയരുത്.

എന്തെങ്കിലും വരയ്ക്കണമെന്ന് തോന്നുമ്പോൾ ഈ കുട്ടികളുടെ ചിത്രമാണ് മനസ്സിൽ ഓടിയെത്തുക. തന്മൂലം അവരെത്തന്നെ കഥാപാത്രങ്ങളാക്കി ഒരു കാർട്ടൂൺ വരച്ചു. ഒരു സിങ്കിൾ കോളം കാർട്ടൂൺ. അച്ചനത് നന്നേ ഇഷ്ടപ്പെട്ടു. കാർട്ടൂൺ അന്ന് എറണാകുളത്തു നിന്നും പ്രസിദ്ധീകരിച്ചിരുന്ന സത്യദീപം എന്ന സഭാവാരികയ്ക്ക് അയച്ചുകൊടുക്കാൻ അദ്ദേഹം തന്നെ മുൻകൈ എടുത്തു. അന്ന് വാരികയുടെ പത്രാധിപർ താനൊന്നിച്ചു സെമിനാരിയിൽ പഠിച്ച ഫാദർ ജോസഫായിരുന്നു. അദ്ദേഹമായിരുന്നുപിന്നീട്



കേരളത്തിലെ ആദ്യ കാർഡിനലായ ജോസഫ് പാറേക്കാട്ടിൽ തിരുമേനി.

കാർട്ടൂൺ പ്രസിദ്ധീകരിച്ചുകണ്ടപ്പോൾ സന്തോഷമായി. അടിയിൽ വി.റ്റി.തോമസ് എന്ന പേരു കണ്ടപ്പോൾ വീണ്ടും വരയ്ക്കണമെന്നായി. നാലഞ്ചു കാർട്ടൂണുകൾ പ്രസിദ്ധീകരിച്ചു കഴിഞ്ഞപ്പോൾ അദ്ദേഹം അതങ്ങു നിർത്തി. ബ്ലോക്ക് മേക്കിങ്ങ് അന്ന് വളരെ ചിലവേറിയ ഒന്നായിരുന്നു. ആ കാരണം പറഞ്ഞ് അന്ന് ഒരു കത്തും കിട്ടി. ഏതായാലും തുടങ്ങിവച്ചതല്ലേ കളയണ്ട. പിന്നീട് നാല് കോളങ്ങളായി വരച്ച് മനോരമ വാരികയ്ക്ക് അയച്ചുകൊടുത്തു. മനോരമ മാസിക തുടങ്ങിയിട്ട് അന്ന് രണ്ടുമാസമേ ആയിരുന്നുള്ളു. ഒരണയായിരുന്നു വില. ഒരു രൂപയുടെ ഏഴിലൊന്നായിരുന്നു ഒരണ. സൃഷ്ടികൾ തിരികെ കിട്ടണമെന്നുള്ളവർ ആവശ്യമായ സ്റ്റാമ്പ് ഒട്ടിച്ചിരിക്കണമെന്ന വേലികെട്ടിയ അറിയിപ്പുണ്ടായിരുന്നതുകൊണ്ട് സ്റ്റാമ്പും ഒട്ടിച്ചു. ഇനി സ്റ്റാമ്പില്ല എന്നകാരണത്താൽ അത് പ്രസിദ്ധീകരിക്കാതിരിക്കേണ്ട. രണ്ടാഴ്ച കഴിഞ്ഞപ്പോൾ കുട്ടികൾ റബ്ബർ പന്ത്



വലിച്ച് ഭിത്തിക്കിട്ടെറിഞ്ഞാലുണ്ടാകുന്ന അനുഭവമുണ്ടായി. സ്റ്റാമ്പുണ്ടായിരുന്നതുകൊണ്ട് എറിഞ്ഞവന്റെയടുത്തു തന്നെ തിരിച്ചു വന്നു. തുടർന്ന് മാതൃഭൂമി ആഴ്ചപ്പതിപ്പിനും മദ്രാസിൽ നിന്ന് പ്രസിദ്ധീകരിച്ചിരുന്ന ജയകേരളം വാരികയ്ക്കും അയച്ചുകൊടുത്തു. എല്ലാം ഭദ്രമായി തിരികെ കിട്ടി. എനിക്ക് ഈ പണി പറഞ്ഞിട്ടില്ലെന്നു തീരുമാനിച്ചു സുല്ലിട്ടു.

പിന്നീട് വീട്ടിലെ കൃഷിക്കാര്യങ്ങൾ ഏറ്റെടുത്തു. അക്കാലത്ത് ഒരു ബസ് ആക്സിഡന്റിൽ എന്റെ പിതാവിന്റെ കാലൊടിഞ്ഞതു കാരണം നിലം പാട്ടത്തിനുകൊടുത്തുവരികയായിരുന്നു. ഞാൻ നെൽകൃഷി ഏറ്റെടുത്തു. മൂലധനം അറയ്ക്കകത്തു തന്നെ ഉണ്ടായിരുന്നു. അന്നൊക്കെ കുട്ടനാട്ടിൽ പണിക്കാർക്ക് നെല്ലായിരുന്നു കൂലി. ഒരു പറ നെല്ലിന് വില കാൽരൂപ. പാടം വറ്റിയാൽ ധാരാളം കൊഞ്ചുകിട്ടുമായിരുന്നു. ഇന്ന് ഒരു കിലോ കൊഞ്ചിന് നാനൂറു രൂപയാണ് വില. ഒരു കിലോ കൊഞ്ചു വേണമെങ്കിൽ അന്നത്തെ ആയിരത്തി അറുനൂറു പറ നെല്ല് വിൽക്കണം. അയൽകൃഷിക്കാരെ തോൽപ്പിക്കണമെന്ന വാശിയോടെ നല്ലവണ്ണം വളമിറക്കി കൃഷി ചെയ്തു. പക്ഷെ കതിരു ചുണ്ടുപഴുത്തപ്പോൾ വലിയ കാറ്റും മഴയും വെള്ളപ്പൊക്കവും വന്ന് പാടം മടവീണ് മുഴുവനും നശിച്ചു.



രണ്ട് പ്രതീക്ഷകളും മണ്ണടിഞ്ഞു. ഒന്നും ചെയ്യാനില്ലാതെ പഴയപടി മടിയനായി.

ആയിടയ്ക്ക് പത്രം വായിച്ചപ്പോൾ കൃഷി നഷ്ടപ്പെട്ട കർഷകർക്ക് സർക്കാർ ധനസഹായം നൽകുന്നതായി വായിച്ചു. നക്കാപ്പിച്ചയാണെങ്കിലും ഒരു തൊഴിലായല്ലോ. ആവശ്യമായ രേഖകളും സർട്ടിഫിക്കറ്റുമായി വില്ലേജു തുടങ്ങി താലൂക്കാഫീസുവരെ കയറിയിറങ്ങി. ആലപ്പുഴയിലുള്ള പുഞ്ചകൃഷിസ്പെഷ്യലാഫീസിലാണ് അപേക്ഷ സമർപ്പിക്കേണ്ടത്. സ്പെഷ്യലാഫീസർ അക്കാലത്ത് ഏറെ അറിയപ്പെട്ടിരുന്ന ഹാസ്യസാഹിത്യകാരൻ എൻ.പി. ചെല്ലപ്പൻനായരായിരുന്നു. എല്ലാ രേഖകളും പൂർത്തിയാക്കി സമർപ്പിച്ചു. പണം കിട്ടേണ്ട തീയതിക്കു ചെന്നപ്പോൾ ഒപ്പിടേണ്ട ഓഫീസർ ടൂറിലാണ്. വൈകുന്നേരം വരുമെന്ന് ഉറപ്പു പറഞ്ഞതനുസരിച്ച് ഞങ്ങൾ നാലഞ്ച് ആളുകൾ മരത്തിനു കീഴെ കാത്തിരുന്നു. അടുത്ത മരത്തിനു കീഴെ മാന്യനായ ഒരു മനുഷ്യൻ നിൽപ്പുണ്ട്. മാന്യമായ വേഷവും കുടയും ഡയറിയും. അവിടേയ്ക്ക് എന്റെ അയൽക്കാരനും സ്നേഹിതനുമായ ഈശ്വരപിള്ള കടന്നു വന്നു. തന്റെ വരയും കൊരയുമൊക്കെ എവിടെവരെയായി എന്ന കളി

യാക്കി ചോദ്യവും. എനിക്ക് ആ മനുഷ്യനോടല്ല ദേഷ്യം തോന്നിയത് എന്റെ കാർട്ടൂൺ പ്രസിദ്ധീകരിക്കാതിരുന്ന പത്രക്കാരോട്. നമുക്ക് എന്തെല്ലാം കഴിവുണ്ടായിരുന്നാലും സൃഷ്ടികൾ വെളിച്ചം കാണണമെങ്കിൽ പത്രമാപ്പീസിൽ തലതൊട്ടപ്പന്മാരുണ്ടായിരിക്കണം. അതല്ലെങ്കിൽ വൃത്തികെട്ട മാർഗ്ഗത്തിലൂടെ അവരെ സ്വാധീനിക്കണം ഞാൻ അടച്ചൊരു കാച്ചു കൊടുത്തു. സ്നേഹിതൻ പോയിക്കഴിഞ്ഞപ്പോൾ മാന്യനെന്നു പറഞ്ഞ ആ വ്യക്തി എന്നെ സമീപിച്ച് തീപ്പെട്ടിയുണ്ടോയെന്ന് ചോദിച്ചു. ഒരു സിഗരറ്റിനു തീ പിടിപ്പിച്ചതിനുശേഷം എന്താ പത്രക്കാരെയൊക്കെ പുലഭ്യം പറയുന്നതു കേട്ടല്ലോ. കവിത എഴുതുമോ? അദ്ദേഹം ചോദിച്ചു. എനിക്ക് കവിതയൊന്നും വശമില്ല നല്ലൊന്നാന്തരമായിട്ടു കാർട്ടൂൺ വരയ്ക്കും. നല്ല ആശയവുമുണ്ട്. പക്ഷെ പ്രസിദ്ധീകരിക്കുവാൻ ഒരു വിവരം കെട്ടവനുമില്ല. എന്റെ വിദ്വേഷം പുറത്തു കാട്ടി. എങ്കിൽ ഞാനൊരു വിലാസം തരാം ഒന്നയച്ചു നോക്ക്. അദ്ദേഹം പറഞ്ഞു.



തുടർന്ന് ഒരു തുണ്ടുകടലാസിൽ വർഗീസ് കളത്തിൽ, എഡിറ്റർ, മനോരമ വാരിക, കോട്ടയം എന്നെഴുതിതന്നു. വളരെ പുച്ഛഭാവത്തിൽ ഇതു പറയാൻ നിങ്ങളാരാ? ഞാൻ ചോദിച്ചു. People call me Varghese Kalathil. അദ്ദേഹം പറഞ്ഞു. അപ്പോഴാണ് മനസിലാകുന്നത് അദ്ദേഹം മനോരമ വാരികയുടെ പത്രാധിപരാണെന്ന്. എൻ. പി.ചെല്ലപ്പൻ നായരെക്കണ്ട് ഒരു സ്ഥിരം പംക്തി എഴുതിക്കാൻ വന്നതാണെന്നും പിന്നീടറിഞ്ഞു.

ഏതായാലും ഇത് എന്നിലൊരു പ്രതീക്ഷയുണർത്തി. പിറ്റേ ദിവസം തന്നെ നാലു കോളത്തിൽ ബോബനും മോളിയേയും വച്ച് മറ്റൊരു കാർട്ടൂൺ വരച്ചയച്ചു. ഒരു മാസമായിട്ടും കണ്ടില്ല. അവിടെയും എന്റെ പ്രതീക്ഷ മങ്ങി. ഒരു ദിവസം ബോട്ടിൽ യാത്രചെയ്യുമ്പോൾ എതിരേയിരിക്കുന്നയാൾ മനോരമ മാസിക വായിക്കുന്നു. വായന കഴിയുമ്പോൾ കൈ നീട്ടാൻ വേണ്ടി കാത്തിരുന്നു.വാരിക കയ്യിൽ കിട്ടിയ ഞാൻ പേജുകൾ മറിച്ചു. ഒരു പേജു മറിച്ചപ്പോൾ




ഒരു കാർട്ടൂൺ കണ്ടു. ഞാനിത് മുമ്പ് എവിടെയോ കണ്ടിട്ടുള്ളതാണല്ലോ. അങ്ങനെയായിരുന്നു പെട്ടെന്ന് തോന്നിയത്. കാരണം അത് പ്രസിദ്ധീകരിക്കുമെന്നുള്ള എന്റെ പ്രതീക്ഷ അസ്തമിച്ചിരുന്നു. തിരികെ വീട്ടിലെത്തുമ്പോൾ വർഗീസ് കളത്തിലിന്റെ ഒരു കത്തുണ്ട്. സുഹൃത്തേ, കാർട്ടൂൺ പ്രസിദ്ധീകരിച്ചത് കണ്ടുകാണുമല്ലോ സൗകര്യം പോലെ ഒന്നു വരിക. ഞാൻ പിറ്റേ ദിവസം തന്നെ ചെന്നു. സംസാരത്തിനിടയിൽ നമുക്കിത് എല്ലാ ആഴ്ചയിലും ആയാലെന്താണെന്ന് അദ്ദേഹം ചോദിച്ചു. പെട്ടന്നൊരു ഭയം തോന്നി. എല്ലാ ആഴ്ചയിലും എങ്ങനെ ആശയമുണ്ടാക്കും. അമ്പതുവർഷങ്ങൾക്കു ശേഷം ഇന്നും ആ ഭയം ബാക്കി നിൽക്കുന്നു. എങ്ങനെ നാളത്തേയ്ക്ക് ഒരു ആശയമുണ്ടാക്കും.?

മൂന്നുനാലു വർഷം കഴിഞ്ഞപ്പോൾ കുട്ടികളെക്കൊണ്ടു മാത്രം മുന്നോട്ടു പോകുന്നതു ബുദ്ധിമുട്ടാണെന്നു തോന്നി. അവർക്ക് സഞ്ചരിക്കാവുന്ന സ്ഥലത്തിന് ഒരു പരിമിതിയുണ്ട്. വീട്, അടുക്കള, പള്ളിക്കൂടം. അതിനപ്പുറത്തൊരു ലോകത്തേയ്ക്ക് അവരെയും കൊണ്ടുപോകാൻ ഒക്കില്ല. ആ തരത്തിലുള്ള ഗൗരവ വിഷയങ്ങൾ കൈകാര്യം ചെയ്യാനവർക്കു പ്രായമായില്ല. അവരെ വളർത്താനും പറ്റില്ല. അതിനുവേണ്ടി ഓരോരോ കാലഘട്ടത്തിൽ ചില കൂട്ടുകക്ഷികളെ കൂടി ഉൾപ്പെടുത്തി അവരെക്കൊണ്ടുകൂടി ഈ വഞ്ചി തുഴയിച്ചു. ഇതിൽ ആദ്യം വന്നത് ഉപ്പായിമാപ്ലയായിരുന്നു. ഉപ്പായി എന്റെ നാട്ടിൽ ജീവിച്ചിരുന്ന ഒരു കഥാപാത്രം തന്നെയായിരുന്നു. എന്റെ പുഞ്ചവയലിന് സമീപമായിരുന്നു അയാളുടെ വീട്. ഒരു നിത്യസന്ദർശകനും കൂടിയായിരുന്നു. പച്ചവെള്ളം ചവച്ചുകുടിക്കുന്ന ഒരു പാവം മനുഷ്യൻ. സദാസമയവും കൈ പിന്നിൽ കെട്ടി മുറ്റത്തുകൂടി തെക്കുവടക്കു നടക്കും. തന്റെ വീട് വിട്ട് പുറത്തേ



യ്ക്കിറങ്ങുന്നത് ആണ്ടിൽ ഒരിക്കൽ മാത്രം. മുക്കാലേക്കറോളം വരുന്ന തന്റെ പുരയിടത്തിന്റെ കരംകെട്ടാൻ വില്ലേജാഫീസിലേയ്ക്കുള്ള ഒരു യാത്ര. ഇയാൾ ഒരു വിസ്ഥികഥാപാത്രമായിരുന്നു. അതുകൊണ്ടാവണം ഈ കഥാപാത്രത്തെ വായനക്കാർ ഏറെ ഇഷ്ടപ്പെട്ടതും. കാർട്ടൂണുകൾ പോസ്റ്റുമാർഗ്ഗമായിരുന്നു ഞാൻ അയച്ചിരുന്നത്.

ആയിടയ്ക്കാണ് കോട്ടയത്തു നിന്നും അമേരിക്കൻ സാമ്പത്തിക സഹായത്തോടെ കേരളധ്വനി എന്നൊരു ദിനപ്പത്രം ആരംഭിച്ചത്.അവർക്കൊരു കാർട്ടൂണിസ്റ്റിനെ വേണ്ടിയിരുന്നു. പത്രാധിപസമിതിയിൽ ഒരുവൻ വീട്ടിൽ വന്ന് എന്നെ ക്ഷണിച്ചു. ഞാൻ കേരളധ്വനിയുടെ സ്റ്റാഫിൽ ചേർന്നു. അന്ന് മനോരമ പത്രത്തിൽ കുഞ്ചുക്കുറുപ്പ് എന്നൊരു കാർട്ടൂൺ ഞാൻ വരച്ചിരുന്നു. കുഞ്ചുക്കുറുപ്പിന് ബദലായി അറിയപ്പെട്ട ഒരു കഥാപാത്രമായി ഉപ്പായിമാപ്ലയെ അവതരിപ്പിക്കുവാൻ അവരെന്നെ പ്രേരിപ്പിച്ചു. അങ്ങനെ ആദ്യലക്കം പത്രം ഇറങ്ങുന്നത് ഫസ്റ്റ് പേജിൽ ഉപ്പായിമാപ്ലയെ വരച്ചുകൊണ്ടായിരുന്നു. ഇത് മനോരമയെ ചൊടിപ്പിച്ചു. തങ്ങളുടെ വാരികയിലൂടെ വളർത്തിയെടുത്ത ഒരു കഥാപാത്രത്തെ തങ്ങളുടെ അനുവാദമില്ലാതെ എന്തിന് കൈമാറ്റം നടത്തി. ഇനി ഉപ്പായിമാപ്ല എന്ന കഥാപാത്രത്തെ ബോബനും മോളിയോടുമൊപ്പം കണ്ടുപോകരുതെന്നു വിലക്കി. അങ്ങനെ ഉപ്പായിമാപ്ലയെ പിണ്ടം വച്ചു പുറത്തു



കളഞ്ഞപ്പോൾ പകരക്കാരനായി കൊണ്ടുവന്നതായിരുന്നു ചേട്ടൻ എന്ന ഇട്ടുണ്ണനെ. ഇയാളും എന്റെ നാട്ടുകാരൻ തന്നെയായിരുന്നു. പേര് ഉണ്ണിട്ടൻ എന്നത് ഇട്ടുണ്ണൻ എന്നാക്കി. ആകൃതി കൊണ്ട് ഇയാൾ ഉണ്ണിട്ടൻ തന്നെയാണെന്ന് നാട്ടുകാർ മനസ്സിലാക്കിയപ്പോൾ ഭാര്യ എതിർപ്പു പ്രകടിപ്പിച്ചു. ആ സ്ത്രീ എന്തും ചെയ്യാൻ മടിക്കാത്തവളാണെന്നറിയാമായിരുന്നതുകൊണ്ട്



പിന്നീട് അയാളെ ചേട്ടൻ എന്നുമാത്രം വിളിക്കാൻ തുടങ്ങിയത്. ഇയാളെ ഞാൻ അവതരിപ്പിച്ചത് ഒരു പഞ്ചായത്ത് പ്രസിഡന്റായിട്ടായിരുന്നു. ഇയാളും ഒരു വിഡ്ഢികഥാപാത്രം തന്നെയായിരുന്നു. പിന്നീട് ഹിപ്പിയിസം വന്നപ്പോൾ ഹിപ്പികളെ കളിയാക്കുവാൻ വേണ്ടിയായിരുന്നു പൂവാലനായ അപ്പിയെക്കൂടി ഈ തോണിയിൽ കയറ്റിയത്. ഇയാൾ കോട്ടയം ആർട്സ് സൊസൈറ്റിയിൽ മ്യൂസിക് പരിപാടിയ്ക്ക് വന്ന ഗിത്താറിസ്റ്റായിരുന്നു. ഇയാൾ അല്പം ഹോമിയോ ചികിത്സയുമായി കോട്ടയത്തു തന്നെയുണ്ട്. രാഷ്ട്രീയ കാര്യങ്ങൾ കൈകാര്യം ചെയ്യുവാൻ വേണ്ടിയായിരുന്നു ഒരു രാഷ്ട്രീയ നേതാവിനെ അവതരിപ്പിച്ചത്. അതിനുപറ്റിയ ഒരു കഥാപാത്രത്തെ അന്വേഷിച്ചിട്ടു കണ്ടെത്താനായില്ല. ചതിയും വഞ്ചനയും കുതികാൽവെട്ടു കള്ളത്തരവും കൈമുതലായിട്ടുള്ള ഒരുവന്റെ മുഖലക്ഷണം വേണം. കിട്ടാതെ വന്നപ്പോൾ എനിക്കറിയാവുന്ന രാഷ്ട്രീയ നേതാക്കന്മാരുടെ ഓരോരോ അവയവങ്ങൾ ചേർത്തുവെച്ച് ഒരു രൂപംകൊടുത്തത്. തലതൊട്ട്, ആർ.ശങ്കറിന്റെ തലമുടിയും സി.എം.സ്റ്റീഫന്റെ നെറ്റിയും, സി.കേശവന്റെ മൂക്കും, കെ.എം.മാണിയുടെ മീശയും കരുണാകരന്റെ പല്ലും, അച്ചുതാനന്ദന്റെ താടിയും വയലാർ രവിയുടെ കീഴ്ത്താടിയും ക്രമത്തിന് കൂട്ടിച്ചേർത്തപ്പോൾ ഒരു പെരുങ്കള്ളന്റെ ലക്ഷണമാണ് കിട്ടിയത്. കുട്ടികളുടെ അച്ഛനായ വക്കീൽ എന്റെ ഏറ്റവും അടുത്ത സ്നേഹിതനായിരുന്ന ഒരു വക്കീലുതന്നെയായിരുന്നു. പേര് അലക്സ്. ആറേഴ് വർഷങ്ങൾക്ക് മുമ്പ് ക്യാൻസർ ബാധിച്ച് മരിച്ചു. ബോബനും മോളിയും അപ്പിഹിപ്പിയും ഒഴിച്ച് മറ്റെല്ലാ കഥാപാത്രങ്ങളും മരിച്ചു. ബാക്കിയുള്ള മൊട്ട, ആശാൻ, പരീക്കുട്ടി തുടങ്ങിയവരൊക്കെ ഭാവനാസൃഷ്ടികളാണ്. യഥാർത്ഥ ബോബനും മോളി



യേയും കൂടാതെ എനിക്ക് ബോബനും മോളിയും എന്ന രണ്ട് കുട്ടികളുണ്ട്. മോളിയുടെ മകനാണ് ഉണ്ണിക്കുട്ടൻ. അവനിപ്പോൾ +2വിന് പഠിക്കുന്നു. ഏതാണ്ട് ആറടി പൊക്കംവരും. യഥാർത്ഥ മോളി വളർന്ന് ഇന്ന് വല്ല്യമ്മയായി.

കഴിഞ്ഞ അമ്പതുവർഷക്കാലം ലോകത്തിന്റെ വിവിധ കോണുകളിലുള്ള കേരളീയരായ മലയാളികൾ എനിക്കു നൽകിയ പ്രോത്സാഹനത്തിന് എന്റെ അകമഴിഞ്ഞ നന്ദി ഇവിടെ രേഖപ്പെടുത്തട്ടെ. അതോടൊപ്പം തന്നെ കഴിഞ്ഞ ഇരുപത്‌വർഷക്കാലം എന്നോടൊപ്പം ആത്മാർത്ഥമായി പ്രവർത്തിച്ച നൂറുകണക്കിന് ഏജന്റുമാരോടും എനിക്ക് ഹൃദയം നിറഞ്ഞ നന്ദിയുണ്ട്.

**നിങ്ങളുടെ വിധേയൻ**

**റ്റോംസ്**

# ബോബനും മോളിയും



ഓണാവധി
യല്ലേ. പത്തു
കാശുണ്ടാക്കാ
നുള്ള വഴി
നോക്കാൻ
പോകുവാ.
എൻ്റെ പെട്ടിക്കു
കള്ളത്താക്കോ
ലു വയ്ക്ക
രുത്.
അതിനക
ത്തിരിക്കുന്നു
ഒലക്കേടെ
മൂട്.
ഞങ്ങളു
ബിസിനസ്സു
ചെയ്യാൻ
പോകുവാ.
അതിനു
ബിസിനസിൻെറ
ബാലപാഠം
വല്ലതും അറി
യാമോടാ?
അറി
ല്ല.
എങ്കിൽ വാ.
ഞാൻ പഠി
പ്പിക്കാം.
ഈ മര
ത്തേലോട്ടു
കേറിക്കേ.
ഇനി
താഴെക്കു
ചാടിക്കേ.
വീഴും
നിൻ്റപ്പനല്ലേ
ടാ കയ്യു വിരിച്ചു
നിൽക്കുന്നത്.
പിടിച്ചോളാം
ചാടിക്കോ.
ൻ്റമ്മോ
എടാ, ഇതാ
ബിസിനസിൻെറ
ബാലപാഠം! സ്വന്തം
തന്തേപ്പോലും
വിശ്വസിക്കരുത്.
TOMS

## ബോബനും മോളിയും






അടുത്തപുറം




ഹായ്! സാറാസ് സാമ്പാറിൻെറ മണം! നല്ല നായന്മാരുടെ കല്യാണാ!!
മനസിലായില്ല.
ഞാൻ പെണ്ണിന്റെ കൂട്ടക്കാരനാ.
ഞാൻ ചെറുക്കൻ കൂട്ടം. അതായതു കെട്ടാൻ പോണ ചെക്കൻെറ അമ്മേടെ അനിയത്തീടെ....
ഒലക്ക ഒന്നു തന്നേ, ഇഷ്ടം തരാം.
എൻറച്ഛൻ മരിച്ചതിൻെറ പതിനാറടിയന്തിരാടാ!
TOMS


ബോബനും മോളിയും




80 കിലോമീറ്ററുണ്ട്. ഹാർട്ടുകാരനാ. ഇതേൽ ക്കൊണ്ടു വരാനാ.
ഇതു സായിപ്പിൻെറ കാലത്തെയാ.
AMBULANCE
മെഡിക്കൽ കോളജ് ഹോസ്പിറ്റൽ
ഇതേൽ വരുന്നതിലും ഭേദം നടത്തിക്കൊണ്ടു വരുന്നതാ.
വേണേൽ ശവം കൊണ്ടു പോകാം.
എന്നാൽ വഴീൽ കുഴിച്ചിടാം.

## ബോബനും മോളിയും



തേങ്ങാ യിടാൻ ഒരു പരവനെ വേണാരുന്നു.
പ്ലീസ്... ഞാൻ വേണേൽ ഇവിടത്തെ കളക്ടറെ ഇവിടെ കൊണ്ടു വരാം.
പരവന്മാരുടെ മക്കൾക്കൊക്കെ സർക്കാരിലാ പണി.
സർക്കാരിനതിനും മാത്രം തെങ്ങുണ്ടോടാ?
മുതലാളീടെ കാറിന്റെ പിൻസീറ്റിലായതു കൊണ്ട് കളക്ടറാണെന്നു വിചാരിച്ചു കാണും. പരവനാ!
വേണ്ട. അതേൽ മൂന്നു തേങ്ങയേയുള്ളൂ. തന്റെ കൂലി തരാൻ തികയുകേലാ!
ഞങ്ങടെ പട്ടിയെക്കണ്ടോ?
ഞാൻ ഒരാഴ്ച കഴിഞ്ഞേ വരൂ. ഒരു പരവനെ കിട്ടുമോന്നു നോക്കട്ടെ.
തേങ്ങാ തെങ്ങിന്റെ മണ്ടേലിരുന്നു കിളുത്തു!
ഒരാനേ മേടിച്ചു. തെങ്ങേന്നു കുലുക്കി യിടും.
മാസാമാസം കൃത്യമായിട്ടു തേങ്ങാ യിടാൻ തനിക്കെങ്ങനെ സാധിക്കുന്നെടോ?
എനിക്കു പത്തുനാനൂറു തെങ്ങുള്ളതാ. ഉപേക്ഷ വിചാരിക്കാൻ പറ്റ്വോ?
മക്കളെ ഒരു പരവനെ പിടിച്ചങ്ങു കെട്ടിച്ചു.

# ബോബനും മോളിയും



വെട്ടിരുമുക്കിലെ ചായക്കട ഞാൻ നിറുത്തി.
നന്നായി. പകർച്ചവ്യാധി മാറിക്കിട്ടും.
പകരം സർക്കാരാഫീസിലെ കാൻറീൻ പിടിച്ചു.
എത്ര പേരുടെ കാലു പിടിക്കേണ്ടി വന്നെന്നറിയാമോ?
കാലു പിടിച്ചാലേ എന്തും നടക്കൂ. വാലു കിട്ടണേൽ ആടിന്റെ വരെ കാലു പിടിക്കണം.
സർക്കാർ ജോലിക്കാർക്ക് ഊണിനു രണ്ടു രൂപ.
പുറത്തു നിന്നും വരുന്നവർക്കു പതിനഞ്ചു രൂപാ.
ചായക്കട നടത്തിയിരുന്ന സ്ഥലത്തിന്റെ പേരു വെട്ടിമുക്കെന്നാരുന്നു.
ആശാന്റെ ചായക്കട വന്നേപ്പിന്നാ വെട്ടിരുമുക്കായത്.
ഞങ്ങളും വരുന്നു. വാലും തരണമല്ലോ.
ബാങ്കിലൊന്നു പോണം. നിങ്ങളു കൗണ്ടറിലൊന്നിരുന്നോണം.
ഊണുകാരു വരാറായി.
ഓർത്തോണം ഊണിനു രണ്ടു രൂപയും പതിനഞ്ചു രൂപയും.
കറി വേണ്ടേ? എന്താ ധൃതി വച്ച് ഉണ്ണുന്നത്?
ഊണു കഴിയുന്നതിനകം ചാർജ്ജു വീണ്ടും വർദ്ധിപ്പിക്കുമോന്നു പേടിച്ചാ.
ഇല കീറിയതാ.
തന്ന നോട്ടും കീറിയതാ.
പക്ഷേ സർക്കാർ ജീവനക്കാരേം പുറത്തു നിന്നും വരുന്ന പൊതുജനങ്ങളേം എങ്ങനെ തിരിച്ചറിയും?
?
ആശാനേ... ഇവരെ തമ്മിൽ എങ്ങനാ തിരിച്ചറിയുന്നത്?
ഉറങ്ങി എണീറ്റു വരുന്നവര് സർക്കാര് ജീവനക്കാരു.
വിയർത്തൊലിച്ചു വരുന്നതു പൊതുജനം.

ബോബനും മോളിയും


ആരാണവിടെ പിറകിലിരുന്നു സംസാരിക്കുന്നത്?! ഇവിടെ വരണം.
ക്ലാസിലിരുന്നു സംസാരിക്കരുതെന്ന് ഇതിനുമുൻപ ലക്ഷം തവണ ഞാൻ പറഞ്ഞിട്ടില്ലേ?
അധികപ്രസംഗികൾ രണ്ടുപേരും ബെഞ്ചിനു പുറത്തു കയറിനില്ല്!
സാർ ഇവിടെ ബെഞ്ചിനു പുറത്തുനിന്നും ഈ കുട്ടികൾ സംസാരിക്കുന്നു.
ഇവിടെ വാടാ.
വല്ലതും പഠിക്കാൻ വരുന്നവരെക്കൂടി പഠിപ്പിക്കുകയില്ല. രണ്ടും ഈ മേശയുടെ അടിയിൽ കയറിയിരുന്നോളണം.
ശരി, ഇനി നമുക്കു പാഠപുസ്തകത്തിലേക്കു കടക്കാം.
ആരാണവിടെ കോട്ടുവായ് വിടുന്നത്? ആൾ സ്റ്റാന്റപ്.
ടോംസ്

# ബോബനും മോളിയും




സ്വാതന്ത്ര്യത്തിന്റെ അൻപതാം വാർഷികമല്ലേ? പഴയ സ്മരണകൾ വല്ലതും...
വെള്ളക്കാർ ഉപദ്രവമുണ്ടോ?
ആ കാറു വിറ്റേച്ചല്ലേ ചുമലക്കാർ മേടിച്ചത്.
അന്നെനിക്കു നല്ല ചെറുപ്പം
വരിക വരിക സഹജരേ സഹനസമര സമയമായ്......
ബ്രിട്ടീഷ് ചക്രവർത്തിയുടെ പ്രതിമ തകർത്തു.
പോലീസ് തൂക്കിയെടുത്തു.
വഴിപോക്കർ വാവിട്ടു കരഞ്ഞു.
JAIL
മരിച്ചുപോകുമെന്ന് ഡോക്ടർമാർ വിധിയെഴുതി.
സ്വാതന്ത്ര്യത്തിന്റെ പൊൻപുലരി കണ്ടിട്ടേ മരിക്കാവൂന്നൊരു മോഹം മാത്രമായിരുന്നു മനസില്
ഇന്നിപ്പം തോന്നുന്നു,
അന്നങ്ങ് ചത്താ മതിയാരുന്നു!
TOMS




വേലക്കാരി പോയി, താടീ
കർത്താവേ..! അയ കെട്ടുന്ന കയറുംകൂടെ കൊണ്ടുപോയി
കെട്ടി ഞാലാനാ നിങ്ങടെ കൂടല്ലേ നിന്നത്.
വെളുക്കുന്നതിനു മുൻപേ പോയി!
എന്നാ, വെളുപ്പിച്ചേച്ചാ പോയത്.
ഞാനൊന്നു കുളിക്കാൻ പോകുവാ.
അതിനിന്ന് ആണ്ടുപിറവി അല്ലല്ലോ.
പാലടുപ്പത്തിരിക്കുന്നു. ഒരു ശ്രദ്ധ വേണം. കേട്ടോടീ..
എന്നെക്കൊണ്ടു പറ്റത്തില്ല.
ബോബനോടു പറഞ്ഞാൽ അവൻ കേൾക്കും. നീ നോക്കിക്കോണം.
കോൺഗ്രസ് സീറ്റുകൾ തൂത്തുവാരുമെന്നാ സോണിയ പറേണെ
പെരുമ്പത്തൂരിൽ രാജീവുഗാന്ധിയെ തൂത്തുവാരിയ പോലെ.
നീ നല്ലവനാ.
പാലു വാങ്ങണം കേട്ടോ.
പിന്നെന്താ.
കുളി കഴിഞ്ഞ്.
ബോബനെന്തിയേ?
അവനപ്പഴേ ഇറങ്ങിയോടുന്ന കണ്ടു!
രണ്ടിനേം ഒരു തള്ള പെറ്റതല്ലേ. രണ്ടും ഒരു പോലാ!
ഒരുപോലല്ല. ഒന്നാണും ഒന്നു പെണ്ണുമാ!
നീയെവിടെ പോയെടാ?
പാലു വാങ്ങാൻ
അടുപ്പത്തിരിക്കുന്ന പാലു വാങ്ങുന്ന കാര്യാ പറഞ്ഞെ!
കർത്താവേ! പാത്രം കരിഞ്ഞു. നീ നോക്കിക്കൊണ്ടു നിക്കുവാരുന്നോടീ?
"നീ നോക്കിക്കോണ"മെന്നല്ലേ പറഞ്ഞത്.


# ബോബനും മോളിയും


ഇഷ്ടമല്ലേ പഴങ്കഞ്ഞി കുടിച്ചത്?
വയറു നിറഞ്ഞു കഴിഞ്ഞാൽ ആഹാരത്തെപ്പറ്റി ചിന്തിക്കാൻ ... പററുകേലന്നല്ലേടാ പറഞ്ഞത്?
ചിന്തിക്കുകയല്ലല്ലോ. തിന്നുകാ.
കൊച്ചിലെ വല്ല്യാന്റീടെ കത്താ. ഒരാഴ്ച അവിടെ താമസിക്കാൻ ചെല്ലാൻ.
താമസിയ്ക്കണ്ട.
പററുകേല.
പോകാൻ ഒട്ടും താമസിക്കേണ്ടാന്ന്!
വേതാളം ഹൗസിംഗ് കോളനീലാ. എല്ലാം ഒരേ പോലത്തെ വീടാ.
ഞങ്ങടെ വീട്ടിൽ പഴങ്കഞ്ഞിയേ ഇല്ല!
അത്താഴം വയ്ക്കുന്ന വീട്ടിലെ പഴങ്കഞ്ഞി കാണൂ!
തിരികെ വരുന്ന ദിവസ അറീക്കണം. ഒരു സെൻറാഫ് തരാനാ.
പട്ടിക്കു ടിക്കററു വേണം.
എങ്കിൽ എല്ലാ പട്ടിക്കും വേണം.
NNN
നിങ്ങൾ എനിക്കു വല്ലോം കൊണ്ടു വന്നതാണോ?
ഇവിടുന്നു വല്ലോം തന്നയയ്ക്കാനുദ്ദേശിക്കുന്നെങ്കിൽ പാത്രമില്ലാണ്ടു വരരുതല്ലോ.
16
വീട്ടു നമ്പരു പറിഞ്ഞു തൂങ്ങിക്കിടക്കുന്നു.
നിങ്ങളു വന്നിട്ടിതൊക്കെ ചെയ്യിക്കാന്നു വിചാരിച്ചു.
സ്റ്റോറൊക്കെ അടുക്കി ചുക്കിച്ചിയടിക്കണം. ഫ്ലോറു കഴുകണം


ആവൂ! എല്ലാം കഴിഞ്ഞപ്പം മണിയെട്ട്!!
ഇന്നാ, ആണീം ചുററികേം. വീട്ടുനമ്പരു കൂടി ഒന്നു ശരിയാക്ക്.
നാലിഞ്ചു കൂടി മേല്ലോട്ടു കേററി തറയ്ക്കണം.
16
ആവൂ! അപ്പഴേക്കും കറൻറു കട്ടും വന്നു!!
തറയ്ക്കാൻ വെളിച്ചം വേണമെന്നില്ല!
കഞ്ഞി!
എട്ടു നോയമ്പല്ലേ. ഇഷ്ടപ്പെട്ടതൊക്കെ വർജ്ജിച്ചാൽ പുണ്യം കിട്ടും. പ്രെയ്സ് ദി ലോർഡ്!
ഞാനിപ്പം കരിസ്മാററിക്കാ. രണ്ടു മണിക്കൂർ സ്തുതിപ്പുണ്ട്. കൈ വിരിച്ചു പിടി.
രാവിലെ
ചട്ടീം കലോം ഉൾപ്പെടെ സകലതും പെറുക്കിക്കോ
എനിക്കൊന്നും മനസ്സിലാകുന്നില്ല!
ജപ്തി
സർക്കാരിലേക്കു ചെല്ലേണ്ട 18 ലക്ഷത്തിന്
വീണ്ടും വാ. പൂച്ചട്ടികളും കൂടി പെറുക്കിവെയ്ക്കാം.
വീട്ടുനമ്പർ 91ന് ഉടൻ ജപ്തിയാ.
91
ഇതു 16-ാം നമ്പരാ!
കറൻറുകട്ടാരുന്നതു കൊണ്ട് ബോർഡ് തറച്ചപ്പം തല തിരിഞ്ഞു!
91
എനിയ്ക്കിഷ്ടപ്പെട്ടതെല്ലാം കൊണ്ടു പോയെടാ!
എട്ടു നോയമ്പിന് ഇഷ്ടപ്പെട്ടതൊക്കെ വർജ്ജിച്ചാൽ പുണ്യം കിട്ടും. പ്രെയ്സ് ദി ലോർഡ്!
TOMS

## ബോബനും മോളിയും


കസവേ... ക്കസവേ...
എടീ കസവു ണ്ടോന്ന്?
എന്തു പട്ടും കസവുമാ നിങ്ങക്കു കേടിച്ചു തന്നിരിക്കുന്നത്? പഴന്തുണിയുണ്ട് വേണോന്നു ചോദിക്ക്!
നമ്മുടെ ചക്ക പഴുത്തു. കാക്ക കൊത്തുന്നു.
കാക്ക കൊത്തുന്ന ഒന്നേലും ഈ വീട്ടിലുണ്ടല്ലോ!
ഞങ്ങടെ കുടുംബ വൃക്ഷത്തിന്റെ ശാഖയു ണ്ടെന്നറിയാമോ?
നിന്റെ കുടുംബ വൃക്ഷം തെങ്ങല്ലേ?
നിങ്ങളൊന്നു കേറ്.
വല്ലോരും കാണുന്നുണ്ടോടീ? വക്കീല്ല മരത്തേൽ...
വെട്ടിയിട്ടേച്ചു വേഗം പോരു്.
ചക്കയ്ക്കു മുന്നേ വരരുത്.
നിറയെ മിശിറാടീ... അയ്യയ്യോ?
പത്തുക്കെ. ആരാണ്ടും വരുന്നു.
വക്കീൽ സാറെന്തിയേ?
കളക്റ്ററ് വിളിച്ചു. അത്യാവശ്യമായിട്ടു കാണണമെന്നു പറഞ്ഞു. അങ്ങോട്ടു പോയി.
അപ്പം നല്ല പിടിയാണെന്നു പറ!
പിന്നെ - മുഴുത്ത കമ്പേലല്ലേ ഇപ്പം പിടി.
അയ്യയ്യോ! മിശിറു പൊതിയുന്നു!
ഒരു കേസു കാര്യത്തിനാ. എന്നാൽ വരട്ടെ കാത്തിരിക്കാം!


അയാളു മുററത്തു നിന്നു പത്രം വായിക്കുവാ!
കർത്താവേ! മിശിറു കടിച്ച തിയാനെ കൊല്ലും!
ദേണ്ടെ! കാറു പുറകോട്ടുരുണ്ടു പോകുന്നേ....
ഞാൻ വീലിന് അട വച്ചിരുന്ന കല്ലെങ്ങനെ മാറി ?
എന്റെ ബലമായ സംശയം ടൊർണഡോ ആണെന്നുള്ളതാ
TOMS

## ബോബനും മോളിയും


ഇവിടെ നിൽക്കുന്ന വേലക്കാരനെ കണ്ടാരുന്നോ മോളീ ?
അവനെ ഞാനെന്തി കൊല്ലുവാനാ കാണുന്നു?
അതല്ല. അവനെ കാണാനില്ല!. കണ്ടാരുന്നോന്ന്?
അവൻ വീട്ടിൽ പോകുകാണെന്നും പറഞ്ഞു പോയി.
എന്നോട് പറയാതെ അങ്ങു കൊണ്ടു പോയി?
ഒന്നും കൊണ്ടു പോയില്ല. ഇട്ടിരുന്ന ഷർട്ടുപോലും ഇവിടിട്ടേച്ചു പോയതു!

# ബോബനും മോളിയും


എൻ്റെ തിരുപ്പൻ കാണാനില്ല. നോക്കടീ.
തിരുപ്പൻ വാസുപിള്ളേടെ ദേണ്ടെ കടിച്ചുപിടിച്ചോണ്ടു പോണു.
പുതിയ വേലക്കാരി നാട്ടുംപുറം കാരിയാ.
ഒന്നു വേഗം വാടീ. ഇന്നീ ചെല്ലമ്പം കല്യാണം കഴിയും?
കൊച്ചമ്മേ ഇവിടത്തെ കിണറെവിടാ?
ചാടിച്ചാകാനാണോ? ഒരുത്തി കയറും പറിച്ചോണ്ടു പോയി
ഇവിടെ കിണറില്ല. ഇങ്ങനെ ടാപ്പു തിരിച്ചാ മതി.
പശൂനെ കറക്കണം.
ചെക്കൻ ഗൾഫിലാ. അവൻ വന്നിട്ടേ കല്യാണം നടത്താവൊള്ളെന്നു കമ്പിയൊണ്ടാരുന്നു.
ആഹാ! തിരുപ്പൻ കിട്ടിയല്ലോ?
തിരുപ്പൻ കാണാഞ്ഞ് തൊണ്ടു വച്ചു കെട്ടിയിരിക്കുവാ.
എന്നതാടീ ഒരു ചീഞ്ഞ നാറ്റം?
തൊണ്ടു വെള്ളത്തിക്കിടന്നതാ.
കൊച്ചമ്മോ...
നീയെന്നാടീ പശൂൻ്റെ ചുറ്റും കറങ്ങുന്നത്?
പാലു വരുന്ന ടാപ്പെവിടാന്നു നോക്കുവാരുന്നു.
ടാക്സി വന്നു!
പൗഡറും സ്നോയും ലിപ്സ്റ്റിക്കും ഇനി വേണ്ടെന്നു വയ്ക്കാം.
എങ്ങനുണ്ടടീ?
മൂന്നിൻ്റെ കുറവുണ്ട്.
കണ്ടോ, അവക്കറിയാം. പൗഡറിൻ്റേം സ്നോയുടേം ലിപ്സ്റ്റിക്കിൻ്റേം കാര്യാ അവളു പറഞ്ഞെ.
അതല്ല. രണ്ടു കൊമ്പും ഒരു വാലും.
TOMS

## ബോബനും മോളിയും



"മലരു്" പുല്ലിംഗമാണെന്നിപ്പഴാ അറീക!
കവി പാടിയിരിക്കുന്നതു വാടാമലരുകളെന്നാ!
പത്രം
ഞാനാദ്യം നോക്കുന്നതു ചരമമാ.
വല്ല വഴിക്കും കിടന്നു ചത്താൽ രാവിലെ പത്രത്തീന്നറിയാമല്ലോ!
പഠിക്കുന്ന പിള്ളേരു നോക്കുന്നതു വല്ല മന്ത്രീം ചത്തോന്നാ?
ചരമം
സൗദി, കാനഡാ, കുവൈററ് തുടങ്ങിയവർക്കുള്ളതാണ്.
പേരിനിപ്പഴെവിടാ പ്രാധാന്യം?
എടീ ചത്തതു വില്ലേജാഫീസറുടെ അപ്പനാ. റീത്തു വയ്ക്കണം.
എന്നാ പുണ്യത്തിനാ?!
പുണ്യം വേണേ മതി?
റീത്തു മേടിച്ചോണ്ടു വാ.
പണ്ടത്തെ ഷോയിലെ ചിമിത്തേരീന്നെടുത്തോണ്ടുവന്നേക്കരുത്!
സ്വത്തു വെളിപ്പെടുത്തലിൽ കേരളത്തിനു 1000 കോടിയാ പ്രതീക്ഷിച്ചെ. 600 കോടിയേ കിട്ടിയുള്ളു.
കരുണാകരൻ സഹകരിച്ചു കാണുകേല.
കർത്താവേ! ഇയാളുടെ ആത്മാവിനെ സ്വർഗ്ഗത്തിലെയ്ക്കയച്ചേക്കണമേ...
നിന്നെ അയച്ചിട്ടേ ഞാനുള്ളൂ!
അപ്പം താൻ ചത്തില്ലാരുന്നോ?!...
അതു മരിച്ചയാളിന്റെ ജ്യേഷ്ഠനാരുന്നു.
മരിച്ചയാളു മോർച്ചെറീൽ വച്ചിരിക്കുവാ

# ബോബനും മോളിയും



പ്ലീസ്.. ഒരന്ത് പത്തു രൂപാ കടം തരണം...
നീ ഇന്ന് ആരോടെങ്കിലും കടം ചോദിക്കുമ്പം 100 രൂപാ ചോദിക്ക്. 50 രൂപാ എനിക്കും വേണം.
ധ്യാനത്തിനു പോയിട്ടു ദുഷ്ടാരൂപി മാറിക്കിട്ടിയോ?
എങ്ങനെ മാറാനാ? നാല്പതു വർഷമായില്ലേ എന്റെ കൂടെ കൂടിയിട്ട്.
അൻപതു രൂപാ താടാ. പുസ്തകോം ചോറ്റുപാത്രോം മാടക്കടക്കാരൻ കടത്തിനു പിടിച്ചു വച്ചു.
ലോകബാങ്കീന്നു ഒരു കടത്തിനപേക്ഷിച്ചിരു
അങ്കിള് തന്ന ഈ വാച്ചു പണയം വയ്ക്കാം. നടക്കുന്നതാ.
അതെ നടക്കൂ.
സമയം ഒരു പണമിടാ അങ്ങോട്ടും ഇങ്ങോട്ടും മാറ്റമില്ല.
അപ്പം നടക്കേലേ?
ഇതാ അൻപത്.
പിന്നൊരു ഉപകാരം ചെയ്യണം. ഞങ്ങളു വന്നു ചോദിക്കുമ്പം സമയമൊന്നു പറഞ്ഞു തരണം.
പിന്നെന്താ. എപ്പ വേണമെങ്കിലും വന്നു ചോദിച്ചോ.
പിറ്റേന്ന്
സമയമെന്തായി?
മണി പന്ത്രണ്ടര.
പിന്നേം വന്നോ? കിടത്തിയുറക്കുകേലല്ലേ? സമയം ഇപ്പം ഒന്നര.
താങ്ക്യൂ!
സമയമെന്തായി?
വീണ്ടുമൊന്നു മയങ്ങാൻ തുടങ്ങിയതേയുള്ളു. നാശം!! മണി രണ്ടേകാല്!
ഈ രാത്രി ഇപ്പം ഏഴാമത്തെ പ്രാവശ്യമാ. മനസ്സില്ല.
എപ്പം വന്നു ചോദിച്ചാലും സമയം പറയാമെന്നല്ലേ കരാറ്.
സമയം മൂന്നര.
പിറ്റേന്ന്
സമയമെന്തായി?
ഇന്നലത്തെ കൂട്ടിന്നും തുടങ്ങിയോ? മണി ഒന്നേകാല്.
ഇന്നേക്കു മൂന്നു ദിവസമായി ഒരു പോളക്കണ്ണടച്ചിട്ട്. ഇന്നാ- നീ തന്നെ കൊണ്ടെ വച്ചോ.

## ബോബനും മോളിയും



ക്രിസ്മസ് പരീക്ഷയ്ക്ക ജയിച്ചോടാ?
പഷ്ലാ വാദിച്ച കേസു ജയിച്ചോന്ന് ഞങ്ങള് ചോദിക്കുന്നുണ്ടോ?
നിന്നെയൊക്കെ നേരെയാക്കാനറിയാൻ മേലാഞ്ഞല്ല. സമയം വേണ്ടേ?
പഠിക്കാൻ അറിയാൻ മേലാഞ്ഞല്ല, സമയം വേണ്ടേ?
നിങ്ങടെ ഷർട്ടും പാൻസും ഞാൻ തന്നാ അലക്കിയത്. നിങ്ങൾക്കും ഇതുപോലെ ചെലവു ചുരുക്കിയാലെന്താ?
ചിലവു ചുരുക്കുന്നുണ്ട്. അവരു മൂന്നു വക്കീലന്മാർക്കു ഒരു കോട്ടേയുള്ളൂ.
നിന്നോടു വല്ലോം ചോദിച്ചോ?
അപ്പം, ചോദിക്കാനാളില്ലെങ്കിൽ നാക്ക് വായിൽ കിടന്നു ഇരുമ്പു പിടിക്കു മല്ലോ?
ചോദിക്കാനാളില്ലാത്തതാ കുഴപ്പം!
പ്രോഗ്രസ് കാർഡെന്തിയേടാ?
ഇന്നലെ എന്നെക്കൊണ്ടു ഒപ്പു പിടിപ്പിച്ചിട്ടുണ്ട്.
ഇത്തവണ എല്ലാ വിഷയങ്ങൾക്കും ജയിച്ചിട്ടുണ്ട്.
എന്നു വച്ചാൽ ഈ അപ്പന്റെയല്ലേടീ മക്കള്?
അതേ പോലും ഞാൻ നേർച്ച നേർന്നിട്ടാ!
ഇന്നാ, അഞ്ചുരൂപ പള്ളിയിലെ നേർച്ച പെട്ടിയിലിട്ടേര്.
ആ അഞ്ചു രൂപയ്ക്ക് അടുത്തിരിക്കുന്ന കുട്ടിക്ക് ഐസ്ക്രീം വാങ്ങിക്കൊടുത്താൽ അടുത്ത പരീക്ഷയ്ക്കും ഷുവർ പാസാ!
TOMS

# ബോബനും മോളിയും



പോലീസുകാരാരുന്നോ? ഞാൻ വിചാരിച്ചു മനുഷ്യേരു വല്ലോം ആയിരിക്കുമെന്ന്.
ഇവിടെ വിടെയാ പെൺ വാണിഭം?
പേടിയിട്ടു കാര്യമില്ല. അവരൊക്കെ അകത്തായി.
തീ.. തീ... ഫ്ലാറ്റിനു തീപിടിച്ചു!
ഞാൻ ചാടും!
അവിവേകം കാട്ടരുത്. ഏണിതരാം.
ഏണി വരുന്നു.
പക്ഷേ കുട്ടിയേം കൊണ്ടെനിക്ക് ഏണി വഴി ഇറങ്ങാൻ പറ്റുകേല!
കൊച്ചിനെ ആദ്യം രക്ഷിക്കണം.
നമ്മുടെ ഫുട്ബോൾ ഗോളി ചന്ദ്രൻപിള്ളേ വിളിച്ചോണ്ടു വാ.
കുട്ടിയെ ഇങ്ങോട്ടിട്ടോ. ഞാൻ പിടിച്ചോളാം.
പേടിയാ..
ഞാൻ 26 കൊല്ലം ഗോളിയാരുന്നു. ഇന്നുവരെ ഒറ്റപന്തും എന്റെ പിടിവിട്ടു പോയിട്ടില്ല. ഇട്ടോ!
സബാഷ്!
ക്ഷമിക്കണം. പഴേ ഓർമ്മയ്ക്ക്... ...........

# ബോബനും മോളിയും



ഏതാടാ നിങ്ങടെ വീട്ടിലൊരു സ്വപ്ന സുന്ദരി?
ഞങ്ങടെ ആൻറി തന്ന പുതിയ വേലക്കാ-രിയാ.
ഞങ്ങടെ ആൻറീന കെട്ടാവോ?
ആൻറീടെ മോളെ വേണേൽ കെട്ടാം.
വെട്ടു-പോത്ത് വരുന്നു
നിൻെറ മറ്റവൻ
ഐസ്ക്രീം കൂടി എടു-ക്കട്ടെ...?
പോര-ട്ടെ!
അവടെ പേരെ-ന്നാടാ?
റസ്റ്റോറൻറ്
എന്നാ നേര-ത്തേ പറയേ-ണ്ടേ? ഒരു ബി-രിയാണികൂടി തട്ടാമാരുന്നു.
ഒരെഴുത്തു കൊടുക്കാ-വോ?
മറുപടി മേടിച്ചു തരണം.
രാഹു ഒന്നു കഴിഞ്ഞിട്ടു തന്നാ മതി.
STAR HOTEL
എനിക്കറിയാം നീ മറുപടി മേടിക്കുമെന്ന്.
ഹായ്..... രാത്രീൽ, മാവിൻ ചുവട്ടിൽ ചെന്നാൽ കാണാമെന്ന്.
അവളതാ നിൽക്കു-ന്നു!
ഞാനാ ഞാനാ
ഓമലാളെ ക്കണ്ടു ഞാൻ പൂനിലാവിൽ .......
കോളേജിലൊ ക്കെ പഠിച്ചിട്ടും ഇത്ര നാണ-മാണോ?
ചക്കര യുമ്മ

## ബോബനും മോളിയും



ചേട്ടനെങ്ങനാ ഇത്രേം പണമുണ്ടാക്കിയത്?
കൃഷി. ഞാൻ തലച്ചോറുപയോഗിച്ചാ കൃഷി ചെയ്തത്.
അതിയാന്റെ തലച്ചോറ് ചാണകത്തേക്കാൾ നല്ല വളമാടീ!
എന്നതാടാ വീർത്തിരിക്കുന്നത്?
മുണ്ടിനീരാ.
ചേട്ടന്റെ ഐശ്വര്യത്തിന്റെ കാരണം ചേടത്തിയാന്നു ചിലരു പറേന്നു. ശരിയാണോ?
സംശയമെന്താ? ഞാനില്ലാരുന്നെങ്കി നിങ്ങളിപ്പം മാക്രി പിടിച്ചു നടന്നേനേ!
ഞാൻ ചെന്നു കേറുന്ന വീട്ടിൽ കുശാലാരിക്കുമെന്നെന്റെ ജാതകത്തിലുണ്ട്.
ഫിഫ്റ്റി ഫിഫ്റ്റി
എന്റപ്പൻ തന്ന സ്ത്രീധനം കൊണ്ടല്ലേ നിങ്ങളു കച്ചോടം തുടങ്ങിയത്?
അതും അതിന്റെ മൂന്നിരട്ടീം നിന്റെ ആങ്ങളമാരു കൊണ്ടെ തിന്നു!
ശർക്കരേം തേങ്ങായും കൂടി നല്ല യോജിപ്പാ. തേങ്ങാ ഉടയ്ക്കാം.
എന്റപ്പന്റെ ബാങ്കിൽ നിറയെ പണമുണ്ടാരുന്നെടീ.
നിങ്ങടപ്പൻ പണയം വച്ച ഉരുളി ഇപ്പഴും ഞങ്ങടെ വീട്ടിലിരിപ്പുണ്ട്.
ഠോ
എന്നതാടീ ഒച്ച കേട്ടത്?
കാറ്റു വന്നപ്പം ജനല് വീശിയടഞ്ഞതാ.
ഇപ്പം കാറ്റു വന്നില്ലല്ലോ?
പത്രത്തിൽ നോക്കിക്കേ 85 കിലോമീറ്റർ വേഗതയിൽ കാറ്റു വീശിയടിക്കുമെന്നുണ്ട്.
ങേ!
ഞാൻ ചെന്നു കേറുന്ന വീട്ടിൽ കുശാലാരിക്കുമെന്ന് എന്റേം ജാതകത്തിലുണ്ട്.
TOMS

# ബോബനും മോളിയും



പെരുന്നാള് ആഘോഷിക്കുകാന്നോ, പെരുന്നാള്ള് കഴിക്കുകാണോ ശരി?
കഴിക്കുകാന്നാ, ശരി. അന്നു മുഴുവൻ കഴിച്ചില്ലേ?
പെരുന്നാളിനിഷ്ടം ആള്ളു തീരെയില്ല!
പെരുന്നാളിനെന്താ വരാത്തേന്നോ? ഒട്ടും തിരക്കില്ല. പിന്നെന്തിനാ പെരുന്നാളിനു വരണെ?
പെരുന്നാള്ള് കഴിയുമ്പം പോലീസ് തിരക്കിക്കോളും.
ബിഷോപ്പിനെ വരുത്തു, ആള്ളു കൂട്ടും.
കഴിഞ്ഞ കൊല്ലം വരുത്തിയതാ. അങ്ങനെ ഒരാള്ളു കൂട്ടതല്ലുണ്ടായി!
നാടകം നടത്താം. കഥാപ്രസംഗോം.
അതും നോക്കിയതാ. കാബറേ ആയാലോന്നാ.
കല്യാണം കഴിഞ്ഞവരൊടെ കാബറെ നിരുത്തിയച്ചോ.
ഭർത്താക്കന്മാരു സമ്മതിക്കുന്നില്ല.
കല്യാണം കഴിക്കാത്തവരും നിറുത്തി. ചെക്കന്മാരെ കിട്ടുന്നില്ലാത്രേ!
അവസാനം അച്ചനെ- വിട്ടന്നോ ഒക്കീച്ചു!
പെരുന്നാള്ള് പ്രമാണിച്ച് മാദക മദാലസനൃത്തം കാബറേ...
കാബറെ കലക്കി. നർത്തകികളെ ഒന്നു ഇന്റർവ്യൂ ചെയ്യാൻ?
അതുവേണോ? പിന്നെ. നിർബന്ധമാണെങ്കിൽ....
അതു വിശ്വാസികളെ ദൈവത്തിങ്കലേയ്ക്കടുപ്പിക്കാൻ വേണ്ടിയല്ലാരുന്നോ?
നിങ്ങൾക്കിതാകാമോ? ദൈവേഷ്ടത്തിനെതിരല്ലേ?
സ്വർഗ്ഗ രാജ്യത്തിനു വേണ്ടി എല്ലാം ഉപേക്ഷിക്കണമെന്നു കർത്താവരുളീട്ടുണ്ട്.
Toms

# ബോബനും മോളിയും



വാടകവീട്ടിൽ പുതിയ താമസക്കാരു വന്നു. നീ കണ്ടോടാ ഒരു നീണ്ട പാവാടക്കിടക്കുന്നത്.
അടുത്ത് നീണ്ട കൈയ്യുള്ള ഒരു ഷർട്ടും കിടക്കുന്നതു കണ്ടോ?
ഒന്നു ലൈനടിച്ചു നോക്കിയാലോ?
ആ വീട്ടിലൊന്നു കയറിച്ചെല്ലാൻ എന്താടീ വഴി?
ഐഡിയാ! ങ്ഹാ, കിട്ടിപ്പോയി!
സെൻസസ് എടുക്കാൻ വന്ന ഉദ്യോഗസ്ഥനാണെന്നു പറഞ്ഞു ചെല്ലണം.
പിള്ളേരെത്രയുണ്ട്, ആണെത്ര, പെണ്ണെത്ര, വയസ്, നാള്, തീയതി, എല്ലാം കൃത്യമായി അറിയാം.
കക്ഷത്തിലൊരു ഡയറിയും ഒരു പേനയും വേണം.
ഡയറിയ്ക്കിപ്പം എവിടെപ്പോകുന്നു? നിന്റെ ഒരു പുസ്തകമാണേലും മതിയെടീ.
നിന്റെ പേനാ ഇങ്ങെടുത്താടാ.
ഇതു നന്നാക്കാൻ കൊണ്ടുപോകുകയാ.
ഏതെങ്കിലും ഒരു കുന്തം മതിയെടാ.
ഇവിടെ എത്ര അംഗങ്ങളുണ്ട്? ആണെത്ര, പെണ്ണെത്ര?
ട്യൂട്ടോറിയലാണോ പാരലൽ കോളേജാണോ?
സെൻസസ്. വീട്ടിലെ അംഗങ്ങളെയെല്ലാം ഒന്നു കാണണം.
നാക്കില്ലാത്ത പേനായും കൊണ്ടാണോടാ സെൻസസ് എടുക്കാൻ വന്നിരിക്കുന്നത്?
പറയെടാ നിനക്കും നാക്കില്ലേ?
ഡയറി കാണട്ടെ...
ഒരുവൻ 4000 രൂപയ്ക്ക് കാളയെ വാങ്ങി. തീറ്റക്കൂലി 650. 4200ന് വിറ്റു. ലാഭനഷ്ടമെത്ര?
നിന്റെ ജീവചരിത്രമാണോടാ?
നീയാ കത്രിക ഇങ്ങെടുത്തേടീ. ഇവൻ ലൈനടിക്കാൻ വന്നവനാ.
TOMS

# അശുദ്ധ മത്തായി



മത്തായി ഷാപ്പീന്നു വരുന്നുണ്ട്.
വരുന്നുണ്ടെന്നു പറഞ്ഞാൽ മതി. ഷാപ്പീന്നാന്നറിയാം.
എടാ, പോലീസുകാരൻ വരുന്നു!
രാത്രി കള്ളും കുടിച്ചു നെഞ്ചും വിരിച്ചു നിക്കുന്നത്?
കള്ള്
മത്തായിക്കു പിന്നേം ബോധമുണ്ട്.
അതാരാടാ ഇരുട്ടത്തു ചൂട്ടു പിടിച്ചു വരുന്നത്? കത്തീരെടാ. വെട്ടം കാണട്ടെ.
ആർടാ അത്?
ഇനി ചൂട്ടു വേണ്ട. എന്റെ വീട് ഈ കാണുന്നതാ.
അതെന്റെ വീടാ.
എന്റെ വീടാടാ നായേ..
എന്റെ വീടെങ്ങനാടാ നിന്റെ വീടാകുന്നത്? എന്താടാ പട്ടീ..
എന്റെ വീട് വഴിയേ പോണ എരപ്പേടെയല്ലടാ നായിന്റെ മോനേ.
എടാ, എന്നെ അങ്ങനെ വിളിച്ചാൽ അടിച്ചു നിന്റെ അപ്പിളക്കും.
നിനക്കിട്ടു രണ്ടു കൊള്ളാതെ മര്യാദ പഠിക്കുകേല.
എന്നാൽ ഇതുംകൂടെ ഇരിക്കട്ടെ.
അമ്മേ! നമ്മുടെ വാതുക്കൽ കെടന്ന് ആരാണ്ടും പൊരിഞ്ഞ ഇടി.
എന്റെ വീടാടാ.
എന്റെ വീടാടാ.
അപ്പനാണല്ലോ! ഒന്നടങ്ങപ്പാ.
ഇതു നിങ്ങടെ രണ്ടുപേരുടേം വീടാ. നിങ്ങളപ്പനും മകനുമാ!
TOMS

## ബോബനും മോളിയും




## ബോബനും മോളിയും




## ബോബനും മോളിയും



## ബോബനും മോളിയും


രണ്ടു പണിക്കാരെ വേണം. എല്ലാ പണീം അറിയണം.
ശബരിമലയ്ക്കു പോകുന്നുണ്ട്.
'ദൈവമില്ല' എന്നൊരു പുസ്തകം എഴുതീട്ടുണ്ട്. അതിന് അക്കാദമി അവാർഡു കിട്ടാൻ തേങ്ങായുടയ്ക്കാൻ
ആശുപത്രീടെ കോൺട്രാക്റ്റു പണി നടക്കുവാ. പണിക്കാരില്ല.
ഇവരു പട്ടാളത്തിലാരുന്നു എല്ലാപ്പണീം അറിയാം.
കെട്ടിടം പണി അപകടം പിടിച്ചതാ എന്തു വന്നാലും ഞാൻ പിറകിലുണ്ടാവും.
സാറെപ്പഴും പിറകിലുണ്ടെങ്കിൽ ഞങ്ങളു പണിയ്ക്കില്ല.
ഇവിടെ പണിക്കാർക്കും പണിയെടുപ്പിക്കുന്നവർക്കും അപകട ഇൻഷുറൻസുണ്ട്.
അതു നന്നായി!
എന്തു നന്നായെന്നാടാ?
അപകട ഇൻഷുറൻസുള്ളതു്.
കപ്പി വഴി സിമെൻറു കൂട്ടിയതിനി മുകളിൽ കൊടുക്കണം.
കയറു വരുന്നുണ്ട്.
വലിച്ചു പൊക്ക്.
സൂപ്രണ്ടിങ്ങ് എഞ്ചിനീയർ ഇൻസ്പെക്ഷനു വരുന്നു.
വലി. മൂന്നു നിലവരയെ ആയുള്ളൂ.
ഇന്നലെ കണ്ടില്ലല്ലോ?
എഞ്ചിനീരു ഇൻസ്പെക്ഷനു വന്നതു കൊണ്ട് ഇന്നലെ അവർ ഡ്യൂട്ടിയാരുന്നു.



കടന്നൽ കൂടിളകി!
ആവൂ!!
പെട്ടെന്നു സെററാകുന്ന സിമിൻറാ ഉടനെ എന്തേലും ചെയ്യ്!
മന്ത്രി വരുന്നു. ക്രയിൻ പുറകോട്ടു മാററി വിടണം.
എല്ലാഷണ്ടീം അറിയാമെന്നു ഞാൻ പറഞ്ഞും പോയി.
ഭാഗ്യം! ഏതാണ്ടൊരു ബെട്ടണമർത്തിയപ്പം സ്റ്റാർട്ടായി!!
ഇത്ര കഴിഞ്ഞ് മന്ത്രി പ്രളയ ബാധിത പ്രദേശത്തിൻെറ ഏരിയൽ വ്യൂ കാണും.
കെട്ടിടം പണി പൂർത്തിയാകാറായി സർ.
പുറകോട്ടു മാററുന്ന ലിവറ് ഇതാരിക്കും.
പടിഞ്ഞാട്ടു നോക്കു്. പ്രളയത്തിൻെറ ഏരിയൽ വ്യൂ കാണണം.
വേദനാജനകമെന്നു തീർത്തും പറയാം.

# ബോബനും മോളിയും



ഉലുമാലു ചായം പൂശി വിട്ടതാ. കുളം വെട്ടാൻ ചെന്നതിന്!
കൊമ്പും വാലും കൂടിയുണ്ടാരുന്നെങ്കി ചെകുത്താനായേനേ
കൊമ്പും വാലും ഇല്ലാത്ത ചെകുത്താന്മാരും നടപ്പുണ്ട്.
നമുക്കു ഉലുമാലിനെ ഒരു പാഠം പഠിപ്പിക്കണം.
അക്ഷരമറിയാത്തവനെ എങ്ങനെയാ പാഠം പഠിപ്പിക്കുന്നത്?
ഉലുമാലിന്റെ വീടേതാ?
പെണ്ണു കാണാൻ പോകുന്നവരാ അല്ലേ?
നിങ്ങക്കു വഴി പറഞ്ഞു തരാൻ ഉലുമാലു ചേട്ടൻ ഞങ്ങളെ ഇവിടെ നിറുത്തിയിരിക്കുവാ.
തെക്കോട്ടു ചെല്ലുമ്പം പാലം കാണും. പാലം കഴിഞ്ഞാൽ രണ്ടാമത്തെ വീട്
ഇതൂടെ ഇവരുടെ കയ്യിലങ്ങു കൊടുത്തു വിട്ടേച്ചാൽ നമുക്കവിടം വരെ നടക്കാണ്ടു കഴിക്കാമല്ലോ?
ഉലുമാലു സെക്രട്ടറിയായുള്ള വായനശാലേടെ കുളം വെട്ടു പിരിവി'നു ഞങ്ങളെ അയച്ചതാ.
ഇതൂടങ്ങോട്ടു കൊടുത്തേച്ചാൽ
പിന്നെന്താ..
കുളം വെട്ടിപ്പിരിവിന്റെയാണെന്നു പറഞ്ഞേക്കണം.
അവരു വന്നെടീ
ചെക്കന് ഇരുനിറമാ. എന്നാലെന്നാ അല്ലേ?
കുളം വെട്ടിപ്പിരിവിന്റെയാ.
പന്നീന്റെ മക്കളു പിന്നേം
നില്ല്
രണ്ടു മണിക്കൂറായില്ല ഒരുത്തനെ പൂശി വിട്ടിട്ട്!
എസ്.ഐ.യെ വിളിച്ചു വരുത്തി അപമാനിക്കും! അല്ലേടോ? കണ്ടോളാം.
ചെക്കന് ഇരുനിറമാന്നു പറഞ്ഞതു ശരിയാ.

# ബോബനും മോളിയും



പോക്കറ്റുമണി വെട്ടിക്കുറച്ച കാരണം ചെലവ് കുറയ്ക്കാൻ തീരുമാനിച്ചു!
സാലിക്കുട്ടീടെ വീട്ടിലേയ്ക്കുള്ള 'ചെലവ്' ചുരുക്കണം. ആങ്ങള പട്ടാളത്തീന്ന് വന്നിട്ടുണ്ട്.
ആ ബസ്സു പോട്ടെ. എക്സ്പ്രസ്സാ. മിനിമം മൂന്നു രൂപയാ.
ഇന്നു സർക്കസ് ഒന്നു കാണണം.
അതു നോൺ സ്റ്റോപ്പാ. മിനിമം നാലാ. ഉച്ചയ്ക്കേ നിറുത്തൂ.
ഇതു് ഓർഡിനറിയാ. എന്തിനാ ഒന്നരകാലു കളയുന്നത്. ചിലവു ചുരുക്കണം.
ഇപ്പം ബീനാ വരും. സാബുവാ. കണ്ടക്ടർ. കാശു കൊടുക്കേണ്ട. ഇങ്ങനെയാ പണം ലാഭിക്കേണ്ടതു്.
വരാൻ പതിനഞ്ചു മിനിറ്റു കൂടിയേയുള്ളൂ.
കർത്താവേ! കണ്ടക്ടറിന്നു വേറെയാളാ.
എടീ ഹിപ്പിച്ചനുമുണ്ട്.
ബീനാ
അഞ്ചു പേരല്ലേ?
അ... അ.. അ.. അതേ.. അതെ
ടിക്കറ്റിന് ആരേക്കാളും പോയിട്ട്... സർക്കസിനു തികയുകേല.
ഹിപ്പിച്ചൻ നല്ല അന്തസ്സുള്ളവനാ.
സർക്കസു കാണാനിറങ്ങിയതാ! ടിക്കറ്റിന് ഇനി തികയുകേല!
സർക്കസ് മാനേജർ
പ്ലീസ്... എനിക്കു ഫ്രീയായിട്ടൊരു ടിക്കറ്റു തരണം. എന്തു പണീം ഞാൻ ചെയ്തോളാം.
നന്ദൻ, ഇയാൾക്കൊരു ഫ്രീ ടിക്കറ്റു കൊട്.
റിംഗിന് അടുത്തു തന്നെ കാണണം.
നമ്മുടെ ഹിപ്പിച്ചൻ!
അച്ഛാ, മിനിയാന്നു് എന്നെ പെണ്ണുകാണാൻ വന്ന ചെക്കൻ!
TOMS

## ബോബനും മോളിയും



എന്റെ വാര ഫലത്തിലുണ്ട് കണ്ണിനു കുളിർമ്മ യുള്ള കാഴ്ചകൾ കാണുമെന്ന്.
കടല കടല....
എന്റെ രജനി യല്ലേ അത്? ഇന്നു കടപ്പുറത്തു വരുമെന്ന് പറഞ്ഞു എന്നേം കാത്തിരിക്കുവാ. ഇന്നലേം പൂച്ചൂടിയാ വന്നത്.
കടല കടല...
ഞാൻ പിന്നിലൂടെ ചെന്നവടെ കണ്ണു പൊത്താം. ആരാ ണന്നവളു പറയു മോന്നറിയട്ടെ.
ഞാനാരാ ണെന്നു പറ.
നിങ്ങക്കീ കുഞ്ഞുകളി മാറ്റാറായില്ലേ.
എടാ, ഞാനാരെണെന്നു പറയാം. അവടെ കെട്ടിയവൻ പട്ടാളം.
ഒരു പൊതി കടല മേടിക്കാനങ്ങോട്ടു മാറിയതേ യുള്ളൂ.
ശകലം മാറിയിരുന്നേൽ കണ്ണുകാണാൻ മേലാതായേനേ.
കണ്ണു പണ്ടേ കാണാൻ മേല.
ഈ മരുന്ന് എന്തിനു ള്ളതാ.
കണ്ണിനു കുളിർമ്മ കിട്ടാൻ.
അപ്പം വാരഫലത്തിൽ പറഞ്ഞതു ശരിയാ.

# ബോബനും മോളിയും



കുരിശു വരയ്ക്കാൻ പറഞ്ഞപ്പം വിരലിട്ടു നെററിയേൽ വട്ടം കറക്കുന്നോ?
അററത്തു ക്കാവരുള്ള മാർത്തോമ്മാ കുരിശാ വരയ്ക്കുന്നത്.
നീയെന്താടീ കുരിശു വരയ്ക്കാത്തത്?
ഏതു കുരിശാ വരയ്ക്കേണ്ടതെന്നു തീരുമാനമായിട്ടേ വരയ്ക്കുന്നുള്ളൂ.
എല്ലാം കുരിശാ.
പ്രാർത്ഥന സമയത്തു ഉറങ്ങുവാണോടാ?
ഞാൻ പറഞ്ഞതാ പ്രാർത്ഥന കഴിഞ്ഞേ അത്താഴം കൊടുക്കാവുള്ളന്ന്.
കർത്താവ് അത്താഴം പങ്കിട്ടു കൊടുത്തേച്ചാ പ്രാർത്ഥിക്കാൻ പറഞ്ഞത്.
അല്ലാരുന്നേൽ കർത്താവു പഴങ്കഞ്ഞി കുടിക്കേണ്ടി വന്നേനേം.
നേരാ. ഉറക്കം വന്നാ പിന്നെ ......
പ്രാർത്ഥന സമയത്തു ഉറങ്ങാൻ പറ്റുകേല.
പഷാ കാറാതിരിക്കാമെങ്കി ഉറങ്ങാൻ പററും!
പ്രാർത്ഥന സമയത്തു ഉറങ്ങുന്നതെന്തു കൊണ്ടാന്നറിയോ?
ഉറക്കം വരുന്നതു കൊണ്ട്.
അല്ല. എന്നാൽ പറയാം. കേട്ടോ.
പ്രാർത്ഥന ചൊല്ലാനിരിക്കുന്ന നിങ്ങടെ ഇടതും വലതും ഓരോ ചെകുത്താന്മാരിരുപ്പുണ്ട്.
അതു ഞങ്ങക്കറിയാമ്മേലാഞ്ഞല്ല. പറഞ്ഞാൽ പൊട്ടീരു മേടിക്കുമല്ലോന്നു പേടിച്ചാ.
TOMS

# ബോബനും മോളിയും




സ്കൂട്ടർകാർക്കിപ്പം ഹെൽമെറ്റ് നിർബ്ബന്ധം.
ചേട്ടന്റെ സ്കൂട്ടറില്ലല്ലോ?
ചേടത്തിയുണ്ടല്ലോ. ഒന്നിരിക്കട്ടെ.
ചൂലേ... ചൂലേ...
എന്താടാ ഒന്നിരിക്കട്ടെന്നു പറഞ്ഞത്?
അല്ലാ, ചേടത്തിയ്ക്കൊരു ചൂലിരിക്കട്ടെന്നു പറേവാരുന്നു.
ഇവിടിപ്പം ഒരു ചൂലുണ്ട്.
അതു വെറും കുറ്റിച്ചൂലാ.
എടാ, അളിയന്റെ കയ്യീന്നൊരെണ്ണം കിട്ടി!
പെങ്ങടെ കയ്യീന്നു കിട്ടാതെ നോക്കിക്കോണം.
. ഉല്ലാസയാത്ര പോയ ബാബൂന് സ്കൂട്ടറപകടം. കൊല്ലനെ കാണിക്കാൻ കൊണ്ടു പോയി.
ഡോക്ടറെക്കാണിക്കാനെന്നു പറ!
കൊല്ലന്റടുത്താ പോയത്. ഹെൽമറ്റു ചളുങ്ങിയ കാരണം തലയൂരാൻ മേല! അടിച്ചു പൊളിക്കണം!
അപ്പം ഉല്ലാസയാത്ര അടിപൊളിയായെന്നു പറ.
അവന്റെ ചേട്ടന്റെ നെഞ്ചത്തു കൂടാ കഴിഞ്ഞ കൊല്ലം ജീപ്പു കേറിയത്.
അതു ഭാഗ്യമായി.
ഭാഗ്യ മോട്ടു.
അതു കൊണ്ടു 1200 രൂപേടെ ഹെൽമറ്റു ചളുങ്ങാതെ കിട്ടി.
അങ്ങനല്ലേ അനിയനതു വയ്ക്കാൻ യോഗമുണ്ടായത്.

# ബോബനും മോളിയും




അടുത്തപുറത്ത്


പാലിനകത്തു പകുതീം വെള്ളമാ.
ദൈവദോഷമുണ്ടാകും
വെള്ളം ചേർക്കാൻ പഠിപ്പിച്ചതു ദൈവമാ.
അതെങ്ങനാടാ?
ദൈവം ഈ ഭൂമി സൃഷ്ടിച്ചിട്ടു മുക്കാലും വെള്ളമല്ലേ?
പാലിൽ വെള്ളം ചേർത്തതു ദൈവത്തോടു പറഞ്ഞു മാപ്പിരക്കണം.
ഞങ്ങളല്ല പറഞ്ഞു.
അപ്പം ദൈവം പറേവാ ഞാൻ മുക്കാലും ചേർത്തു നീയെന്നാടീ പകുതിയാക്കിക്കളഞ്ഞേന്നു?

## ബോബനും മോളിയും


ആശുപത്രീടെ ഒന്നാം വാർഷികമാ. പത്രത്തിലൊരു പരസ്യം കൊടുക്കണം.
നാട്ടുകാർക്ക് ഈ ആശുപത്രി ഒരു അഭയമാണന്നു എഴുതണം.
നാട്ടുകാർക്ക് ഈ ആശുപത്രി ഒരു ഭയമാണന്നാ വന്നതു്.
അതല്ലേ സത്യം?


# ബോബനും മോളിയും



പേപ്പട്ടിയാ. എന്റെ പശുനെ കടിച്ചു!
ഇന്നലെ എന്റെ കെട്ടിയവളെ കടിക്കാൻ വന്നു.
കടിച്ചിരുന്നേൽ പട്ടി അപ്പഴേ ചത്തേനെ
വല്ലതും പറഞ്ഞോടീ ?
അല്ലാ, ചൈന ഉസ്ബക്കിസ്ഥാന്റെ കാര്യത്തിൽ ഇടപെടുന്നതു തെററാണെന്നു പറേകാരുന്നു.
പേപ്പട്ടിശല്യം
കടിച്ചാൽ കടിച്ചേടം കൊണ്ടു പത്തു കുത്തി വയ്ക്കണം..
അഷം പട്ടീടെ. മോണയ്ക്കാണോ കുത്തി വയ്പ്?
കൊല്ലവനെ.
നാട്ടിലിപ്പം പ്രധാന ചർച്ചാ വിഷയം പേപ്പട്ടികളാ.
ഇവിടത്തെ രാഷ്ട്രീയക്കാരുടെ പ്രസംഗങ്ങളും പ്രസ്താവനകളും കേട്ടാൽ അവരു കഴിഞ്ഞാലുള്ള സ്ഥാനമേ പേപ്പട്ടികൾക്കുള്ളൂന്നു തോന്നും!
എങ്കിൽ ആ ക്രമത്തിനു തല്ലിക്കൊല്ലട്ടെ!
TOMS

# ബോബനും മോളിയും



കുഞ്ഞപ്പന് ഹാർട്ടറ്റാക്ക്. ആശുപത്രീൽ കൊണ്ടു പോയി. യാത്ര അയയ്ക്കാൻ പോയതാ. സർക്കാരാശുപത്രീലാ.
എങ്കി മുകളിലേക്കു യാത്രയയക്കാം.
ഒപ്രിശ്രമാ സൂപ്പർ സ്പെഷ്യാലിറ്റി ആശുപത്രി
ഇവിടാകുമ്പം രോഗി ചാകുകേല.
രോഗിയെ കൊണ്ടു വരുന്നവനെ കൊല്ലും
ഹാർട്ട് ദിവസോം സ്കാൻ ചെയ്യണമെന്നാ പറേണത്.
ദിവസോം സ്കാൻ ചെയ്യുന്നതു ഇസ്ക്കാനാ!
ഫുള്ളി എയർ കണ്ടീഷനാ! ആ മൂപ്പീന്ന് തണുത്തിട്ടു വിറയ്ക്കുന്നു.
കൈപ്പറ്റാൻ പോകുന്ന ബില്ലിന്റെ കാര്യമോർത്തിട്ടു വിറയ്ക്കുന്നതാ.
BILLING
BILLING
എന്റെ ഓർമ്മയ്ക്ക് ഈ ആശുപത്രി ഇരിക്കുന്ന സ്ഥലവും ഇതു പോലെ കായലായിരുന്നു!
ഒത്തിരി പേരിവിടെ മുങ്ങിച്ചത്തതാ!
ഇപ്പം മുക്കിക്കൊല്ലുവാ!
TOMS


ചേട്ടൻെറ വീട്ടിൽ മുട്ടൻ ബഹളം!
ഞാനാരടീ. നിൻെറ വേലക്കാരനോ?
കതകടച്ചിട്ടോണ്ടാ?
നിൻറപ്പനോട്ടു പറയാൻ മേലാരുന്നോ. വല്ല പരവനേം കൊണ്ടു കെട്ടിക്കാൻ?
ഞാനറിഞ്ഞോ കാക്കാലനാ കൊട്ടാൻ പോണതെന്ന്?
ഞാൻ പറഞ്ഞാൽ പറഞ്ഞതു നടത്തുന്നവളാ.
നിൻറപ്പൻ മത്തായിയോടു ചെന്നു പറ.
ഓ.
എവിടെടീ പശുക്കയറ്...
വല്ല അവിവേകോം?.....
ചേട്ടാ അരുത്..
നാടിനു ചീത്തപ്പേരുണ്ടാക്കരുത്!
ഓടിവായോ.. ചേട്ടൻ കെട്ടിത്തൂങ്ങി ചാകാൻ പോണേ...
ബുദ്ധിമോശം കാണിക്കരുത്.
ചേട്ടാ അരുത്.


എടോ അരുത് അരുത് പ്ലീസ്
അരുതെന്നു പറ ചേടത്തീ...
ചേട്ടനിപ്പം ചാകും.
പിന്നെ ചത്തു! എത്ര പ്രാവശ്യം ഇതു പോലെ കേറീതാ.
ഇന്നാടീ കൊണ്ടെ വെട്ടിത്തിന്ന്.
ഇത്രേം ഉണ്ടായിരുന്നുള്ളു കാര്യം!
അപ്പം ചക്ക കെട്ടിയിറക്കാനാരുന്നോ ഈ പുക്കിലെല്ലാം.

## ബോബനും മോളിയും


രാജീവൻ പാസ്സായി.
ബി. എ.യ്ക്ക് കണക്ക് ഐച്ഛികമെടുക്കണോ, ഇംഗ്ലീഷ് എടുക്കണമോന്നാ?
അഭിപ്രായമറിയാൻ വന്നതാ.
എൻറ അഭിപ്രായം കണക്കാ നല്ലതെന്നുള്ളതാ. പാസായാലൊരധ്യാപകനാകാം.
ഇംഗ്ലീഷായാൽ നീ മുഴുവൻ സമയവും ലക്ചർ ചെയ്യണം.
കണക്കാകുമ്പം ക്ലാസിലൊരു കണക്കിട്ടു കൊടുത്തേച്ചു നിനക്കു കിടന്നുറ അരുതോ?

# ബോബനും മോളിയും


ഹിപ്പിച്ചൻ നാടകക്കമ്പനി തുടങ്ങാൻ പോണു. ഒരു നടി വേണം.
നടിയല്ല. അടിയാ വേണ്ടത് അവന്റെയൊരു നാടകം!
നടി സുലോചനയായാലോ? ഒരു സിനിമയിൽ വേഷമിട്ടതാ.
സിനിമയിൽ വേഷം ഇടുകയല്ലല്ലോ, അഭിക്കുകയല്ലേ?
പത്രത്തിൽ പരസ്യം കൊടുക്കാം.
പത്തുപന്ത്രണ്ടു നാടകങ്ങളിലഭിനയിച്ചിട്ടുണ്ട്. പക്ഷേ ഞാനിതുവരെ അമ്മയായിട്ടില്ല.
നാടകമൊക്കെ കഴിയുമ്പം അമ്മയായിക്കൊള്ളും.
മലമ്പനിക്കാരന്റെ വേഷമുണ്ടങ്കി എനിക്കു താ.
സ്റ്റേജിൽ കയറുമ്പം എന്നെ വിറയ്ക്കാൻ തുടങ്ങും.
പക്ഷേ ഞങ്ങക്ക് ഗർഭിണിയായ ഒരു സ്ത്രീയെയാ ആവശ്യം!
ന്നാലും സാറു വിചാരിച്ചാലതു നടക്കും.
നാടകം കഴിഞ്ഞും നാട്ടിൽ കാണണം കേട്ടോടാ. സ്ഥലം വിടരുത്.
ആങ്ങളമാരുണ്ടോ?
അതു സാരമില്ല, ഗൾഫിലാ.
റിഹേഴ്സൽ
ഗർഭിണിയാ. ആറു മണിക്കു റിഹേഴ്സൽ കഴിയണം.
ലാസ്റ്റു ബസ് ആറു മണിക്കാ.


ഭവതിയെ ഈ നിലയിലാക്കിയതിനെ ചൊല്ലി ഞങ്ങള് തമ്മിൽ വഴക്കുണ്ടാകും.
മറുപടി ഒന്നും പറയേണ്ട.
ഇതിനുത്തരവാദി നീയാ.
അല്ലടാ, നിന്റെയാ കുട്ടി.
അനാവശ്യം പറഞ്ഞാലുണ്ടല്ലോ, കുട്ടി നിന്റെയാ.
നിന്റെ കുട്ടിയാ.
എനിക്കു പോകാൻ സമയമായി.
നിന്റെയാ കുട്ടി
കുട്ടി നിന്റെയാടാ.
എന്റെ ബസ്സു വരുന്ന ഒച്ച കേൾക്കുന്നു.
ഇന്നാ. ആരുടെയാന്നു വച്ചാൽ കൊണ്ടുപോ.

ബോബനും മോളിയും


ഇക്കൊല്ലം തോററാൽ ഒരു ജോഡി കാളേം കലപ്പേം മേടിച്ചു തരാൻ അപ്പനോട്ടു പറ
പിറ്റേ ദിവസം
ഇന്നലെ പറഞ്ഞയച്ച കാര്യം അപ്പനോട്ടു പറഞ്ഞോ?
പറഞ്ഞു!
എന്നിട്ടെന്തു പറഞ്ഞു?
നിനക്കും നിന്നെ പഠിപ്പിക്കുന്ന വാദ്ധ്യാർക്കും കൂടി ഒരു കലപ്പ മതിയെന്നു പറഞ്ഞു.


ബോബനും മോളിയും
എന്റെ ഏത്ത വാഴ മുഴുവൻ കാറ്റത്തൊടിഞ്ഞെടാ.
പഞ്ചായത്തു പ്രസിഡന്റിനെ കാണണം.
ദേണ്ടെ, വിളവു നഷ്ടപ്പെട്ടവർക്കു സർക്കാർ ധനസഹായം.
100 വാഴ ഒടിഞ്ഞെന്നോ?
പശൂന്ന തിന്നാൻ കുറെ വാഴത്തടയ്ക്കു ഞാൻ നോക്കിയിരിക്കുവാരുന്നു.
നിങ്ങളും അപേക്ഷിക്ക്. നമ്മുടെ ആറു വാഴത്തണ്ട് ഒടിഞ്ഞിട്ടുണ്ട്.
ഇനി നട്ടവും കൂടി ഒടിയണോ? നടന്നു നടന്ന്.
അപേക്ഷയോടൊപ്പം നെഹ്റു ട്രോഫി വള്ളം കളിടെ 100 രൂപ ടിക്കറ്റെടുക്കണം.
നാഷിന്റെ ഒളിമ്പിക്സിന്റെ ആയിക്കോട്ടെ.
വില്ലേജാപ്പീസർക്കു 500 കൊടുത്താൽ പെട്ടെന്നു നടക്കും.
അതു കുറെ കടുപ്പമാ.
നിന്നോടു ചോദിച്ചോ?
എന്നോടു ചോദിച്ചാലെവിടാ പണമിരിക്കുന്നത്.
വസ്തുവിന്റെ പ്ലാനും സർവേയും വളം, വിത്ത് ഒക്കെയുടെയും ബില്ല്. നടന്നു നടന്നു മടുത്തു.
500 കൊടുത്താൽ നടക്കുമെന്നല്ലേ പറഞ്ഞത്.
നാശനഷ്ടം നേരിൽക്കാണാൻ കാറ് കൊണ്ടുവരാൻ പറഞ്ഞു.
കാറും കൊണ്ടു രാവിലെ വന്നതാ. നാലു മണിയായി.
ഇന്നു സമയമില്ല, നാളെ വാ.


അപേക്ഷാ ഫോറത്തിനും സ്റ്റാമ്പിനും വില ഇൻഷ്വറൻസിനും കൂടി 600 രൂപാ അടയ്ക്കണം.
കൊടുങ്കാറ്റു വന്നു എന്നതിന് അന്നത്തെ കാലാവസ്ഥാ റിപ്പോർട്ടും.
പിന്നെ കർഷകനാണെന്നുള്ളതിനു തെളിവും.
കൊടുങ്കാറ്റിന്റെ കാലാവസ്ഥാ. റിപ്പോർട്ടിനു തിരുവനന്തപുരത്തു കാലാവസ്ഥാ കേന്ദ്രത്തിൽ പോണം. എട്ടു മാസമായി പാവം നടക്കുന്നു.
കർഷകനാണെന്നുള്ളതിനു തെളിവു കൊണ്ടു വരണമെന്നു പറഞ്ഞിട്ട് ആളെപ്പിന്നെ കണ്ടിട്ടില്ല.
കർഷകനാണെന്നുള്ളതിനു തെളിവും കൊണ്ടു വന്നിട്ടുണ്ട്.

അപ്പിഹിപ്പി


സ്ത്രീക്കു വേണ്ടി പുരുഷൻ എന്തും നഷ്ടപ്പെടാൻ തയാറാ.
ആദത്തിന്റെ വാരിയെല്ല് ഹവ്വായിക്കു കൊടുത്തില്ലേ?
എങ്കിൽ എനിക്കു വേണ്ടി നിങ്ങൾക്കു പലതും നഷ്ടപ്പെടേണ്ടി വരും.
എന്നോടു മിണ്ടുന്നതു കണ്ടാൽ നിങ്ങടെ വാരിയെല്ലെടുക്കുമെന്നാ അപ്പച്ചൻ പറഞ്ഞിരിക്കുന്നത്.
വരുന്നുണ്ട്.



ശാന്തമ്മേ കാണുന്നില്ല.
എനിക്കെന്റെ കണ്ണു കാണാൻ മേല.
അല്ലേലും അവനവന്റെ കണ്ണു അവനവൻ കാണാൻ പറ്റുകേല.
വല്ല പൂവാലന്മാരും തട്ടിക്കൊണ്ടു പോയതാണോന്നാ?
അതിന് ഹിപ്പിച്ച നിഷം ഇവിടെ തന്നെ ഉണ്ടല്ലോ?
പോലീസ് നായ കൂട്ടന്റെ പുറകെ ഓടുന്നു.
അവന്റെ കൈയിൽ ഉണക്കമീൻ പൊതിയിരുപ്പുണ്ട്.
ആറ്റിലൂടെ ഒരു ശവം ഒഴുകിപ്പോണു.
ശാന്തമ്മേടെ ശവമാ. ഇന്നലെ പാതിരാത്രിക്കു ചാടുന്ന ശബ്ദം കേട്ടു.
ഫീസില്ലാഞ്ഞതിനു പറഞ്ഞു വിട്ടതിനാ ആത്മഹത്യ ചെയ്തത്.
വെക്കടാ ബസ്സിനു തീ.
എങ്കിലും ഈ ഗതികേടവൾക്കു വന്നല്ലോ?
ഇരുപത്തിനാല് ബസ്സുകൾ കത്തിച്ചു
ബാങ്കുകൾ കൊള്ളയടിച്ചു
എഞ്ചി. കോളേജ് തകർത്തു


അടുത്തപുറം 49



പോലീസിനെ കൊണ്ടു പൊക്കാൻ പറ്റുകേലെങ്കിൽ നേവിയെ വിളി!
എല്ലാവരും സമചിത്തത പാലിക്കണം. ബഹളമുണ്ടാക്കരുത്.
ങ്ഹേ!! പെണ്ണില്ലേ?
TOMS


## ബോബനും മോളിയും



മിക്ക വിഷയങ്ങൾക്കും തോറ്റു!
നമ്മുടെ വിദ്യാഭ്യാസ നയത്തിനു കാര്യമായ തകരാറുണ്ടെന്ന് എത്രയോ പേരു പറയുന്നു.
കണ്ടില്ലേ എല്ലാ വിഷയങ്ങൾക്കും പകുതി മാർക്ക്.
അതു ഞങ്ങടെ കുഴപ്പമല്ല.
പകുതി ഫീസല്ലേ കൊടുക്കുന്നത്.
അപ്പം മാർക്ക പകുതിയേ തരൂ.

# ബോബനും മോളിയും



ഇവിടെ അരിയില്ല കിരിയില്ല് ഉപ്പില്ല മുളകില്ല.
അഷ്ടം ചുടാനാണെങ്കിൽ വിറകുമില്ല.
മനുഷ്യൻ അഷ്ടം കൊണ്ടു മാത്രമല്ല ജീവിക്കുന്നതെന്നു കർത്താവ് പറഞ്ഞിട്ടുണ്ടെടീ.
ഞങ്ങക്ക രണ്ടാൾക്കും ഒരു ടെക്സ്റ്റ് ബുക്കേയുള്ളൂ.
മാറിമാറി പഠിക്കണം.
അഷ്ടം പരീക്ഷേടെ തലേന്നോ?
രണ്ടായി കീറി പച്ചാതി മാറി മാറി പഠിക്കണം.
ഈ തൊഴില്ല കളഞ്ഞെച്ചു മറ്റു പണി നോക്കാനോ? മറ്റെന്തു പണി?
ഒരു ഗ്രാമസ്ഥന്റെ പണിയുണ്ട്.
തനിക്കു വീതം കിട്ടിയ ഒന്നരയേക്കറു നാട്ടിലില്ലേ?
അതു പുല്ലു കേറി കിടക്കുവാ.
കൃഷിയോ? അതിനു മൂലധനം വേണ്ടേ?
മൂലധനം വേണ്ടാത്ത പണിയുണ്ട്!
നീ മേടിക്കും.
നാട്ടിലല്ലേ ഭൂമി കിടക്കുന്നത്? മൂലധനം വേണ്ടാത്ത പണിയുണ്ടടീ.
നീയാ മേശയൊന്നു ഒഴിച്ചേ.
ഇന്ത്യൻ റെയിൽവേയ്ക്കാകാമെങ്കിൽ എനിക്കായിക്കൂടെ?
വിസർജനം 1 രൂപ. മൂത്ര വിസർജനം 50 പൈസ.

ബോബനും മോളിയും



ഇന്നു ബന്ദാ- അവരു കാറ് എറിഞ്ഞു പൊട്ടിക്കും.
എറിയുന്നവനിട്ടു വേണം പൊട്ടിക്കാൻ!
TAXI
ഞാനൊരു ബുദ്ധി പറയാം.
പോലീസ് വേഷത്തിൽ പോണം. ബീറ്റ് പോലീസാണെന്നു വിചാരിച്ചോളും.
ബീറ്റ് പോലീസു പ്രത്യേകയുണ്ടോ?
എല്ലാ പോലീസും ബീറ്റ് പോലീസാ. കയ്യിൽ കിട്ടുന്നവനെയൊക്കെ ബീറ്റ് ചെയ്യും!
അപ്പം രണ്ടു പേരേം കണ്ടാൽ അസൽ പോലീസ്?
അതാ- മറ്റൊരു പോലീസ് വണ്ടി വരുന്നു.
TAXI
പള്ളിമുക്കിൽ അക്രമവും കൊള്ളിവയ്പും. ഞങ്ങടെ കൂടെ വാ- വേഗം!
തിരിച്ചു വിട്ടോ.
ഒരു ചുള്ളിക്കമ്പു പോലും കയ്യിലില്ലാ?
POLICE
D.S.P
അവർക്കു തോക്കുണ്ട്. അവരെ വിടരുത്!
വണ്ടി അടിച്ചു പൊളിക്കെടാ
പെൺചൊല്ലു കേൾക്കുന്നവൻ പെരുവഴി ആധാരമെന്നു കേട്ടിട്ടുണ്ട്!
ആശുപത്രി
TOMS

## ബോബനും മോളിയും



കയറ് അയയ്ക്കാണോ?
അയയ്ക്കല്ല, ഇതെനിക്കാടോ!
അയ കെട്ടാനാണോന്നാ ചോദിച്ചെ
മീറ്റിങ്ങു തുടങ്ങി.
ഞാൻ എന്തുകൊണ്ട് വീണ്ടും പാർട്ടി മാറി?
നിങ്ങളുടെ നീറുന്ന പ്രശ്നങ്ങൾ എന്തുകൊണ്ട്?
ചൊറിയുന്നതുകൊണ്ടാ നീറുന്നത്! തന്റെ വിശദീകരണം കേൾക്കുമ്പം ചൊറിയും!
നിറുത്തെടാ!
ഇതു രാഷ്ട്രീയ പ്രേരിതമാണ്
ഈ വിശദീകരണ യോഗം ദിവസം രണ്ടെണ്ണം വീതം സംഘടിപ്പിച്ചാലോന്നാ.
ഞാൻ തയാറാ.
പ്രിയപ്പെട്ട നാട്ടുകാരേ... ഇന്നു മുതൽ ദിവസം രണ്ടു വിശദീകരണ യോഗം...
കൊട്ടയെന്തിനാണെന്നോ? അവധിക്കാലത്ത് ഒരു പണിയാകട്ടെന്നു കണ്ടു.
ചെരിപ്പ് സഹായ വിലയ്ക്ക്
പകുതി വില. ആർക്കും വാങ്ങാം.
ഇതിന്റെ മറ്റേ ജോഡി എവിടെ?
മറ്റേ ജോഡിയോ? ഇഷ്ടം പറയാം.
സാറിന്റെ അടുത്ത വിശദീകരണ യോഗം എന്നാ?

ബോബനും മോളിയും




മനസ്സിലായോ




ബോബനും മോളിയും




എങ്കിലും ആ പരവൻ നമ്മളെ തട്ടിച്ചല്ലോ ?
പോട്ടെ സാരമില്ല.
ചതിയല്ലെന്നു പറഞ്ഞപ്പം അവൻ പറഞ്ഞതു കേട്ടില്ലേ...?
പള്ളീ പ്പോയി പറയാൻ.
കൈ രേഖ
ഇയാടെ കാര്യമാ പറഞ്ഞെ, സന്യാസിയാ. കൈ നോക്കും, അച്ചട്ടാ.
ഹസ്ത രേഖ
എന്റെ കയ്യൊന്നു നോക്കണം.
കൈ നോക്കുന്നതിനു അൻപതു രൂപയാ.
രണ്ടു മിനിട്ടു നേരം കൈ നോക്കി. ഇനി പോകാം.
ഒന്നും പറഞ്ഞില്ലല്ലോ ?
കൈ നോക്കുന്നതിനാ അൻപതു രൂപാ. ഫലം പറയുന്നതിനു വേറെ അൻപതു രൂപാ തരണം.
അപ്പം തട്ടിപ്പുകാരനാ ?
തന്നോളം തട്ടിപ്പില്ല!
ഇത്തരം ചെറിയ കാര്യങ്ങൾക്കൊന്നും ഞങ്ങൾ പള്ളിയെ സമീപിക്കാറില്ല.
TOMS

## ബോബനും മോളിയും


വറീത് ആത്മഹത്യ ചെയ്യാൻ പോണു!
എന്തു കൃഷി യാരുന്നു? കാഫി യോ കുരുമുളകോ പാക്കോ?
ബ്ലേഡുകാര് വീട്ടും പറമ്പും ജപ്തി ചെയ്തു. നാളെ ലേലമാ!
ഇവനല്ലേ കഴിഞ്ഞ കൊല്ലം ആത്മഹത്യ ചെയ്തത്?
വരട്ടെ. കടം വീട്ടാനുള്ള പണം നാട്ടുകാരിൽ നിന്നും പിരിച്ചു തരാമോന്നു നോക്കട്ടെ.
എനിക്കൊരു അത്യാവശ്യ കാര്യമുണ്ട്.
ഞാനിന്നലെ പത്തു രൂപാ എന്റെ ഡ്രൈവറോടാ കടം മേടിച്ചത്.
ചാവുമ്പം കുഴിച്ചിടാനുള്ള കാശു തരാം.
മോള് അങ്ങയുടെ ആഫീസിലെ തൂപ്പുകാരിയാ.
ദൈവ വിധി!!
ദൈവേഷ്ടം നിറവേറുമെന്നു പൗലോസ് ഏഴാം അദ്ധ്യായം 14-ാം വാക്യത്തിൽ പറയുന്നുണ്ട്.
ചാകുമ്പം ഒരു കുർബ്ബാന ചൊല്ലിയേക്കാം.
ഞങ്ങളു പറയുന്ന പോലെ കുറെ കത്തെഴുതി താ. പണിയുണ്ടാക്കാം.
ചാകാൻ പോണനോ? പ്രെയിസ് ദി ലോർഡ്!



വർക്കി ആത്മഹത്യ ചെയ്യാൻ പോണു. കത്തെഴുതി വച്ചതിൽ അങ്കിളിന്റെ പേരുണ്ട്.
കടം വാങ്ങിയ പണത്തിനു വേണ്ടി ചാണ്ടിയുടെ ഗുണ്ടകള് എന്നെ ഭീഷണിപ്പെടുത്തിയതിൽ മനം നൊന്ത് ഞാൻ ആത്മഹത്യ ചെയ്യുന്നു.. എന്ന് വർക്കി.
അയാടെ കയ്യീന്നു വഴീൽ പോയതാ.
കത്തുകളുടെ കോപ്പി പത്രക്കാരെ ഏല്പിച്ചാലോ?
അതിന് ആളുപ്പ ശ്രീക്കോറണേൽ പാസ്സു വേണം.
അയാടെ മോളു ജൂഷ്പകാരിയെ നിങ്ങള് പീഡിപ്പിച്ചെന്നു. പോലീസിലേല്പിക്കാൻ എന്റെ കയ്യിൽ തന്നതാ.
ജീവപര്യന്തം തടവാ. എങ്ങനേം അവനെ പിൻതിരിപ്പിക്കണം.
ഇതു പുറത്തായാൽ ഞാനും ചാകും.
മന്ത്രി കുഞ്ഞാലിക്കുട്ടീടെ പേരു പറയുന്ന കത്ത് ഞാൻ കൊണ്ടു പോകാം.
ഇറങ്ങ് പരിഹാരമുണ്ടാക്കാം.
വർക്കിയല്ലേ ട്ടു!
കടോം വീട്ടി, വീടും പണിതു കാറും മേടിച്ചു!
TOMS


## അപ്പിഹിപ്പി




## ബോബനും മോളിയും




## പരിശോധന






ബോബനും മോളിയും
ആശുപത്രീൽ വേഗം എത്താനുള്ള വഴി ഏതാടാ കൊച്ചനേ?
ഇങ്ങനെ റോഡിന്റെ നടുക്ക നിന്നാ മതി. വേഗം ആശുപത്രീലെത്താം.
പീ പീ
ഡോക്ടറെ കാണാൻ ശീട്ട് വേണമെന്നോ? അപ്പം വല്യ ശീട്ടുകളിക്കാരനാ അല്ലേ?
എന്താ രോഗം?
ആദ്യം മുതലേ പറയണോ?
പറ. കേൾക്കട്ടെ.
സാററിയോ എന്റെ രണ്ടാമത്തെ മോള് കല്യാണിയെ കെട്ടിയ പ്രഭാകരനെ?
ഞാനറീല്ല.
ന്നാ വൈക്കത്തു ചെന്നു പ്രഭാകരനെന്നു പറഞ്ഞാ ആരുമറിയും.
തന്റെ രോഗം പറ.
അതാ സാറെ പറഞ്ഞു വരുന്നത്.
1972 ലാണോ എഴുപത്തിമൂന്നിലാണോ ന്നറീല്ല...
72 ലാ. അന്നാ എന്റെ മൂന്നാമത്തെ മോള് ശാരദ കുട്ടനെ പെറ്റത്.
എടോ തന്റെ രോഗം പറ.
അതാ സാറെ പറഞ്ഞു വരുന്നത്.
72 ൽ പ്രഭാകരൻ വൈക്കത്തു ചെന്നൊരു കള്ളുഷാപ്പു എടിച്ചു...
കള്ളിനു വന്നിട്ട നല്ല ചെലവ്!
അപ്പം പ്രഭാകരൻ ചെത്തു നിറുത്തി ഷാപ്പിലിരിക്കാൻ തുടങ്ങി..


നാശം!
എടോ തന്റെ രോഗമെന്താന്നു വച്ചാ പറഞ്ഞു തൊലയ്ക്ക്!
അതാ സാറെ പറഞ്ഞു വരുന്നത്.
ഞാൻ പറഞ്ഞു പ്രഭാകരാ ചെത്തു നിന്റെ കുലത്തൊഴിലാ. ചെത്തു നീ നിറുത്തരുത്.
അപ്പം അവൻ പറഞ്ഞു എന്നാ അച്ഛൻ ഷാപ്പിലിരി, ഞാൻ ചെത്താൻ പോം.
കല്യാണീടെ കെട്ട്യോനല്ലേ. എനിക്കു കേക്കാതിരിക്കാൻ പറ്റ്വോ സാറെ?
എടോ തന്റെ രോഗമൊന്നു പറ.
അതാ സാറെ പറഞ്ഞു വരുന്നത്.
അങ്ങനെ ഞാൻ ഷാപ്പിലിരുന്നു. പ്രഭാകരൻ ചെത്താനും പോയീന്നു കണ്ടോ.
ഒരു ദിവസം പ്രഭാകരൻ അര ഗ്ലാസു മധുരക്കള്ള് തന്നേച്ച് അച്ഛായൊന്നു കുടിച്ചു നോക്കെന്നു പറഞ്ഞു.
കുടിച്ചപ്പം നല്ല രുചി!
പിറ്റേന്നും ഒരു ഗ്ലാസു കുടിച്ചു
അങ്ങനെ കുടിച്ചു കുടിച്ചു ദിവസം അഞ്ചു കുപ്പി വരെ കുടിച്ചു.
ഇപ്പം വയറു വീർത്തു വരുന്നു.
കയറി കിടക്ക്.
തനിക്കു മഹോദരമാ. ഇനി 'ടാപ്പ്' ചെയ്യണം.
ശാരദേടെ മോൻ നല്ല ടാപ്പിങ്ങുകാരനാ. അവൻ മതിയോ സാറെ? നല്ലോണം വെട്ടും.
ഇനി കുഴി വെട്ടാം.
TOMI

# ബോബനും മോളിയും



ചേട്ടൻ കരിസ്മാറ്റിക്കിനു പോയേച്ചു വരുന്ന വഴിയാ.
പിതാവേ, ഇവർ ചെയ്യുന്നതെന്താണന്നിവരറിയുന്നില്ല.
ഡിസംബർ 25-നാ എന്റെ ജനനം. ഞാനും യേശുവും ഒരു ദിവസാ ഉണ്ടായത്.
അതാണല്ലോ കുരിശൊരെണ്ണം തോളത്തു കേറിയത്.
കടേൽച്ചെട്ട് 500 കൊടുക്കാതെ അരി തരുകേലന്ന്.
ആഴ്ചേൽ ഒരു ദിവസം പട്ടിണി കിടന്നാൽ രാജ്യത്തെ ഭക്ഷ്യപ്രശ്നം പരിഹരിക്കാമെന്നാ ഇന്ദിര പറഞ്ഞത്.
ആഴ്ചേൽ ഒരു ഗ്ലാസ് വെള്ളം കുടിച്ചാൽ വെള്ളപ്പൊക്കോം പരിഹരിക്കാം.
ചേട്ടനോട് 500 രൂപാ കടം ചോദിക്കാം.
നിന്റെ വീട്ടീന്നു പലഷം മേടിച്ചതു തിരിച്ചു തന്നിട്ടില്ല.
കർത്താവു പറഞ്ഞിട്ടുണ്ട് ഇന്നലയെ ഓർത്തു നീ ദുഃഖിക്കരുതെന്ന്.
നീ കൊടുക്കുന്നതു ഒന്നിനു നൂറിരട്ടിയായി ഞാൻ തിരികെത്തരുമെന്നും കർത്താവു അരുളിച്ചെയ്തിട്ടുണ്ട്.
കടം കൊടുക്കണമെന്നു വിശുദ്ധ പുസ്തകത്തിൽ എഴുതപ്പെട്ടിട്ടുണ്ട്.
വാഴിച്ചേ-
കൊടുത്ത പണം കിട്ടിയില്ലങ്കിലും നീ അവനു വീണ്ടും കൊടുക്കുക.
പ്രെയ്സ് ദി ലോർഡ്.


ഇതാ, ബൈബിള് ദിവസോം വായിക്കണം.
ഇടതു കൈ കൊടുക്കുന്നതു വലതു കൈ അറിയരുതെന്നാ. ചേടത്തി അറിയരുത്.
ഞാൻ ദിവസോം ബൈബിള് വായിക്കുന്നവളാ. എന്നിട്ടു ഞാൻ കണ്ടില്ലല്ലോ.
കാണാതെ വിശ്വസിക്കുന്നവർ ഭാഗ്യവാന്മാർ. എന്തുകൊണ്ടെന്നാൽ സ്വർഗരാജ്യം അവർക്കുള്ളതാകുന്നു.
എനിക്കു കാണണം.
ഇതു നീ എഴുതി വച്ചതല്ലേടീ
അതാണല്ലേ എഴുതപ്പെട്ടിരിക്കുന്നുന്നു പറഞ്ഞത്.
TOMS

ബോബനും മോളിയും



ഓരോരുത്തൻ കഴിക്കുന്ന ഭക്ഷണ രീതി സ്വഭാവം പ്രതീകരിക്കുമെന്നാ വാരികയിൽ പറയുന്നത്.
ഞാൻ സസ്യഭുക്കാ.
ഞാൻ രാവിലെ ബ്രഡ്ഡും ബട്ടറുമാ കഴിച്ചത്.
ഞാൻ രാവിലെ ബർഗ്ഗറും കേക്കും ജിലേബിയും കഴിച്ചു
ബോബനെന്താ കഴിച്ചെ?
ഞങ്ങളെന്നും പഴങ്കഞ്ഞിയാ കഴിക്കുന്നത്.
ഹ ഹ ഹ
ഞങ്ങടെ വീട്ടിൽ പഴങ്കഞ്ഞിയേ ഇല്ല.
തലേ ദിവസം കഞ്ഞി വയ്ക്കുന്നവന്റെ വീട്ടിലേ പഴങ്കഞ്ഞി കാണൂ!
TOMS

# ബോബനും മോളിയും



എന്റെ ഗ്രഹപ്പിഴ മാറി. ഒരു മാസത്തിനകം കല്യാണം നടക്കുമെന്ന്
എവിടെയോ ഒരുത്തിക്കു ഗ്രഹപ്പിഴ തുടങ്ങാൻ പോണു.
പത്രത്തിൽ പരസ്യം കൊടുത്താലോ?
എന്റെ സ്വഭാവോം ലക്ഷണവുമുള്ള പെണ്ണാവണം.
അതിനു കാഴ്ചബംഗ്ലാവിൽ ചെല്ലണം.
ഒരു പെണ്ണുണ്ട്. സിനിമാനടിയെപ്പോലാ ഇരിക്കുന്നത്.
നടി കാണുന്ന പോലല്ലല്ലോ ഇരിക്കുന്നെ.
സിനിമാനടീടെ ഇരുപ്പിനെന്താടാ പ്രത്യേകത?
ഇഷ്ടം തന്നെ പെണ്ണു കണ്ടേക്കാം. നിനക്കെത്ര വേണമെന്നാ?
പറയുന്നെങ്കിൽ അവടനുജത്തീം ഇരുന്നോട്ടെ.
എടാ സ്ത്രീധനം എത്ര വേണമെന്നാ ചോദിച്ചെ?
അഞ്ചു ലക്ഷമോ? അഞ്ചു ലക്ഷോം പെണ്ണിനേം കൂടി കിട്ടുകേല.
എന്നാ അഞ്ചു ലക്ഷം മതി. പെണ്ണിനെ വേണ്ട.
പോയേക്കാം. ടാക്സി കിട്ടി.
പെണ്ണു കണ്ടു. അതീവ സുന്ദരി. പക്ഷേ സ്ത്രീധനം ചില്ലി കിട്ടുകേല. അവർക്കൊന്നുമില്ല തരാൻ.
ഹിപ്പിച്ചന്റപ്പൻ സമ്മതിക്കുമോന്നാ?!
എനിക്കാ പെണ്ണിനെ തന്നെ മതി
സ്ത്രീധനമില്ലെങ്കിൽ വേണ്ടടാ മോനേ.
സബാഷ്!
ആ കല്യാണം വേണ്ടെന്നാ പറഞ്ഞത്!
അവളെ കെട്ടാൻ പറ്റുന്നില്ലെങ്കിൽ ഞാൻ ജീവിച്ചിരിക്കുകേല!
ഞാനൊരു പണി പറയാം. സിമ്പിൾ!


ഹിപ്പിച്ചന്റെ പേരിലുള്ള ഒരേക്കർ സ്ഥലം ബാങ്കിൽ വച്ച് രണ്ടു ലക്ഷം കടം വാങ്ങണം.
ആ തുക സ്ത്രീധനമായി പെണ്ണു കൊണ്ടെ തരുന്നു.
അന്നു തന്നെ ആ തുക തിരികെയടച്ച് ബാങ്കിന്റെ കടം വീട്ടുന്നു. ഏറിയാൽ അൻപതു രൂപാ പലിശ നഷ്ടം.
നല്ല സൂപ്പർ ഐഡിയാ!
BANK
പെണ്ണിന്റെ വീട്ടിലെത്താൻ കടത്തു കടക്കണം.
കടത്തല്ല കടലവൻ നീന്തിക്കടക്കും.
കല്യാണം ഉറപ്പിക്കാൻ വരുമ്പം ഈ തുക അപ്പൻകാണാതെ തരണം.
ഇന്ന് ഹിപ്പിച്ചന്റെ കല്യാണമുറപ്പിക്കൽ. ഉച്ചയ്ക്കു നൂറു പേർക്കാ സദ്യ.
ഇന്നെനിക്കു ജീവിതം തിരിച്ചു കിട്ടുന്ന ദിവസമാ.
ഛെടാ! നേരം സന്ധ്യയായിട്ടും പെൺകൂട്ടരെ കാണുന്നില്ലല്ലോ?
ആ കാറും ഇങ്ങോട്ടല്ല?!
ഞങ്ങളൊന്നു തിരക്കീട്ടു വരാം.
നിങ്ങളീ പറയുന്ന പെൺകുട്ടിയെ ഇതിനു മുൻപൊന്നു കെട്ടിച്ചതാ.
പറഞ്ഞ സ്ത്രീധനം കൊടുക്കാഞ്ഞ് ചെക്കൻ പെണ്ണിനെ വീട്ടിക്കൊണ്ടെ വിട്ടു.
ഇന്നലെ പണം കൊടുത്തു പെണ്ണു ചെക്കന്റെ കൂടെ പോയി
TOMS

# ബോബനും മോളിയും



ഉണ്ണീ നമ്മുടെ വടക്കേ പറമ്പിലെ മാങ്ങായെല്ലാം പറിച്ചു ചാക്കിനകത്താക്ക്. ആർക്കും ഒന്നും കൊടുക്കേണ്ട.
ശരി
ചാക്കോച്ചേട്ടാ. 100 മാങ്ങാ. എന്തു വില തരും.
എട്ടു രൂപാ.
ശരി. രൂപാ താ. എന്നിട്ടു ഞങ്ങടെ കൂടെ വാ.
ഞാനും കൂടെ വരികയാ.
അമ്മാവൻ പറയാതെ മാങ്ങാ തരികേല.
അമ്മാവൻ തന്നാ പറഞ്ഞത് മാങ്ങാ ചാക്കോച്ചിക്കു കൊടുത്തേക്കാൻ.
ചാക്കോയ്ക്കും പൂക്കോയ്ക്കുമൊന്നും മാങ്ങാ കൊടുക്കാൻ എന്നോടു പറഞ്ഞിട്ടില്ല.
അയ്യോടാ ഞങ്ങള് കള്ളം പറയുമോ?
അങ്ങനെയാണെങ്കിൽ അമ്മാവനോടു നേരിട്ടു പറയണം.
എങ്കിൽ അമ്മാവനെക്കൊണ്ടു തന്നെ നേരിട്ടു പറയിപ്പിക്കാം.
ഉണ്ണീ... മാങ്ങാ ചാക്കോടെ തലേലോട്ടു വെച്ചോളൂ..!
ഇപ്പം കേട്ടോ പറഞ്ഞത്. മാങ്ങാ ചാക്കോടെ തലേലോട്ടു വെച്ചോളാൻ. ചാക്കോ ഒരുങ്ങി നില്ക്കുന്നു!

# ബോബനും മോളിയും



നേരം വെളുത്തിട്ട് ഒരു പിടി കച്ചി പശുവിനു വലിച്ചു കൊടുത്തോ ?
നാളെ അതു കുറച്ചു ചാണകം വാരിയാൽ മതിയല്ലോ!
ആരാണ്ടിങ്ങോട്ടു വരുന്നുണ്ട്.
ചാണ്ടിക്കുഞ്ഞല്ലേ ഒത്തിരി നാളായല്ലോ കണ്ടിട്ട്!
ഒരാളിനെ തിരക്കി വന്നതാ. കണ്ടില്ല. ഇനി ഇവിടെ കിടന്നേച്ചു രാവിലെ പോകാമെന്നു വച്ചു.
സന്തോഷം!
അന്തി മയങ്ങുമ്പം ഓരോരുത്തനൊക്കെ കേറിക്കോളും. തിന്നാൻ, വെളുക്കുമ്പം സ്ഥലം വിടും. ഇതാ പതിവാ.
ഇതൊക്കെ മനുഷ്യനെ കൂടി പഠിക്കാനുണ്ടായിരിക്കുന്നതാ!!
ഛീ!
എന്തോരസംബന്ധമാടാ ഈ പറയുന്നത്? അസത്തേ!
നമ്മുടെ തൊഴുത്തിലെ കഥ പറഞ്ഞതാ.

## ബോബനും മോളിയും.


BUS
ആവൂ വിശക്കുന്നു! ഇനി ഊണു കഴിഞ്ഞിട്ട് അടുത്ത ബസിനു പോകാം.
ഊണിനു അരച്ചാർ ഉണ്ടോ?
റിബേറ്റുണ്ടോ?
ഹോട്ടൽ
ഒന്നുമില്ല.
ഊണ് 8 ണ. പതിവായി ചോറുണ്ണുന്നവർക്ക് 6 ണ. മനേജർ
ഊണ്
ഇതാ ആറണ
പറ്റില്ല 8 ണയും തരണം.
എന്നിട്ട് 6 ണ എന്നാണല്ലോ എഴുതി വച്ചിരിക്കുന്നത്?
കണ്ണു തുറന്നു വേണം നോക്കാൻ
നോക്കണം. പതിവായി ചോറുണ്ണുന്നവർക്കാ ആറണ
ഊണ് 8 ണ പതിവായി ചോറുണ്ണുന്ന വർക്ക 6 ണ മാനേജർ
ഞങ്ങളും പതിവായി ചോറു തന്നെയാ ഉണ്ണുന്നത്. റൊട്ടിയല്ല.

# ബോബനും മോളിയും



# ബോബനും മോളിയും



രണ്ടു പേരും പോയി തലമുടി വെട്ടിച്ചേച്ചു വരണം. രണ്ടു രൂപയുണ്ട്.
ഒന്നു വച്ചാൽ രണ്ടു കിട്ടും!! ആർക്കും വയ്ക്കാം!
കണ്ടോ! ഞാൻ പറഞ്ഞില്ലേ. ഡൈമനിൽ വയ്ക്കാൻ!
ആർക്കും വയ്ക്കാം. ഒന്നു വച്ചാൽ രണ്ടു കിട്ടും!
വീട്ടിൽ ചെല്ലുമ്പം "രണ്ടു കിട്ടും"
?
HOP
ബാർബർ
നീളം കുറയ്ക്കണോ?
അവടെ നാക്കിന്റെ നീളം ഒന്നു കുറച്ചാൽ വേണ്ടില്ല.
അനിയന്റെ തലമുടി കൂടി വെട്ടണം.
ഇരുന്നാട്ടെ!
നിന്റെ ജ്യേഷ്ഠനെവിടെ?
അവരെന്റെ ആങ്ങളല്ല അനിയൻ എന്നുള്ളതെന്റെ പേരാ.
ഫ്രീയായിട്ടു തലമുടി വെട്ടിച്ചു തരാമെന്ന് പറഞ്ഞ് വഴീന്നു അവരെന്നെ വിളിച്ചോണ്ടു വന്നതാ.

# ബോബനും മോളിയും




ഈ പഴയ ആധാരങ്ങളെല്ലാം അലമാരിയിലിരുന്ന് ചിതല് തിന്നല്ലോ?!
അമ്പടീ പെണ്ണിന്റെയൊരു കിടപ്പു കണ്ടില്ലേ?! ആരാ എലിസബെത്ത് മഹാറാണിയോ?
ഈ വീട്ടിലെ മഹാറാണി
എടീ പെമ്പിള്ളേരെ തള്ളമാർക്കു കൂടി പ്രയോജനം വേണം. ഇവിടുത്തെ മുറ്റോം പറമ്പുറോം കിടക്കുന്ന കിടപ്പു കണ്ടോ?
ചൂലിതാ. ചപ്പാകട്ടെ ചവറാകട്ടെ ഒന്നും മുറ്റത്തു കാണരുത്.
ഒരു കരടുപോലും കളയാതെ വാരിയെടുത്തോണം.
അമ്മച്ചീ ഈ ചപ്പുചവറെല്ലാം എന്തു ചെയ്യണം?
തീ കത്തിച്ചേര്.
ആരാടീ വെയിലത്തു വച്ചിരുന്ന ആധാരം കത്തിച്ചത്? ഈ വീട്ടിൽ കയറിപ്പോകരുത്.
ഇറങ്ങെടീ.
എന്ത്? ഒറ്റ ആധാരം പോലും അവശേഷിച്ചിട്ടില്ലന്നോ?
ഒരാധാരം മാത്രം ശേഷിച്ചിട്ടുണ്ട്.
അതെന്തവാ?
ഇതു തന്നെ വഴിയാധാരം

## ബോബനും മോളിയും



നമ്മുടെ പാരിഷ് ഡേ പ്രമാണിച്ചുള്ള ഫാൻസി ഡ്രസ് കോമ്പറ്റീഷനിൽ ഞങ്ങൾ പങ്കെടുക്കാൻ പോകുകയാ.
കുട്ടികൾക്കും മുതിർന്നവർക്കും പങ്കെടുക്കാം.
ഞാൻ ചട്ടമ്പിവേഷമാ.
എങ്ങനുണ്ടെടീ എന്റെ വേഷം?
നിനക്കെന്താ നാണമുണ്ടോടാ എടീ പോടീന്ന് വിളിക്കാൻ?
ഒന്നു നോക്കി ചില ഷോപ്പർ വല്ലതും കിട്ടിയേനെ.
അമ്മച്ചീ കഞ്ഞി കുടിയ്ക്കാൻ വല്ലതും തരണേ... അമ്മേ.....
പോസ്റ്റാഫീസിലൊന്നു കേറണം.
ഇന്താ
POST OFFIC
ഈ പണി വല്യമോശമില്ല കേട്ടോ.
വഴിക്കിങ്ങനെ വല്ലതും കിട്ടുന്നതും കളയേണ്ട. ഐസ്ക്രീം മേടിക്കാം.
ഈ വീട്ടിലൊന്നു കയറാം. ചില ഷോപ്പർ വല്ലതും കിട്ടിയെന്നിരിക്കും.
അമ്മച്ചീ ധർമ്മം തരണേ...
ന്റമ്മച്ചിയേ...
ഹെന്റമ്മോ! എന്റെ നടുവു കഞ്ഞിവെള്ളമായല്ലോടാ!
എന്തോ
?
എടാ ഞാനും ഫാൻസിഡ്രസിനു പോകുന്ന വഴിയാ.

# ബോബനും മോളിയും



തൃപ്തികരമല്ലെങ്കിൽ പണം തിരികെ കൊടുക്കപ്പെടും.
നിറം മാറാത്ത ഭംഗിയേറിയ ഒന്നാം തരം പിന്നുകൾ. ബട്ടണുകൾ 4 അണ മാത്രം.
തൃപ്തികരമല്ലെങ്കിൽ പണം തിരികെ കൊടുക്കപ്പെടും.
തൃപ്തികരമല്ലെങ്കിൽ പണം തിരികെ കൊടുക്കപ്പെടും.
ഞാനും വാങ്ങാം.
ഹേ ഹേ
തൃപ്തികരമല്ലെങ്കിൽ പണം തിരികെ കൊടുക്കപ്പെടും.
എന്റെ പണം തിരികെത്തരണം. മേടിച്ചുകൊണ്ടുപോയ സാധനം അരനാഴികക്കകം കറുത്തു
വിറ്റുപോയ സാധനം ആരെങ്കിലും തിരിച്ചെടുത്തതായി കേട്ടിട്ടുണ്ടോ ചേട്ടാ
പിന്നെന്തിനാ എഴുതി വച്ചിരിക്കുന്നത്?
തൃപ്തികരമല്ലെങ്കിൽ പണം തിരികെ കൊടുക്കപ്പെടും.
ഒന്നുകൂടി വായിച്ചേ.
തൃപ്തികരമല്ലെങ്കിൽ പണം. തി-രി-കെ-കൊ-ടു-ക്ക-പ്പെ-ടും.
തൃപ്തികരമല്ലെങ്കിൽ പണം തിരികെ കൊടുക്കപ്പെടും.
ചേട്ടന്റെ പണം ഞങ്ങൾക്ക് വളരെ തൃപ്തികരമായിരുന്നു
തൃപ്തികരമല്ലെങ്കിൽ പണം തിരികെ കൊടുക്കപ്പെടും.

# ബോബനും മോളിയും



കണ്ടോ. പന്ത് മതിലേൽ കൊണ്ടേച്ച് തിരിച്ചുവരുന്നത്.
സബാഷ്! സബാഷ്!
പന്തെറിഞ്ഞാൽ മതിലേലോ, മരത്തേലോ കൊള്ളാതെ എറിഞ്ഞിട്ടു തിരികെ വരണം.
മതിലേലോ, മരത്തേലോ കൊള്ളാതെ തിരിച്ചുവരുത്താൻ ആരു വിചാരിച്ചാലും സാധിക്കുകേല.
എന്നാൽ ഞങ്ങക്കു കാണിക്കാം.
ഹി. ഹി ഹി
എന്റെ ചെറുക്കാ, ഇതൊന്നും ഇവിടെ ചിലവാകുന്ന ചരക്കല്ല
ശരി. പന്തയം വക്കാം
അങ്ങനെ തന്നെ.
ഇതാ, ഇവിടെ
കണ്ടോ ഒന്നം.
ഇതാ എറിയാൻ പോണു- റെഡി- വൺ-
ഇതാ

# ബോബനും മോളിയും


ചേട്ടനെങ്ങോട്ടാ.
പെരക്കരം കെട്ടാൻ പഞ്ചായത്താപ്പീസു വരെ
പെരേടെ നമ്പരുംകൊണ്ടു വന്നിട്ടുണ്ടോ.
ഇല്ല.
എങ്കിൽ വേഗം നമ്പരുംകൊണ്ടുവരൂ.
പഞ്ചായത്ത്
മോളി- ഞങ്ങടെ പെരേടെ നമ്പരവിടെ കുറിച്ചിട്ടുണ്ട്. അതു വേഗം ഇങ്ങു കൊണ്ടുവന്നേ
സൂത്രം- ഞങ്ങളെ ഒന്നു സഹായിക്കണം.. വരൂ.
പഞ്ചായത്ത്
പിള്ളേരു പോയിട്ടിതു വരെ കാണുന്നില്ലല്ലോ.
ഓ!
കൊണ്ടുവ — ന്ന
ഈ തൂണേലാ പെരേടെ നമ്പര്



നോക്കാം
ആവാം
തന്റെ ഒരു വൃക്ക ദാനം ചെയ്യണം.


ഒരു വിശേഷം എന്നെ രാജൻ കെട്ടാൻ പോകുവാ!
എന്താടീ പറഞ്ഞെ?
എന്നെ രാജൻ കെട്ടാൻ പോകുവാണെന്ന്.
കർത്താവേ!!
നിങ്ങളു കേട്ടോ പറഞ്ഞത്?
അവളെ രാജൻ കെട്ടാൻ പോണെന്നു?!
കലികാലമാ! കർത്താവേ! നീയിതു കേട്ടോ?
കർത്താവു കേട്ടാലും മറ്റാരും കേൾക്കാതിരിക്കട്ടെ.
കാണുന്നവരോടൊക്കെ പറഞ്ഞോണ്ടു നടക്കുന്നു.
അവളെ രാജൻ കെട്ടാൻ പോണെന്ന്.
ഞാൻ പറഞ്ഞതാ ഇവിടെ ടീ.വീ.മേടിക്കേണ്ടാന്ന്.
നീ കിടന്നു തുള്ളീട്ടല്ലേടീ മേടിച്ചത്?
ഏതായാലും നീ ആരുടെ കൂടേം ഇറങ്ങിപ്പോയില്ലല്ലോ?
എന്നതാടീ പറഞ്ഞത്?
N.A.രാജൻ കല്യാണം കഴിക്കാൻ പോണെന്ന്. ഞങ്ങടെ ടീച്ചറ്!
TOMS

# ബോബനും മോളിയും




# ബോബനും മോളിയും




## ബോബനും മോളിയും



# ബോബനും മോളിയും




## ബോബനും മോളിയും



# ബോബനും മോളിയും


പണ്ടത്തെ കള്ളൻ വരുന്നുണ്ട് സർവ്വാംഗരോഗി
പഴേ വാതത്തിന്റെ ഉപദ്രവം വീണ്ടും തുടങ്ങി
പഴേ ഉപദ്രവം വീണ്ടും!
മേലെല്ലാം ഒരു കിടുകിടുപ്പ് ഹു.. ഹു.. ഹു..
പുറമൊക്കെ ഒന്നു ചൊറിഞ്ഞേടീ
ഒന്നു തിരുമ്മിക്കേടാ എന്റെ കാല് തരുതരുക്കുന്നു
"കാലാ"
മര്യാദയ്ക്ക് വീട്ടീന്നിറങ്ങിക്കോ അതാ നല്ലത്
ഇറങ്ങെടാ
ഉം. ഇറങ്ങാനാ പറഞ്ഞത്
നിങ്ങളിതുവരെ കേട്ടത് "കൊടുങ്കാറ്റ്" എന്ന സാമൂഹ്യനാടകം പങ്കെടുത്തവർ

## ബോബനും മോളിയും




പപ്പാ, അതാ അങ്ങോരൊരുത്തൻ ബോധം കെട്ടു കിടക്കുന്നു!
പാവം!
നമ്മുടെ മാടത്തേലോട്ടു കിടത്തി അല്പം വെള്ളം കൊടുക്കാം.
ഏതായാലും ബോധം തെളിഞ്ഞു!!
നേരം ഇരുട്ടി. പോണില്ലേ?!
അതുകൂടി കിടപ്പു കാണും മാത്രവാ
ഞാൻ കുടിച്ചേച്ചാ കിടക്കുന്നത്.
തേങ്ങാ പറിക്കുന്നതു ഞാനാ.
വിളിച്ചോണ്ടുവാടാ പോലീസിനെ!
വേണ്ട ഇതു ഞങ്ങൾക്കു കൈകാര്യം ചെയ്യാമേ
ആണി തറച്ച പലക ഇവിടെ വയ്ക്കാം.
അല്പമൊന്നു വിശ്രമിച്ചു കളയാം.
ഓടിവായോ.. എന്നെ ഒന്ന് എടുത്തു മാറ്റണേ..
വേണ്ട. കിടക്കുന്നിടത്തുന്നു മാറ്റാൻ പാടില്ലെന്നാ നിയമം.

# ബോബനും മോളിയും




## ബോബനും മോളിയും



ചേട്ടാ, നമ്മുടെ കാഴ്ചബംഗ്ലാവു കൂടി ഒന്നു കണ്ടേച്ചു പോകാം.
അങ്ങനെ തന്നെ.
ആവൂ! ഇവനിപ്പം പുറത്തെങ്ങാൻ ചാടിയാൽ എന്തായിരിക്കും സംഭവിക്കുക?!
പിന്നെ ഞങ്ങള് തനിയെ വീട്ടിൽ പോകേണ്ടി വരും.
മൃഗങ്ങളെ തൊടരുത്.
കാലേലാണോടാ ചവിട്ടുന്നത്
ക്ഷമിക്കണം. മൃഗങ്ങളെ തൊടരുതെന്നാണല്ലോ നിയമം!
എന്നെ കണ്ടിട്ടും ചിരിക്കുന്നോടാ!
അടുത്തു ചെല്ലരുത്
ഞാനിതിനു കടല കൊടുക്കുന്നതു കാണണോ?
എടാ, വസ്ത്രാക്ഷേപം!! ?!!
ഇതു ഊരാനും കുറെ പാടാ.

# ബോബനും മോളിയും




## ബോബനും മോളിയും




ഞാൻ ഡ്രൈവിങ്ങ് പഠിക്കുവാരുന്നു.
ഹിപ്പിച്ചന്റെ ആശാനെന്തിയേ?
ആശാൻ രണ്ടു കിലോമീറ്റർ പുറകിൽ ചാടി ഓടിക്കളഞ്ഞു.
ഒറ്റ ദിവസം കൊണ്ടു ഞാൻ പഠിപ്പിക്കാം. ലൈസൻസും എടുത്തു തരാം.
വെഹിക്കിളുകാരൊക്കെ എനിക്കറിയാവുന്നവരാ.
ഓടിച്ചു കാണിച്ചേ.
ഓടിക്കാനറീല്ല.
TESTINS
ഓടിക്കാനറീല്ലന്നോ?
അപ്പം മൂന്നു പേർക്കും അറീല്ലേ?
ആരാ ആശാൻ?
ഞാനാ.
താനൊന്നോടിച്ചേ!
എനിക്കും അറീല്ല.
എന്താടാ ഡ്രൈവറുടെ സീറ്റിൽ കേറി ഇരിക്കുന്നത്?
ഞങ്ങക്കു ഡ്രൈവിങ്ങ് ലൈസൻസു കിട്ടി. ഇനി ഡ്രൈവിങ്ങൊന്നു നോക്കി പഠിക്കാനാ.

## ബോബനും മോളിയും



എങ്ങനെ ഇരുന്നെടീ?
വിട്ടൂ!!
ചോറുതിരുമ്പ് അവസാനനില എങ്ങനെ?
നമ്മുടെ പൂച്ചയാ അന്നുമുകളില്
അതേ - ഞങ്ങടെ പൂച്ച മരത്തിന്റെ മുകളില്

## ബോബനും മോളിയും



# ബോബനും മോളിയും




റേഷൻ പഞ്ചസാരമേടിച്ചോണ്ടു വരണം.
ഞാനക്കാര്യത്തിനെടേലാ. ചേനക്കാര്യം: പാത്രം താ.
കണ്ടേടത്തൊക്കെ നിരങ്ങേരുത്. പഞ്ചസാരമേടിച്ചാൽ നേരേ വീട്ടിൽ വരണം.
കണ്ട പീടികത്തിണ്ണേലെങ്ങും കേറി വായിനോക്കി നിന്നേക്കരുത്.
റേഷൻ കട
ഒരു മഴ വരുന്നുണ്ട്.
ഞാൻ നേരെ വീട്ടിൽ ചെന്നേ നില്ക്കൂ.
നല്ല രസികൻ പഞ്ചസാരയാ. തലേലിരുന്നിട്ട് മധുരം വായിൽ വരുന്നു!
?!
ഞങ്ങള് നേരേ ഇങ്ങു പോന്നു.
ടോംസ്

# ബോബനും മോളിയും




ഇവിടേം വ്യാജഡോക്ടറാണോ?
ഭ്രാന്താശുപത്രി
ശങ്കരിക്കു പൊന്നുംകൊണ്ടു പല്ലു വച്ചതു ഈ ഡോക്ടറാ.
ഞങ്ങടെ പല്ലുകൂടി പൊന്നാക്കിത്തരാമോ?
ചെവി പൊന്നാക്കിത്തരാം.
ഇവിടുന്ന് അര ഫർലോങ്ങേയുള്ളൂ. ഇവിടുന്നു മൂന്നാമത്തെ കെട്ടിടം. അവിടെ എഴുതിവച്ചിട്ടുണ്ട്.
ന്താശുപത്രി
ഇതു തന്നെ.
വരണം വരണം
അങ്ങോട്ടു കയറിക്കോ. ഞാൻ ടാക്സിക്കാരനെ ഒന്നു പറഞ്ഞേച്ചു വരട്ടെ.
അവിടിരി. പല്ലിന്നു തന്നെ എടുത്തേക്കാം.
നീയെന്റെ പല്ലെടുക്കും!! അല്ലേടാ?!
നീ അത്രക്കായോടാ?
എന്റമ്മോ!
ഇവനെ ഇവിടാണോടോ കൊണ്ടു വരുന്നതു?!!
നിങ്ങളെന്തോന്നു പടിവാതുക്കൽ എഴുതിവച്ചിരിക്കുന്നതു?
ഭ്രാന്താശുപത്രി

# ബോബനും മോളിയും




അതാ, ബോബൻെറ പുറത്തൊരു ഈച്ച വന്നിരിക്കുന്നു.
ഞാനവനെ ശരിപ്പെടുത്തി, നോക്കാം.
ഞാനെന്തു പിഴച്ചു? ഞാൻ ഈച്ചക്കിട്ടല്ലേ അടിച്ചതു-
ഇന്നലത്തെ ഈച്ച ഇന്നും വന്നിട്ടുണ്ട്- മൊട്ടേടെ പുറത്തിരിക്കുന്നു-
നമുക്കവനെ ചാക്കിട്ടുപിടിക്കണം.
COAL

## ബോബനും മോളിയും


അമ്മച്ചീ.. വെള്ളപ്പൊക്കം കാരണം ഞങ്ങളുടെ പള്ളിക്കൂടം അടച്ചു.
ഈ ചീനച്ചട്ടീം കൊണ്ടെങ്ങോട്ടാടീ ?
അല്പം ദുരിതാശ്വാസ നടപടി നടത്താൻ
ചേട്ടൻ കുത്തിയിരുന്നെന്തോന്നാ കാണിക്കുന്നത് ?
ഞാനെന്റെ പശുനെ ഒന്നു കറക്കുകയാ.
ചട്ടിയ്ക്കകത്തു തീയും കാഞ്ഞിരുന്നാൽ മതിയോ? വരണം. നമുക്കൊന്നു ചുറ്റിയടിച്ചു വരാം.
ഏൽസി, വരണം. ഇന്നു പഞ്ചായത്താപ്പീസിനു കല്ലിടാൻ മന്ത്രി വരുന്നു. വരൂ.
ഏതു പ്രതികൂല സാഹചര്യത്തിലും വന്നു ചടങ്ങു നിർവ്വഹിച്ചുതരാമെന്നാ മന്ത്രി ഏറ്റിരിക്കുന്നത്.
WELCOME
മന്ത്രി വന്നില്ലേ ഇതുവരെ?
മന്ത്രി വന്നു. മന്ത്രി പഞ്ചായത്താപ്പീസിനു കല്ലിടാനായിട്ടു മുങ്ങിയിരിക്കുകയാ
TOMS

## ബോബനും മോളിയും




പാലം അപകടത്തിൽ
നാലാം പദ്ധതിയിൽ ഉൾപ്പെടുത്തി ഈ ബോർഡെങ്കിലും ഒന്നു പുതുക്കിയാൽ വേണ്ടില്ലായിരുന്നു.
കുറുപ്പു ചേട്ടൻ സാധാരണ ഇതിലേ സഞ്ചരിയ്ക്കാറുള്ളതല്ലേ. ഒരു പോളിസി എടുത്തോളൂ. അധികം അടയ്ക്കേണ്ടി വരില്ല.
?
NO VEHICLE. PROCEED WITH CARE
L.I.C.
പാലം പണിയാൻ മന്ത്രിക്കൊരു നിവേദനം കൊടുക്കാം
പാലം പണിയേക്കാൾ പാലം വലിയിലാണവരൊക്കെ വിദഗ്ധർ
കഷ്ടം!! ഇനി മുഴുവൻ മൈലോളം തിരികെ പോകേണ്ടിയിരിയ്ക്കുന്നു. നാശമായി!
?!!
എനിയ്ക്കൊരു ഐഡിയാ
കുറച്ചു നാളായി കണ്ണിനു നല്ല കാഴ്ചയില്ല
ഇക്കാലത്ത് കണ്ണിനു കാഴ്ചയില്ലാണ്ടാവുന്നത് ഒരനുഗ്രഹമാ. പലതും കാണാണ്ടു കഴിയ്ക്കാം
കഷ്ടമായി!! നിയമമില്ലാത്ത സ്ഥിതിയ്ക്ക് എങ്ങനെയാ യാത്ര ചെയ്യുക?
സാറെ രണ്ടുരൂപാ തരാമോ നിയമമുണ്ടാക്കാം
NO VEHICLE. PROCEED WITH CAR
ടോംസ്


## ബോബനും മോളിയും



ഇന്നു പള്ളിക്കൂടമില്ല. പിള്ളേരു രാവിലെ മുതല്ക്കു തുടങ്ങിയിരിക്കുവാ.
അടുക്കളശല്യം ഒന്നിങ്ങോട്ടു വിളിച്ചേ!
പള്ളിക്കൂടമില്ലെങ്കിൽ അടുക്കളയിൽ എന്തെങ്കിലും കാലമാകുന്നതു വരെ ഇരുന്നു കളിച്ചോണം.
ആവൂ!! ചെവിതല കേൾപ്പിക്കുകേലല്ലോടാ!!
ഇവിടെ വാടാ. നിനക്കൊക്കെ വായിക്കാനും പഠിക്കാനും ഒന്നും ഇല്ലാഞ്ഞിട്ടാ.
ഏതു പാഠമാടീ നിങ്ങളെ ഇപ്പം പഠിപ്പിക്കുന്നത്?
പാഠം പതിമൂന്ന്
ശരി. ഞാൻ ആപ്പീസീന്നു വരുമ്പം പാഠം പതിമൂന്നു മുഴുവൻ പകർത്തി എഴുതി വെച്ചേക്കണം. അല്ലെങ്കിലാ ഇന്നടി കിട്ടുന്നത്.
അതൊരു ചെയ്ത്താരുന്നു, കടവുളേ! ശത്രുക്കൾക്കു പോലും ഇതു വരുത്തരുതേ!!
മോളീ പകർത്തി എഴുതിയില്ലെങ്കി ലിന്നപ്പീടെ പെരുന്നാളാരിക്കും. ഞാൻ തടസ്സം പിടിക്കാനൊന്നും വരില്ല.
അക്കാര്യത്തിനമ്മച്ചീടെ വക്കാലത്തൊന്നും വേണ്ട.
മോളീ, പാഠം പകർത്തി എഴുതിയോ?
അതിനു വകുപ്പില്ല.
വകുപ്പോ!?
നിയമ തടസ്സമോ?
അതങ്ങനാ അതിനു സ്വല്പം നിയമ തടസ്സമുണ്ട്.
എടീ, പകർത്തി എഴുതാഞ്ഞതെന്താണെന്ന്?
പകർത്തി എഴുതാനായിട്ടു ഞങ്ങളു പുസ്തകം നിവർത്തതാ. അപ്പം തേണ്ടെ കിടക്കുന്നു പകർപ്പവകാശം ഗ്രന്ഥകർത്താവിനാണെന്ന്!
TOMS



ബോബനും മോളിയും
എന്തു പറ്റിയോ? പിള്ളേരിന്നു കരഞ്ഞു നിലവിളിച്ചാ പള്ളിക്കൂടത്തീന്നു വരുന്നത്
പട്ടി മോങ്ങുന്നതു പോലെ മോങ്ങാതെ എന്തു പറ്റിയെന്നു പറ.
"ബി" ഡിവിഷനിലെ സാറിനു പനിയാ. ക്ലാസ്സിൽ വരുന്നില്ല.
എൻറമ്മച്ചീ ഞങ്ങളെങ്ങനെ സഹിക്കും.
എങ്കിലും നമ്മുടെ പിള്ളേർക്കു പഠിക്കാനുള്ള ഉത്സാഹം കണ്ടില്ലേ. സാറു ക്ലാസിൽ വരാഞ്ഞതിനാ ഈ കരച്ചിലെല്ലാം.
എടീ അതു പിള്ളേരെൻറയല്ലേ. എങ്ങനെയാ പിന്നെ പഠിക്കാനുത്സാഹം കാണാതിരിക്കുന്നത്?
അതേ പോലും എൻറപ്പൻറെ ഗുണമാ. അപ്പനു ചെറുപ്പത്തിൽ പഠിത്തമെന്നു വച്ചാൽ ജീവനായിരുന്നു.
പക്ഷേ നമ്മുടെ പിള്ളേരു 'എ' ഡിവിഷനിലാണല്ലോ പഠിക്കുന്നത്?!
ശരിയാണല്ലോ!
എടാ "ബി" ഡിവിഷനിലെ സാറിനു പനി വന്നതിനു "എ" ഡിവിഷനിൽ പഠിക്കുന്ന നിങ്ങളെന്തിനാ കരയുന്നത്?
ഞങ്ങടെ സാറിനിതു വരെ പനി വരുന്നില്ല.
TOMS

# ബോബനും മോളിയും



പള്ളിക്കൂടത്തിൽ പോയ പിള്ളാരെ ഇത്ര വരെ കണ്ടില്ല.
ഇത്തിരി കഴിഞ്ഞു വന്നാൽ മതിയെടീ. അത്രേം ധൈര്യമുണ്ടല്ലോ!
പൊടിയിട്ട് മയക്കുകല്ല കാലമാ.
വടിയെടുത്തിട്ടു മയങ്ങുന്നില്ല പിന്നാ പൊടി.
ഇനിയെങ്ങും അന്വേഷിക്കാനില്ല. എവിടെ തെരയാൻ പോയടീ?
തെരയാൻ പോയത് അമ്മച്ചിയല്ലേ?
ഞങ്ങളിങ്ങോട്ടു പോന്ന വഴി ഒരു കൊച്ചു കുളത്തിൽ വീണു.
അല്ലെങ്കിലും അക്കാര്യത്തിലൊക്കെ അവൻ മിടുക്കനാ. മററുള്ളവർക്കു വേണ്ടി എന്തു സാഹസ്സവും ചെയ്യും.
അല്ലെങ്കിലും അവനീ അപ്പൻെറ മകൻ തന്നെയാടീ. പണ്ടു മനയ്ക്കലെ കുഞ്ഞു കിണററിൽ പോയപ്പോൾ കൂടെ ചാടിയവനാ ഞാൻ.
പത്രത്തിൽ കൊടുക്കണം. പ്രസിഡന്റിൻെറ ജീവൻ രക്ഷാ അവാർഡു വല്ലതും കിട്ടിയേക്കും.
എന്നിട്ടു ബാക്കി പറഞ്ഞില്ലല്ലോ!
ഒരു "കൊച്ചു" കുളമായിരുന്നതു കൊണ്ട് ഞങ്ങളു കഷ്ടിച്ചു രക്ഷപ്പെട്ടു.
TOMS

# ബോബനും മോളിയും


എത്ര ദിവസമായി ഞാൻ പറയുന്നു ഒരു പൂച്ചയെ വേണമെന്ന് കണ്ടില്ലേ എലി കേറി വിലസുന്നത്.
എന്റെ ചട്ടി മുഴുവൻ എലി കരണ്ടു. പൂച്ചയെ കൊണ്ടു വരാതെ ഇന്ന് ഞാൻ പച്ചവെള്ളം ഈ വീട്ടീന്ന് തരികേല.
ചാക്കിങ്ങെടുത്തേ. ഒരു പൂച്ചയെ മേടിച്ചിട്ടു തന്നെ കാര്യം.
ആർക്കെങ്കിലും ഒരു പൂച്ചയെ വില്ക്കാനുണ്ടോ?
പൂച്ചയെ വില്ക്കാനുണ്ടോ പൂച്ച ??
ഉഷായി ചേട്ടാ.. പൂച്ച ഒന്നിന് ഒരു രൂപാ വച്ചു തരാമെങ്കിൽ പൂച്ചയെ വീട്ടിൽ കൊണ്ടു തരാം.
അങ്ങനെ തന്നെ.
GOLD FISH

## ബോബനും മോളിയും




മോളീ ഞാൻ സ്വന്തമായി ഒരു കവിത എഴുതിയിട്ടുണ്ട്. കേട്ടോളൂ...
ധവളമണി കുസുമ കരളേ.. മൽപ്രിയേ..
മമ ചിന്താർമണിയേ... വെൺ താമരയേ..
അമൃതക്കൊടിയേ... നറുതേൻ മലരേ... ചന്ദ്രിക വിതറും പൂന്തേൻ മലരേ!!
ചേട്ടനീ ചൊല്ലിയ ഓരോ വാക്കും ഞങ്ങടെ വീട്ടിലിരിക്കുന്ന ഒരു പുസ്തകത്തിലുണ്ട്.
പത്തു രൂപാ തരാം, ഞാനീ എഴുതിയത് ഏതെങ്കിലും പുസ്തകത്തിൽ കാണിച്ചു തരാമെങ്കിൽ -
ശരി വരണം.

# ബോബനും മോളിയും



എൻ.സി.സി. പരേഡിന്റെ വരുന്നില്ലേ? ഇന്നും കാപ്പിയുണ്ട്.
ഇന്നലത്തെ വടയ്ക്കകത്തെ കല്ലായിരുന്നു
ലെഫ്റ്റ്.. റൈറ്റ്.. ലെഫ്റ്റ്.
കല്ലും മണ്ണും
മാതൃഭൂമിയെ സേവിക്കുക എന്നതാണ് നമ്മുടെ മുഖ്യമായ കർത്തവ്യം.
ഇവിടുന്ന് കിട്ടുന്ന വട തിന്നുന്നവനൊക്കെ മാതൃഭൂമിയെയാണ് സേവിക്കുന്നത്.
ലെഫ്റ്റ് റൈറ്റ് ലെഫ്റ്റ്
ലെഫ്റ്റ്.. റൈറ്റ്.. ലെഫ്റ്റ്.. റൈറ്റ്... ലെഫ്റ്റ്......
ലെഫ്റ്റ് റൈറ്റ്.....
ഇനി ഒരടി മുന്നോട്ടു വയ്ക്കണമെങ്കിൽ കാപ്പി കുടിക്കണം.
ശരി. കാപ്പി കുടിച്ചിട്ടേ ഇനി മുന്നോട്ടു നടക്കുന്നുള്ളവർ നാലടി മുന്നോട്ടു മാറി നില്ക്കട്ടെ.
മോളി, നീ തന്നെയാണ് യഥാർത്ഥ രാജ്യസ്നേഹി! മിടുക്കി!! മറ്റുള്ള കോന്തന്മാരൊക്കെ നിന്നെക്കണ്ടൊന്നു പഠിക്കട്ടെ.
ഇവിടുന്നിനി ഒരടിയെങ്കിലും മുന്നോട്ടു വയ്ക്കണമെങ്കിൽ കാപ്പി കിട്ടണം.
TOMS

## ബോബനും മോളിയും




നീ ചെമ്പു കലം വാങ്ങാൻ പോണില്ലേ?
ഒരുങ്ങട്ടെ!
കണ്ണെഴുതിയിട്ടു മോടിയായോടീ?
മോടിയാകണമെങ്കിൽ "മോഡി" തന്നെ വരണം.
ചെമ്പുകലം നിങ്ങള് തന്നെ പോയി വാങ്ങിയിട്ടു വാ.
കിഴുത്തയുണ്ടോന്നു നോക്കിയേ വാങ്ങാവൂ.
കിലോയ്ക്കു 18 രൂപയാണു വില.
കിഴുത്തയുണ്ടോന്നു അങ്ങനെ നോക്കിയാൽ കാണത്തില്ല. അകത്തു കൂടി നോക്കണം.
ഒന്നും സംശയിക്കേണ്ട.
ഒന്നു കൂടി നല്ലവണ്ണം നോക്കിക്കോട്ടെ.
കർത്താവേ തലയൂരാൻ മേല.
കിലോയ്ക്കു 18 രൂപ ചെമ്പിനാ. പണിക്കൂലി 10 രൂപ വേറെ.
പിന്നെ 12 രൂപ സർചാർജ്ജും നാലു രൂപാ എസ്.റ്റിയും
പിന്നെ രണ്ടു രൂപാ എക്സൈസ് ഡ്യൂട്ടിയും.
തെണ്ടി!
പോരുകേല
നാല്പത്താറ്.. നാല്പത്തിയേഴ്..
വീട്ടിൽ ചെന്നു കൊല്ലനെ വിളിച്ചു രിക്കാം.
അതാ സത്യാഗ്രഹികളെ പോലീസ് ലാത്തിച്ചാർജ്ജു നടത്തുന്നു.
പോലീസ്... പോലീസ്...
ഹൂലേ, എന്മാന്റെ നെഞ്ചു പപ്പടമായല്ലോടാ.
എടീ അല്പം കിഴുത്തയുള്ളതാണോന്നൊരു സംശയം!!

# ബോബനും മോളിയും




തെരഞ്ഞെടുപ്പിനു ശേഷം ബോബനേം മോളിയേം കണ്ടിട്ടേയില്ല!
ഞങ്ങടെ മണ്ഡലത്തിലെ തെരഞ്ഞെടുപ്പു ഫലം പ്രഖ്യാപിച്ചു!
ആശുപത്രി
എന്തു പറ്റി ചേട്ടാ?
കാലക്കേടിന് ഒന്നു മത്സരിക്കണമെന്നു തോന്നി.
ഞങ്ങടേതു ത്രികോണ മത്സരമായിരുന്നു. 100×3 മുന്നൂറു രൂപ കിട്ടി.
ബോബനേം മോളിയേം ഒന്നു കാണണം. ഒരു പന്തയമുണ്ട്.
പുതിയ എമ്മെല്ലെ ഇതിലെ വരുമെന്നു പറഞ്ഞു. ഒന്നു കാണണം.
അടുത്ത തെരഞ്ഞെടുപ്പു വരണം.
കായലില് അജ്ഞാത പ്രേതം.
തോററു പോയ വല്ല സ്ഥാനാര്ത്ഥിയുമാകും.
കെ.പി.ആര്. EX. M.L.A.
പള്ളിക്കൂടത്തില് മണിയടിച്ചെടാ. ഒരു കുംഭകര്ണ്ണന് കിടക്കുന്നതു കണ്ടില്ലേ?
ഒരു പനിയും കിടുകിടുപ്പും.
നിന്റെ കിടുകിടുപ്പൊക്കെ ഞാന് മാറ്റും.
വെയിലും മഴയും ഇല്ലാതപ്പഴെന്തിനാ കുട?!
കുട കാശു കൊടുത്തു മേടിച്ചതു പിന്നെ ചുരുട്ടി പിടിക്കാനാണോ?
ഞങ്ങളുടെ എതിര് സ്ഥാനാര്ത്ഥിയുടെ ആള്ക്കാരുമായി പന്തയം വച്ചിട്ടുണ്ടായിരുന്നു.
SCHOOL

# ബോബനും മോളിയും




എന്തിനാടാ ഓട്ടുന്നത്?
ഓടാതിരിക്കാൻ പററാഞ്ഞിട്ട്.
അതെന്നാ മത്സര ഓട്ടമാണോ?
മത്സരമാ.. ഞങ്ങളും ഗുണ്ടമാരും തമ്മിൽ
എടാ, രക്ഷിക്കണം
ബോബനെന്തിയേ?
ആ പന്നികളെ ഒന്നു കാണണം
അവരുടെ രണ്ടു പന്നികളേം വിററു
എടാ അവനെന്റെ മാവേലെറിഞ്ഞപ്പം പെരേടെ രണ്ടു ചില്ലു പൊട്ടി.
ഒരു ചില്ലല്ലേ പൊട്ടിയുള്ളൂ?
ഒരേറിനെങ്ങനാ രണ്ടു ചില്ലു പൊട്ടുന്നത്?
അപ്പം നീ സംഭവം കണ്ടു അല്ലേ?
"സംഭവം" റിലീസു ചെയ്ത അന്നു തന്നെ ഞാൻ കണ്ടു. നല്ല പടമാ.
അവനെ ഞാനിന്നു സൂപ്പാക്കും
അവരു സാറു വിചാരിക്കുന്ന പോലല്ല. ഉന്നതലെവലിൽ കഴിയുന്നവരാ.
നീ, എന്നെ വിരട്ടുകാണോ?
അങ്ങനൊന്നുമല്ല.
മുകളിൽ പിടിയുള്ളവരാ. കാര്യം കാണാൻ എവിടെയും കയറിപ്പററാൻ മിടുക്കരാ.
പോലീസിനെ സ്വാധീനിച്ച് എന്നെ ഊതിക്കളയുമെന്നായിരിക്കും. അവരെവിടാണെന്നു പറ.
ഉന്നതങ്ങളിലൊക്കെ ഇരിക്കുന്നവരെ അങ്ങനെ പെട്ടെന്നു കാണാൻ പറ്റുമോ?
ഞാൻ പിന്നെ കണ്ടോളാം.
എടാ, ഉന്നതങ്ങളിലിരിക്കുന്നവനേ ഇറങ്ങി ഷ്ഷോരു്.
TOMS

## ബോബനും മോളിയും




കേട്ടോ, വീട്ടിൽ വളർത്തുന്ന പട്ടിക്കു പേയിളകി വീട്ടുകാരിയെ കടിച്ചെന്ന്.
പിള്ളേരെയെങ്ങാനും ഇവിടുത്തെ പട്ടി കടിച്ചാൽ
നേരാ. പേപിടിച്ചവനെ പേപ്പട്ടി കൂടി കടിച്ചേക്കാമെങ്കിൽ !!? പട്ടിയെ കളയണം.
ഇന്നു പട്ടിയിവിടെ നില്ലട്ടെ. ഒന്നു കളിപ്പിക്കണം.
പോയി എവിടെങ്കിലും തുലയട്ടെ.
കത വടച്ചേക്കാം.
പട്ടിയെന്നൊരു വർഗ്ഗം, ഈ വീട്ടിൽ വേണ്ട.

# ബോബനും മോളിയും



സർക്കസ്സു കമ്പനിയിൽ ചേരാൻ എന്നെ വിളിച്ചു.
ശരിയാ, അവരുടെ കുരങ്ങു ചത്തുപോയെന്നു കേട്ടു.
എന്തിനാ ഈ വെടി? ചേട്ടൻ സർക്കസ്സു കാണിക്കുമെന്നു പറഞ്ഞാൽ ആരെങ്കിലും വിശ്വസിക്കുമോ?
എന്നാൽ ഇപ്പം ചിലതെല്ലാം കാണിച്ചു തരാം..
ഈ തെങ്ങിന്റെ കമ്പിയിൽ തന്നെ ചില പൊടിക്കൈകൾ.
കയ്യടിച്ചേ!
ഇത് മയൂര ശീർഷം.
ഇതിന്റെ പേര് ഗരുഡ ശീർഷം.
ഇതിന്റെ പേരാണ് സോപാന ശീർഷം.
ഒരു തേങ്ങാക്കുലയല്ലേ കമ്പി വഴി പാഞ്ഞു വരുന്നത്?
ചേട്ടാ, ഈ ശീർഷത്തിന്റെ പേരെന്താ?

# ബോബനും മോളിയും



ക്രിസ്മസ് പടക്കങ്ങൾ, ആർക്കും വാങ്ങാം. മാലപ്പടക്കം... കമ്പിത്തിരി...
ഇവിടെ മാലപ്പടക്കോം വേണ്ട, ചീലപ്പടക്കോം വേണ്ട. എന്റെ കയ്യിൽ കാശില്ല.
കോഴിമുട്ട കൊടുത്തേച്ച് പടക്കം മേടിച്ചോട്ടേന്നോ? തല്ലു കൊള്ളാൻ സമയമായി.
ഒരു പടക്കം താ. കാശു നാളെത്തരാം.
അതങ്ങു പള്ളീലച്ചന്നു പറഞ്ഞാൽ മതി.
പടക്കം ഇൻസ്റ്റാൾമെന്റിൽ കൊടുക്കുമോ?
ഇല്ല.
പൊട്ടുന്നതാണേൽ കാശുതരാം.
അതുതന്നെ പൊട്ടിക്കാനാ.
ഈ മാലയെല്ലാം കുരുക്കു വീണല്ലോ. കമ്പിത്തിരിക്ക് അഴിച്ചു തരാം.
HAPPY X'MAS

# ബോബനും മോളിയും


ഞാനാ സ്കൂളിലെ വലിയ ചാട്ടക്കാരൻ!
ഞാൻ പഠിക്കുന്ന കാലത്ത് എന്നാ ചാട്ടക്കാരനായിരുന്നെന്നോ?
പട്ടാളത്തിലായിരുന്നപ്പോൾ ഞാൻ വലിയ ചാട്ടക്കാരനായിരുന്നു.
ചേട്ടൻ പട്ടാളത്തിൽ നിന്നും ചാടിപ്പോന്നതാണെന്നു കേട്ടിട്ടുണ്ട്.
പട്ടാളത്തിലായിരുന്നപ്പോൾ ചാട്ടത്തിന് സമ്മാനം തന്നത് കമാൻറർ ചീഫായിരുന്നു.
ഈ പുരാണങ്ങളിലൊന്നും ഞങ്ങൾക്കു വലിയ വിശ്വാസമില്ല. ഒരു വേലി ചാടാൻ പോലും ചേട്ടനെ കൊള്ളുകേല.
ഒന്നല്ല, ഇരുപത്തിയഞ്ചു വേലി ഒന്നിച്ചു ചാടുന്നവനാ ഞാൻ. അറിയാമോ?
ഞങ്ങളു കാണിക്കുന്ന വേലി ഒന്നു ചാടാമോ?
കാണീരെടാ. ഇഷ്ടം ചാടിയേക്കാം.
ഈ വേലി ഒന്നു ചാടിക്കേ.
RAILWAY
കണ്ടോടാ?
അതിക്രമിച്ചു കടക്കുന്നവരെ പ്രോസിക്യൂട്ട് ചെയ്യും. -റെയിൽവെ
പട്ടാളത്തിലായിരുന്നപ്പോൾ ചട്ടിക്കകത്തു കഞ്ഞി കുടിച്ചിട്ടുണ്ടോ?

# ബോബനും മോളിയും



പാൽക്കായം, ഗോരോജന, തലവേദനയ്ക്കുള്ള മരുന്ന്, വയറ്റുവേദനയ്ക്കുള്ള മരുന്ന്, ഗന്ധക തൈലം, കുന്തളു തൈലം. വല്ലതും വേണോ?
സലാം, ഒന്നും വേണ്ട.
ടക്ക്.ടക്ക് ടക്ക്..
ആരോ വീണ്ടും വന്നിരിക്കുന്നു.
കുട്ടികൾക്കു കൂടെക്കൂടെ ഉണ്ടാകുന്ന വയറുകടി, കരപ്പൻ, കൃമികടി ഇവയ്ക്കും നല്ല മരുന്നുണ്ട്
നാശം!! തന്നോടല്ലേ പറഞ്ഞത് ഒന്നും വേണ്ടെന്ന്?!
കളിയെല്ലാം മറന്നു.
ടക്ക്
ടക്ക്
ശല്യം!! പിന്നേം ആരാണ്ടു കൊട്ടുന്നു !!
നല്ല വിശപ്പുണ്ടാകാനുള്ള മരുന്നുണ്ട്.
തന്നെയിഷ്ടം തിന്നാനുള്ള വിശപ്പെനിക്കുണ്ട്.
എത്ര പറഞ്ഞാലും ഒരു നാണവുമില്ല!!
നാശം!
ഇനി ഒന്നു കൂടി അയാളിങ്ങു വരട്ടെ. പെരമെഴുകിയ ഈ ചാണക വെള്ളം അവന്റെ മുഖത്താ.
വരട്ടെ.. വരട്ടെ.. ഞാൻ കതകു തുറക്കാം.. ഒന്നിച്ചു കഴിയണം.
പപ്പാ?!
വിശപ്പുണ്ടാകാതിരിക്കാനുള്ള മരുന്നുണ്ടോ ?

## ബോബനും മോളിയും




ഉണ്ണിക്കുട്ടനെ ഇനീം അവിടെ പഠിപ്പിക്കേലന്ന്.
അതെന്നാ, അവനവരെയല്ലേ പഠിപ്പിക്കുന്നതും
ഇഷ്ടം നാലാമത്തെ സ്കൂളാ.
S.N.D.P ക്കാരു ഒരു പുതിയ സ്കൂളു തുടങ്ങിയിരിക്കുന്നു!
അവിടെ ചേർത്താ എങ്ങനുണ്ടന്നു നോക്കാം.
ആകാശത്തിലെപ്പോലെ ഭൂമിയിലും
ഒരു അഡ്മിഷൻ വേണം.
ഇവിടെ അഡ്മിഷൻ ക്ലോസു ചെയ്തു. നോ അഡ്മിഷനെന്നു വാതുക്കൽ എഴുതി വച്ചിട്ടുണ്ട്.
പൂരിപ്പിച്ച ആപ്ലിക്കേഷനിൽ ജാതിയെപ്പറ്റി ചോദിച്ചിരിക്കുന്നിടത്തു ഒന്നും എഴുതീട്ടില്ല.
എഴുതാൻ നിവൃത്തിയില്ല.
പക്ഷേ എഴുതിയേ പറ്റൂ.
നിവൃത്തിയില്ല.
എങ്കിൽ ജാതി പറ.
പറയാനും പറ്റുകേല
എന്താ കാരണം?!
ജാതി ചോദിക്കരുത് പറയരുത് എന്നല്ലേ എഴുതി വച്ചിരിക്കുന്നത്.
ജാതി ചോദിക്കരുത് പറയരുത്
TOMS

## ബോബനും മോളിയും





ബോബനും മോളിയും
കുട്ടപ്പന്റെ ആടിനെ കള്ളൻ കൊണ്ടു പോയി.
എന്റെ ഒരൻ ബീഡി വലിക്കുന്നതു കൊണ്ടു കള്ളൻ കേറുകേല. രാത്രി മുഴുവൻ ചുമച്ചോളും.
കഴിഞ്ഞ കൊല്ലം ഈ സമയത്താ നമ്മുടെയാടിനെ കള്ളൻ കൊണ്ടു പോയത്!!
അതെങ്ങനാ. കുട്ടിക്കയറു മോ. സൊള്ളി നടക്കണം.
ഒന്നിനെ അവൻ കൊണ്ടു കൊന്നു. ഇനീ ഒന്നേ ബാക്കിയുള്ളൂ!
വാടീ. ഒന്നു ചത്താലേ നീയൊക്കെ നല്ല പാഠം പഠിക്കത്തുള്ളൂ!
ചുമ്മാതല്ല. ആട്ടു പൊക്കത്തിലേ നിൽക്കൂ!
ഇന്നാ, നിന്റെ ഫേവറേറ്റ് ഡിഷ്.
ഈ കയറു കൂടി പൊക്കത്തിൽ കെട്ടിയേക്ക് കള്ളന്റെ കൈ എത്തരുത്.
നമ്മുടെ തള്ളപ്പൂച്ചയെ കൂടി ഇവിടെ കാവലിടാം.
ബ്വേ.. ബ്വേ..
ഇതെങ്ങനെ സംഭവിച്ചെടാ!!
പട്ടി കാലുമാറി.
TOMS

# ബോബനും മോളിയും


ആശുപത്രിയിലൊന്നു പോകണം. മുതുകിനു വേദന.
ആശുപത്രി
ഡോക്ടർ സമരത്തിലാ.
ആയുർവേദക്കാരെ ഓപ്പറേഷൻ ചെയ്യാൻ പഠിപ്പിക്കാൻ പറ്റുകേലത്രെ.
സമരം
ഡോക്ടർ
അത്യാവശ്യ സർവ്വീസുകൾ ഏറ്റെടുത്തു നടത്താൻ പഞ്ചായത്തിന് അധികാരമുണ്ട്.
ഒറ്റ രോഗി പോലും മരുന്നില്ലാതെ മരിക്കാൻ പാടില്ല.
എടാ, എന്റെ വീട്ടിൽ മൂന്നുണ്ടായിരുന്നു ഡോക്ടറന്മാര്.
ഒരു രോഗി വരുന്നു!
വായൊന്നു പൊളിയേ.
എമ്മെല്ലേയുടെ ഭാര്യയെ കൊണ്ടു വരുന്നുണ്ട്. ഉടനടി ഓപ്പറേഷൻ വേണമെന്ന് നേഴ്സിങ് ഹോമുകാരു പറഞ്ഞു.
വേഗം വേണം.
ഇതാ, തയ്യാറായിക്കഴിഞ്ഞു.
അപകടം ഒഴിവാക്കാൻ മറ്റെന്തെങ്കിലും മാർഗ്ഗമുണ്ടോ?
ഒരു മാർഗ്ഗമുണ്ട്.
ഇതു തന്നെ!


# ബോബനും മോളിയും


വാത്മീകി രാമായണം വായിച്ചിട്ടുണ്ടോ?
വാത്മീകി വായിച്ചിട്ടുണ്ടോന്നറിയാൻ മേല. ഞാൻ രാമായണം വായിച്ചിട്ടുണ്ട്.
രാവിലെ ഏഴു മണി മുതൽക്കിന്നൊരു ദിവസം മുഴുവൻ പൈപ്പിൽ വെള്ളമില്ലാതിരിക്കുമെന്ന്.
നമ്മുടെ ടാങ്കിൽ നിറയെ വെള്ളം നിറച്ചിട്ടേക്കാം.
അവരീ വാർത്ത അറിഞ്ഞു കാണുകേല. വെള്ളമില്ലാതെ കണ്ടു കറങ്ങട്ടെ.
പക്ഷെ, അവരുടെ ടാങ്കിലും നിറയെ വെള്ളമുണ്ട്.
അതിനൊരു വഴി ഞാൻ കണ്ടിട്ടുണ്ട്.
ഈ വറവു കാലത്തു തെങ്ങു നനയ്ക്കില്ലേൽ കരിഞ്ഞു പോകും. ഓസു വേണേൽ ഞാൻ തരാം.
ഞാനെന്റെ തെങ്ങു മുഴുവൻ നനച്ചു.
ഒരു ലോഭോം വേണ്ട.
അത്രേം വെള്ളം അവരുടെ ടാങ്കിലെ അങ്ങു തീർന്നോട്ടെ.
വെള്ളം തീർന്നു.
കണക്കായിപ്പോയി. അങ്ങനെ വരട്ടെ.
ശരിക്കവരെ ഒന്നു പറ്റിച്ചെടീ! ഒന്നുറക്കെ ചിരിച്ചേ.
TOMS

# ബോബനും മോളിയും


ജനസമ്പർക്ക പരിപാടിക്കിറങ്ങിയതാ. കഴിഞ്ഞ തവണ ജയിച്ചിട്ട് ഒന്നും ചെയ്തില്ല.
ഇനീ അവരു വല്ലോം ചെയ്യുമോന്നാ?
ഇവിടെ ആദ്യം കയറാം. പേരു മാത്തുക്കുട്ടി.
മാത്തുക്കുട്ടീടെ കൊച്ചാണല്ലേ? മാത്തുക്കുട്ടീടെ ചെവീം മൂക്കും കണ്ണും പറിച്ചെടുത്തു വച്ച പോലുണ്ട്.
താൻ കുടുംബം കലക്കാൻ വന്നവനാ അല്ലേ? കടക്കെടോ പുറത്ത്.
കൊച്ചു വേലക്കാരീടെയാ.
വല്യമ്മയ്ക്കു മക്കളെട്ടാ. പതിനാറു വോട്ടുണ്ട്.
രാജന്റെ മുത്തശ്ശിയാണന്നോ? രാജന്റെ മാത്രമല്ല ഈ നാട്ടുകാരുടെയൊക്കെ മുത്തശ്ശിയല്ലേ?
എന്റെ മക്കടേം കെട്ടിയവള്ളമാരടേം മുഴുവനാട്ടും നിനക്കാ കുഞ്ഞേ.
അതേതായാലും ഏറ്റു.
സോമന്റെ ഭാര്യയാണന്നോ? സോമന്റെ തന്നെയല്ല നാട്ടുകാരുടെ മുഴുവൻ ഭാര്യയല്ലേ? ആർക്കാ അതറിയാത്തത്?
ഇനിയുള്ള ജനസമ്പർക്കമൊക്കെ മൊബൈൽ ഫോണിലൂടെ മാത്രം.
TOMS

# ബോബനും മോളിയും




# ബോബനും മോളിയും




അതിനിനി കുറെക്കൂടി കഴിയണം.
കടം വേണമെന്നോ? നിനക്കൊരു പണി തരാം. വെട്ടിയിലെ കെട്ടൊക്കെ വെട്ടിയോ?
വെട്ടിയോ?
ങാ, പുല്ല് വെട്ടി!
വെട്ടാനറിയാം. വെട്ടുക്കാനറിയാം.
ഏ? 25 പൈസ!
ശരി
അങ്ങനെയെങ്കിൽ അത് അവരു തന്നെ പറയണം.
അവരു കളിക്കുകയാ.
എന്താടാ, ഓട്ടുന്നത്?

## ബോബനും മോളിയും



## ബോബനും മോളിയും




# ബോബനും മോളിയും



കാലു കല്ലേൽ തട്ടി ഉളുക്കി. ആവൂ! ഒരടി മുന്നോട്ടു നടക്കാൻ മേല.
വരണം സാറേ. നമ്മളെത്ര കൊല്ലം അയൽക്കാരായി കഴിഞ്ഞതാ.
ഒരു കക്ഷിയുടെ പേരിൽ നോട്ടീസ് നടപടി നടത്താൻ എന്നെ അയച്ചതാ. ഇനി എന്തു ചെയ്യും? നടക്കാനും മേല.
സാറിന്റെ യൂണിഫോറം ഇങ്ങോട്ടു താ. ഞാൻ പോയി നോട്ടീസ് പതിച്ചിട്ടു വരാം. ആരറിയാനാ.
തിരുമ്മാം. ഞങ്ങളെ ഇരട്ട പെറ്റതാ.
എങ്ങനുണ്ടെടീ?
വക്കീലിന്റെ വേഷത്തിനേക്കാൾ യോജിക്കുന്നുണ്ട്.
നിങ്ങക്കു വല്ലാത്ത സൂക്കേടാ!
റോഡിന്റെ വലതു വശം ചേർന്നാണോടാ നടക്കേണ്ടത്?
ഈ തൊപ്പി തലേൽ കയറിയാൽ കൈ തരിക്കുമെന്നു പറയുന്നതു ശരിയാ.
വഴിയിറമ്പിലിരുന്നാണോടാ മൂത്രമൊഴിക്കുന്നത്?
നിന്നെ കണ്ടിട്ട് ഒരു നക്സലേറ്റിന്റെ ലക്ഷണമുണ്ടല്ലോടാ?
എന്റെ വയറിനിട്ടാ അവൻ തൊഴിച്ചത്!
അവനതാ വക്കീൽ സാറിന്റെ വീട്ടിലേക്കു കയറുന്നു.
എന്നാൽ ഞാൻ പോകട്ടെ സാറേ. ചെയ്തു തന്ന ഉപകാരത്തിനു വളരെ വളരെ നന്ദി.
ആവൂ! ഒരുപകാരം ചെയ്തു കഴിയുമ്പം മനസ്സിനെന്തൊരു സംതൃപ്തിയും ചാരിതാർത്ഥ്യവും!!
റോഡിൽക്കിടന്ന് ആരോ നിലവിളിക്കുന്ന സ്വരം!!??

# ബോബനും മോളിയും


ശാസ്ത്രത്തിനൊരു സംഭാവന. ചന്ദ്രനിലേയ്ക്കൊരു റോക്കറ്റ് വിക്ഷേപിക്കാൻ പോണു.
ഇന്ത്യയായിരിക്കുമോ അമേരിക്കയായിരിക്കുമോ ആദ്യം ചന്ദ്രനിലെത്തുക. ആർക്കറിയാം!
വല്ല ഗോതമ്പെങ്കിലും തിന്നണമെങ്കിൽ അമേരിക്കക്കാരു നേരത്തെ അവിടെ എത്തണം.
റോക്കറ്റും പേടകവുമായി. ഇനി ആദ്യം ആരെയാ പേടകത്തിൽ കയറ്റി അയയ്ക്കുക ?
നമ്മുടെ പട്ടിയെത്തന്നെ ആയാലോ ?
അതു കേട്ട മാത്രയിൽ കടന്നു കളഞ്ഞു! ശാസ്ത്രബോധമില്ലാത്ത ഏഭ്യൻ !
കുടുംബത്തിന്റെ പേരു കൂടി കളഞ്ഞല്ലോടാ!
ചന്ദ്രനിലേക്ക് ഒരു തവളയെ അയച്ചാലോ?
ഈ തേങ്ങാപ്പൂളും തൊലിയും പിന്നെ ഒന്നിനും കൊള്ളാത്ത ...
ഇതാ റോക്കറ്റ് പേടകത്തെ വഹിച്ചുകൊണ്ട് മേൽപോട്ടുയറാൻ പോണു. ആർക്കും കാണാം.
ഇപ്പോൾ രണ്ടാം തവണയും ഭൂമിയെ ചുറ്റാൻ തുടങ്ങിയിരിക്കുന്നു. ആർക്കും കാണാം.
പേടകം താഴേയ്ക്കു തന്നെ വരുന്നുണ്ട്...

# ബോബനും മോളിയും



## ബോബനും മോളിയും



ഗട്ടർ
മൊട്ടക്കച്ചവടം തുടങ്ങടാ. വീടു തോറും കയറിയിറങ്ങാം.
റോഡ്പിടി ഗട്ടറാ. സ്പീഡു കുറച്ചു വിട്.
ചില്ലറ വിൽക്കാം
TOMS

## ബോബനും മോളിയും



ഒരു ക്രൈം സ്റ്റോറി വായിക്കുകയായിരുന്നു.
ലിസ്സീടെ കല്യാണം ഉറച്ചു.
നമ്മളെല്ലാരും ചെല്ലണം. എന്റെ സ്വന്തം അനന്തിരവളല്ലേ.
മുൻപൊക്കെ നാളേന്നായിരുന്നു. ഇപ്പഴൊക്കെ ഇന്ന വിവാഹിതരാകുന്നു എന്നാ പത്രത്തില്.
ഇവിടേം ഒരു കൊലപാതകം നടക്കുന്ന ലക്ഷണമുണ്ട്.
കൊലപാതകം
കത്തി വീശിക്കഴിഞ്ഞു
ഞങ്ങടെ പപ്പാ ഞങ്ങൾക്കൊരു പുത്തൻ ഉടുപ്പു വാങ്ങിത്തന്നു!
അതാ ഒരു കാക്ക മലർന്നു പറക്കുന്നു.
മണവാളൻ ഓടിയാണല്ലോ വരുന്നത്?
നില്ല്. അച്ചൻ വരാൻ അഞ്ചു മിനിട്ടു താമസമുണ്ട്.
അച്ചനില്ലെങ്കിൽ കപ്യാരായാലും മതി.
അച്ചൻ വരുന്നു.
ദുബായിക്കുള്ള പ്ലെയിനിപ്പം പൊങ്ങും. അവധി തീർന്നു!

## ബോബനും മോളിയും




ഇന്നലെ പോസ്റ്റു ചെയ്യാൻ തന്ന എഴുത്താ! അലക്കാനെടുത്ത ഷർട്ടിൻെറ പോക്കറ്റിൽ കിടന്നു.
ഇന്നെങ്കിലും പോസ്റ്റു ചെയ്യേക്കണേ... മറക്കരുത്.
ഇന്നു ഞാനേറ്റു
അമ്മച്ചീ, പപ്പാ ഇന്നും മറന്നു!!
നിങ്ങൾക്ക് അരണേടെ ബുദ്ധിയാണോ?
എടീ പല കാര്യമല്ലേ മനസ്സില്?
നിങ്ങൾക്കെന്തോന്നാ, കളക്ടറുദ്യോഗമോ? പല കാര്യമാണു പോലും!
എടീ, കേന്ദ്രകാര്യം ചില്ലറക്കാര്യമാണെന്നാണോ നിൻെറ വിചാരം?
ഇതു മൂന്നാമത്തെ ദിവസമാണെന്നോർത്തോണം. ഇന്നെങ്കിലും മറക്കരുത്.
ഇന്നും പോസ്റ്റു ചെയ്യാൻ മറന്നേക്കുമോന്നാ പേടി?!
ഇന്നേതായാലും മറക്കുകേല തീർച്ച.
അതിനു ഞങ്ങളൊരു പണി ചെയ്തിട്ടുണ്ട്.
നിങ്ങളാ എഴുത്തു പോസ്റ്റു ചെയ്യാൻ മറക്കരുത്, കേട്ടോ.
എഴുത്തു പോസ്റ്റു ചെയ്യുന്ന കാര്യം ഓർത്തോണം, കേട്ടോ
ഇതെന്തു കഥ!? എഴുത്തിൻെറ കാര്യം ഈ വഴിപോക്കരെങ്ങനെയറിഞ്ഞു.
സാറേ, ആ എഴുത്തു പോസ്റ്റു ചെയ്യാൻ മറക്കരുത്.
ഒരു എഴുത്തു പോസ്റ്റു ചെയ്തോ?
എഴുത്തിൻെറ കാര്യം ഓർമ്മ വേണം.
ശ്ശെടാ, ഈ എഴുത്തിൻെറ കാര്യം നിങ്ങളൊക്കെ എങ്ങനറിഞ്ഞു?
കോടതി
ഞങ്ങൾക്കു മലയാളം വായിച്ചാൽ മനസ്സിലാകുകേലന്നാണോ നിങ്ങളു വിചാരിച്ചത്?
പശ തേച്ചു പറ്റിച്ചിരിക്കുകയാ!
മാന്യരേ ദയവു ചെയ്ത് ഒരു കത്തു പോസ്റ്റു ചെയ്യാൻ ഇദ്ദേഹത്തെ ഓർമ്മിപ്പിക്കണേ!

## ബോബനും മോളിയും



രാവിലെ പതിനൊന്നര ആയിട്ടും കാണുന്നില്ല! കർത്താവേ വല്ല അപകടവും പറ്റിയോ?
കോടതിയിൽ പോയാൽ കൃത്യം പത്തു മണിയാകുമ്പം വരുന്നതാ!
അമ്മച്ചീ പപ്പാ വരുന്നുണ്ട്.
റേഷൻ വാങ്ങാൻ പോയ മകന്റെ എഴുത്തു വന്നു. അവൻ ക്യൂവിൽ നിന്ന ഒരു പെണ്ണിനെ കല്യാണം കഴിച്ചെന്ന്.
കർത്താവേ! ഇതെന്നാ പററി?
എടീ ഇന്നൊരു കേസു കിട്ടി
നിങ്ങളു പകുതി പഴക്കമായല്ലോ
കാലു നല്ല വണ്ണം അങ്ങോട്ടു തിരുമ്മെടീ.
കോടതിയിൽ നിങ്ങളു കയ്യോ അതോ കാലോ എടുത്തു വാദിച്ചത്?
എടീ, ഒരു കേസു കിട്ടാൻ വേണ്ടി ഇന്ന് എത്ര മാത്രം ഓടിയെന്നോ! വെള്ളം ചൂടാക്കിക്കൊണ്ടുവാടീ.
കേസു കിട്ടാൻ വേണ്ടി ഓട്ടകയോ? ഞാൻ കേട്ടിട്ടില്ല.
എതിരു കക്ഷിക്കാരൻ വല്ല ദേഹോപദ്രവുമേൽപ്പിച്ചോ? അതാ എനിക്കു പേടി!
അഥവാ അങ്ങനെ ഉണ്ടായാൽ തന്നെ സ്വന്തം കക്ഷിയിൽ നിന്നെ സംഭവിക്കാനിടയുള്ളൂ!
പിറേറന്ന്
ഇന്നു വല്യ നിംപ്ളനായിട്ടാണല്ലോ പോക്ക്!
എടീ ഇന്നു പൂരാ കേസാ.
ഇന്നു വെള്ളം എത്ര ഇടങ്ങഴി ചൂടാക്കണം?
നീ പോയി ഒരു സൈക്കിളു കൂലിക്കെടുത്തോണ്ടു വന്നേ.
കോടതിയിലേയ്ക്ക് ഒരു ഫർലോങ്ങല്ലേയുള്ളൂ! അതിനു സൈക്കിളെന്തിനാ?
എടീ ഒരു പുതിയ മേശയിൽ സ്ഥലം കണ്ടിട്ടുണ്ട്.
MOBILE COURT
സഞ്ചരിക്കുന്ന കോടതി

## ബോബനും മോളിയും



ഞങ്ങടെ സമാജം പ്രസിഡൻറ് ചക്കിയമ്മേടെ വീടു വരെ ഒന്നു പോകണം. അവർക്ക് ഉപ്പിലിടാൻ കുറച്ചു നല്ല നാരങ്ങാ വേണമെന്നു പറഞ്ഞു.
ബഹളാ സമാജമല്ലേ?
അല്ല. കോലാഹല സമാജം.
അവിടെ ചെന്നാൽ വളരെ അന്തസായി പെരുമാറണം. അല്ലങ്കിലെനിക്കാ നാണക്കേട്.
ആ രണ്ടു നില മാളികയല്ലേ? വെറും വയറ്റിലെ വീടിന്റെ വടക്കേത്. അറിയാം.
കതകടച്ചിരിക്കുകയാണെങ്കിൽ വാതുക്കൽ ചെന്നു കൊട്ടണം.
കൈകൊട്ടണോ?
ഇരിക്കാൻ പറയാതെ ഇരിക്കരുത്. തീരെ നിസ്സാര കാര്യം പോലും അവരു ശ്രദ്ധിക്കുന്ന കൂട്ടത്തിലാ.
വല്യ സൽക്കാരപ്രിയയാ. ചക്കപ്പുഴുക്കു തിന്നുന്ന മാതിരി എല്ലാം കൂടി വലിച്ചുവാരി തിന്നരുത്.
ഒരു കഷണം മാത്രമേ തിന്നാവൂ. പഞ്ഞം പിടിച്ച മാതിരി കാട്ടരുത്. ഓർത്തോണം.
ഇതു തന്നെ
വല്യ കേമപ്പെട്ട വീടാണല്ലോ?!
ടക്ക്
ടക്ക്
ഗുഡ് മോണിങ് മാഡം!
ഗുഡ് മോണിങ്!
മിസ്സിസ് പോത്തൻ തന്നയച്ചതാണല്ലേ. ഇരിക്കണം.
താങ്ക്യൂ മാഡം!
കമോൺ കാപ്പി കഴിക്കു!
തിരികെ വീട്ടിൽ വന്നപ്പോൾ
ഒരു മേശ നിറയെ പലഹാരങ്ങള്. ഞങ്ങളൊരു ബിസ്ക്കറ്റെടുത്തു രണ്ടായി മുറിച്ചു പകുതി പകുതി മാത്രം കഴിച്ചു.
ഭേഷ്
എടീ, എന്നു വച്ചാൽ അന്തസ്സുള്ള കൂട്ടത്തിലാ അവരു ജനിച്ചത്. അറിയാമോ?
അതേ പോലും ഞാനെല്ലാം പറഞ്ഞു പഠിപ്പിച്ചു വിട്ടിട്ട്.
ഇതിനകത്തെന്തോന്നാ ഭാരം?!
ബാക്കിയുള്ളതാ.
തീറ്റി കഴിഞ്ഞാൽ ഒരു തരിപോലും പാത്രത്തിൽ ശേഷിക്കരുതെന്നു പപ്പാ പറയാറില്ലേ?

# ബോബനും മോളിയും




പ്രേമ ഇന്നു പാർക്കിൽ വരും.
ഇതു നനച്ചു തരാമെന്നും പറഞ്ഞു നാലണാ മേടിച്ചിട്ടു ചെളി പോയില്ലടാ!
നനച്ചു തരാമെന്നല്ലേ പറഞ്ഞിരുന്നുള്ളൂ!
അവളാവും
പ്രിയേ...
നാളെ കോളേജുണ്ടോ?
അറിഞ്ഞിട്ടെന്താ കാര്യം?
WOME
നാളേം ഇവിടെ കാത്തു നില്ക്കണമോന്നറിയാനാ.
നിന്നെ കാണാനില്ലല്ലോ!
പഠിത്തം നിറുത്തി. ഇപ്പം വളക്കച്ചവടം
പെൺകുട്ടികളുടെ കൈയ്ക്കു കടന്നു പിടിക്കാൻ അതേ ഒരു മാർഗ്ഗമുള്ളൂ.
നിലാവുള്ള രാത്രിയിൽ നിന്നെ ഞാൻ പാടിയുറക്കാം പ്രിയേ...
പ്രിയേ... പ്രണയിനീ മാനസ പ്രിയേ...
നിന്നെ തഴുകി വരുന്ന കാറ്റിൻെറ സുഗന്ധം എന്നെ പരവശനാക്കുന്നു പ്രിയേ
കാററു വശത്തൂന്നു മാറി നടക്കു കൊച്ചേ!
താമസമെന്തേ വറയാൻ, പ്രാണസഖേ
നിൻെറ പാദസ്പർശമേറ്റ മണൽത്തരികളെ ഞാൻ ചുംബിക്കുന്നു.
ഏകാന്ത ജാലകം തുറക്കൂ"
തുറന്നു.
ഈ മണൽത്തരികളിലും ആ കോതേടെ പാദസ്പർശനമേറ്റിട്ടുണ്ടാവണം.

## ബോബനും മോളിയും



ആശാനേ... ചെറുക്കനൊരു പെണ്ണു കാണാനാ. ആശാനും കൂടി വരണം. പണ്ടു നമ്മുടെ വടക്കേതിൽ താമസിച്ചിരുന്ന ചാണ്ടീടെ മകളാ.
പിന്നേ.. ഞാനറിയുകേലേ അവനിവിടുന്നെല്ലാം വിറ്റേച്ച് 14-ാം മൈലിൽ താമസമാക്കീട്ടൊരു 12 കൊല്ലത്തിൽ കൂടുതലുണ്ടോ ആയിട്ടില്ലേ?
ആവൂ! ഇനിയും കിടക്കുന്നു മൈലു പത്തോളം.
ദാഹിക്കേം ചെയ്യുന്നു.
കള്ള്
ആശാനേ തൊള്ളി വിട്ടേച്ചു നടന്നാലോ?
പിന്നല്ലാണ്ട്!
എടാ.. ആശാനേ... എഴുന്നേരടാ. നേരം ഇരുട്ടി വരുന്നു.
വീടു നല്ല നിശ്ചയമില്ല. ഈ ചോദി നെങ്ങാണ്ടാ.
എനിക്കെന്റെ കണ്ണും കാണാൻ മേല.
കൊമ്പല്ലൂരീന്നിവിടെ വന്നു താമസിക്കുന്ന ചാണ്ടീടെ വീടറിയുമോ പിള്ളാരേ...?
അറിയും അറിയും.
ആക്കാണുന്നതാ വീട്.
എടാ ചാണ്ടിയേ.. എടാ ചാണ്ടിയേ.. എടാ എഴുന്നേരടാ...
എടാ, ഇങ്ങോട്ടെഴുന്നേരടാ.. നിന്റെ മകൾക്കൊരു സമ്മന്തോം കൊണ്ടു വന്നതാടാ.
DSP
ന്റമ്മോ

# ബോബനും മോളിയും



ഇന്ന കണക്ക നല്ല വണ്ണം ഞാൻ തലേൽ കേറ്റി കൊടുത്തിട്ടുണ്ടടീ
അതായിരിക്കും തല പൊങ്ങാത്തത്. പോയിക്കിടന്നുറങ്ങടാ.
നാളെ കണക്കിന്റെ പരീക്ഷയല്ലേ. നന്ന പ്രാർത്ഥിച്ചിട്ട് കിടക്ക്.
പ്രാർത്ഥന മാത്രം പോര. ഇന്നത്താഴമുണ്ണു കഴിഞ്ഞാൽ നാളെ രാവിലെ വരെ ഉപവാസോം കൂടിയാ.
പിതാവേ ... ഈ കാസ്സാ.. ......
അടുത്ത ദിവസം
നല്ല കുട്ടികളായി പ്രാർത്ഥിച്ചോണം. ഇനി അര മണിക്കൂറു കഴിഞ്ഞാൽ പരീക്ഷയാ!
ചോദ്യക്കടലാസു കയ്യിൽ കിട്ടിയാൽ മൂന്നാവർത്തിയെങ്കിലും വായിക്കണം.
ആകെ ഒരു മണിക്കൂറേയുള്ളൂ. പുറത്തെക്കിറങ്ങിയിട്ടാണെങ്കിൽ മൂന്നോ മുപ്പതോ ആവർത്തി വായിക്കാം.
കൈ കൂപ്പി നിന്നു പ്രാർത്ഥിച്ചിട്ടേ എഴുതാൻ തുടങ്ങാവൂ.
ഇതാ, പോകുന്ന വഴി അഞ്ചു പൈസാ നേർച്ച ഇട്ടേക്കണം.
നൂറിൽ നൂറു മാർക്കും മേടിച്ചോണ്ടേ ഇങ്ങോട്ടു വരാവൂ!
കണക്കിനവർക്കു നൂറിൽ നൂറും കിട്ടിയെന്നു ഞാനിന്നലെ സ്വപ്നം കണ്ടേന്നേ..!
കിട്ടുമെടീ. രണ്ടു മാസമായിട്ടു കണക്കിനു ഞാനല്ലേ അവർക്കു ട്യൂഷൻ കൊടുക്കുന്നത്.
പരീക്ഷേം കഴിഞ്ഞു വരുന്നുണ്ടെടീ. തുള്ളിച്ചാടിയാ വരുന്നത്.
ഐ.എ.എസ്സിനെഴുതി ജയിച്ചു വരുന്ന ഗമേലാ.
കണക്കിനെത്രയുണ്ടടാ?
നൂറുണ്ടോ?
രണ്ടു പേർക്കും കൂടി നൂറുണ്ട്.
ഭേഷ്! എങ്ങനുണ്ടെടീ എന്റെ ട്യൂഷൻ!
എങ്കിലും അത്രേം കിട്ടിയല്ലോ. പ്രാർത്ഥനേടേം കൂടി ഗുണമാ
?
100

# ബോബനും മോളിയും



ആറ്റിലൂടെ ഒരു ശവം ഒഴുകുന്നു
പാലും തേനും ഒഴുക്കാൻ പറ്റിയില്ലെങ്കിലെന്താ?
ഇലക്ട്രിസിറ്റി ബോർഡിൽ അഴിച്ചു പണി.
എന്നാൽ കുറച്ചു നാളത്തേക്കു കറന്റു കാണുകേലല്ലോ?!
ഒഴുകുന്നെന്നു പറഞ്ഞ ശവം താൻ കണ്ടോ? വി.ഐ.പി.ഒന്നുമല്ലല്ലോ? ആണെങ്കിൽ എസ്‌കോർട്ട് കൊടുക്കണം.
ഞാൻ വിചാരിച്ചു പെണ്ണുങ്ങളാരാണ്ടും ആയിരിക്കുമെന്ന്. എങ്കിൽ സാരീടെ തരം എന്താണെന്നറിയാമല്ലോന്നു വിചാരിച്ചു വന്നതാ.
ശവത്തിനു അവകാശികളുണ്ടോ?
ജീവിച്ചിരുന്നിട്ട് ആർക്കും വേണ്ട, പിന്നാ.
ഞങ്ങടെ ചുമതല കഴിഞ്ഞു. ശവം മറുകരയിലേക്കു തള്ളി നീക്കി. അവിടം മറ്റു പോലീസ് സ്റ്റേഷന്റെ അതിർത്തിയാ!
അതെന്നാ, പോക്കറ്റിലൊന്നും ഇല്ലായിരുന്നോ?
എന്റെ പഞ്ചായത്തിലൊരുത്തനെ കാണാതായിട്ടുണ്ട്. മരിച്ചെന്നും കേട്ടു.
മരിച്ചയാളിന്റെ ലക്ഷണം കേൾക്കട്ടെ. ഇയാളാണോന്നറിയാം.
അയാൾക്കു സംസാരിക്കുമ്പോൾ വിക്കുണ്ട്.
ശവം സ്പെഷ്യൽ സ്ക്വാഡുകാരു കരയ്ക്കു കയറ്റി
ഇതാ, ഒഴുകി നടന്ന ശവത്തിന്റെ പോക്കറ്റിൽ കത്ത്.
കത്തു വെളിപ്പെടുത്തണം
ഉറക്കെ വായിക്കാം.
പ്രിയപ്പെട്ടവരേ, വിമാനത്തിൽ സഞ്ചരിച്ചാൽ റാഞ്ചിക്കൊണ്ടുപോകും. തീവണ്ടിയിൽ സഞ്ചരിക്കാമെന്നു വച്ചാൽ കൊള്ളയടിക്കും.
ബസിൽ യാത്ര ചെയ്യാമെന്നു വച്ചാൽ കുട്ടികളു തീ വയ്ക്കും.
കാറിൽ യാത്ര ചെയ്യാൻ ബന്ദുകാരു സമ്മതിക്കുകയില്ല.
നടന്നു പോകാമെന്നു വച്ചാൽ ഗട്ടറിൽ വീണു പരുക്കു പറ്റും.
ഒന്നു കൂടി സുഖപ്രദമായ യാത്രയ്ക്ക് ഞാനീ മാർഗ്ഗം സ്വീകരിക്കുന്നു!


## ബോബനും മോളിയും


ഞങ്ങളുടെ മിനി ലോട്ടറി ഒന്നാം സമ്മാനം കമ്മല്! രണ്ടാം സമ്മാനം കണ്ണട മൂന്നാം സമ്മാനം ഒരു തൊടല്
ആർക്കും ചേരാം
ടിക്കറ്റൊന്നിനു നാലണാ മാത്രം
ഭാഗ്യദേവത നിങ്ങളെ ചാടി വിളിക്കുന്നു. മിനി ലോട്ടറി
ഭാഗ്യവാന്മാരെയും ഭാഗ്യവതികളെയും ഞങ്ങൾ മാടി വിളിക്കുന്നു.
ടിക്കറ്റ് വില്ക്കപ്പെടും
ഒന്നാം സമ്മാനം കമ്മലാ. നമുക്കും ചേരാം.
ഇന്നു നാലു മണിക്ക് ആൽത്തറയിൽ വച്ച് നറുക്കെടുക്കുന്നു.
നാലുമണിയായല്ലോ. ഇനി നറുക്കെടുക്കണം.
ഒന്നാം സമ്മാനം എൽസിക്ക്.
ഞാനാ എൽസി.
ആവൂ, എന്റെ കാതേൽ കമ്മാതെ.
ഒന്നാം സമ്മാനം കമ്മലാണെന്നല്ലേ പറഞ്ഞത്.
രണ്ടാം സമ്മാനം കണ്ണട. സുകുവിന്
ഞാനാ
രണ്ടാം സമ്മാനം കണ്ണടയെന്നല്ലേ പറഞ്ഞത്. ഇതാ കണ്ണടപ്പ്
മൂന്നാം സമ്മാനം ഒരു തൊടല്. ഇതാ തൊട്ടു.

# ബോബനും മോളിയും



## ബോബനും മോളിയും



# ബോബനും മോളിയും


മീൻ മീൻ.
മത്സ്യങ്ങൾ ചത്തു പൊങ്ങുന്നെന്ന്
റേഷനരീം കൊണ്ടു പോയ ഒരു ചരക്കു വള്ളം മുങ്ങിയാരുന്നു.
ചത്തു പൊങ്ങരുത്.
ചത്ത മത്സ്യം കിലോയ്ക്കു രണ്ടു രൂപാ പ്രകാരം വാങ്ങി സർക്കാരു കുഴിച്ചു മൂടുന്നെന്ന്.
സ്വകാര്യ കുളങ്ങളിൽ വളർത്തുന്ന മത്സ്യങ്ങൾ ഭക്ഷിക്കാമെന്ന് വിദഗ്ദ സംഘം.
എനിക്കു മീൻ കുളമുണ്ട്.
ആററിൽ പോയി ഒന്നു കുളിക്ക്
ചത്തു പൊങ്ങിയാൽ കിലോയ്ക്കു രണ്ടു രൂപാ വച്ചു നിനക്കും കിട്ടുമല്ലോ. അല്ലേ?
പത്തു കാശുണ്ടാക്കാൻ ഒരവസരമാ.
വില കേട്ടാൽ മനുഷ്യൻ ചത്തു പൊങ്ങും.
രോഗമില്ലാത്ത മത്സ്യം കിലോ 90 രൂപാ
മീനു.
ഇനിയും വാങ്ങാം.
ഒടുക്കത്തെ വിലയാ.
വല്യപ്പന്റെ മീനില്ലാതെ വററിറങ്ങുകേല. കിലോയ്ക്ക് മുപ്പതു വച്ചു താ.
പൊയ്ക്കോണം.
ഈ ചത്ത മീനെ കുളത്തിലിടാം.
മീൻ.
ചത്ത മീനാ 90 രൂപയ്ക്കു താൻ ഞങ്ങളെ തീററിയത് അല്ലേടാ
മുഴുവനും പിടിയെടോ
കിലോയ്ക്കു രണ്ടു രൂപാ പ്രകാരം മുഴുവനും ഞങ്ങളെടുത്തോളാം.
TOMS

# ബോബനും മോളിയും




നിങ്ങളുടെ ഒരു മകൻ മാത്രം പട്ടാളത്തിലുണ്ട് അല്ലേ?
അവൻ മാത്രമല്ല. അവനെപ്പോലെ മൂഷിക നായിരം പേരുണ്ട്.
ചേട്ടാ...
ഇവിടെ ബാസ്ക്കറ്റ് ബോൾ ടൂർണമെൻറ് വരുന്നു.
ആൾക്കാരെ മാറി അതാ- മസിഷിയിക്കണോടാ?
കളി. പന്തുകളി. ബാസ്ക്കറ്റ് ബോൾ.
എനിയ്ക്കറിയരുതോ. രണ്ടു ടീമിനെടെൽ കൂടി പന്തടിക്കുന്ന തല്ലേ?
അതു ഫുട്ബോള്.
ഇതു ബാസ്ക്കറ്റ് ബോൾ. ചേട്ടൻ സ്പോൺസർ ചെയ്യണം.
ചേട്ടൻെറ മരിച്ചു പോയ അഷൻെറ പേരിലങ്ങു നടത്തണം. ഇത്താക്കു മെമ്മോറിയൽ.
ഇത്തിരി ചിലവു വരും.
എന്നാൽ നിൻറഷൻേറം അമ്മേടേം പേരിലാവട്ടെ. പോത്താ-മറിയാമ്പ് ടൂർണമെൻറ്.
എന്നാൽ എൻെറ മെമ്മോറിയലിലായിക്കോട്ടെ.
ഇട്ടുണ്ണൻ മെമ്മോറിയൽ ടൂർണമെന്റ്...
അയാളു ചത്തോ? ?!
മരിച്ച വിശ്വാസികളുടെ ആത്മാക്കൾക്കു മോക്ഷത്തിൽ അനുകൂലമുണ്ടായിരിക്കട്ടെ.
കളി തുടങ്ങാൻ പോകുവാ.
ഗോൾ!
കളി പകുതിയായപ്പോൾ
നിറുത്തടോ. നീയൊക്കെ എന്നാ വിഡ്ഢിയാന്മാരാ?
വെളുക്കുന്ന വരെ കളിച്ചാലും ഈ അടിയില്ലാത്ത കൊട്ടയ്ക്കകത്തു പന്തു പിടിക്കാമെന്നു വിചാരിക്കേണ്ട.

## ബോബനും മോളിയും


കൊടുങ്കാറ്റു മൂലമുള്ള നാശനഷ്ടങ്ങൾക്ക് സർക്കാരു സഹായധനം കൊടുക്കുന്നുണ്ട്.
ഒക്കെ ശരിയാക്കിത്തരാം. ഭദ്രതയിലേക്ക് ഒരു നിക്ഷേപം തരണം.
ആദ്യം വില്ലേജാപ്പീസിൽ നിന്നുള്ള റിപ്പോർട്ട് അയപ്പിക്കണം.
അപേക്ഷ തള്ളിയിരിക്കുന്നു. ഒരു വാചകത്തിന്റെ അവസാനം ഫുൾസ്റ്റോപ്പില്ല!
സംതിങ്ങ് കൊടുക്കണം.
ഇരുന്നാട്ടെ ഇരുന്നാട്ടെ ഇരുന്നാട്ടെ.
എസ്റ്റിമേറ്റ് കമ്മിറ്റിയെക്കൊണ്ട് റിപ്പോർട്ടെഴുതിക്കണം. വീട്ടുടമ നിങ്ങളു തന്നെയാണെന്ന് മുദ്രപ്പത്രത്തിൽ സത്യവാങ്മൂലം. പിന്നെ ---
രണ്ടു ദിവസമായി സാറെ കാറുമായി കാത്തുകിടക്കുന്നു!
നാളെ വന്നു നോക്ക്.
കാത്തിരുന്നിട്ടു കാര്യമൊന്നുമില്ല
മന്ത്രിയെ കണ്ടു ഞാൻ സാധിച്ചു തരാം. ഒരു കാറു പിടിച്ചോണ്ടു വാ.
മന്ത്രി ടൂറിലാ. രണ്ടു ദിവസം കഴിയും. മസ്കറ്റിൽ രണ്ടു മുറിയെടുത്തോളൂ.
അമ്പേ! എന്തൊരു നുണ!!
കാറ്റുമൂലമുള്ള നാശനഷ്ടങ്ങൾക്ക് മൊത്തം പത്തുകോടി
അപ്പം തീവണ്ടിയേൽ കേറിയാലും കിട്ടണമല്ലോ?
10 കോടി നഷ്ടപരിഹാരം
ചെക്കു കൊണ്ടു വരുന്നു!!
75 രൂപായുടെ ചെക്ക്!!
നാല്പതു ശതമാനം പാർട്ടി ഫണ്ടിനുള്ളതാ.
ചെക്കു നിങ്ങളങ്ങു മാറിയെടുത്തോ. രൊക്കം പണം തരാമെങ്കിൽ മുപ്പതു രൂപ തന്നാൽ മതി.
ഇതാ മുപ്പതു രൂപാ.
BANK
ഇതു ചെക്കല്ല ബോണ്ടാ. രണ്ടായിരമാണ്ടേ മാറിക്കിട്ടൂ!
TOMS

## ബോബനും മോളിയും


വാനനിരീക്ഷകൻ കിണററിൽ വീണന്ന്
മുകളിലേക്കു നോക്കി നടന്നാൽ അങ്ങനെയിരിക്കും.
സ്കൂളിൽ പോടാ. ധൈര്യം കിട്ടട്ടെ.
സ്കൂളിൽ ബെല്ലടിക്കാറായി.
സുന്ദരിയായ ഒരു യുവതിയെക്കണ്ടാൽ അന്നു രാത്രി അവളെ നീ സ്വപ്നം കാണുമോ?
അന്നു രാത്രി ഉറങ്ങിയിട്ടു വേണ്ടേ സ്വപ്നം കാണാൻ
രാവിലെ അര മണിക്കൂറു താമസിച്ചാ വന്നതു്
പകരം വൈകിട്ട് അര മണിക്കൂറ് നേരത്തേ പൊയ്ക്കോളാം.
ടിപ്പു ഏതു യുദ്ധത്തിലാ മരിച്ചതു്?
അയാടെ. അവസാനത്തെ യുദ്ധത്തിൽ
ആരോ വാതുക്കൽ
മാനേജരെക്കണ്ടു പറയാം ഞാനും വരാം.
ടീച്ചറു പോയെടാ. നമുക്കു പോയി കളിക്കാം.
ടീച്ചറു പോയതുകൊണ്ടാ ഞങ്ങളും പോയതു്.
പക്ഷേ, എൻെറ പുസ്തകം മേശപ്പുറത്തുണ്ട്. അപ്പോൾ ഞാൻ ക്ലാസിലുണ്ടെന്നു വിചാരിച്ചോണം.
പിറ്റേന്ന്
ഒററയെണ്ണം ക്ലാസിലില്ലല്ലോ?
ക്ലാസ് സമയത്ത് ആരും ക്ലാസിലില്ലായിരുന്നു.
പുസ്തകം ഡസ്കിലുണ്ട്. അപ്പോൾ ഞങ്ങൾ ക്ലാസിലുണ്ടെന്നു വിചാരിക്കാം.

ബോബനും മോളിയും




നീയെന്തിനാടാ രാജനുമായുള്ള കൂട്ടു വെട്ടിയത്
അവൻ ഡർബാറുകാരനാ.
നന്നായി. നാട്ടുകാരുമായുള്ള കൂട്ടുകെട്ടു മതി.
സന്ധ്യ കഴിഞ്ഞു എന്താടാ താമസിച്ചത്?
നഖംവെട്ടി താ!
നഖം വെട്ടാതെ ചെന്നതിന് ടീച്ചറു വഴക്കു പറഞ്ഞു.
സന്ധ്യ കഴിഞ്ഞു. ഇനി ഇപ്പം നഖം വെട്ടേണ്ട.
അതെന്താ?
രാത്രിയിൽ നഖം വെട്ടാൻ പാടില്ല.
ഏതു ഭരണഘടനേലാ അതു പറയുന്നത്?
രാത്രിയിൽ നഖം വെട്ടിയാൽ വീട്ടിൽ കലഹമുണ്ടാകും.
അതു വെറും അന്ധവിശ്വാസമാടീ.
നിന്നെ ആരു പഠിപ്പിച്ചെടീ ഇത്തരം വിവരക്കേടൊക്കെ?
എന്റെ അപ്പൻ പറഞ്ഞിട്ടുണ്ട്.
ആ മുതുക്കന് വിദ്യാഭ്യാസമുണ്ടോ, വിവരമുണ്ടോ?
അയാടെ തലയ്ക്കകത്തു അറക്കപ്പൊടിയാ.
എന്റെ അപ്പനെ പറ്റി വല്ലതും പറഞ്ഞാലുണ്ടല്ലോ?
നീയെന്നാ മുക്കിക്കോറി വലിച്ചു കളയുമോ?
നിന്റപ്പൻ ആ കള്ളക്കാഫറ്, എന്റെ സ്ത്രീധനം പോലും തീർത്തു തന്നില്ല.
എന്റപ്പനില്ലാരുന്നെങ്കിൽ നിങ്ങളു പട്ടിണി കിടന്നു ചത്തേനേം.
ചുണയുണ്ടെങ്കിൽ അപ്പനെ പറ്റി ഒന്നു കൂടി പറ!
പറയും.
മതി. നഖം വെട്ടണമെന്നു പറഞ്ഞപ്പം ഇത്രേം ആയപ്പോ നഖം വെട്ടിയിരുന്നേൽ എന്തായാനേ.
TOMS

## ബോബനും മോളിയും



ഉച്ചയായപ്പം വിരുന്നുകാരു വരുന്നു.
നിങ്ങള് ഊണിനു കൂടെയിരിക്കേണ്ട. ചോറു തികയുകേല.
എടീ, കുടിയ്ക്കാനെട്.
കഞ്ഞിവെള്ളമല്ലാതെ ഒന്നുമില്ല.
അതു മതി. ഇന്ത്യൻ സൂപ്പാണെന്നു പറയാം.
ചോറിനു പയറല്ലാതെ ഒരു കറീം ഇല്ല!
ചോറും പയറും കൂടി ഇളക്കിയിട്ട് പീസ് ബിരിയാണിയാന്നു പറയാം.
അപ്പം കറി വേണ്ട.
അല്ലെങ്കിൽ നമുക്കെല്ലാം അൻപതു നോയമ്പാണെന്നു പറയാം.
അപ്പം ഇറച്ചീം മീനും വേണ്ടല്ലോ!
ഞങ്ങൾക്കെല്ലാം അൻപതു നോയമ്പായ കാരണം മീനും ഇറച്ചീം കേറ്റുകേല.
അതു ഞങ്ങളറിഞ്ഞില്ലാ. കഷ്ടം!
കുളം വറ്റിച്ചപ്പോൾ നല്ല രണ്ടു മീൻ കിട്ടി. അതിവിടെ തരാനാ വന്നത്.
എടോ അതു കാറിലോട്ടു തന്നെ വച്ചോ. ഇവിടെല്ലാവർക്കും നോയമ്പാ.
കുറച്ചു മ്ലാവിറച്ചീം ഉണ്ടാരുന്നു. വേട്ടയ്ക്കു പോയപ്പം കിട്ടിയതാ.
എന്നാൽ ഞങ്ങളു പോട്ടെ.
ഈ വക ഇവിടെയോ ഇല്ല. വല്ലവന്റേം തിന്നാമെന്നു വച്ചാൽ അതിനും വേണം ഒരു യോഗം.
പിറേന്ന്
എടീ, ഇന്ന് പൗലോച്ചന്റെ മകടെ കല്യാണമല്ലേ. വേഗം ഒരുങ്ങ്.
ശരിയാ!
പോത്തൻ വക്കീലും ഭാര്യേം വരുന്നുണ്ടല്ലോ!
നിങ്ങൾക്കെല്ലാം നോയമ്പാണെന്നു പറഞ്ഞിട്ട്?

# ബോബനും മോളിയും



ഞാൻ ജീവിച്ചിരിക്കുമ്പോൾ നിങ്ങൾ മരിച്ചാൽ, ഞാൻ തൂങ്ങും.
മററു വല്ലവരുടേയും തോളിലായിരിക്കും.
പഞ്ചായത്തിൻെറ ഓണാഘോഷ പരിപാടികൾക്കു പോയില്ലേ?
വള്ളംകളിയിൽ വെള്ളത്തിൽ നീന്തലറിയാവുന്നവരെയേ പങ്കെടുപ്പിക്കുകയുള്ളത്രേ?!
നേവീടെ മുങ്ങൽ വിദഗ്ധന്മാരെ വരുത്താനുള്ള സാമ്പത്തികശേഷി പഞ്ചായത്തിനില്ലടാ.
എൻെറപ്പച്ചൻ നല്ലൊരു മുങ്ങൽ വിദഗ്ധനാ.
അറിയാം. സർക്കാരിൽ നിന്നും ലക്ഷങ്ങളും കൊണ്ടു മുങ്ങിയില്ലേ?
വരുന്നോ? ഓണാഘോഷത്തിന് കുട്ടികളുടെ മത്സരമുണ്ട്.
പക്ഷേ പത്തു വയസിനു താഴെയുള്ളവരെയേ പങ്കെടുപ്പിക്കൂ!
ഛേ!
വള്ളംകളിൽ പങ്കെടുപ്പിക്കുകേല. കുട്ടികളുടെ മത്സരത്തിലും പങ്കെടുപ്പിക്കുകേല.
നീയൊക്കെ വഴക്കാളികളല്ലോ. അതാ പത്തു വയസിനു താഴെ എന്നു വച്ചത്.
ഞങ്ങളും പത്തു വയസിനു താഴെയാ.
നിൻെറയൊക്കെ വയസ്സു പത്തിനു മുകളിനു മുകളിലാണെന്നു ഞാൻ തെളിയിക്കാം.
ഞങ്ങടെ വയസ്സു പത്തിനു താഴെയാണെന്നു ഞാൻ തെളിയിക്കാം.
നോക്ക്. പന്ത്രണ്ട് - പത്തിനു താഴെയല്ലേ?
TOMS

# ബോബനും മോളിയും




എസ്ക്കേർഷൻ പോകുമ്പം പോക്കറ്റിലെന്തേലും വേണ്ടേ?
കൊന്തയിരിക്കട്ടെ.
പോക്കറ്റിൽ കിടന്ന കാശില്ല!
പത്രപ്രമാണങ്ങളിൽ ആറാമത്തേക്കരുതെന്നല്ലേ?
അപ്പം അഞ്ചു പ്രാവശ്യം കക്കാമല്ലോ.
നാലുമണിക്കാ വണ്ടി പുറപ്പെടുന്നത്. അലാറം വച്ചേച്ചു കിടക്കാം.
ടൈംപീസ് ചത്തു. കീ കൊടുത്തില്ലാരുന്നു!
സമയം ഒരു പിടീം ഇല്ല.
വീട്ടുകാരേ സമയമെന്തായി?
അറിഞ്ഞുകൂടാ.
ടൈംപീസ് കറക്ട് ചെയ്യാനാ.
വീട്ടുകാരേ സമയമെന്തായി?
പണിയുണ്ട്.
പാതിരാത്രി കഴിഞ്ഞാലും കിടത്തിയുറക്കുകേലേടാ?
പാതിരാത്രിയോ? മണിപത്തേ ആയുള്ളൂ.
നോക്കടാ. രണ്ടു കഴിഞ്ഞ് നാല്പതു മിനിട്ട്.
അതൊന്നറിയാനായിരുന്നു.
TOMS

# ബോബനും മോളിയും


നിങ്ങളെ കാണാനാന്നു തോന്നുന്നു. കയറിപ്പോരു്. പട്ടിയില്ല.
ഞാനിവിടെയുണ്ടെന്നു പറയെടീ.
വഴിവെട്ട് പഞ്ചായത്തു പ്രസിഡൻറു വന്നു ഉൽഘാടനം ചെയ്യണം.
ചെയ്യാമല്ലോ.
വല്ലവന്റേം പുരയിടത്തിൽ കൂടിയുള്ള ബലമായ വെട്ടാന്നു വിചാരിക്കണം.
പാർട്ടിക്കാരു മുന്നിലുണ്ടടാ.
തിരിഞ്ഞോട്ടം മുന്നിലുണ്ടാവും
എടീ, ആ വഴി വെട്ടിയാൽ ആർക്കാ പ്രയോജനമെന്നറിയാമോ?
പ്രയോജനം ആശുപത്രിക്കാർക്ക്. നല്ല കോളായിരിക്കും.
പുലിക്കുടന്മാരു ചേട്ടാനുജന്മാരു പത്തുപേരാ. അവരെ ആർക്കും നേരിടാൻ പറ്റുവേല
നാളെയാ വഴിവെട്ട്
അവരു വഴി വെട്ടാനുള്ള തുമ്പാ മൂർച്ചിക്കുകയാ.
നിങ്ങടെ വറമ്പിൽ കൂടി വഴി വെട്ടുന്നതിനു് നിങ്ങളെന്തിനാ തൂമ്പാ ഒരുക്കുന്നതു്?
കുഴി വെട്ടാൻ
വഴി വെട്ടുന്നാവന്റെ!
എടീ ഒന്നു കുളിക്കണം. വഴിവെട്ടിനു പോകാറായി.
ഇപ്പഴെന്തിനാ കുളിക്കുന്നതു്? എതായാലും ശവം കുളിപ്പിക്കണം.
ഈ വഴിവെട്ട് ഞാൻ ഉൽഘാടനം ചെയ്യുന്നു.
ആരെടാ, പിടിയെടാ.
തട്ടെടാ അവനെ...
എന്തവാ നോക്കുന്നതു്?
അല്ലാ, വഴി നോക്കുവാരുന്നു.
വഴി വെട്ടാൻ തുടങ്ങിയതേയുള്ളൂ.
അല്ല, രക്ഷപെടാനുള്ള വഴി.

# ബോബനും മോളിയും


ഉണ്ണിനമ്പൂതിരിക്കു പെൺകുട്ടികളെ കാണുമ്പം ഭയങ്കര ലജ്ജയാ.
അതൊന്നു മാറ്റിയെടു ക്കണം.
ഹെഡ്മാസ്റ്റർ
ഗ്രേസി ടീച്ചറു തയ്യൽ ക്ലാസിലുണ്ട്. ഈ കത്തു ടീച്ചർക്കു കൊടുക്കണം.
ആ ക്ലാസിൽ മുഴുവൻ പെൺ കുട്ടികളാ.
കൊടു ത്തേ പറ്റൂ.
പെൺകുട്ടികൾ കൂട്ടത്തോടെ നോക്കു മ്പം ഞാനിന്നു തല കറങ്ങി വീഴും.
ഇങ്ങനാ ണോടാ കത്തു കൊടുക്കു ന്നത്?
കയ്യിൽ കൊടുക്കണ മെന്നു പറ ഞ്ഞില്ലല്ലോ?
എന്നാൽ ഇനി ഇതു ടീച്ചറിന്റെ കയ്യിൽ കൊടു ക്കണം.
എന്നെ കാണുമ്പം അവരൊക്കെ കുശുകുശുക്കാൻ തുടങ്ങും.
ഇങ്ങനെയാ ണോടാ കത്തു കൊടുക്കുന്ന ത്?
മുന്നിൽ നിന്നു കൊണ്ടു കൊടുക്കണം. ഞാനും കൂടെ വരുന്നുണ്ട്.
ഒരു പകാരം ചെയ്യണം. തയ്യൽ ക്ലാസിലെ ടീച്ചറി നെ ഹെഡ്മാസ്റ്ററു വിളിക്കുന്നെന്നു പറ!
പറ യാം.
കുട്ടികളേ ഞാനിപ്പം വരാം.
ഇതാ, ഒരു കത്തു ണ്ട്.
TOMS

ബോബനും മോളിയും



ഇന്ന് വട്ടത്തില ഒന്നൊന്നുമില്ല.
നമുക്ക പണംവച്ചു ചീട്ടുകളിക്കാം.
നിന്റെകൂടെ കളിക്കാൻ എനിക്കു കള്ള കളി വശമില്ല.
പ്ലീസ്. നമുക്കു ചീട്ടു കളിക്കാം.
പക്ഷെ നമ്മളു മൂന്നുപേരെ ഉണ്ടനാ കളിക്കുന്നത്?
സാലിയുണ്ടല്ലോ. അപ്പം നമ്മളു നാലു പേരാകും.
പക്ഷെ അവൾക്ക് ചീട്ടുകളി അറിയാൻമേല.
എന്നിട്ടവള് എൽസിയുമായിട്ട് കളിച്ചു പത്തു രൂപാ കളഞ്ഞെന്നു പറഞ്ഞല്ലോ.
അതാണല്ലോ ചീട്ടുകളി അറിയാൻ മേലന്നു പറഞ്ഞത്.
പ്ലീസ്.
മൊട്ടേ വിളിക്കാം.
അവൻ ലൈബ്രറിയിലിരുന്നു സ്കോളർഷിപ്പു പരീക്ഷക്കു പഠിക്കുകയാ.
രണ്ടുരൂപാ പകിടി തരാം കളിക്കാമോ?
അവനെ കെട്ടിവലിച്ചാൽ പോലും വരികേല. ഞാൻ നോക്കിയതാ.
ലൈബ്രറി
തീ പിടിച്ചാലും ഇറങ്ങി വരികേലന്നാ പറഞ്ഞത്.
ഞാനിറക്കാം.
വയറുനിറച്ച് ഐസ്ക്രീം പന്തയം.
വാക്കു മാറരുത്.
പാക്കിസ്ഥാനും ഇന്ത്യയുമായി ക്രിക്കറ്റു നടക്കാൻ പോണ്. ആരു ജയിക്കും?
ഇന്ത്യ ജയിക്കും.
പാക്കിസ്ഥാൻ ജയിക്കും.
നാണമില്ലല്ലോടാ പറയാൻ രാജ്യസ്നേഹം പോലുമില്ലാത്ത ശവൻ!
ഇന്ത്യ ജയിക്കും
ജയിക്കു കേലടാ.
നിശബ്ദത പാലിക്കുക എന്നെഴുതി വച്ചിരിക്കുന്നത് കണ്ടില്ലേ?
ഗെറ്റ് ഔട്ട്
എന്നാലിനി ചീട്ടുകളിയാവാം.
നാളെ മതി. ഇന്നത്തെ വട്ടത്തില വൊത്തു.
ഐസ്ക്രീം

# ബോബനും മോളിയും


ഞാൻ കെ.എം.എസ്.ലെ കണ്ടക്ടറാ, ചേട്ടനെ
വഴിയെ നടക്കാനും ടിക്കറ്റെടുക്കണോ?
അയ്യാള് ലോഹ്യം ചോദിച്ചതാ.
ഓടിക്കോ ആളെക്കൊല്ലി വരുന്നുണ്ട്.
ഒടുക്കത്തെ സ്പീഡാ.
ഞാൻ വണ്ടിയോടിച്ചാൽ ടയറു തേയുമെന്നു മുതലാളി എപ്പഴും പറയും.
അതെങ്ങനാ, ടയറു നിലത്തു തൊട്ടിട്ടു വേണ്ടേ?
കണ്ടക്ടർ ടെസ്റ്റിന് ഞാൻ പാസ്സായി.
ഒരു തീപ്പെട്ടിയ്ക്കകത്ത് എത്ര കൊള്ളി തിരുകി കയറ്റാമെന്നായിരുന്നു ടെസ്റ്റ്. ഞാൻ 250 കൊള്ളി തിരുകി.
മത്സരപ്പാച്ചിലാ.
ആളിറങ്ങണം.
പിന്നെന്തിനാടാ കയറിയത്?
പുതിയ ബസാ. റൂട്ടിലിറക്കിയിട്ട് നാലു ദിവസമേ ആയുള്ളൂ.
ആദ്യത്തെ മറിച്ചിലാകുമ്പം ഒരു മന്ത്രി വന്നു ഉൽഘാടിക്കേണ്ടതാരുന്നു.
ബസ് കൊക്കയിലേക്കു മറിഞ്ഞു. പതിമൂന്നു മരണം.
പണ്ടൊരു ബസ് ഡ്രൈവറും പുരോഹിതനും മരിച്ചു പരലോകത്തിൽ ചെന്നു.
ആ കഥ കേട്ടിട്ടുണ്ടോ?
ഇല്ല. എന്നാൽ പറയാം.
സ്വർഗ്ഗത്തിലെത്തിയ രണ്ടുപേരും വാതുക്കൽ മുട്ടി.
വിശുദ്ധ പത്രോസ് എത്തി കതകു തുറന്ന് ഡ്രൈവറെ കൂട്ടി അകത്തേയ്ക്കു പോയി
പുരോഹിതൻ കാര്യമാരാഞ്ഞു.
വിശുദ്ധ പത്രോസ് ശാന്തനായി പറഞ്ഞു...
അയാൾ ബസ് ഓടിച്ചപ്പോൾ ബസിലിരുന്നവർ ദൈവത്തെ വിളിച്ചു പ്രാർത്ഥിക്കുകയായിരുന്നു.
എന്നാൽ നിങ്ങൾ പ്രസംഗിച്ചപ്പോളാകട്ടെ, ജനങ്ങൾ ഉറങ്ങുകയായിരുന്നു.
TOMS

## ബോബനും മോളിയും


ചങ്ങാതിയെയാണോ തപ്പുന്നത്? നാലു മണിയാവും. നമ്മ കോളേജിന്റെ പടിക്കൽക്കാണും..
അവിടില്ലല്ലോ?
ചത്തൂന്ന വിചാരിച്ചോണ്ടാൽ മതി.
ഹലോ
നിന്നെ രണ്ടാഴ്ചയായിട്ടു കാണാനില്ലായിരുന്നല്ലോ?
WOMEN
സുഖമില്ലാതെ മെഡിക്കൽ കോളേജ് ആശുപത്രിയിലായിരുന്നു.
സാറെ നല്ല റിബണുണ്ട്.
വെള്ളപ്രാവുകളെപ്പോലെ പറന്നു നടക്കുന്ന സുന്ദരികളായ നേഴ്സുമാരുണ്ടവിടെ.
വേദനയ്ക്കു പുറത്തു തൈലം പുരട്ടിയ ശേഷം ..
വെണ്ണ നെയ്യ് മാതിരിയുള്ള ആ കൈകൾ കൊണ്ടു തലോടും.
റോസാപ്പൂവിന്റെ മേനിയഴകുള്ള സുന്ദരികൾ നാഡി പിടിക്കും, കൈ പിടിച്ചു തലോടും, താടിക്കു പിടിച്ചു മരുന്നു തരും.. .
മെഡിക്കൽ കോളേജിൽ പഠിക്കുന്ന ലലനാമണികൾ ചുറ്റിനും പൊതിയും. ഓരോന്നു ചോദിക്കുമ്പോൾ
ദേവസുന്ദരികളുടെ നടുവിൽ ഞാനും മായാലോകത്തിലാണെന്നു തോന്നും.
സ്വാമി ശരണം
അല്ല, നിനക്കെന്താ പനി വരാൻ കാരണം?
ഞാനൊരു ദിവസം മഴ നനഞ്ഞു. അതാ പനി വരാൻ കാരണം.
മഴ വരണേ... മഴ വരണേ... മഴ വരണേ...
ഇനി അടുത്ത ഇടവപ്പാതി വരണം.
കൃത്രിമ മഴ പെയ്യിക്കാം. ചിലവുണ്ട്.
പനി വരണേ.. പനി വരണേ.. പനി വരണേ..
പനി വന്നില്ലെങ്കിലും തലയെങ്കിലും ഒന്നു തണുക്കട്ടെ!
ടോംസ്

# ബോബനും മോളിയും



ചേട്ടനെന്താ താറാവിനെ ഒക്കെ...?
എന്റെ മകനിന്നൊരു കല്യാണക്കാരു വരുന്നുണ്ട് മോളീ.
ചേട്ടാ, എന്തെങ്കിലും സഹായം വേണോ? നമ്മളെല്ലാം അയൽപക്കമല്ലേന്നു വിചാരിച്ചാ.
പിള്ളേർക്കു പറ്റിയ ഒരു ജോലി ഞാൻ തരാം.
ഇവിടിരുന്നോ. കല്യാണാലോചനക്കാരെ ദൂരേന്നു കാണുമ്പോൾ എന്റടുത്തു വന്നു പറയണം.
അതാ, ഇങ്ങോട്ടു തന്നെ വരുന്നു.
ചേട്ടാ, വന്നു കഴിഞ്ഞു. അതാ നമ്മുടെ പടിക്കലെത്തി.
വരണം വരണം വന്നാട്ടെ!
ഒരു രണ്ടു ദിവസം കൂടി നേരത്തെ വരണമെന്നു വിചാരിച്ചതാ പറ്റിയില്ല.
എന്നാൽ കാര്യങ്ങളൊക്കെ അങ്ങു പറഞ്ഞേക്ക്.
എന്തെങ്കിലും പറയുന്നതിനു മുൻപ് ആദ്യമായി ഊണു കഴിക്കാം. ബാക്കിയൊക്കെ പിന്നെ.
ചേട്ടനാകെ പിള്ളേരെത്രയാ?
ചെറുക്കനുൾപ്പെടെ ആകെ ആറ്. മൂത്തവനാ ചെറുക്കൻ.
ഓഹോ, അപ്പോൾ അംഗങ്ങള് എട്ടുണ്ടല്ലോ വീട്ടില്.
ചെറുക്കൻ മെട്രിക്കുലേഷന്റെ താഴത്തേതിന്റെ താഴത്തേതിലാ പഠിത്തം.
പിന്നെ, സ്ത്രീധനം ഒരു ലക്ഷം രൂപയിൽ ഒരു പൈസ കുറഞ്ഞാൽ അവൻ കെട്ടുന്നില്ലെന്നങ്ങു വെച്ചോ.
അതൊക്കെ നിങ്ങടെ കാര്യം. എനിക്കറിയേണ്ടതു മറ്റു ചില സംഗതികളാ.
കുടിക്കുവോ നാരിക്കം?
കുടിക്കുവോ കുടിക്കാതിരിക്കുവോ ചെയ്യട്ടെ. പെണ്ണിന്റെ നമ്പർ പറ ആദ്യം.
നമ്പരോ?!! അപ്പോൾ നമ്മള് ??
ഞാൻ സെൻസസ് എടുക്കാൻ വന്നതാ.
ഓ. ആ മിഞ്ഞ വമ്മാരു തേണ്ട വരുന്നേയുള്ളൂ!

# ബോബനും മോളിയും



ഇഷ്ടം തെരഞ്ഞെടുപ്പ് നടത്തിയാൽ മാർക്സിസ്റ്റ് ജയിക്കും.
കോൺ. ഐ. ജയിക്കും.
S ജയിക്കും
നമുക്ക് ജനാധിപത്യ രീതിയിൽ തന്നെ അതു തീരുമാനിക്കാമല്ലോ.
നമുക്കൊരു ടെസ്റ്റ് ഇലക്ഷൻ നടത്താം. ഈ വാർഡിൽ 800 വോട്ടറന്മാരുണ്ട്.
ഓരോ പാർട്ടിക്കും ഓരോ പെട്ടി.
അതു കൊള്ളാം. ആരു ജയിക്കുമെന്ന് അപ്പഴ് അറിയാം.
മകനു കല്യാണം വേണ്ടന്നാ അവൻ പറയുന്നത്. കുതിരവട്ടം മാനസികാശുപത്രിയിൽ അവനൊരു അറ്റന്റർ പണിക്ക് അപേക്ഷിച്ചിട്ടുണ്ട്.
തെരഞ്ഞെടുപ്പ് ഈ സ്കൂളിൽ വച്ച് എന്താ?
ശരി
ഇതാ ഓരോ പാർട്ടിക്കും ഓരോ പെട്ടി.
വേറിട്ടൊരു പെട്ടി ഞാനും വയ്ക്കും. എന്നതാണെന്ന് ഇപ്പം പറയുകേല.
പ്രിയപ്പെട്ട നാട്ടുകാരേ
നിങ്ങളുടെ ഓരോ വോട്ടും
ഒരേ വേദി
രാഷ്ട്രീയ നേതാക്കൾ ബുദ്ധിരാക്ഷസന്മാരാണെന്നാ പറയുക.
ബുദ്ധിയുള്ള രാക്ഷസന്മാരെന്നു പറയുന്നതാവും ശരി.
ഇങ്ങനെ ചിഹ്നം രേഖപ്പെടുത്തി വോട്ടു ചെയ്യുന്നതിന്റെ അർത്ഥമെന്താ?
ഇവക്കൊക്കെ വോട്ടു ചെയ്യുന്നത് തെറ്റാണെന്നുള്ളതാവും.
പോളിങ് ബൂത്ത്
ഇനി നമുക്ക് പെട്ടികൾ പൊട്ടിക്കാം.
ഇതാ, ഇതിനകത്ത് ഒരു വോട്ടുണ്ട്.
അപ്പച്ചന്റെ ഭാര്യയുടെ വോട്ടോ?!
മറ്റാർക്കെങ്കിലും ചെയ്യുകാണും.
ഇതാ, ഇതിനകത്ത് ഒരു വോട്ടുണ്ട്. അത് അസാധുവാ.
?
ഇതിനകത്ത് രണ്ടിലും ഓരോ വോട്ട്. ഒരെണ്ണത്തിനകത്തു ഒന്നും ഇല്ല!
ഇനി വേറിട്ടൊരു പെട്ടി ഞാൻ വച്ചതു പൊട്ടിക്കുന്നുണ്ട്.
പ്രസിഡന്റു ഭരണമെന്നു രേഖപ്പെടുത്തിയിരുന്ന പെട്ടി!
TOMS


# ബോബനും മോളിയും


നീ കുർബ്ബാനേടെ സമയത്തു ഉറങ്ങുന്നതു കണ്ടു. എടാ, കുർബ്ബാനെന്നു പറയുന്നതു കാൽവരിയിൽ നടന്ന ബലിയാ. അറിയാമോട
കാൽവരിയിൽ ബലി നടന്നപ്പം വിശുദ്ധ പത്രോസ് ഉറങ്ങിയില്ലേ?
ചേട്ടനും ചേടത്തിയും തമ്മിൽ മുട്ടൻ വഴക്ക്
ഒരു സ്റ്റണ്ട് ചിത്രം കണ്ടിട്ട് ഒത്തിരി നാളായി
രാജാവിനെ റാണി കൊണ്ടു വെട്ടുകയോ?
ഇത വനിതാ വർഷമല്ലേ?
ഞാൻ ഓർക്കുന്നില്ലാ. കിംഗ്സ് ചെയിംബർ!
ഞാൻ പ്രിൻസ് ചെയിംബറിലും.
മോളീ, നീ ചവിട്ടു നാടകം കണ്ടിട്ടുണ്ടോ?
ഓടിവായോ
ചേട്ടൻ കെട്ടിത്തൊന്നു ചാകാൻ പോണു!
അവളുടെ ആഗ്രഹമിതല്ലേ. അതു തന്നെ നടക്കട്ടെ.
തെറ്റ്. ചേട്ടൻ ചാകണമെന്ന് ചേടത്തി ഒരിക്കലും ആഗ്രഹിക്കുകേല.
വിടെടാ എന്നെ.
അവിവേകം കാണിക്കരുത്.
ഓടി വാ യോ..
എന്തിനും പരിഹാരമുണ്ടാക്കാം. ഞാ, നാ പറഞ്ഞത്.
കാര്യമുള്ളതാണെങ്കിലും വേണ്ടില്ല! ഒരു അയ കെട്ടിക്കൊടുക്കുന്നതിനെ ചൊല്ലിയായിരുന്നു ഈ വഴക്കെല്ലാം!

# ബോബനും മോളിയും


ഇതെന്നാടാ ഡ്രോയിങ്ങ് പരീക്ഷയ്ക്ക് പൂജ്യം?
കോഴിയെ വരക്കാനാ പറഞ്ഞത്.
മുട്ട വരയ്ക്കാൻ മറന്നു പോയതാണ്. അപ്പം ടീച്ചറു മുട്ട വരച്ചതാ.
ഇന്ന് ഇന്ദിരാ ഗാന്ധീടെ ചരമ ദിനമാ.
നമുക്കു ദു:ഖാചരണം വേണം.
അവനിപ്പഴേ ദു:ഖാചരണം തുടങ്ങി.
ഇരുന്നു വീണു.
ഇന്നു മുഴുവൻ ഉപവാസമായാലോ?
ബ്രാണ്ടിയാണോടാ?
ടോണിക്കാ.
ആർക്കാണെന്നു ചോദിച്ചില്ലല്ലോ.
ഉപവാസം ഇന്നു വേണ്ട. ഇന്നു നമ്മുടെ വീട്ടിൽ കോഴിയെ കൊല്ലുന്നുണ്ട്.
ഉപവാസം ഇന്നു വേണ്ട. ഇന്നു ഞങ്ങടെ വയറ്റിൽ നല്ല സുഖമില്ല.
മൂന്നു നേരോം ഒന്നും കഴിക്കാതിരുന്നാൽ തല കറങ്ങും.
എന്നാൽ നമുക്ക് അത്താഴം മാത്രം ഉപേക്ഷിക്കാം.
അതു നല്ല കാര്യമാ.
ഇന്ന് എല്ലാരും അത്താഴം ഉപേക്ഷിക്കണം.
ഇന്ന് അത്താഴം ഉപേക്ഷിക്കണം.
നാളെ വന്നു പഴങ്കഞ്ഞി കുടിച്ചോളാമോ?
എല്ലാർക്കും പിരിയാം.
പാതിരാത്രി കഴിഞ്ഞാൽ കഴിക്കാമോ?
പാതിരാത്രി കഴിയുമ്പം ഈ ദിവസം കഴിയുമല്ലോ. നമുക്കു പ്രസിഡന്റിനോടൊന്നു ചോദിക്കാം.
അത്താഴമെന്നു പറയുന്നത് രാത്രിയിൽ കഴിക്കുന്നതല്ലേ? ഇപ്പം സന്ധ്യ കഴിയാൻ പോണതേയുള്ളൂ.
TOMS

## ബോബനും മോളിയും



സഖ്യത്തിന്റെ
പുതിയ പ്രസിഡന്റല്ലേ.
ഒരു സ്വീകരണം
തരാം.
ന്റമ്മോ!!
ഇത്ര നിറയെ
കടിയനുറുമ്പാ!?
ഒരു തേനീച്ച
ക്കൂടല്ലേ?
നമുക്കാ
പഹയന്മാരെ
ഒന്നു പറ്റി
ക്കണം.
ബോബാ....
ഓടി വാ. ഒരു
തേനീച്ചക്കൂട്
നമുക്കു
തകർക്കണം.
നിനക്കു
മാത്രമേ അതി
നുള്ള ധൈര്യ
മുള്ളൂ!
വള്ളത്തിന്റെ ഈ
നയമ്പിന് ഒരു കീറ
ങ്ങട് കൊടുത്താൽ
ഒറ്റയെണ്ണം ശേഷി
ക്കുകേല!
നിനക്കാ
നല്ല
ഉന്നം.
ഇങ്ങോട്ടു കൊട്.
ഞാനടിക്കാം.
അവനടിക്കാൻ
ഓങ്ങുമ്പം നമുക്ക്
ഓടണം.
കീറി
ക്കോ

# ബോബനും മോളിയും




എങ്ങോട്ടാ ഗമേല്?
ഒരു ഡിക്ഷ്ണറി വാങ്ങാൻ
പുത്തനുടുപ്പിട്ടാൽ ചൊറിയുമോ മൊട്ടേ?
കാണുന്നവർക്കു ചൊറിയും.
ഇതു ജോൺസൻെറ ഡിക്ഷ്ണറിയാ.
ജോൺസൻെറ കഴിഞ്ഞു പഴേ വിലയ്ക്കു മേടിച്ചതാവും.
BOO
വിലയെന്താ?
ഇതേൽക്കാണുന്ന വില തന്നാൽ മതി.
Rs.91
ഇതിൻെറ ചില പേജെല്ലാം തലതിരിഞ്ഞാണല്ലോ കിട ക്കുന്നത്?
അതു സാരമില്ല. തല തിരിച്ചു പിടിച്ചങ്ങു വായിച്ചാൽ മതി.
എന്നാലും മതി. വിലയൊന്നു പറഞ്ഞാട്ടെ.
ഒന്നും പറയാനില്ല. അതേൽക്കാണുന്നതിങ്ങു തന്നാൽ മതി.
BO
ഇതാ. എണ്ണിയെടുത്തോ!
BO
എടാ, കാന്താരീ ഇതു പതിനാറു രൂപയേയുള്ളൂ. തൊണ്ണൂറ്റി ഒന്നാ വില!
BO
തല തിരിച്ചു പിടിച്ചപ്പം അങ്ങനെയാ കണ്ടത്.
ടോംസ്.

# ബോബനും മോളിയും




ആർക്കൊക്കെയാ ഇനി ബാക്കി കിട്ടാനുള്ളത്?
ചില്ലറയില്ല. ഇതാ ഒരു രൂപാ. മാറിയെടുത്തോണം. ഓരോരുത്തർക്കും വരാനുള്ള ബാക്കി എത്രയാണെന്നു പറഞ്ഞതോർമ്മയുണ്ടല്ലോ?
ഉണ്ട്
ഉണ്ട്
ഉണ്ട്
നാലു കടേൽ ചോദിച്ചിട്ടും ചില്ലറയില്ല!!
ആ മുറുക്കാൻ കടേന്നു ഞങ്ങളു പഴം മേടിക്കാം. അപ്പോൾ ബാക്കി ചില്ലറ കിട്ടും.
ശരി
സിഗരറ്റിന്റെ ബാക്കി 45 പൈസ എനിക്കു വരും.
എനിക്കു പതിനഞ്ചും.
ചില്ലറ ഇല്ല.
രണ്ടു പഴത്തിന്റെ അറുപതു പൈസ ഇങ്ങോട്ടു വരും. അതിവർക്കു രണ്ടു പേർക്കായിട്ടു കൊടുത്തേര്. 45-ഉം 15-ഉം.
സമയമങ്ങു പോണേ!!
ആ ശീതളപാനീയക്കാരനെ ഒന്നു സമീപിച്ചു നോക്കിയാലറിയാം. ഇവിടെ നില്ല്.
മുപ്പത്തഞ്ചും മുപ്പത്തഞ്ചും എഴുപത്. ചില്ലറയില്ല.
ഇവരു മൂന്നു പേരും ഇവിടുന്നു ബാക്കി കൊടുക്കാനുള്ള ചില്ലറയ്ക്കു കാത്തിരിക്കുന്നവരാ. 70 പൈസാ......
...ഇവർക്കു മൂന്നു പേർക്കായിട്ടു കൊടുത്തേര്. 30-ഉം 25-ഉം 15-ഉം
ആ ചായക്കടേൽക്കൂടി ഒന്നു ശ്രമിച്ചു നോക്കിയാലോന്നു വിചാരിക്കുന്നു.
രണ്ടു പേർ എഴുപത്തിയഞ്ചു പൈസ
ചില്ലറയില്ല. 75 പൈസ ആ നാലു പേർക്കായിട്ടു കൊടുത്തേര്. 25-ഉം 30-ഉം 15-ഉം 5-ഉം വീതം.
ഇന്നാ, ഒരു രൂപാ. നിങ്ങളൊക്കെത്തന്നെ കൊണ്ടുവീതിച്ചെടുക്ക്.
ബസ്സേന്നു കൂടി എല്പിച്ച പത്തു പൈസാ, ഞങ്ങളു പ്രതീക്ഷിച്ചിരിക്കുന്നു!
?!!!


# ബോബനും മോളിയും


ഭരതൻ തറയിൽക്കിട നുറങ്ങാൻ കാരണമെന്താ?
തറയ്ക്ക് നല്ല തണുപ്പുണ്ടായിരുന്നു.
ശ്രീരാമൻ വനവാസത്തിനു പോയപ്പോൾ ഭരതൻ നിലത്തു കിടന്നുറങ്ങാൻ കാരണം ?
കട്ടില് ശ്രീരാമൻ കൊണ്ടു പോയിക്കാണും.
എന്തിനാടീ തലയണ?

## ബോബനും മോളിയും


നീ അറിയുമോടാ? ഇവിടുത്തെ ഒരു വലിയ വക്കീലാ. ഞങ്ങൾ ഉറ്റ സ്നേഹിതന്മാരാണ്.
അദ്ദേഹമിന്നു നമ്മുടെ വീട്ടിലാ ചോറുണ്ണുന്നത്.
ഞങ്ങൾക്കു വേണ്ടി ഒന്നു വാദിക്കാമോ?
എല്ലാം തയ്യാറായി. വിളമ്പിയേക്കട്ടെ?
യെസ്!
ബോബനും മോളിയും കൂടി വരണം. ഒന്നിച്ചിരുന്നുണ്ണാം.
വേണ്ട. ഞങ്ങളു പന്നിയിറച്ചി കൂട്ടുകേല.
പന്നിയിറച്ചിയുടെ മണം കേട്ടാൽ ഓക്കാനമാ.
പന്നിയിറച്ചി അല്ലെടീ. നല്ല താറാവിറച്ചിയാ.
താറാവിറച്ചിയാണെങ്കിൽ എനിക്കിഷ്ടമാ,
താറാവിന്റെ തുട വറുത്തതാണു ഞങ്ങൾക്കേറ്റവും ഇഷ്ടം.
ഇന്നലെ സൈക്കിളു മുട്ടിയ ഒരു കേസുണ്ടായിരുന്നു. വക്കീൽ ഫീസായിട്ടു കിട്ടിയതു രണ്ടു താറാവാ. ആഘോഷമായിട്ടൊരു ഡിന്നറങ്ങു തയ്യാറാക്കി
അപ്പഴാ നിങ്ങളു കൂടി ഉണ്ണാൻ വരുന്നെന്നു ഫോൺ കിട്ടിയത്.
ആഴ്ച തോറും അവന്റെ മേത്തു സൈക്കിളു മുട്ടിയിരുന്നെങ്കിൽ മതിയായിരുന്നു.
ഡിന്നർ സെറ്റ് അലമാരിയുടെ പുറത്താ. എന്റെ കയ്യെത്തുന്നില്ല. ഒന്നെടുത്തു താ.
ഞാൻ വരാം.
സാറു സൈക്കിളിലാണോ ആപ്പീസിലേക്കു വരുന്നത്? എങ്കിലയാളുടെ മേൽവിലാസം ഞങ്ങളു തരാം.
ഏതലമാരിയിലാടീ?
അപ്പോൾ, ഇന്നിവിടെ പന്നിയിറച്ചിയാണെന്നു മോളിയോട് ആരാ പറഞ്ഞത്?
ഇന്നു പപ്പാ അമ്മച്ചിയോട് പറയുന്നതു കേട്ടു. ഡിന്നറിന് ഒരു പന്നി കൂടി ഉണ്ടായിരിക്കുമെന്ന്.

# ബോബനും മോളിയും



കേട്ടോടീ, ഏപ്രിലിൽ പഞ്ചായത്തു തിരഞ്ഞെടുപ്പുണ്ടെന്ന്.
ഇനി നാല്ല മാസമേയുള്ളൂ. നാട്ടുകാർക്കു വേണ്ടി വല്ലതും ചെയ്യാനുള്ള സമയമായി.
ഇതും കാലെന്തിനാ?
എടീ, നാട്ടുകാർക്കു വേണ്ടി ഒരു പാലം ഇട്ടു കൊടുക്കാം.
പിന്നെ നമ്മളു ഇതു ഇട്ടുന്നതോ?
അതു കൊണ്ടിത്തു കഴിയുമ്പഴല്ലേ. അന്നേരം തിരഞ്ഞെടുപ്പു കഴിയുമെടീ.
കലം എട്ടു കരെട്ട? ഇനിയെന്തിനാ കലം കമഴ്ത്തുന്നത്?
ഇനി മനുഷ്യരെയാ കമഴ്ത്തുന്നത്.
...ഉദാരമതിയും പരോപകാര വിശ്രുതനുമായ "പഞ്ചായത്ത് പ്രസിഡന്റ്" നാട്ടുകാർക്കു സംഭാവന നൽകുന്ന പാലത്തിന്റെ ഉദ്ഘാടനം അദ്ദേഹം തന്നെ നിർവ്വഹിക്കുന്നു...
ഉദ്ഘാടനത്തിന് കതിനാവെടി വേണം. കൊരവേം.
കൊരവ ഇടാൻ കുറെ കോളേജു കുട്ടികളെ ഏർപ്പാടാക്കണം.
പക്ഷേ, അവരു കൊരവ ഇടാൻ തുടങ്ങിയാൽ വെടീടെ ശബ്ദം കേൾക്കുകേല.
പത്രത്തിനു പടം എടുക്കുന്നവനെ വേണം.
ശരി
മഹത്തായ പാലം ഉദ്ഘാടനം
നാട്ടുകാർക്കു വേണ്ടിയാ അങ്ങോട്ടു ചുമക്ക്
നാട്ടുകാർക്കു വേണ്ടി ചേട്ടൻ തന്നെ ചുമക്കണം. നാട്ടുകാരു ചേട്ടനെ ചുമക്കുന്നില്ലേ?
അങ്ങനെ മണ്ണടിഞ്ഞു കിടന്ന എന്റെ ഒരാഗ്രഹം ഇന്നു സഫലീകരിക്കുകയാണ്.
ആദ്യമായി ഞാൻ തന്നെ കയറിക്കൊണ്ട് ഇതിന്റെ ഉൽഘാടനം നിർവ്വഹിക്കാം.
പടമെടുക്കാൻ വരട്ടെ. തുണിയൊന്നു തപ്പിയെടുക്കണം.

## ബോബനും മോളിയും



കൊള്ളാം. ഒരാഴ്ചത്തേയ്ക്കുള്ള പരിപാടിയായി.
എലി നശീകരണ വാരം
സോണി! എലി നശീകരണ വാരം ആഘോഷിക്കുന്നില്ലേ?
ഞങ്ങടെ വീട്ടിൽ എലിയെന്നു പറഞ്ഞവന്റെ പൂട പോലും കാണുകേല. മൂന്നു പെണ്ണുങ്ങളാ പാട്ടു പഠിക്കുന്നത്.
പൊടിക്കുപ്പി എവിടെയോ വച്ചു മറന്നു.
ഇനി എന്തു പാട്ടു പെട്ടാലാ അതൊന്നു പൂട്ടി വയ്ക്കുന്നത്?
എലി കത്രികയാ
എലിനശി
എലിവിഷം വച്ചു കളയാം.
എന്റെ ബലമായ സംശയം ആത്മഹത്യയാണെന്നുള്ളതാ.
ഈ മാളത്തിനകത്തു നോക്കിക്കളയാം. എലി കണ്ടേക്കും.
മാളത്തിനകത്തില്ല!
കുറച്ചു കഴിഞ്ഞിട്ടാണെങ്കിലും മതി. ഇപ്പോൾ വിചാരണ കൂടാതെ തടങ്കലിൽ വയ്ക്കാമെന്നുണ്ട്.
വേണ്ട. ഇന്നേ തട്ടിയേക്കാം.
വാൾപോസ്റ്ററുകൾ ഒട്ടിക്കാൻ കിടക്കുന്നു.
എലി നശീകരണവാരം
നശീകരണവാരം
ടോംസ്

ബോബനും മോളിയും


എങ്ങോട്ടാ?
മുൻപോട്ട്.
അതെന്നു തുടങ്ങി?
എടാ, ഒരു കല്യാണത്തിനു പോകുവാ.
അരിശം കൂടിയതാ?
അയ്യോ? എൻെറ പല്ലു സെററു മറന്നു! പല്ലില്ലാതെ എന്തു കാര്യത്തിനാ കല്യാണത്തിനു പോകുന്നത്?
എൻെറ സെററു കണ്ടോടീ?
പല്ലു സെററ്
അതും പോക്കററിലിട്ടോണ്ടല്ലേ നിങ്ങളു പോയത്?
പോക്കററു കീറിയതാടാ?
ഞങ്ങടെ ക്ലാസിൽ പഠിക്കുന്ന ഒരു കുട്ടീടച്ഛൻ റെഡിമെയിഡു പല്ലു സെററു വില്ക്കുന്നുണ്ട്.
അങ്ങനേം കിട്ടുമോടാ?
ഇപ്പം അമ്മായമ്മമാരെ വരെ റെഡിമെയ്ഡു കിട്ടുന്ന കാലമാ.
എനിക്കു പററിയ പല്ലു സെററുണ്ടോ?
പിന്നെന്താ.
അതിത്തിരി അയവാ. ഇതൊന്നു വച്ചു നോക്ക്
ഇതു ശോഭിക്കുന്നുണ്ട്. ഇരുപതു രൂപാ.
വളരെ സഹായ വിലയാണല്ലോ ഇതു എടുത്തിരിക്കുന്നു.
പള്ളിയിൽ കുഴിവെട്ടാ.

## ബോബനും മോളിയും




നമ്മുടെ റോഡി കാറു കെട്ടിവലി ക്കാൻ ഞാനൊരു കയറു കൊണ്ടു വരട്ടെ!
ശരി, വേഗമാട്ടെ.
ഞ്ചീീ..
എന്റെ മോളീ, ഈ ഉമ്മാച്ചീടെ മുട്ടനാടിനിട്ടു കഴിഞ്ഞ കൊല്ലം ഞാൻ രണ്ടു തല്ലി. ഇന്നും അവന്റെ വൈരാഗ്യം തീർന്നി ട്ടില്ല. ഈ കട്ടുവാ ബനിയനിട്ടു ആരെക്കണ്ടാലും അന്നേരം ചാടി ഇടി കാച്ചും.
ഈ ബനിയനി ങ്ങോട്ടൂരിയ്ക്കേ!
ഞാനീ ബനിയനകത്തു കച്ചി നിറയ്ക്കാൻ പോകുവാ.
പത്തിടിയ്ക്കു നമ്മളെ വീടിന്റെ പടിക്കലാ!!
TOMS

# ബോബനും മോളിയും




ഗുഡ് മോണിങ്ങ്
മിസ്സിസ് പോത്തന്റെ ഹൗസ് ഒന്നു വിസിററു ചെയ്യണമെന്നു വിചാരിച്ചിട്ട് മെനി മെനി ഡെയ്സായി.
വളരെ നന്ദി
കോലാഹല സമാജത്തിന്റെ പ്രവർത്തകരാ. പ്രസിഡൻറും സെക്രട്ടറിയും.
നമ്മുടെ തയ്യൽ ക്ലാസ് ഉദ്ഘാടനം ചെയ്യാൻ മിസ്സിസ് ഭാരതീ സുമിത്രാസെന്നിനെ ക്ഷണിച്ചാലോ?
അവരു മൂന്നു പേരും വേണോ? ആരെങ്കിലും ഒരാളു പോരേ?
നമ്മുടെ സമാജത്തിന്റെ വാർത്തകളൊന്നും പത്രത്തിൽ വരുന്നില്ല.
അല്ലാതെ തന്നെ അവിടുത്തെ കോലാഹലം നാട്ടു മുഴുവൻ അറിയുന്നുണ്ട്.
ഒരു നാഴി പൊടിയെടുത്ത് വേഗം രണ്ടു കുറ്റി പുട്ടൊന്നു പുഴുങ്ങിയേര്. ഞാനവരെ ഒന്നു സൽക്കരിക്കട്ടെ.
എല്ലാം ഞങ്ങളേറ്റു. അമ്മച്ചി അതുവരെ അവരോടു വല്ലതും പ്രസംഗിച്ചോളൂ.
കുറ്റിയിൽ ആവി വന്നു. മാറിയ്ക്കോ ഇനി പൊടി വാരി ഇടട്ടെ.
പച്ച വിറകാ. ഊതി ഊതി കുടലു വായിൽ വന്നു!
എത്ര വാരിയിട്ടിട്ടും ഈ കുറ്റി നിറയുന്നില്ലല്ലോ?!
രണ്ടു കുറ്റി പുട്ടിനുണ്ടാകുമെന്നു കരുതിയത് ഇപ്പോൾ ഒരു കുറ്റിക്കു പോലും തികയുമെന്നു തോന്നുന്നില്ല.
അമ്പേ! എന്തൊരു പെരുവയറൻ കുറ്റിയാ ഇത്! എന്നിട്ടും
നിറഞ്ഞില്ല!! പൊടി മുഴുവൻ തീർന്നു!!
കർത്താവേ!! കുറ്റിയുടെ അടിയിൽ ചില്ലു വയ്ക്കാൻ മറന്നു പോയി !!
പുരക്കം പറഞ്ഞാൽ കടലിൽ കല്ലിട്ട മാതിരിയായി!
ഒരു പുതിയ പരിപാടി ആയിക്കളയാം. ഈ പഞ്ചസാര കൂടി അങ്ങോട്ടു ചെല്ലട്ടെ.
ആ വടി ഇട്ട് അങ്ങോട്ടു കുത്തി ഇളക്കിക്കോ.
ശരി ചേട്ടാ!
ആവൂ! ഇതെന്താണ്? ഐസ്ക്രീം!
അല്ല.. ഇത് ഇന്ത്യൻ ക്രീം
സരള മുൻപ് നല്ലൊരു പാചകക്കാരിയായിരുന്നല്ലോ!
ഇപ്പൊഴൊക്കെ എനിക്കതിനുള്ള ഒരു മൂഡില്ല.
പാചകം ഒരു കലയല്ലേ? എല്ലാ കലകൾക്കും അതിന്റേതായ ഒരു "മൂഡു" ണ്ടാവണം.
വെരി ഫൈൻ സ്വീറ്റ്!!
പുട്ടെന്താടീ വേണ്ടാന്നു വച്ചത്? പൊടി നനച്ചതു ശരിയായില്ലായിരുന്നോ?
പൊടി നനച്ചതു ശരിയായി. പക്ഷേ, കുടി ല്ലായിരുന്നു.

# ബോബനും മോളിയും




രാവിലെ ഒരു പീരീഡു താമസിച്ചാ വന്നിരിക്കുന്നത്.
ഈശ്വരാ വഴിതടഞ്ഞു.
മുഖത്തു നോക്കി കളവുപറയുന്നതെന്നാ-
മതി. ഇനി നമുക്കു പാഠത്തിലേക്കു കടക്കാം.
മഴ പെയ്ത് പാടമെല്ലാം മുങ്ങിക്കിടക്കുവാ.
എന്നിട്ട് നീ മുങ്ങിയില്ലേടാ? ഭാഗ്യം.
കണക്കിന്റെ പീരീഡു വരുമ്പം അവൻ മുങ്ങിക്കോളും.
സാർ, ഈ കുട്ടി വർത്തമാനം പറയുകയാ. ഒന്നും കേൾക്കാൻ മേലാ.
നിനക്കു കേൾക്കാനുള്ളതൊന്നുമല്ല പറയുന്നത്.
സൈ. ലൻസ്.
ഞാൻ ക്ലാസിലെന്തുവാ പറഞ്ഞത്? കേൾക്കട്ടെ.
സൈലൻസ്.
പറഞ്ഞേ
മീനെ പിടിച്ചു കരയ്ക്കിട്ടാൽ എന്തു സംഭവിക്കുന്നു?
കാക്കയെടുത്തോണ്ടു പോകും.
ഹോം വർക്കും ചെയ്തില്ല. അല്ലേ?
ബെഞ്ചേൽ കേറി നില്ലെടാ.
നാളെ പത്തു കണക്ക് ഹോം വർക്ക ചെയ്തോണ്ടു വരണം.
തൂക്കിക്കൊന്നേക്കു വാരുന്നു ഭേദം.
ഇന്നു കണി കണ്ടത് ഏതു പട്ടിയെ ആണോ?
എഴുന്നേറ്റപാടെ കണ്ണാടിയിൽ നോക്കിക്കാണും.
ഏണിയോ?
ഇന്നലെ ഒരു കണക്കു ചെയ്യാതെ വന്നപ്പം ബെഞ്ചേൽ കയറാൻ പറഞ്ഞു.
അക്കണക്കിന് ഇന്നു മേൽക്കൂരമേൽ കേറേണ്ടി വരും!
TOM's

## ബോബനും മോളിയും



അച്ചോ, നോയ്മ്പു കാലമല്ലേ പിള്ളേർക്കതേപ്പറ്റി യാതൊരു വിവരവുമില്ല. വല്ലതും പറഞ്ഞു കൊടുക്കണം.
മോളീ എന്താ സുഖമാണോ?
നോയിമ്പുകാലമായതു കൊണ്ടുള്ള സുഖക്കുറവേയുള്ളൂ.
നോയ്മ്പു കാലമല്ലേ. ദിവസവും രാവിലെ പള്ളിയിൽ വരണം കേട്ടോ. പ്രാർത്ഥന മുടക്കരുത്.
മത്സ്യത്തിന്റേം മാംസത്തിന്റേയും കാര്യം വളരെ നിഷ്ക്കർഷയായിരിക്കണം. കേട്ടോ.
അപ്പോൾ മത്സ്യവും മാംസവും ഉപയോഗിക്കാൻ പാടില്ലന്നാണോ?
മത്സ്യവും മാംസവും കൈ കൊണ്ടു തൊട്ടു പോകരുത്. അതാണേറ്റവും പ്രധാനം
ഞാൻ പറഞ്ഞതെല്ലാം കേട്ടല്ലോ!
അച്ചൻ പറഞ്ഞതിനൊന്നും വ്യത്യാസം വരുത്തുകേല.
ഏയ്, സായിപ്പായിട്ടൊന്നുമല്ല. മത്സ്യവും മാംസവും കൈ കൊണ്ടു തൊടാൻ പാടില്ല.
TOMS

## ബോബനും മോളിയും



# ബോബനും മോളിയും



നിന്റെ പെര കെട്ടാൻ നിവൃത്തിയില്ല.
എന്റെ ബൈബിൾ ക്വിസ് വില്ക്കട്ടെ. നല്ല കമ്മീഷൻ കൊടുക്കാം.
ആയിരം ചോദ്യവും ഉത്തരവുമുണ്ട്.
ബസ്സ്റ്റാന്റിലും ആളു കൂടുന്നിടത്തുമൊക്കെ വിളിച്ചു പറഞ്ഞു വില്ക്കണം.
പുര കെട്ടാൻ ഒരു വഴി കണ്ടിട്ടുണ്ട്
ബൈബിൾ സംബന്ധമായ ആയിരം അറിവുകൾ
ആദ്യത്തെ സന്യാസ സമൂഹമേത്? ആദ്യത്തെ പള്ളിയേത്?..
ആദ്യം മാമ്മോദീസാ മുങ്ങിയ രാജാവാര്? രാജകുമാരനാര്?
ആദ്യത്തെ പുരോഹിതനാര്? മെത്രാനാര്?
കുരിശു കണ്ടെടുത്തതാര്? ജപമാല തുടങ്ങിയതാര്?
FP കൊല്ലം
രക്ഷയില്ല!
എനിക്കു വേറൊരു ഐഡിയാ.
ആദ്യത്തെ സിനിമയേത്? അതിലെ നായികയാര്?
രാധികയുടെ വയസെത്ര? യഥാർത്ഥ അച്ഛനാര്?
ആദ്യത്തെ ചുംബന ചിത്രമേത്? നടിയാര്?
മോഹൻലാലിന്റെ ഭാര്യയാര്? രഹസ്യ കാമുകിയാര്?
ജയറാമിന്റെ കാമുകിയാര്? കാമുകിയുടെ കാമുകനാര്?
വിഷം കഴിച്ച നടിയാര്? കഴിച്ചിട്ടും ചാകാത്ത നടിയാര്?
മമ്മൂട്ടിയുടെ ഭാര്യയാര്? കുട്ടികളെത്ര? കാമുകിമാരെത്ര?
ആദ്യ നടിയാര്? കിട്ടിയ അവാർഡെത്ര?
പിന്നീട്
ഓല മേഞ്ഞതാണോ? വീടു പണിതു.
TOMS

# ബോബനും മോളിയും



നാളെ സ്കൂളിൽ ഫാൻസി ഡ്രസ് മത്സരം
എനിക്കു പററിയ ഒരു വേഷം പറ.
എനിക്കു പററിയ ഒരു വേഷം അമ്മയി പറ.
കൊരങ്ങിന്റെ വേഷം നിനക്കു ചേരും.
ഏററവും പററിയതു ജീവിക്കാനുള്ള വേഷം
ഒരു പിച്ചക്കാരന്റെ വേഷമായാലോ?
അതു കൊള്ളാം.
അതിനു കീറിപ്പറിഞ്ഞതു വല്ലതുമുണ്ടോടി?
ഇവിടെ അതല്ലേ ഉള്ളൂ.
വേഷം കെട്ടിക്കാൻ ഞാനും വരാം.
ഇന്നൊരു ദിവസമെങ്കിലും കളിക്കാതെ കഴിക്കാം.
നിക്കറു കൂടി ഊരിക്കോ.
ഈ മുറി നമുക്കു വിട്ടു തന്നിരിക്കുകയാ, വേഷം കെട്ടാൻ
മൊട്ട ചട്ടമ്പിയായിട്ടാ
മത്സരം ആരംഭിക്കാൻ പോകുന്നു.
ബട്ടൻസു പറിഞ്ഞതാ, ഊരിപ്പോണ്.
ഊര്; തുന്നി തരാം.
അപ്പം തുണിയുടുക്കാതെ നില്ലാനോ?
കതകടച്ചേക്ക് ആരും കാണുകേല
ആരോ കതകിൽ കൊട്ടുന്നു!
ഡ്യൂം
ഡ്യൂം
ഡ്യൂം
തല്ക്കാലം അടുത്ത മുറിയിലേക്കു കയറിക്കോ.
ഈശ്വരാ! ഇതു മത്സരമായിരുന്നോ?!
ജഡ്ജ്
ഒന്നാം സമ്മാനം ബോബന്! ആദമിന്റെ വേഷം തന്മയത്വമായി അഭിനയിച്ചതിന്...

# ബോബനും മോളിയും


വൈദ്യരെ കാണണം. കാലിനൊരു വേദന പിന്നെ വയറിലുമുണ്ട്.
ഭഗവാനേ ഇതിയാനു വയറിലുമുണ്ടോ?
അല്ലടീ, വേദന വയറിലുമുണ്ടെന്ന്.
വ്യായാമമില്ലാഞ്ഞിട്ടാ ശരീരത്തിന് വേദനയൊക്കെ.
ഇയ്യിടെ വണ്ണം കൂടുന്നു. ഹാർട്ടിനു ചീത്തയാ. തടി കുറയ്ക്കണം.
അവളു തീറ്റി കുറയ്ക്കെടാ.
ഒരു മാസം കൊണ്ടു തടി കുറയ്ക്കാം. വെളുപ്പിനെ നാലു കിലോമീറ്റർ ഓടണം.
ഒരു ദിവസം ഓടി. അപ്പം മനുഷേരു ചോദിക്കുന്നു, ഇത്ര രാവിലെ വീട്ടിലെന്താ സംഭവമെന്ന്.
മനുഷേര് എഴുന്നേൽക്കുന്നതിനു മുൻപ് ഓടണം.
ഇരുട്ടത്തു പേടിയാ.
കൂട്ടിനു ഞങ്ങളു വരാം.
ഇങ്ങനെ ദിവസോം ഓടണം.
പത്രക്കാരൻ വരുന്നുണ്ട്.
ഇന്ത്യാ സൗത്ത് ആഫ്രിക്കാ ക്രിക്കറ്റു മാച്ച് എന്തായെന്നറിയണം.
ഈ സ്ട്രീറ്റ് ലൈറ്റിന്റെ വെളിച്ചം മതി.
ആവൂ! ഇതിച്ചു മുഴുവൻ വായിച്ചേ....
പട്ടി വരുന്നു.
രണ്ടു പട്ടി. കടിയനാ.
ഇതു മരത്തേലും കയറുന്ന ഇനമാ. ഈ പുരപ്പുറത്തു കയറാം.
പോലീസ്! പുരപ്പുറത്തു കള്ളൻ! ഓടിക്കുന്നു!
പട്ടി വന്നപ്പം ചേട്ടൻ ഓടിയാൽ മതിയായിരുന്നു.
താമസിച്ചു പോയെടാ. നിന്നെ ഇന്നലെ വഴിക്കുവച്ചു കണ്ടപ്പഴേ ഞാൻ ഓടേണ്ടതായിരുന്നു.
TOMS


ബോബനും മോളിയും
അത്താഴത്തിനരിയില്ല.
കാശില്ലടീ. ആഴ്ചയിലൊരിക്കൽ അത്താഴം ഉപേക്ഷിക്കണമെന്നാ ഇന്ദിരാ ഗാന്ധി പറഞ്ഞിരിക്കുന്നത്.
അഛം ഇന്ദിരാഗാന്ധീടെ അമ്മാനം വക്കീലായിരുന്നോ?
ഭക്ഷ്യപ്രശ്നം പരിഹരിക്കാനാ അത്താഴം ഉപേക്ഷിക്കണമെന്നു പറഞ്ഞത്.
ഇന്നു വെള്ളം കുടിച്ചോണ്ടു കിടക്കാം.
ആഴ്ചയിലൊരിക്കൽ വെള്ളം കുടിച്ചേച്ചു കിടക്കാമെങ്കിൽ നമുക്കു വെള്ളപ്പൊക്കവും നിയന്ത്രിക്കാം.
അതാ ആരാണ്ടും കാറിൽ വരുന്നു.
കതകടച്ചോ!
എടാ, ഞങ്ങള് ഇവിടില്ലെന്നു പറഞ്ഞേര്
അവരെല്ലാം ഊട്ടിയ്ക്കു പോയി.
ഈ എഴുത്ത് അവരു വരുമ്പം കൊടുത്തേക്കണം.
ഞാൻ കടം വാങ്ങിയിരുന്ന 1000 രൂപ തിരികെ തരാൻ വന്നതാണ്. ആളില്ലാത്തതു കൊണ്ട് തിരികെ പോകുന്നു.
അല്ലേലും നിങ്ങൾക്കു ശനിദശയാ. അത്താഴം കഴിക്കാൻ യോഗമില്ല.
വേഗം വീട്ടിലോട്ടു ചെല്ല്
പെട്രോളടിച്ചോണം. കാറുകൂലി തിരികെ വന്നിട്ടേയുള്ളൂ.
വീടെല്ലാം അടച്ചു പൂട്ടി ഇട്ടിരിക്കുകയാണല്ലോ?!
ഞാൻ അയൽക്കാരനാ.
വീടും പുരയിടോം വിറ്റു. അവരിപ്പം അങ്ങോട്ടു പോയതേയുള്ളൂ. മലബാറിനാ പോയത്.
നിങ്ങളോട്ടു വാങ്ങിയ 1000 രൂപാ പോകുന്ന വഴി കൊടുത്തേച്ചു പോകണമെന്നു പറഞ്ഞാണല്ലോ പോയത്. അതിലേ വന്നില്ലാരുന്നോ?
എനിക്കു വെറും ശനിയല്ല. കണ്ടകശനി!

## ബോബനും മോളിയും



അൻപതു പൈസാ തരണം.
നാണമില്ലേടാ അൻപതു പൈസാ ചോദിക്കാൻ ?
എന്നാൽ അൻപതു രൂപാ താ.
എബ്രഹാം ലിങ്കൺ, നിന്റെയൊക്കെ പ്രായത്തിൽ തന്നെത്താൻ വിറകു വെട്ടി വിററാണ് സ്വന്തയാവശ്യത്തിനു പണമുണ്ടാക്കിയിരുന്നത്.
പരാശ്രയം കൂടാതെ ജീവിക്കാൻ പഠിക്കണം.
പരാശ്രയം കൂടാതെ തിന്നും.
മഹാത്മാഗാന്ധി ചോദിച്ചാൽ പണം കിട്ടാഞ്ഞിട്ടാണോ നിത്യച്ചിലവിനു നൂലു നൂററത്?
അതു കൊണ്ടു പണമുണ്ടാക്കാനല്ല പണി വല്ലതും നോക്ക്.
?
വില്ലാൻ തയ്യാർ
TOMS

## ബോബനും മോളിയും


മുനിസിപ്പൽ പാർക്കിൽ സിനിമാക്കാരു ഷൂട്ടിങ്ങിനു വരുന്നു.
കാട്ടിൽ വച്ചു നടക്കുന്ന വല്ല സീനും ഷൂട്ടു ചെയ്യാനാവും.
CAMERA
ഹെഡ്ലോഡു വർക്കേഴ്സ് കടത്തിവിടുകേല. വണ്ടി സഹിതം ചുമന്നോളാമെന്നാ പറയുന്നത്.
FILMS
ചുട്ട മുതൽ ചുടലവരെ ചുമട്ടും താങ്ങി
PRODUCTIONS
എന്തോന്നാ ചുട്ട മുതൽ എന്നു വച്ചാൽ?
ചുട്ടെട്ടു ത്തെ മുതൽ.
ചുടല വരെ ചുമട്ടും താങ്ങി
ആ ചുമട് ആരു താങ്ങി എന്നുള്ളതിനെപ്പറ്റി ഒരന്വേഷണം നടത്തണം.
അടുത്ത സീൻ നായകൻ നായികയെ പൊക്കിയെടുത്തുകൊണ്ടു പാർക്കിലൂടെ പാട്ടുംപാടി നടക്കുന്നതാ.
അതു ചുമട്ടുതൊഴിലാളികളുടെ അവകാശത്തിൽ പെട്ടതാ.
നായികയെ ഞങ്ങൾ ചുമക്കാം. നായകൻ പാട്ടുംപാടി പുറകേ വന്നോട്ടെ.
നായികയുടെ പുറത്തു തൊട്ടവർ കരിച്ചു വരച്ചു. ഇനി കെട്ടിയവനുപോലും തൊടാൻ പറ്റുകേല.
അവർ ഘരാവോ ചെയ്തു. നമുക്കു പോലീസിൽ അറിയിക്കാം.
PRODUCTION
FILMS
ഞങ്ങളെ ഒന്നു കടന്നു പോകാൻ അനുവദിച്ചാൽ മതി. പ്ലീസ്.
മാറുകേലേ? തൂക്കിയെടുത്തു വണ്ടിയേലിടടോ.
എങ്കിലൊന്നു കണ്ടിട്ടേയുള്ളു. അതുമാത്രം നടക്കുകേല.
ഇതിന്റെം അട്ടിമറി ഞങ്ങൾക്കാ.
POLICE
TOMS

# ബോബനും മോളിയും



അരിപ്പെട്ടിയ്ക്കകത്തിരുന്ന പഴം മുഴുവനും തിന്നു, അല്ലേ? ഞാൻ പൂട്ടുണ്ടാക്കും.
എന്നാൽ വേഗമുണ്ടാക്ക്. പൂട്ടും പഴോംകൂടി തിന്നാമല്ലോ.
ഇറങ്ങടാ.
ഇതെന്നാ നീരാധന മേഖലയോ?
പോസ്റ്റാപ്പീസിൽ പോണം. കത്തു രജിസ്റ്റർ ചെയ്യാനുണ്ട്.
പോസ്റ്റാപ്പീസിന്റെ തൊട്ടാ സ്വാമീടെ ഹോട്ടല്. നമ്മള് കാശു കൊടുക്കാനുണ്ട്.
രജിസ്റ്ററാപ്പീസിൽ രജിസ്റ്റർ ചെയ്താൽ പോരേ?
പോസ്റ്റാപ്പീസിൽ..
കാലക്കേടിനാ പഴം തിന്നാൻ തോന്നിയത്.
സ്വാമി കണ്ടാൽ തെണ്ടി!
പോസ്റ്റാപ്പീസിലേയ്ക്കാ.. ഒരു കത്തു പോസ്റ്റു ചെയ്യാൻ.
ഇവരുടെ മറപറ്റി നിൽക്കാം.
പോസ്റ്റു ചെയ്തിട്ടു പൊയ്ക്കളയരുത്. പിടിച്ചുനിറുത്തിക്കോണം.
ഹോട്ടൽ
ചേച്ചിയെ എവിടെ വച്ചോ കണ്ടിട്ടുണ്ടല്ലോ.
ഇവിടെ വച്ചാവും.
മദ്രാസ്സിൽ വച്ചാണോന്നു സംശയം.
എനിക്കു മൂന്നു വയസ്സുള്ളപ്പം മദ്രാസ്സിൽ പോയതാ.
എന്നാൽ അന്നു കണ്ടു കാണും.
അന്നു നീ ഉണ്ടായിട്ടില്ലല്ലോടി.
എന്നാലെന്റെ അമ്മയാകും കണ്ടത്. അമ്മേ കണ്ടാൽ എന്നെപ്പോലാ ഇരുന്നത്.
ഓ അല്ല, നമ്മളു കണ്ടത് ബാംഗ്ലൂരിൽ വച്ചായിരിക്കും.
ബാംഗ്ലൂരിൽ ഞാൻ പോയിട്ടില്ല.
എന്നാൽ ബോംബെ വച്ചാ.
ഞാൻ ബോംബെ പോയിട്ടില്ല.
അല്ലാ, ഞങ്ങളും അവിടെങ്ങും പോയിട്ടില്ല.


ബോബനും മോളിയും
കലാലോകത്തിലാത്മാർത്ഥമായൊരു ഹൃദയമുണ്ടായതാണെൻ പരാജയം.
ഇങ്ങനെ പോയാൽ ഇക്കൊല്ലം പരാജയം ഉറപ്പാ.
എടാ, ഒരു നല്ല ജീവിതം നയിക്കണം. ആദ്യം പാപങ്ങള് പറഞ്ഞൊന്നു കുമ്പസാരിക്ക്.
അതിനാദ്യം പാപം ചെയ്യണം.
ഉണ്ടല്ലോ ഒരു ചാക്കുകെട്ട്.
ഒരു കുടം വെള്ളം കൂടി എടുത്തോടാ. അച്ചനിപ്പം ബോധം കെടും.
കല്പനകള് എത്രയാടാ?
ഒരു കല്പനയെയറിയാം സിനിമാനടി...
എടാ പള്ളീടെ കല്പനകൾ.
എത്ര ദൈവമുണ്ടടാ?
രണ്ട്.
അല്ല നാല്.
നാലോ?
അല്ല. എട്ട്.
ഓ, നീ കുമ്പസാരിക്കാൻ പള്ളീൽ പോകുവാണെന്നോ?
എത്ര ദൈവമുണ്ടടാ.
ഒന്ന്
അങ്ങോട്ടു ചെല്ല്
ഞാൻ നൂറുവരെ പറഞ്ഞിട്ടും അങ്ങേരു സമ്മതിക്കുവേല.
TOMS

## ബോബനും മോളിയും




## ബോബനും മോളിയും




## ബോബനും മോളിയും




## ബോബനും മോളിയും



ബോബന്റെ നാള് അവിട്ടം അല്ലേ? അവിട്ടം നാളുകാർ മുൻകോപികളായിരിക്കുമെന്നാ.
ഒന്നു തെളിയിക്കാമോ?
ഇതു തന്നെ മതിയായ തെളിവല്ലേ.
അതു തെറ്റാ. ഞാൻ കോപിക്കുന്ന പ്രകൃതക്കാരനല്ല.
എന്നാൽ നീയിപ്പം അര മണിക്കൂറിനകം അഞ്ചു പ്രാവശ്യം കോപിക്കുന്നതു കാണണോ?
അഞ്ചു പോയിട്ട് ഒരു പ്രാവശ്യം പോലും നിന്നെക്കൊണ്ടതു സാധിക്കില്ല.
ശരി, അഞ്ചു രൂപാ പന്തയം. അര മണിക്കൂറിനകം നിന്നെ ഞാൻ കോപിപ്പിക്കും.
ശരി. പന്തയത്തിനു തയാർ. അഞ്ചു രൂപാ വീതം മൂന്നാം സ്ഥാനം കൊട്.
ഇതാ, സമയം നോക്കാൻ ഞാനെന്റെ ടൈംപീസും കൊണ്ടുവന്നു.
മാന്യരേ, രണ്ടു പേരുടേം അഞ്ചു രൂപാ ഇവിടെ കിട്ടിയിട്ടുണ്ട്...
ഷർട്ടേൽ മഷി കുടഞ്ഞാൽ ആർക്കാ കോപം വരാത്തത്?
എനിക്ക്!
എന്നാൽ നീ കോപിക്കുമോന്നറിയട്ടെ. നിന്റെ നോട്ടുപുസ്തകം വലിച്ചു കീറും.
സന്തോഷം. 70 പൈസയേ അതിനു വിലയുള്ളൂ. അഞ്ചു രൂപയല്ലേ കിട്ടാൻ പോണത്.
ശരി. മറ്റൊരു അടവൊന്നു നോക്കിക്കളയാം.
ഈ ചത്ത പാമ്പിനെ ഞാൻ നിന്റെ ദേഹത്തേയ്ക്കിട്ടു നോക്കട്ടെ.
ജീവനുള്ളതില്ലായിരുന്നോ?
സമയം അര മണിക്കൂർ കഴിഞ്ഞിരിക്കുന്നു.
അഞ്ചു രൂപാ രണ്ടും ഇങ്ങോട്ടു തന്നേ.
ശരി.
ഇനി, ഇത് എന്റെ ഷർട്ടേൽ മഷി കുടഞ്ഞതിന്.
ഇത് എന്റെ പുസ്തകം കീറിയതിന്
ഇതു ചത്ത പാമ്പിനെ എന്റെ മേത്തിട്ടതിന്.

## ബോബനും മോളിയും




ഇന്നാ നൂറു രൂപയുണ്ട്. നീ വല്ലതും മേടിച്ചോ.
ഒരു ചെവിത്തോണ്ടി മേടിക്കണേപ്പോലും ഇതുപോര.
എന്നതാടാ നോക്കുന്നത്?
കാക്ക മലന്നു പറക്കുന്നുണ്ടോന്നു നോക്കുവാരുന്നു!
ഭഗവാനുപോലും സ്വസ്ഥമായിരിക്കാൻ വഴിയില്ല!!
അല്ലാ, ഇത് എവിടെ കിട്ടി? പോലീസുകാരു വല്ലോം പുറകെ വരുമോ?
അതാ എനിക്കും പേടി! എന്തായാലും രണ്ടും കല്പിച്ചിറങ്ങുവാ.
ഏതായാലും ഇന്നലെ പാതിരാത്രിക്കു നോക്കുമ്പം പപ്പായെ മുറീൽ കണ്ടില്ലാരുന്നു.
നീ അടുക്കളേൽ നോക്കിയാരുന്നോ?
വീട്ടിലേക്കു പ്രയോജനമുള്ളതു വല്ലോം മേടിച്ചോണം.
കയ്യും വീശിയാണോ പോണത്.
പിന്നെന്നാ കാലും വീശിക്കോണോ?
പട്ടി എന്തിനാടാ ചന്തയ്ക്കു പോകുന്നത്?
ഇതേതാണ്ടു പട്ടി ചന്തയ്ക്കു പോകുന്നപോലാ.
തീയ്ക്കു വന്നതാ.
എന്നിട്ടു തീപ്പെട്ടി പോക്കറ്റിലുണ്ടല്ലേ
ഇതിന്നലെ ഇവിടുന്നു പോകുമ്പം ഇരുട്ടാണെന്നും പറഞ്ഞു മേടിച്ചോണ്ടു പോയതാ.
അത്യാവശ്യമുള്ള സാധനമൊക്കെ മേടിച്ചോ?
നൂറു രൂപയ്ക്കൊരു വെട്ടുകത്തി മേടിച്ചു. അതാ ഇപ്പം അത്യാവശ്യം.
TOMS

# ബോബനും മോളിയും





അടുത്തപുറം


എങ്ങാനും വീണേച്ചിറങ്ങി വന്നേക്കരുത്!
ഭാഗ്യം. രണ്ടു തേങ്ങയുണ്ട്!
കേറാനാ പത്തു രൂപാ. ഇറങ്ങിയതിനു വേറെ പത്തു തരണം.
തന്നോടിറങ്ങാനാരെലും പറഞ്ഞോ?
കൊട്ടത്തേരു അവന്റെ കയ്യിലിരിപ്പ്....
വല്ല്യ തേങ്ങാ നോക്കി കൊത്തു തേങ്ങായുമെടുത്തു!
എടീ ഇതു പേടാ!
ഇഷ്ടം രണ്ടു പേട്!

## ആശാൻ


ഭാര്യ നിങ്ങടെയായിരിക്കും. പക്ഷെ ഇങ്ങനെ ക്രൂരമായി രാത്രിയിൽ മർദ്ദിക്കുന്നതു ശരിയല്ല.
ഇവിടെ അയൽക്കാർക്കു കിടന്നുറങ്ങണം.
രാത്രി രണ്ടു മണിക്കു തല്ലാതെ ഒന്നൂടെ നേരത്തേ തല്ലിക്കൂടെ?
അതിലും നേരത്തേ അവളു വന്നിട്ടു വേണ്ടേ?

## ബോബനും മോളിയും



## ബോബനും മോളിയും




കറന്റ് ബില്ലു കൂടിയതിന്റെ ശതമാനം പത്രത്തിൽ വായിച്ചതും ബോധം കെട്ടു വീഴുകയായിരുന്നു!
ഒരു നാല് ദിവസം ഇവിടെ കിടക്കട്ടെ.
നാലു ദിവസം കഴിഞ്ഞപ്പം അമോണിയാ ഗ്യാസു മണപ്പിച്ചു. ചാടി എഴുന്നേറ്റു!
കൊണ്ടുവന്ന ഉടനെ മണപ്പിക്കാൻ മേലാരുന്നോ?
അപ്പം പിന്നെ നമ്മളെന്തിനാ ആശുപത്രി നടത്തുന്നെ?
ആശുപത്രി ബില്ലു കാണിച്ചപ്പം രോഗി വീണ്ടു ബോധം കെട്ടു!
BILL
BLOOD
ഒരു ദിവസം കൂടി കിടക്കട്ടെ. അതു കഴിയുമ്പം ചിലവൊന്നുമില്ല.
പിന്നൊരു ചെറിയ ചിലവേ വരൂ - മൂക്കിൽ വയ്ക്കാൻ രണ്ടു കഷണം പഞ്ഞി!!
ചിലവില്ലാത്ത വേറൊരു പണിയുമുണ്ട്.
അതു് ഹാർട്ട് പേഷ്യന്റാണെന്നറിഞ്ഞില്ല- തട്ടിപ്പോയി!!

## ബോബനും മോളിയും




ഇന്നലെ ബസ്സേന്നിറങ്ങിയപ്പം ഇച്ചമ്മ എന്റെ കാലേത്തട്ടി വീണാരുന്നു!
നിങ്ങക്കൊരേം വിഴിക്കുന്നവനാന്നാ നാട്ടാരു പറേണത്!
വേലക്കാരി പോണ്!
മന്ത്രി ശിലാസ്ഥാപനം നടത്തിയെന്ന്!
ശില തന്നെ സ്ഥാപനം. അവസാനം വരെ.
ഒരുത്തി വന്നിരിക്കുന്നു. വേലക്കു നിൽക്കാമെന്ന്
വേല മറക്കാതിരുന്നാ മതി!
ഇത്രേം ചെന്നിക്കു ധൈര്യമായിട്ടു പുറത്തേക്കിറങ്ങാമല്ലോ.
ആരോരുമില്ല-ചില വിരുന്നു കിട്ടിയാ മതി. ശമ്പളമൊന്നും വേണ്ട
ഇവിടെ നിന്നോ. ജീവിതകാലം മുഴുവൻ ഞങ്ങളന്വേഷിച്ചോളാം.
അമ്മച്ചി ധർമ്മക്കാരനു കൊടുത്തതാ!
ഒരു മാസത്തിനു ശേഷം
അവളും കടന്നു! മുഴുവനാഭരണങ്ങളും ചിട്ടിപിടിച്ച മുപ്പതിനായിരോം കൊണ്ടു കടന്നു!
മുഖ്യമന്ത്രിക്കും പരാതി കൊടുത്തു- ആ-ഭരണത്തേക്കാൾ ഈ-ഭരണമാ നല്ലതെന്നാ പറഞ്ഞു!
അമ്മച്ചി അന്വേഷിച്ചോളാമെന്നല്ലേ പറഞ്ഞത്. അന്വേഷിച്ചോ.
പോലീസും അന്വേഷിക്കുന്നുണ്ട്!
ജീവിതകാലം മുഴുവനും അന്വേഷിക്കാം!
TOMS

## ബോബനും മോളിയും



ബോബനും മോളിയും




ഇതെന്നാടാ രണ്ടു കൊടിക്കമ്പ്?
ഇന്നു രണ്ടു കൂട്ടർക്കാ പ്രകടനം. രാവിലേം ഉച്ച കഴിഞ്ഞും.
നേതാവിന്റെ റസ്റ്റോറന്റു വീറ്റുന്നാ തോന്നുന്നെ. ബോർഡു മാറ്റുന്നു.
ശബരിമല സീസൺ കഴിഞ്ഞു. ബോർഡൊന്നു മറിച്ചു വയ്ക്കുകയാ.
ഹോട്ടൽ സ്വാമി ശരണം
നാളെത്തൊട്ടു ഗീവർഗീസ് പുണ്യാളന്റെ പെരുന്നാളാ.
ഹോട്ടൽ
ഗീവർഗീസ്
വേറൊരു ബോർഡും പിന്നിലുണ്ടല്ലോ.
അതു ചന്ദനക്കുടോം നോമ്പു വീടലിന്റേം സീസൺ വരുമ്പം.
ഹോട്ടൽ ഷാജഹാൻ
ബോർഡ് ചിതലരിക്കും. സ്റ്റോറിൽക്കൊണ്ടു വയ്ക്ക്!
ഹോട്ടൽ ഷാജഹാൻ
അവർണ്ണരുടെ ആഘോഷ പരിപാടികളും വരും. അതിന്റെ മറുവശാ.
അടിയ്ക്കടിയുള്ള മാറ്റങ്ങൾ കൊണ്ടു പുരോഗതിയുണ്ടാകും എന്ന് നെഹ്റു പറഞ്ഞിട്ടുണ്ട്.
ഹോട്ടൽ അശോക

# ബോബനും മോളിയും


അവനിങ്ങോട്ടു കേറി വന്നിട്ടൊരനക്കോം ഇല്ലല്ലോടീ ?
കളിക്കാൻ പോയിക്കാണും .
അവനില്ലാഞ്ഞിട്ടെന്തൊരു സ്വൈര്യം !
നേരാ, ഒരു ശബ്ദം പോലുമില്ല.
ക്ടിന്ന്!
ഈശ്വരാ..! അലുവാ ഇരുന്ന ഭരണിയാ !!
പൂച്ചയാരിക്കും പൊട്ടിച്ചെ ?
ഇവിടെ പൂച്ചയില്ലല്ലോടാ ?
മീനേടെ വീട്ടിൽ പൂച്ചേണ്ട്.
സാമിന്റെ വീട്ടിൽ പൂച്ചേണ്ട്.
ഇവിടെ മാത്രം പൂച്ചയിൻറ ?
ഇവിടെ പൂച്ചയില്ലാത്തതിന്ന നാനെന്നാ വേനം ?
TOMS

## ബോബനും മോളിയും




എന്തു പറ്റി? പത്രത്തിൽ സ്വന്തക്കാരു വല്ലോം ചത്തോ?
സ്വർണത്തിന്റെ വില കേറിക്കേറി എത്ര വരെ ആയെന്നു നോക്കിക്കേ!
സ്ത്രീകൾക്കു സ്വർണം കഴിഞ്ഞാൽ പിന്നെ വല്യ ചാരിത്ര്യമാണല്ലോ?
ഉൽഘാടനത്തിനു സ്വർണ താക്കോലുണ്ടാക്കി മന്ത്രി വരാമെന്ന്.
എന്താ ഓട്ടുന്നേ? തീ പിടിച്ചോ?
മകടെ കല്യാണത്തിനാഭരണമെടുക്കാൻ പോകുവാ.
അവിടെ ചെല്ലുന്നതിനകം സ്വർണ വില വീണ്ടും കൂടും.
സ്ത്രീധനം വാങ്ങുന്നതിനോട് നയപരമായ എതിർപ്പാണ്. ആ തുകയ്ക്കു കൂടി സ്വർണം മതി.
കല്യാണത്തിനു കട്ടൻ ചായയും ബിസ്ക്കറ്റും?
സ്വർണം മേടിച്ചു കഴിഞ്ഞപ്പം പാളീസായി!!
സ്വർണ വില കുറയ്ക്കുക!!
സ്വർണ വില കുറയ്ക്കുക
സ്വർണ വില കുത്തനെ കുറയ്ക്കുക
ഞങ്ങളു പിടിച്ചു പറിക്കാരാ..
സ്വർണ വില കുത്തനെ കുറയ്ക്കുക
ഇന്നലെ നാലു മാല പിടിച്ചു പറിച്ചതിൽ നാലും ഇമിറ്റേഷൻ!!


# ബോബനും മോളിയും



ഹിപ്പിച്ചൻ ഒരു സെക്കന്റ് ഹാന്റ് ബൈക്കു മേടിച്ചു.
എന്നാലിനി അവൻ മേടിക്കാൻ പോണേയുള്ളൂ.
ഹെൽ- മെറ്റ്, വേണം.
ഹെൽ മെറ്റ് ഇല്ലങ്കിലോട്ട്
അപ്പഴാ നരകം കാണുന്നത്. ഹെൽ - നരകം, മെറ്റ് - കണ്ടു.
സൂസിയേം കൊണ്ടു ഞാനിതേലൊന്നു പറക്കും. 100 കിലോ മീറ്റർ സ്പീഡാ.
അവടപ്പന്റെ തോക്കിന്റെ ഉണ്ടയ്ക്ക് എത്ര കിലോമീറ്ററാണെന്നറിയാമോട്ട്
ആദ്യമായിട്ടിതൊന്നു വെഞ്ചരിക്ക്.
നിങ്ങളും വരണം. കേക്കു വിതരണമുണ്ട്.
അവന്റെ കുഴീം കൂടെ ഇപ്പഴേ ഒന്നു വെഞ്ചരിച്ചേര്.
പോലീസു വരുന്നു!
ഈ ബൈക്കിവൻ മോഷ്ടിച്ചു വിറ്റതാ. തൊണ്ടി ഒളുക്കിയവനും പ്രതിയാ.
മഹസറു തയ്യാറാക്കിയേക്കാം.
കേക്കു തിന്നവനൊന്നും പോകരുത്.
വെഞ്ചരിച്ചവനും പ്രതിയായെന്നു വരും!
TOMS


ഞാൻ ഹെൽമെറ്റ് വാങ്ങി.
എങ്ങനുണ്ടടാ?
ഇഷ്ടം മുഖത്തെ വൃത്തികേടൊന്നു മാറിക്കിട്ടി.
ഷൈല കേറുന്നോ കോളേജിലിറക്കാം.
എന്റെ ഇരിപ്പെങ്ങനുണ്ടടാ?
ഇരിപ്പു കൊള്ളാം. മനസ്സിലിരിപ്പാ മോശം.
പെണ്ണുങ്ങളു ഹെൽമറ്റു വച്ചാൽ മുഖം കാണാതേലാരിക്കും.
അതിനു നീ മുഖത്തല്ലല്ലോ നോക്കുന്നത്.
ഞാനിതേലൊന്നു ചുറ്റിയേച്ചു വരാം.
നീ ചുറ്റരുത്.
ഓടിക്കോ... ബ്രേക്കില്ല!
നിനക്കുണ്ടായിട്ടു വേണ്ടേ?

അടുത്തപുറം



വല്ലതും പറ്റിയോ? എന്നോ? ഏറെ തൊലി പോയി.
അയാടെയോ?
അല്ല. മരത്തിന്റെ.
മരത്തിലിടിച്ചെന്ന്!
മരമായതു കൊണ്ടു തിരിച്ചിടിക്കുകേല.
നാലഞ്ചു മണിക്കൂറു ബോധമില്ലാതെ കിടന്നു!
വെള്ളത്തിലിട്ടപ്പോഴാ ബോധം തെളിഞ്ഞത്!
ഹെൽമെറ്റ് കൈക്കുള്ളിലുണ്ടാരുന്നു.
പത്തിരുപതു രൂപേടെ ചില്ലറയുണ്ട്.
ഹെൽമെററും വച്ചോണ്ടുള്ള കിടപ്പു കണ്ടപ്പം വഴിപോക്കരു തെറ്റിദ്ധരിച്ചു പോയി.


## ബോബനും മോളിയും




തന്നെ ഈ ക്ലാസിലിരുത്താൻ പറ്റുകേല. യൂ ഗെറ്റൗട്ട്.
അങ്ങനെ ഇപ്പം പോകാൻ മനസില്ല.
ഞാൻ അയ്യായിരം കൊടുത്ത് അഡ്മിഷൻ വാങ്ങിയവനാ.
എങ്കിൽ ഞാൻ അഞ്ചു ലക്ഷം കൊടുത്ത് ഉദ്യോഗം വാങ്ങിയവനാ.


ഠോ
ബോം ബ്!
അവിരാ ത്തരകൻെറ വീടിനു ബോം ബു വച്ചു ?
ചോദ്യം ചെയ്യാൻ എല്ലാരും സ്റ്റേഷനിലേക്കു വരണം.
അതിൻറാവശ്യമില്ല. ബോംബു വച്ചതു ഞാൻ തന്നാ.
ബോംബു വച്ചതെൻെറ വാടക വീടിനാ.
ഇതെൻെറ മറ്റൊരു വാടക വീട്. വാടക കുടിശ്ശിക വന്നപ്പം ഒഴിവാക്കാൻ കേസു കൊടുത്തു.
1947-ൽ കേസു കൊടുത്തു.
പത്തു കൊല്ലം കഴിഞ്ഞപ്പം വീടൊഴിയാൻ വിധി.
അയാൾ അപ്പീലിനു പോയി
പത്തു കൊല്ലത്തെ കേസ് ചെലവ് ഒന്നര ലക്ഷം.
ആറാം കൊല്ലം അപ്പീലു വിളിച്ചു.
വീട് അയാടെയാണെന്നും ഞാനൊരു ദല്ലാൾ മാത്രമാണെന്നും അയാടെ വാദം.
അപ്പീലിൽ ഞാൻ ജയിച്ചു. അയാൾ ജില്ലാ കോടതിയിൽ അപ്പീൽ കൊടുത്തു.
കേസെടുക്കാൻ എട്ടു കൊല്ലം.
വീണ്ടും ഹൈക്കോടതിയിൽ അപ്പീൽ



അടുത്തപുറം


പിന്നെ സുപ്രീം കോടതി
ഏഴു പ്രാവശ്യം ഡൽഹി യാത്ര.
വക്കീൽഫീസ് മണിക്കൂറിന് അയ്യായിരം.
അവിടേം ജയം എനിക്ക്.
37 കൊല്ലത്തെ വാടക ഇല്ല.
അതിനു വേറെ കേസാ! ഉപേക്ഷിച്ചു.
37 കൊല്ലത്തെ ടെൻഷൻ, ഹൃദ്രോഗം, ബൈപ്പാസ് സർജറി.. - - - - -
കേസ്സു ചിലവുകളുടെ മൊത്തം ചെലവ് 46 ലക്ഷം.
വീടിന്റെ വില രണ്ടര ലക്ഷം. അപ്പഴാ മറ്റൊരു വാടകക്കാരൻ കേസ്സു കൊടുത്തത്.
ആ വീടിനാ ഇപ്പം ബോംബു വച്ചത്. വസ്തുവെങ്കിലും കിട്ടുമല്ലോ!
മരിയാദയ്ക്കു വാടക തന്നില്ലങ്കി എളുപ്പ വഴി ഞാനും നോക്കും.
TOMS


## ബോബനും മോളിയും


നിങ്ങടെ കേടായ പല്ലിൽ രണ്ടെണ്ണം പറിച്ചല്ലോ?
അതു പറിച്ചതു നന്നായി.
ബാക്കി രണ്ടെണ്ണം കൂടി ഉണ്ടല്ലോ? അതെന്താ പറിപ്പിക്കാഞ്ഞത്?
?!
അപ്പഴേയ്ക്കും അയൽക്കാരു വന്നവളെ പിടിച്ചു മാറ്റി


ബോബനും മോളിയും



## ബോബനും മോളിയും



## ബോബനും മോളിയും



## ബോബനും മോളിയും





അടുത്തപുറം



മുറിക്കകം മുഴുവനടിച്ചു വാരും. കൊച്ചിനെ കുളിപ്പിച്ചു കിടത്തും.
ഭയങ്കര കരിസ്മാറ്റിക്കാ!
എന്തവാ അവിടൊരു കൂട്ട നിലവിളി?
കൊച്ചിനെ വരെ കുളിപ്പിച്ചു കിടത്തുമെന്നു പറഞ്ഞിട്ട്?
ഇഷ്ടം എല്ലാരേം കുളിപ്പിച്ചു കിടത്തി!
അവളു മുറിമുഴുവൻ തൂത്തു വാരുമെന്നല്ലേ പറഞ്ഞത്?
ഇഷ്ടം വീടു മുഴുവൻ തൂത്തു വാരി.
TOMS


## ബോബനും മോളിയും



നിങ്ങളീ കുട്ടേം ബാഗും പിടിച്ചേ. ഞാൻ കൊച്ചിനെ പിടിക്കട്ടെ
അതിന് എന്റെ കൈ കമ്പിയേൽ പിടിച്ചിരിക്കുവാ
മറേ കൈയിൽ ടിക്കറ്റു പിടിച്ചിരിക്കുന്നു.
ടിക്കറ്റു മറ്റേ കക്ഷത്തിൽ പിടിച്ചേ-
ടിക്കറ്റു കൈമാറാൻ പാടില്ലെന്ന് ഇതേൽ എഴുതീട്ടുണ്ട്

## ബോബനും മോളിയും


ബാങ്കളൂരീന്ന് വന്നതാണ്. ഇതു എന്റെ മകളും കുട്ടിയും.
മോളിക്കു കുഞ്ഞുങ്ങളെന്നു വച്ചാൽ ജീവനാ.
ഞങ്ങടെ അമ്മായിയെ ഒന്നു കാണിച്ചേച്ചു വരട്ടെ.
വേഗം വരണമ. ഉറങ്ങാറായി.
അയ്യോ പാവം! ഉറങ്ങിപ്പോയി!
കട്ടിലേലോട്ടു കിടത്തിയേക്കാം.
ഈ മെത്ത ഒന്നു വിരിച്ചേടീ...
ഈ വണ്ടിയ്ക്കകത്തു വച്ചു തള്ളാൻ നമുക്ക് ഒരു കൊച്ചിന്റെ രൂപം ഉണ്ടാക്കിയാലെന്താ?!
ചിരവയായാലോ?
ഇതിന്റെ കൊമ്പ് ഊരിയെടുക്കാവുന്നതാ.
എടീ നിന്റെ അമ്മായിയപ്പനും അമ്മായിയമ്മേം കൂടി കടിഞ്ഞൂൽ പുള്ളനെ കാണാൻ വരുന്നുണ്ട്.
എടീ, കൊച്ചിനെ വേഗമിങ്ങോട്ടു തന്നേ....
അതിനു തട്ടിപ്പറിച്ചോണ്ടു പോണോന്നുണ്ടോ?!
അത്ര മൂപ്പാണേൽ അങ്ങോട്ടു കൊണ്ടു ചെല്ല്!
കൊച്ചിനെ കണ്ടാൽ ഈ അമ്മായിയമ്മേപ്പോലെ തന്നെയിരിക്കുന്നു. മൂക്കും കണ്ണും...
ഇതു തന്റമ്മായിയമ്മേപ്പോലാ?!...

# ബോബനും മോളിയും



മറിയച്ചേട്ടത്തിയുടെ കിണറ്റിലെ വെള്ളത്തിന് നല്ല തണുപ്പാ.
അവരൊരു വല്ലാത്ത മറുതായാ.
അവരു കണ്ടാൽ?
അധികപ്രസംഗികളേ... എന്റെ തൊട്ടീം നിങ്ങളു കിണറ്റിൽ കളഞ്ഞോ?
എന്റെ തൊട്ടി എടുത്തു തരുമ്പം, നിന്റെ സഞ്ചീം പുസ്തകോം തരും.
നമ്മുടെ വീട്ടിൽ ചെന്നു പറഞ്ഞാലോ?
എലി ചത്താലല്ലേ?
ഞങ്ങടെ അച്ഛൻ വന്നിട്ടുണ്ട്. കിണറ്റിൽ പോയ തൊട്ടി എടുത്തു തരാൻ.
ശരി
എന്നാലിനി ഞങ്ങടെ സഞ്ചീം പാത്രോം ഇങ്ങു താ. താമസിച്ചു ചെന്നാൽ സാറു തല്ലും.
ഈ വഴിയേ പോലും വരികേല.
എന്റെ മക്കളോ? എനിക്കു മക്കളില്ല. നിങ്ങടെ മക്കളു വിളിച്ചിട്ടാ ഞാൻ വന്നത്.
എന്റെ മക്കളോ?
കിണറ്റിൽ പോയ തൊട്ടി എടുത്തു തരാമെങ്കിൽ പത്തുരൂപാ തരാമെന്ന് ഞങ്ങടെ അമ്മച്ചി പറഞ്ഞെന്നു പറഞ്ഞാ എന്നെ വിളിച്ചത്.

# ബോബനും മോളിയും




കർത്താവേ! എന്നാ ബഹളം!!
ഇന്നു പള്ളിക്കൂടം ഇല്ലമ്മച്ചീ
തൊട്ടോ?
തൊട്ടില്ല!
തൊട്ടോ?
തൊട്ടില്ല!
അങ്കം കഴിഞ്ഞ ട്ടുക്കളേലായോ?
അടുത്ത ദിവസം
ഇന്നാ വേഗം സ്കൂളിലേക്ക് പൊയ്ക്കോ..
പടച്ചോനേ!! ഇപ്പഴാ തലയ്ക്കൊരു വെളിവു കിട്ടിയത്!
ദേണ്ടടീ അവരു പിന്നേം വരുന്നു.
അടുത്ത പതിനഞ്ചു ദിവസം പഠിത്തമില്ല!
കാരണം പോലീസ് കോളേജിൽ കയറി പിള്ളാരെ തല്ലി.
അവന്മാരീ വീടു കയറിത്തല്ലിയാലും വേണ്ടില്ലായിരുന്നു.

# ബോബനും മോളിയും



എടീ, തൈരു കലക്കുന്ന മത്ത് ഇങ്ങെടുത്തോണ്ടു വന്നേ..
നേരം വെളുത്തിട്ടു പുസ്തകം കയ്യിലെടുത്തോടാ!!
നേരം വെളുത്താൽ വൈകുന്നതു വരെ നിനക്കൊക്കെ കളി തന്നെ ശരണം.
പപ്പാ ഇങ്ങു വരട്ടെ ശരിയാക്കുന്നുണ്ട്.
പപ്പാ പാവമാണേ... ഉപദ്രവിച്ചേക്കരുത്.!!
ആവൂ! ആകെ വിയർക്കുന്നു. നീയാ വിശറി എടുത്തൊന്നു വീശിക്കോടാ.
ഞങ്ങളു പന്തയം വച്ചുള്ള കളിയാ.
എടാ നിന്നോടാ പറഞ്ഞത്, ഒന്നു വീശാൻ
ആവൂ! എന്തൊരു ആശ്വാസം!!

# ബോബനും മോളിയും



പിള്ളേരുള്ള
വീടല്ലേ, പെട്ടിക്ക
ത്തു വച്ചു പഴുപ്പി
ക്കണം.
ഡോക്ടർക്ക് ഒന്നും കൊടുത്തില്ല.
ഇന്നു കുട്ട്യോളേം കൊണ്ടു
പോകുമ്പം പഴു
പ്പിച്ച കുല കൊ
ടുക്കാം.
Dr. MENON

# ബോബനും മോളിയും



എന്നോടു കളിച്ചാലുണ്ടല്ലോ. നിന്റെ നിലണ്ടരു ഞാനിളക്കും.
നിന്റെ നിലണ്ടരു ഞാൻ ഊരും.
എടാ, ഊപ്പച്ചക്കുന്തീ ഞാനങ്ങോട്ടു വരും
ഇവിടെ വാടാ. നിന്നെ ഞാൻ ശരിയാക്കുന്നുണ്ട്.
ഒരു കണക്കു ശരിയാക്കാൻ. അമ്മച്ചിയെക്കൊണ്ടു പറ്റുന്നില്ല.
ഇതൊന്നും ദൈവം ക്ഷമിക്കുകേലടാ. സമസൃഷ്ടികളെ സ്നേഹിക്കണമെന്നാ ദൈവപ്രമാണം.
അവൻ സമസൃഷ്ടിയല്ല. ഒരു വയസ്സിന് ഇളപ്പമാ.
ഇവിടെ മുട്ടുകുത്തെടാ. എന്നിട്ട് ദൈവത്തോടു ക്ഷമ ചോദിക്ക്
കാരുണ്യവാനായ ദൈവമേ..! എന്റെ ചങ്ങാതിയെ ഇടിച്ചത് എന്നോടു ക്ഷമിക്കണേ... പറ.
ഇങ്ങനെ പ്രാർത്ഥിച്ചാൽ ദൈവം ക്ഷമിക്കുമല്ലോ അമ്മച്ചീ?
ക്ഷമിക്കും മകനേ.
തീർച്ചയായിട്ടും ക്ഷമിക്കുമോ?
തീർച്ചയായിട്ടും!
എന്നാൽ ഞങ്ങളു ചെന്ന് അവനിട്ടു രണ്ടുടെ കൊടുത്തേച്ചു വന്നിട്ടു പ്രാർത്ഥിക്കാം.

## ബോബനും മോളിയും



എങ്ങോട്ടാ തൂമ്പായുമായി?
ഒരു കമ്പോസ്റ്റു കുഴി കുത്താൻ
ആവൂ! ഒരു തൂമ്പാ വെട്ടിയപ്പോൾ നടുവെട്ടി!
കഷായം കുടിച്ചിരിക്കുന്ന ചേട്ടനെന്തിനാ ഇതിനൊക്കെ പോകുന്നത്?
കുഴിക്കെന്തു വലുപ്പം വേണം?
നീ നിന്നാൽ കാണാത്ത ഒരു കുഴിയായിരിക്കണം.
എട്ടണാ തന്നേര് ഞങ്ങളേറ്റു!
ശരി സമ്മതം.
ഈ മോളി നിന്നാൽ കാണാത്ത കുഴി മതിയല്ലോ?
മതി!
ഒരു നാലണ തന്നേ..ബാക്കി ജോലി തീർന്നിട്ട്.
ഇതാ!
രണ്ടെണ്ണം ഈ കൊതിയന്നും കൊട്.
ഐസ് ക്രീം
മോളീ ചേട്ടൻ വരുന്നു· വേഗം കുഴിച്ചോ.
ഇതാണോടീ നീ നിന്നാൽ കാണാത്ത കുഴി?
ഇതാ നോക്കണ്ണോ ഞാൻ നിന്നപ്പോൾ കുഴി കാണാനേ ഇല്ല.

# ബോബനും മോളിയും


എന്നോട്ടു ചോദിക്കാതെ ഈ വീട്ടീന്നിറങ്ങിപ്പോകരുതെന്നു ഞാൻ പറഞ്ഞിട്ടില്ലേ?
ചോദിച്ചു. പക്ഷേ പപ്പാ കേട്ടു കാണുകേലെന്നൊരു സംശയം.
സ്വസ്തി കാണാൻ പൊയ്ക്കോട്ടെ?
ഈ വാതുക്കേന്നു പുറത്തിറങ്ങിപ്പോകരുത്.
എന്നാൽ ജനൽ വഴി ഇറങ്ങിയേക്കാം.
ഇവിടെ വാടാ. അതെങ്ങനെയാ, പുട്ടിയിട്ടാൽ ഭ്രാന്താന്നു പറയും.
ഇവിടിരുന്നോ. ഞാനെപ്പം നോക്കിയാലും ഈ മേശക്കരികിൽ കാണണം.
സർവ്വ ശക്താ... ശത്രുക്കൾക്കു പോലും ഈ ഗതികേടു വരുത്തരുതേ...!
നമ്മുടെ കൂട്ടുകാരൊക്കെ സ്വസ്തി കാണാൻ പോകുന്നു.
?
എപ്പം നോക്കിയാലും ഈ മേശക്കരികിൽ കാണണമെന്നു പപ്പാക്ക് ഒരു നിർബ്ബന്ധം.

# ബോബനും മോളിയും



പഷ്ടായ്യുണ്ട്. കയറാം.
സ്ത്രീകൾക്കു മുൻഗണന കൊടുക്കണമെന്നാ. നീ ആദ്യം.
വേല മനസ്സിലിരിക്കട്ടെ!
ശരി. കൂട്ടുമുന്നണിയായിട്ടു കയറാം.
ആരാടാ ചുമയ്ക്കുന്നത്?
ഇവിടത്തെ പിള്ളേരാണേ
വരണം
ഞങ്ങടെ പ്രോഗ്രസ് കാർഡ്
കണ്ണാടി ഇല്ലല്ലോ.
ഇന്നാ നീ തന്നെ വായിച്ചേ
കണക്കിന്
കണക്കിന്
തിരിയുന്നില്ല
എടീ കണക്കിനെന്നു കഴിഞ്ഞിട്ട് അക്കം തിരിച്ചങ്ങോട്ടു വായിക്കാൻ
പഷ്ടായല്ലേ പറഞ്ഞത്. തിരിച്ചങ്ങോട്ടു വായിച്ചോടീ.
കണക്കിനു 91
ഭാഷയ്ക്ക് 72
സബാഷ് സബാഷ്
സാമാന്യ വിജ്ഞാനം 81
ആവൂ! ഇത് അസാമാന്യ വിജ്ഞാനം തന്നെ.
?
പഷ്ടായല്ലേ പറഞ്ഞത് അക്കം കാണുന്നത് തിരിച്ചങ്ങോട്ടു വായിക്കാൻ!
പ്രോഗ്രസ് കാർഡ്
കണക്ക്-19
ഭാഷ-27
സാ.വി.-18

# ബോബനും മോളിയും




ഇവിടെ കള്ളു കിട്ടുന്ന സ്ഥലമേതാണെന്നറിയാമോ?
എനിക്കറിഞ്ഞൂട. ആ വരുന്ന പിള്ളേരോട് ചോദിച്ചാട്ടെ.
ബ്രാഹ്മണരു കുടിക്കുന്ന കള്ളു വേണോ, സാധാരണക്കാരു കുടിക്കുന്ന കള്ളു വേണോ?
ബ്രാഹ്മണരു കുടിക്കുന്നതാകുമ്പം നന്നായിരിക്കും. അതു മതി.
ഇതിലേ വടക്കോട്ടു നടന്നാൽ മതി. ബ്രാഹ്മണർകൾ കള്ളു കുടിക്കുന്ന സ്ഥലം എന്നെഴുതി വച്ചിട്ടുണ്ട്.
അങ്ങേരു വല്ല നാട്ടീന്നും വന്നയാളല്ലേ. നമുക്കൊന്നു കാണിച്ചു കൊടുക്കാം.
വരണം
ബ്രാഹ്മണർകൾ
ശാപ്പിടും സ്ഥലം.
അതാ, ബ്രാഹ്മണർ, കൾ, ശാപ്പിടും സ്ഥലം
നർകൾ
കൾ
നീ അപമാനിക്കും അല്ലേടാ!
ടോംസ്.

# ബോബനും മോളിയും




നമ്മുടെ ടീച്ചറും ഭാര്യേം പോണു. പരീക്ഷ കഴിഞ്ഞതല്ലേ. അല്പം കൈമണി ആയേക്കാം.
നമസ്തേ ഗുരോ.
പോട്ടെ. തീവണ്ടീടെ സമയമായി.
ഗുരുപാദം പുണ്യഭൂമി എന്നാ പ്രമാണം.
ഇങ്ങോട്ടൊന്നു കേറിക്കേ. അല്പം കാപ്പി കുടിച്ചിട്ടു പോയാൽ മതി.
വേണ്ട. ഒട്ടും സമയമില്ല.
മുന്നോട്ടു നടക്കും തോറും മുറുകിക്കോണം.
കാപ്പി അനത്തി വച്ചിരിക്കുകയാ.
സമയമില്ല
വെറുതേല. കാപ്പി കുടിച്ചിട്ടേ പോകാൻ പറ്റൂ.
നടന്നു നടന്നു വല്ലാണ്ടു ക്ഷീണിച്ചു
പിള്ളേരുടെ ആഗ്രഹമല്ലേ. നിരാശപ്പെടുത്തേണ്ട. വേഗം മോന്തിയേച്ചിറങ്ങാം
വേഗമെടുത്തോ. തീവണ്ടീടെ സ്വരം കേൾക്കുന്നു.
സാറിന് കാപ്പിയാണോ ചായയാണോ ഇഷ്ടം? പീടികേലോട്ടൊന്നു പോയേച്ചു വരട്ടെ.



ഞാൻ ശീർഷാസനം പഠിച്ചു് കയറുമ്മലമായിരുന്നു.
ഒന്നു പറഞ്ഞുതരാമോ എങ്ങനെയാന്ന്
ഒരു കയറെടുത്തു കൊണ്ടുവരൂ. ഞാൻ പഠിപ്പിച്ചുതരാം.
ഹയ്യോ!! രണ്ടു കാലും കയറിൽ കൊളുത്തിപ്പിടിയെടാ.
ഉദ്ധ്വൻ!!! കാലുതിരിച്ചിട്ട്
എന്നാൽ ഉപ്പായിച്ചേട്ടനൊന്നു കാണിച്ചുതന്നേ.
വിഡ്ഢികള്! മാറിനില്ല്- ഞാനിപ്പോൾ കാണിച്ചുതരാം.





# ബോബനും മോളിയും


മാച്ചു തുടങ്ങാറായി. വേഗം നടക്ക്.
ഇതൊന്നു താഴെ വക്കാൻ സഹായിക്കണേ.
മണ്ണെണ്ണ തലേൽ തേച്ചു കുളിച്ചാലേ പോകൂ. മാച്ചു കഴിയട്ടെ.
ഗോൾ
GOAL
ഗോൾ
ടോംസ്

# ബോബനും മോളിയും




ബോബനും മോളിയും
പെണ്ണുങ്ങളും തുടങ്ങിയോടാ കൊള്ളിവയ്പും കൊലപാതകോം? കാശ്മീരിൽ കലാപകാരികളെന്നാ പത്രത്തിൽ.
അടുക്കളവേലയ്ക്കാരു വേണമെന്നെന്തിനാ പരസ്യം കൊടുത്തത് ?
ചേട്ടൻ, വേലക്കാരെ സപ്ലേ ചെയ്യുന്ന ബ്യൂറോ തുടങ്ങി.
ദിവസം പത്തും ഇരുപതും പേരാ കെട്ടിക്കേറി വരുന്നത്.
അങ്ങനെ സപ്ലേ ചെയ്യാനൊന്നും പറ്റുകേല, പ്രതിഫലം കിട്ടണം.
ഇതിന്റെ മുകളിലത്തെ മുറിയിൽ തുടങ്ങാം.
ബോർഡെഴുത്ത്
ഈ പഴയ ബോർഡിന്റെ മറുവശത്ത് എഴുതിത്തരാം. പകുതി ചാർജ്ജ് മതി
ശരി
വിവാഹ കാര്യാലയം
കൊള്ളാം!
ഭിത്തിയേൽ ചാരിവച്ചാൽ മതി.
വീട്ടുവേലയ്ക്ക് ആളിനെ വേണ്ടവർ സമീപിക്കുക
വീട്ടുവേലയ്ക്ക് ആളിനെ വേണ്ടവർ
ഈ കണ്ണു കാണാത്തവനു വല്ലതും തരണേ.
എന്റെ കാലു തട്ടി എന്തോ മറിഞ്ഞു ?!
ഞാൻ തന്നെ നിവർത്തു വച്ചേക്കാം.
വിവാഹ കാര്യാലയം
താഴത്തെ ബോർഡു കണ്ടു കയറിയതാ. ഞാൻ റിട്ടേർഡ് എമ്മെ.
എനിക്കൊരു ചെറുക്കനെ വേണം.
എന്തു പ്രായം?
ഇരുപത്തിനാല്, ഇരുപത്തിയാറ് വരെയാകാം.
ആ പ്രായക്കാരെയാ കിട്ടാൻ പ്രയാസം.
ഒരു 65 വയസുകാരനുണ്ട് വിട്ടു തരാം. നല്ല ആരോഗ്യം.
ഒരു 24 വയസുകാരനുണ്ട്. വേറൊരാൾക്ക പറഞ്ഞുറപ്പിച്ചു വച്ചിരിക്കുവാ.
അവനെ വേണമെങ്കിൽ ഒരു രണ്ടുമാസത്തേക്ക വിട്ടു തരാം.
ഇതാരാ മറിച്ചു വച്ചത് ??!!
വല്ലേ പോയൊള്ളു തല പോകേണ്ടതായിരുന്നു !!
വിവാഹ കാര്യാലയം



ബോബനും മോളിയും
ഹായ്!! നമ്മുടെ ചക്കപഴത്തു!
കൊതിയൻ കയറിനു പോയിരിക്കുകയാ. ഞാനിപ്പം ഇടാം.
മുറുക്കി പിടിച്ചോണേ.
നീ, കയറേൽ പിടിച്ചോണം
മുറുക്കിപ്പിടിച്ചോണം. എന്തു വന്നാലും കൈ വിടരുത്.
ടോംസ്

# ബോബനും മോളിയും




ചീനിടെമൂട്ടിലെല്ലാം ചാണകം വാരിവയ്ക്കാനല്ലേടീ നിന്നെ ഞാനിങ്ങോട്ടു പറഞ്ഞയച്ചത്
എടീ- മൂതേവീ- നിന്നോടാ ചോദിച്ചത്
എന്തവാടി- ബുദ്ധബിംബം മാതിരി കണ്ണുമടച്ചിരിക്കുന്നത്
അതിന്റെ ഒന്നും ആവശ്യമില്ലെന്നു വേദപുസ്തകം പറയുന്നു.
എവിടാടീ?
ആകാശത്തിലെ പറവകളെ നോക്കുവിൻ അവ വിതയ്ക്കുന്നില്ല കൊയ്യുന്നില്ല കളപ്പുരകളിൽ ശേഖരിക്കുന്നില്ല അങ്ങനെ ഞങ്ങളും- - - - -
!!!
മോളീ- നാലുമണിക്കൂറായി കുത്തിരിക്കാൻ തുടങ്ങിയിട്ട്- വിശക്കുന്നു ഇനി വല്ലതും കഴിച്ചിട്ടാവാം.
അടുക്കള പൂട്ടിയിട്ടിരിക്കുകയാണല്ലോ അമ്മച്ചീ അമ്മച്ചീ കതകു തുറന്നേ
ഡും..
ഞങ്ങൾക്കു വിശക്കുന്നല്ലോ- ഈ കതകെന്തിനാ പൂട്ടിയിരിക്കുന്നേ
ടും- ഡും..
പറവകൾ കയറാതിരിക്കാൻ


## ബോബനും മോളിയും


മൊട്ടയ്ക്കൊരു പുത്തൻ ക്യാമറാ കിട്ടി. അവനിപ്പം വല്യ ഭാവമാ!
അങ്കിള് ദുബായീന്ന് കൊണ്ടുവന്നതാ.
എടാ ചങ്ങാതീ ഞങ്ങളെ ഒന്ന് കാണിക്കാമോ?
ദൂരെ നിന്നു കണ്ടോ. അടുക്കരുത്.
അതെന്താടാ, നിനക്കു പകരുന്ന രോഗം വല്ലതുമുണ്ടോ?
ഭയങ്കര മെക്കാനിസമാ! കണ്ണു കാണിച്ചാൽ മതി ക്ലിക്കു ചെയ്യാൻ.
ജർമ്മൻ ചരക്കാ. ഇതിന്റെ ലെൻസ് അങ്ങു ചന്ദ്രനിൽ ഉണ്ടാക്കിയതാ.
എടാ, നിന്റെ അങ്കിളിനി വരുമ്പം കുറച്ചു ഫോറിൻ ചുണ്ണാമ്പു കൊണ്ടെ തരാൻ പറയണം.
നമ്മുടെ കുറെ ദരിദ്രവാസികള് ദുബായിലുണ്ടായിട്ട് എന്താ വിശേഷം?
മോളീ.., നില്ല്! പടം എടുത്തോട്ടെ!
റെഡി. തയ്യാറായിക്കോ.
വൺ.. ടൂ..ത്രീ!

## ബോബനും മോളിയും


ഗോവ്വായീന്നു മരുമകന്റെ കത്ത്. രണ്ടു ഏത്തക്കുല വാങ്ങി അയയ്ക്കണമെന്ന്.
സ്ത്രീധനം മുഴുവൻ കൊടുത്തില്ലാരുന്നോ?
ചന്തേൽ കൊലയുണ്ടോടാ? രണ്ടെണ്ണം വാങ്ങിത്തരണം.
ചന്തേൽ കൊലയേയുള്ളു. ചെല്ലുന്നവനെ കൊല്ലും. രൂപാ താ. മേടിച്ചു തരാം.
വരുമ്പം തിന്നാൻ വല്ലതും തരണം.
മലരു നനച്ചു തരാം.
ക്ഷീണിച്ചു മലരു നനച്ചിട്ടു വയറു നിറച്ചടിക്കണം..
ഇതാ മലര്. നനച്ചുതാ തിന്നോ.
!!
ഇനി, ഇതേതു മാർഗത്തിലാടാ ഗോവയിലെത്തിക്കുന്നത്?
അതു ഞങ്ങളേറ്റു. ഏൽപ്പിച്ചേര്.
തീവണ്ടി വഴിയോ പോസ്റ്റു വഴിയോ?
ഒന്നും അറിയേണ്ട. ഗോവായിലേക്കല്ലേ? ഞങ്ങളേറ്റു.
നിങ്ങളല്ലാതെ വല്ലവനും അതു കൊടുത്തയയ്ക്കുമോ? വേഗം പുറകെ ചെല്ല്.
ഏത്തക്കുല അയച്ചോ.
ഗോവായിലെത്തി!
ഇതാ 'ഗോ' വായിൽ

## ബോബനും മോളിയും


ഫോട്ടോ
ദൃഷ്ടി പതറരുത്. ഈ ഭിത്തിയേലിരിക്കുന്ന ഈച്ചയെ നോക്കിക്കോണം.
അവിടുന്ന കണ്ണു പറിക്കരുത്
ഈച്ച ഇഷ്ടം ഇവിടെയാ.

## ബോബനും മോളിയും



ആവൂ! വാച്ചു കെട്ടിയതിന്റെ ഒരു ഗമ!
കാശുകൊടുത്താ മേടിച്ചത്. ഗമ കാണും
സമയമെന്തായെന്നോ? ഉടനെ പറയണമെങ്കിൽ നേരത്തേ ഒനോട്ടീസു തരണം
കുട്ടിക്കേ ചെറിയ സൂചി ആളേല്
ആറിന്റെ പട്ടിക അറിയാമോ?
മണിയെത്രയായി?
ഒൻപതു മുപ്പത്
ടൈം പ്ലീസ്!
റ്റയിം?
ഒൻപതു മുപ്പത്
മണിയെത്രയായി?
നാശം
ഇത്തിരി ചരക് ഇങ്ങെടുത്തേ.
കൃത്യം സമയം പറ വാച്ചൊന്നു കറക്ട് ചെയ്യാനാ
ശ്ശെടാ! ഈ സമയം തെണ്ടികാരണം വഴി നടക്കാൻ മേലന്നായല്ലോ?!
ഒരു പുതിയ പരീക്ഷണം

## ബോബനും മോളിയും




ചേട്ടൻ്റെയാണോ ഈ ചേന? ആവൂ നല്ല തഴച്ചു കൊഴുത്താണല്ലോ ഇരിക്കുന്നത്?
ജൈവ വളങ്ങളും രാസവളങ്ങളും ചേർത്തു ശാസ്ത്രീയമായി ചെയ്യുന്നതാ.
ഒരു കറിക്ക ഞങ്ങൾക്കും തരുമോ?
തരികേല. പറിക്കുമ്പം വേണേൽ വന്നു കണ്ടോളൂ. ഈ ഭൂമീലെങ്ങും കാണുകേല ഇത്തരം ചേന.
പോയ്ക്കോ. നീയൊക്കെ കണ്ണുവച്ചാൽ ഈ പറമ്പിലെ മണ്ണു കൂടി കരിഞ്ഞു പോകും. ഒരു തരി പോലും തരികേല
രാത്രിയായതു കൊണ്ടു ചേട്ടൻ കാണുകേല. വേഗം മാന്തിക്കോ.
ഈ തണ്ട് ഇവിടെത്തന്നെ കുഴിച്ചു വച്ചേക്കാം.
എടീ നമ്മുടെ ചേന ഇന്നു തന്നെ പറിച്ചേക്കാം. നീയാ വലിയ ചാക്കിങ്ങെടുത്തേ.
ചേട്ടാ, ആ ചേനത്തണ്ടെങ്കിലും ഒരു കറിക്ക തരണേ.
മണ്ണു പതുക്കെ മാറ്റണം. ചേനേലെങ്ങും തൂമ്പാ കൊള്ളരുത്.
തണ്ട് ചുവട്ടിൽ അറ്റു നില്ക്കുകയാ. നല്ല വിളഞ്ഞ ചേനയുടെ ലക്ഷണമാ.
എൻ്റെ ദൈവം കർത്താവേ!!
ഇതാണോ ഭൂമീലെങ്ങും കാണാത്ത തരം ചേനയാണെന്നു പറഞ്ഞത്?
ശരിയാ. ഇപ്പം ഭൂമീലെങ്ങും കാണാനില്ലല്ലോ!


## ബോബനും മോളിയും


പുരയെല്ലാം ചോരുന്നു. ആരെയെങ്കിലും വിളിച്ച് ഓടൊന്നു മാറിയിട്.
പെരേടെ ചോർച്ച ഒന്നു മാറ്റണം. പുരപ്പുറത്തു കയറാൻ ആരുണ്ട്?
ചോർച്ച മാറ്റിയാൽ മതിയെങ്കിൽ ഞങ്ങളു മാറ്റിത്തരാം. രണ്ടു രൂപാ തരണം.
എന്താ?
എല്ലാം ഭംഗിയായിരിക്കണം. പോസ്റ്റാപ്പീസിലൊന്നു പോയേച്ചു വരട്ടെ.
ഒക്കെ ഏറ്റിരിക്കുന്നു.
മാറിയിടാൻ പുതിയ ഓടില്ലല്ലോ?!
ഒക്കെ ഉണ്ടാകും.
കാലു മാറുന്നതിലും ബുദ്ധിമുട്ടാ ഓടു മാറുന്നത്
ഭംഗിയായി ചെയ്തിട്ടുണ്ട്. നാലണ കൂടി തരുന്നതു കൊണ്ടു നഷ്ടമില്ല.
ആ പിള്ളേരു കളിപ്പിക്കുമെന്നു ഞാൻ പറഞ്ഞില്ലായിരുന്നോ?
ഇപ്പം ചോർച്ച തെക്കേ മുറിയിൽ നിന്നും വടക്കേ മുറിയിലേക്ക മാറി
ചോർച്ച മാറ്റിത്തരാമെന്നല്ലേ പറഞ്ഞത്?


# ബോബനും മോളിയും


ജോണി, തങ്കമണിയിൽ വെടിവയ്പിച്ച പോ-ലീസ് ഇൻസ്പെക്ടർ 'ക്രൂരനെ' ഇങ്ങോട്ടു സ്ഥലം മാററാൻ പോകുന്നതായി കേട്ടു.
നാട്ടുകാരായ നാം ഇതിനെതിരായി സ്വരമുയർത്തണം. വാൾ പോസ്ററുകൾ അച്ചടിച്ച് നമുക്ക് എല്ലാ മുക്കിലും മൂലയിലും ഒട്ടിക്കാം.
BUS
ഇനി ഒരേ ഒരു വാൾ പോസ്റ്റർ അധികമുണ്ട്.
അതു നമുക്ക് ഈ പോസ്ററു ബോക്സിൽ തന്നെ ഒട്ടിക്കാം.
ജോണീ വേണ്ടത്ര സ്ഥലം ഇല്ലാ. അതു കൊണ്ട് അല്പം അക്കത്തേയ്ക്കു മടക്കിയേ ഒട്ടിക്കാൻ വന്നു.

## ബോബനും മോളിയും


ഏത്തപ്പഴം വില്ക്കുന്നതു കൊള്ളാം. ഒരെണ്ണം പോലും തിന്നേക്കരുത്.
അഥവാ മോളിക്കൊരെണ്ണം തിന്നണമെങ്കിൽ ഒരണാ ബോബന്റെ കയ്യിൽ കൊടുക്കണം.
അതുപോലെ ബോബനു തിന്നണമെങ്കിൽ ഒരണ മോളീടെ കയ്യിൽ കൊടുക്കണം.
ഏത്തവാഴപ്പഴം.. ഒരണ.. ഒരണ..
വിളിച്ചു കൂവി തൊണ്ട വരളുന്നു. ഇതാ ഒരണ. ഒരു ഏത്തപ്പഴം താ.
ഒരണ.. ഒരണ...
ഏത്തപ്പഴം ഇൻസ്റ്റാൾമെന്റിൽ തരുമോ?
ഒരേത്തപ്പഴം താ. വിശക്കുന്നു ഇതാ, ഒരണാ.
ഇത്തിരി പഴുത്തതാണേലും ഉണങ്ങിയാൽ ഉപ്പേരീം വറുക്കാം.
ഒരേത്തപ്പഴം കൂടി എനിക്കു താ. ഇതാ, ഒരണ.
ഇതാ, ഒരു പഴം എനിക്കും.
ഒരെണ്ണം കൂടി എനിക്കു താ. ഇതാ ഒരണ.
മൊത്തം പിരിവ് ഒരണായുണ്ട്!


ബോബനും മോളിയും


നമ്മടെ മത്തങ്ങാ വിൽക്കാം.
കിലോയ്ക്ക് അഞ്ചു രൂപാ തരാം
അതങ്ങു മനസിലിരിക്കട്ടെ.
മണ്ണും കൊണ്ടെങ്ങോട്ടാടീ?
SOIL
SOIL
ഒരു മത്തങ്ങാ പത്തു കിലോയോ? അതെങ്ങനാ?
അല്ല മണ്ണിന്റെ ഗുണമാ.
TOMS


# ബോബനും മോളിയും


ഓണം പ്രമാണിച്ച് കറിയാക്കുട്ടി ബോംബേന്നു വരുന്നു.
RAILWAY STATION
ഇത്ര കഴിഞ്ഞ് ഓണത്തിനുള്ള ബോണസാ. ഒത്തുതീർപ്പു സംഭാഷണം ഇന്നലെയാ കഴിഞ്ഞത്.
മാവേലി നാടു വാണീടും കാലം..
ഹൂയീസ് മാവേലി?
നീ നീളം വച്ചല്ലോടാ!
തടീം വച്ചിട്ടുണ്ട്.
തടികാലേലാ വച്ചിരിക്കുന്നത്. ചെരിപ്പ് അരക്കണ്ടിയുണ്ട്.
നീ കറുത്തു പോയല്ലോ?
എന്നു വച്ചാൽ എന്നും ഈ പ്ലെയിനേലുള്ള യാത്രയല്ലേ? ഉയരത്തിൽ ചൂടു കൂടും.
മറ്റേക്കാര്യത്തിനു പോസ്റ്റ് ബോക്സ് പരസ്യം കൊടുത്തിട്ടുണ്ട്. മാതാപിതാക്കളിൽ നിന്നും വിവാഹാലോചനകൾ ക്ഷണിക്കുന്നെന്ന്.
ന്യൂയോർക്ക് ടൈംസ് ഉണ്ടോ?
എന്തു സിഗററ്റാ?
സ്റ്റേറ്റ് എക്സ്പ്രസ് ഉണ്ടോ?
ഇൻഡ്യൻ എക്സ്പ്രസുണ്ട്.
ഈ പെണ്ണെന്താ ചിരിച്ചോണ്ടാ ഇരിക്കുന്നത്?
നിന്നെ കണ്ട ഹർഷം ചിരിച്ചു പോയതായിരിക്കും.
ഇതിനെ കെട്ടാമെങ്കിൽ വല്യ താമസമില്ലാതെ വാർദ്ധക്യകാല പെൻഷനും കിട്ടും.
ഇതു രണ്ടും എനിക്കിഷ്ടപ്പെട്ടു.
തല്ക്കാലം ഒന്നു പോരേ?
ഫോട്ടോ മാറിപ്പോയെന്നാ തോന്നുന്നത്. മകൾക്കു പകരം തള്ളേടെ പടമാ.
ഇന്നു തന്നെ പെണ്ണിനെ ഒന്നു പോയി കാണാം.
ഇവിടെ ഇന്റർനാഷണൽ എയർപോർട്ടുണ്ടോ?
എന്റെ ഭാഗ്യം!
കാപ്പി നല്ല ചൂടാ.
അതു സാരമില്ല.
ബോംബെയിൽ എന്താ ജോലി?
ഞാനവിടെ ഇൻഡോ ഫ്രഞ്ച് കമ്പനീടെ മാനേജരാ.
TOMS

# ബോബനും മോളിയും


ലാസറു ചേട്ടന്റെ മാവേൽ ഇനി കുറെ മാങ്ങാ കൂടി കിടപ്പുണ്ട്.
ദേണ്ടെ മാവേലെറിയുന്നേ
എടാ യൂദാസേ!
നിന്റെയൊക്കെ കാലും മുട്ടും ഞാൻ തല്ലിയൊടിക്കും.
ഓടിയോടി ചങ്കും മത്തങ്ങായും കലങ്ങി! മാവു കായിച്ച അന്നു തുടങ്ങിയ ഓട്ടമാ.
നിങ്ങളാ പിള്ളാരെ വിളിച്ചോണ്ട് ഉപദേശിക്ക്. നമുക്കിനി അതൊന്നു നോക്കാം.
കുഞ്ഞുങ്ങളേ, അന്യന്റെ മുതല് ആഗ്രഹിക്കുന്നതും അപഹരിക്കുന്നതും ദൈവ പ്രമാണങ്ങൾക്കെതിരാ.
ദൈവ കല്പനകളെ ലംഘിക്കുന്നവർക്കെന്താ ശിക്ഷയെന്നറിയാമോ?
നരകം!
അയ്യോ!!
ചെയ്തു പോയ തെറ്റിന് ദൈവത്തോട്ട് മാപ്പു ചോദിക്ക്.
ദൈവമേ ഞങ്ങളിനി അവിടത്തെ കല്പനകളനുസരിക്കും.
പള്ളീലോട്ടു ചെന്ന് ഒന്നു കുമ്പസാരിക്ക് ചെല്ല്.
ശരിയാ ഒന്നു കുമ്പസാരിക്കാം.
കുമ്പസാരിച്ചതിനു ശേഷം -
നിങ്ങളിപ്പോൾ നല്ല കുട്ടികളായിരിക്കുന്നു. നിങ്ങളുടെ പാപങ്ങളെല്ലാം മോചിക്കപ്പെട്ടു!
നീ പിന്നേം മാവേലെറിയുകയാണോ?
പാപമില്ലാത്തവൻ കല്ലെറിഞ്ഞോളാൻ ദൈവം പറഞ്ഞിട്ടുണ്ട്.

# ബോബനും മോളിയും




ബെല്ലടിച്ചു !!
SCHOOL
ഇന്നു നമുക്ക് വ്യായാമത്തെ പറ്റി പഠിക്കാം.
ശരീരത്തിലെ എല്ലാ അവയവങ്ങൾക്കും ഒരു പോലെ വ്യായാമം ആവശ്യമാണ്.
വ്യായാമമുള്ള ഒരു കളി ബോബൻ പറയണം.
ചീട്ടുകളി
ചീട്ടുകളി കൊണ്ട് എങ്ങനാടാ വ്യായാമം?
ഞങ്ങളുടെ ചീട്ടുകളി എന്നും അടിപിടിയിലാണവസാനിക്കാറ്.
കാലുകൾക്ക് വ്യായാമം കിട്ടുന്ന ഒരു കളി!
മാവേലേറ്.
ഇന്നലെ പൈലീടെ മാവേലൊന്നെറിഞ്ഞു. പിന്നെ കാലിനു നല്ല വ്യായാമമായിരുന്നു.
ആരാടാ അവിടെ വർത്തമാനം പറയുന്നത്?
വ്യായാമം
എല്ലാ അവയവങ്ങൾക്കും വ്യായാമം ആവശ്യമാണെന്നല്ലേ പറഞ്ഞത്. നാക്കിനു കൂടി വ്യായാമം കിട്ടിക്കോട്ടെന്നു വിചാരിച്ചു.
എല്ലാ അവയവങ്ങൾക്കും ഒരു പോലെ വ്യായാമം കിട്ടുന്ന ഒരു ക്രിയ ആർക്കു പറയാം?
സമരം!
വടിക്കും നല്ല വ്യായാമം കിട്ടും!
ബോബന്റെ ഏത അവയവത്തിനാണൊരു ദിവസം കൂടുതൽ വ്യായാമം കിട്ടുന്നത്?
വല്ലിന്
എന്നാപ്പിന്നെ ഇവിടെ ഭക്ഷ്യക്ഷാമം തീരണമെങ്കിൽ നിന്റെയൊക്കെ കാലം കഴിയണം!
ശരീരത്തിന്റെ എല്ലാ ഭാഗങ്ങൾക്കും ഒരു പോലെ വ്യായാമം കിട്ടുന്ന ഒരു ക്രിയയാണ് വെള്ളത്തിൽ നീന്തൽ!
ഞാൻ നിങ്ങളുടെ പ്രായത്തിൽ രാവിലെ സ്കൂളിൽ പോകുന്നതിനു മുൻപ് മൂന്നു പ്രാവശ്യം ദിവസവും പുഴ നീന്തുമായിരുന്നു.
എന്തിനാടീ ചിരിച്ചത്?
സാറു ചെറുപ്പത്തിൽ തുണിയുടുക്കാതെ സ്കൂളിൽ പോകുന്ന കാര്യമോർത്തിട്ടു ചിരിച്ചതാ.
എന്തു പറഞ്ഞെടീ?
മൂന്നു പ്രാവശ്യം പുഴ നീന്തുന്നവൻ മൂന്നാമത്തെ പ്രാവശ്യം പുഴയ്ക്കക്കരെ അല്ലേ എത്തുക?
?
ഉടുത്തിരുന്ന തുണി അപ്പോൾ എതിർ കരയിലല്ലേ ആയിരിക്കുക.

## ബോബനും മോളിയും


എന്റെ സർക്കസ് കാണണോ?
ഒന്നു കാണട്ടെ!
ആ കൊട്ട ഇങ്ങോട്ടു കൊട്
ഈ പട്ടിയെ ഞാൻ അപ്രത്യക്ഷമാക്കാൻ പോകുന്നു.
പട്ടീം എന്റെ കുട്ടേം അപ്രത്യക്ഷമായടോ.
ഈ വളയത്തിലൂടെ ഞാൻ കടക്കാൻ പോകുന്നു.
ആവൂ ! ഊരാൻ മേല
ഒരാഴ്ച പട്ടിണി കിടക്ക്. അപ്പം ഊരാം.
TOMS

# ബോബനും മോളിയും


ആശാൻെറ മകൻ പത്താം ക്ലാസിൽ ജയിച്ചു.
ഏതു സാരി സെലക്ട് ചെയ്യുമ്പഴും ഇളയവയസ്സു ചെന്നവരേ ഇട്ടൂ എന്നു പറയണം. അപ്പം എടുക്കുകേല.
ജൗളി
ഞാനങ്ങനെ പറഞ്ഞപ്പം, അവടമ്മയ്ക്ക കൊള്ളാമെന്നു പറഞ്ഞെടുത്തു.
SAREE
ശരിയാ. ക്ലാസ്സു കിട്ടിയാൽ ചിലവു ചെയ്യാമെന്നു ഞാൻ പറഞ്ഞിരുന്നതാ. എങ്ങോട്ടാ പോകേണ്ടത്?
പൊരിച്ച കോഴിയും ചപ്പാത്തിയും.
വേണ്ടടാ. അവരു നമ്മളെ പൊരിക്കും!
പറ്റുകേല.. പൊരിച്ച കോഴിയെ ഞങ്ങളു തിന്നിട്ടില്ല.
ഒന്നുകിൽ മുഴുക്കോഴി. അഥവാ അരക്കോഴി. അല്ലാതെ ചില്ലറ ക്കോഴി ഇല്ല. അരക്കോഴി വാങ്ങി നമ്മക്കു പങ്കിടാം. എന്താ?
മതി
വാടക ചോദിച്ചപ്പം പെരചോരുന്നെന്നോ? എടോ ദൈവം സൃഷ്ടിച്ച ആകാശം ചോരുന്നു.
അരക്കോഴീം ചപ്പാത്തീം
മുഴുക്കോഴിയായിരുന്നെങ്കിൽ നമ്മക്ക മൂന്നു പേർക്കും കഴിഞ്ഞു കോഴിക്കും തിന്നാൻ കണ്ടേനേം.
അര മണിക്കൂറായി.
നമ്മളല്ലാതെ വേറെ ആരുമില്ലല്ലോ!
വല്ലപ്പോഴുമൊരുത്തനെ കിട്ടിയാൽ ധാരാളമാ?
ചപ്പാത്തി റെഡി
കോഴിക്ക് അല്പം കൂടി താമസം വരും.
വായിൽ വെള്ളം വിഴുങ്ങി വിഴുങ്ങി മടുത്തു.
ഉടനെ വരും. അല്പം കൂടി ഇരിക്കണം.
ഒന്നു നോക്കാം.
എല്ലാം തയാറായിരിക്കുകയാ സാർ. ബാക്കി പകുതിക്കു കൂടി ഒരാളു വരണം.
TO

## ബോബനും മോളിയും



എടാ മഴ വരുന്നു!
അതു കൊണ്ടാണല്ലോ ഞങ്ങളു തെങ്ങിന്റെ കീഴെ ഇരിക്കുന്നത്.
ചട്ടീം കലോം എല്ലാമെടുത്തു നിരത്തി വയ്ക്കെടാ.
സിമന്റു കൂട്ടുന്ന ചട്ടിയുണ്ട്. അതു കൂടി എടുത്തോണ്ടു വാടീ.
അതിനകത്തു കോഴി പൊരുന്നായിരിക്കുവാ.
കേസു കെട്ടെല്ലാം നനഞ്ഞു. എങ്ങനാ ഇതു ഉണക്കുന്നത്?
അടുപ്പിലോട്ടെടുത്തു വെയ്.
ഇവിടൊരു വലിയ ചോർച്ച
അതിനല്ലേടാ ഞാൻ കുട്ടകം മേടിച്ചിരിക്കുന്നത്.
ചെമ്പ് ഒന്നെടുക്കുകയാ. ഇത്തിരി നെല്ലു പുഴുങ്ങാനാ.
അടുത്ത തുലാവർഷം കൂടി കഴിഞ്ഞിട്ടു തന്നാൽ മതി.
തട്ടിൻ പുറത്തു കയറിയിരുന്നാൽ ഇത്രേം ചോർച്ച കാണുകേല.
പുരപ്പുറത്താ ഒന്നുകൂടി കുറവ്!
പപ്പായുടെ വക്കീൽ കോട്ടെടുത്തു നമുക്കു ചൂടാം.
ഇതേൽ വിയർപ്പു മണക്കുന്നു!
അതു കണ്ടവന്റെ വിയർപ്പാ.
കുട കൊണ്ടു വന്നിട്ടുണ്ട്.
തന്റെ പുര കണ്ടോ? നന്നാക്കി തന്നില്ലെങ്കിൽ ഞങ്ങളു വീടൊഴിയും.
എന്നാൽ സകല പുണ്യവാളന്മാർക്കും വേണ്ടിയും ഓരോരോ പെരുന്നാളു കഴിക്കും.
കുന്തക്കാലീടെ കെട്ടിയവൻ ലക്ഷത്തിന്റെ വീടു പണിതു.
താമസിയാതെ എനിക്കുമുണ്ടാകുമെടീ ലക്ഷത്തിന്റെ വീട്.
ലക്ഷം വീടായിരിക്കും.

# ബോബനും മോളിയും


നമുക്ക് അഭിനയം പഠിക്കാം.
രാഷ്ട്രീയം തൊഴിലാക്കാനു ദ്ദേശമുണ്ടോടാ
ഒരു അഭിനയ മത്സരം ഒന്നു നടത്താം.
എന്റെ വീട്ടിൽ വച്ചാകാം. ഇന്നു പേരന്റ്സ് ഇല്ല.
അടുക്കളയാ അണിയറ അവിടുന്നു ഒരുങ്ങി വരണം.
ഞങ്ങൾ മാർക്കിടാം.
വീരമാർത്താണ്ഡ മന്നേ സുൽത്താൻ രാജരാജസിംഹന്റെ അന്തഃപുരത്തിൽ യാരെടാ നീ?
മുടുപ്പ് എൽസീടെയാ. അതിനുള്ള മാർക്ക് അവൾക്കു കൊടുക്കണം.
അടുത്തതു ഞാൻ
അഭിനയം എങ്ങനുണ്ട്?
നിന്റെ കയ്യിലിരിക്കുന്ന സാധനത്തിനു തുല്യം.
തീ.. തീ..
നല്ല അഭിനയം
തീ.. തീ...
അരക്കില്ലത്തിനു തീ പിടിച്ച ഭാഗമാ.
എന്തൊരു ഭാവാഭിനയം
തീ തീ
രാമായണത്തിൽ ലങ്കാദഹനത്തിന്റെ ഭാഗമാ.
ഏതായാലും അയൽക്കാരെങ്കിലും കണ്ടതു നന്നായി.
എന്നിട്ടു തീ പിടിച്ച കാര്യമെന്താടാ നീ പറയാഞ്ഞത്?
TOMS

## ബോബനും മോളിയും



കുളത്തിലെ ചേറിന് ഉറപ്പില്ല. മീന താണു പോകും.
വേനല് കാരണം കുളം വരണ്ടു.
ഞാൻ കരയ്ക്കു കയററാം.
ബോബച്ചാച്ച നില്ലാരുന്നേൽ ഞാൻ ചത്തു പോയേനേ..
എനിക്കെന്നാ തരും?
ഉമ്മ ഉമ്മ
വല്ല പെൺപിള്ളേരേം അപകടത്തിൽ നിന്നും രക്ഷിക്കാൻ കഴി- ഞ്ഞിരുന്നെങ്കിൽ....
എനിക്കും ഇതുപോലെ കിട്ടിയേനേം.
ലൂക്കാസ് ഫാമിലിയിൽ പ്പെട്ട ഒരു ചെടി കൂടി എനിക്കു കിട്ടിയാൽ മതി.
ഞാനെന്റെ റിക്കാർഡു ബുക്കു മുഴുവൻ റെഡിയാക്കി.
അതാ ആ ചെടി!
അയ്യയ്യോ! എനിക്കു മുന്നോട്ടും പിന്നോട്ടും മേല!!
ഞാൻ രക്ഷിക്കാം.
കർത്താവേ! ഇവടെ ഭാരം! അയ്യയ്യോ.
അയാളെന്നേം കൊണ്ടു പിന്നോക്കം മറിഞ്ഞു! ആരാണോ?
രക്ഷിക്കണേ
ഹിപ്പിച്ചായന്റെ സ്വരമാണല്ലോ?
എടാ നീ ചാകാനിറങ്ങിയതാണോ?
ഞാൻ പിടിച്ചിരിക്കുന്നതു വല്ല ഞണ്ടി- ന്റേം കാലേലാണോന്നു സംശ- യം!
ഇപ്പഴാ ബോധം വീണത്.
എന്റെ തലേലെങ്ങനെ ചെളി വന്നു?
അതാ എന്റേം സംശയം. നിന്റപ്പനുകുറെയൊക്കെ ബോധമു- ണ്ടാരുന്നു!

# ബോബനും മോളിയും




നീയെന്താടാ താമസിച്ചത് ? പന്തുകളി മത്സരം കഴിഞ്ഞു.
രാഹുകാലം കഴിഞ്ഞിട്ടിറങ്ങാമെന്നു വച്ചു.
ഇന്നത്തെ വകയ്ക്ക് ഒരുത്തൻ ബിരിയാണി വാങ്ങിത്തരും. ഞങ്ങളൊരു വിധത്തിലാ സമ്മതിപ്പിച്ചത്. ചൊവ്വാഴ്ച വരണം.
ചൊവ്വാഴ്ച അഴുക്കു ദിവസമാ.
എന്നാൽ വെള്ളിയാഴ്ച.
അയ്യോ ! വെള്ളിയാഴ്ച ചെകുത്താന്റെ ദിവസമാ !
അന്നേരം നിനക്കു തിങ്കളാഴ്ച ദിവസമായിരിക്കും ?
അമ്പേ - നീ ഭയങ്കര അന്ധവിശ്വാസിയാണല്ലോ ?
അന്ധവിശ്വാസമല്ല - വെള്ളിയാഴ്ച ചെകുത്താന്മാരിറങ്ങുന്ന ദിവസമാ.
അപ്പം കൂട്ടുകാരെ കാണാമല്ലോ !
തിങ്കൾ
ശരി രാഹു കഴിഞ്ഞേ തുടങ്ങാവൂ.
നിരീക്ഷകരെന്ന നിലയിൽ നിങ്ങൾക്കും പങ്കെടുക്കാം.
തിങ്കൾ
അയ്യോ ! ഇറങ്ങാൻ നേരം ദുഃശ്ശകുനം !
ഇനി പിന്നിൽക്കൂടി പോകാം.
എന്താടാ വല്ലവനും കാശു കൊടുക്കാനുണ്ടോ ?
നമ്മള് പതിമൂന്നു പേരല്ലേ ? ഇനീം റജിയും കൂടി വന്നാൽ ...
ഇതെന്നാടാ ? വായീന്നു വെള്ളമൂറിയതാണോ ?
13, ഗ്രഹപിഴ നമ്പരാ. പന്ത്രണ്ടാക്കണം.
പിന്നീട്
റജി വന്നോളും നമുക്കു തുടങ്ങാം.
റജി ഇനി വരികേല. 13 ചീത്ത നമ്പരായതു കൊണ്ട് അവൻ വന്നപ്പം ഞാൻ ഓടിച്ചു വിട്ടു.
ചതിച്ചോ ?!! ഈ പാർട്ടീടെ പണം കൊടുക്കാമെന്ന് അവനെക്കൊണ്ടാ സമ്മതിപ്പിച്ചിരിക്കുന്നത് !!
?
ഇനീ നീ, കൊടുത്തോ.
പൂച്ച വിലങ്ങനെ ചാടിയപ്പഴേ ഞാൻ നിശ്ചയിച്ചതാ.
RS. 216

## ബോബനും മോളിയും



ഔസേപ്പുകുട്ടിക്കു പ്രേതബാധ. അവനെ ഏതെങ്കിലും മന്ത്രവാദിയെ കാണിക്കണം.
കഴിഞ്ഞയാഴ്ച ഞങ്ങടെ പട്ടിയെ യെങ്ങാനും കണ്ടാരുന്നോ? അവൻ ചെളിവെള്ളത്തിൽ വീണായിരുന്നു.
ഹിപ്നോട്ടിസ് ചെയ്യ്. കൂടിയിരിക്കുന്ന പ്രേതം ആരുടേതാണെന്നറിയണം.
ഇങ്ങോട്ടു വാടാ
ഇവനെ ഒന്നു താങ്ങിക്കോ. ഞാനൊന്നു ചോദിക്കട്ടെ.
ഇവനിൽ കൂടിയിരിക്കുന്ന നീ ആരാണ്?
ഞാനൊരു രാഷ്ട്രീയ നേതാവാണ്.
ഇവനെ നീ പട്ടിയാക്കിട്ടോ പാമ്പാക്കിട്ടോ പേടിപ്പിച്ചത്?
പട്ടിയായിട്ടും പാമ്പായിട്ടും ചെന്നിട്ട് ഇവൻ പേടിച്ചില്ല.
ഉം... പറഞ്ഞോ.
പിന്നെ ഞാൻ രസീതു കുറ്റിയുമായി ചെന്നപ്പോ ഇവൻ പേടിച്ചു. ആ തക്കം നോക്കി ഞാനിവനിൽ പ്രവേശിച്ചു.
നീ ഇറങ്ങുമോ?
ഇല്ല
നിന്നെ ഞാൻ കുന്തം കൊണ്ടു മരത്തിൽ തറയ്ക്കും.
തറച്ചോ
ഇതിനു മുൻപു ഞാൻ മറ്റൊരുത്തനെ തറച്ചു. നീയൊന്നു കണ്ടോളൂ
കണ്ടു.
ഇറങ്ങുമോ?
ഇല്ല
തറയ്ക്കാൻ പോകുകയാ.
നില്ല്
?
കുടിയിരിക്കുന്നവൻ ഭരണകക്ഷിയിൽപ്പെട്ടവനാ.
Toms

## ബോബനും മോളിയും



പതിനെട്ട് പത്തൊൻപത്- ഇരുപത്- ഇരുപത്തിയൊന്ന്...
നില്ല് ഞാനൊളിച്ചില്ല
ഇന്ന വിഭൂതി തിരുനാളാ. ക്രിസ്ത്യാനികളൊക്കെ കരികൊണ്ട് നെററിയേൽ കുരിശു വരയ്ക്കും.
കരിതേക്കാൻ നിങ്ങളു സമർത്ഥരാ.
വലിയ ഭക്തന്മാരൊക്കെ വലിയ കുരിശു വരക്കും.
ഇസ്രയേലിൻെറ പഴയ ആചാരമാ വിഭൂതി.
ഇസ്രയേൽ ജനം ശരീരം മുഴുവൻ ചാരം പൂശിയായിരുന്നു വിഭൂതിയാഘോഷം.
നാല്പത്തിയാറ്, നാല്പത്തിയേഴ്, നാല്പത്തിയെട്ട്, നാല്പത്തിയൊമ്പത്- സാറ്റ്
നൂറു വരെയാ
എടാ, നെററിയേൽ കുരിശു വരയ്ക്കണം.
ഈ കളിയൊന്നു കഴിയട്ടെ.
എങ്ങോട്ടാ ഇടേണ്ടതെന്ന് ഓരോ പ്രാവശ്യോം പറയണോ? തനിക്കറിയാൻ മേലേ?
തൻെറ നെററിയേൽ കുരിശു കാണുന്നില്ലല്ലോ?
എൻെറ കുരിശു പിടലിക്കാ.
അതു പോരമ്മച്ചി. ബജറ്റു കാരണം മരക്കരിക്കു വിലക്കൂടുതലാ.
നെററിയേൽ മാത്രം മതിയായിരുന്നു!
കുഴപ്പമില്ല. നമ്മളൊക്കെ ഇസ്രയേലിൻെറ സന്തതികളല്ലേ?
രണ്ടു കൊമ്പുകൂടി ഉണ്ടെങ്കിൽ ചെകുത്താൻെറ സന്തതിയായേനേ.
TOMS

## ബോബനും മോളിയും



TAR
തലയൊന്ന മുക്കണ്ടെ.
TAR
പാവം! തളർന്നു! ഒരുപകാരം ചെയ്യാം
സഹോദരാ ഞാൻ ചുമക്കാം.
നില്ലടാ അവിടെ.
ADVOCATE.
TOMS

# ബോബനും മോളിയും


സ്റ്റുഡിയോ
റെഡി അനങ്ങരുത്.
സാലീ, സുമേ എന്റെ അഭ്യാസപ്രകടനം കണ്ടോ!
നിരന്തരമായ ട്രെയിനിങ്ങും മെയ്‌വഴക്കവുമാ ഇതിനാവശ്യം.
നീയൊക്കെ എങ്ങോട്ടും വളയുന്ന സൈസാണല്ലോ!
എന്റെ പ്രശസ്തി നാലിരട്ടി വർദ്ധിച്ചു!
അപാര കഴിവാ!
സ്കൂൾ മാസികയിൽ കൊടുക്കാൻ ക്ലാസ് ടീച്ചറ് ആ പടം മേടിച്ചു.
എല്ലാരും എന്നെ നാടൻ നാദിയാന്നാ വിളിക്കുന്നത്.
മോളീ..മോളീ.. ഹെഡ്മാസ്റ്ററു വിളിക്കുന്നു!
മോളിയ്ക്കൊരു സന്തോഷവാർത്ത!
നമ്മുടെ ആനിവേഴ്സറിക്കു മോളീടെ ഒരു ജിംനാസ്റ്റിക്കു പ്രകടനം കൂടി ഉൾപ്പെടുത്തിയിട്ടുണ്ട്.
വേറെ ഏതാണ്ടും വരാനിരുന്ന നേരത്താ ഈ ദുർബുദ്ധി തോന്നിയത്!!
തല ചുറ്റുന്നു!
വെരേടെ ഉപദ്രവം കാണം
കർത്താവേ കഴിയുമെങ്കിൽ ഈ പാനപാത്രം -----
പേടിക്കാതെ പരിഹാരമുണ്ടാക്കാം.
TEACHERS
സമ്മതം. കോച്ചിങ്ങിനു രണ്ടു ദിവസത്തെ അവധി തരണം. ബോബനാ കോച്ച്.
അവടമ്മ ചെറുപ്പത്തിൽ വേലി ചാട്ടമായിരുന്നു.
കേമായിട്ടുണ്ട് ടി.വി.ക്കാരെ വിളിക്കേണ്ടതായിരുന്നു.
സബാഷ് സബാഷ്
വല്ല്യ അപകടം പിടിച്ച ഒരു കളിയാണിത്!!
ശരിയാ. നല്ല കയറിപ്പം എവിടെ കിട്ടാൻ?!


# ബോബനും മോളിയും



ടവുണിൽ സർക്കസ് വന്നു! ആന, കടുവാ, പുലി
ഒരു കാണ്ടാമൃഗവും വന്നിട്ടുണ്ട്.
അത് എനിക്കിട്ടൊരു വെപ്പായിരുന്നല്ലോടാ!
പോക്കറ്റുമണിയിൽ ഒരു കട വായ്പ...
അടുത്ത ആറു മാസത്തെ ഇഷ്ടം അഡ്വാൻസാ.
നാലു കൊട്
നാലു പോരാ. എട്ടു വേണം.
നാല് തുടയ്ക്കിട്ടു കൊടുക്കാനാ പറഞ്ഞത്.
ഗൾഫീന്നു വന്ന അങ്കിള് എനിക്ക് അൻപതു രൂപാ തന്നു. സർക്കസിനു പോകുവാ.
പത്തു കടം താടാ.
നോ..
നീ വല്യ കണക്കിന്റെ ആൾനാണല്ലോ. ഞങ്ങളൊരു കണക്കു ചോദിക്കാം.
ചോദിച്ചോ.
ഏഴും നാലും കൂടി കൂട്ടിയാലെത്രയാ?
പതിനൊന്ന്
തെറ്റ് പതിമൂന്നാ.
പതിനൊന്നേയുള്ളു.
അല്ലാ, പതിമൂന്നുണ്ട്.
നീ പറഞ്ഞതു തെറ്റാ. പതിനൊന്നേ വരത്തുള്ളു.
നിനക്കോർമ്മയില്ല. പതിമൂന്നു വരും.
എന്നാ താടാ വഴക്ക്.
ശരി, പതിനൊന്നെങ്കിൽ പതിനൊന്ന്. പതിനൊന്നു രൂപാ താ. ബാക്കി ഉപേക്ഷിച്ചിരിക്കുന്നു.
രൂപായോ? ഞാൻ തരികേല.
പതിനൊന്നേ വരത്തുള്ളെന്നു നീയല്ലേടാ പറഞ്ഞത്. കൊടുക്കെടാ രൂപാ.
പാവങ്ങളായതു കൊണ്ടു പററിക്കാമെന്നാവും?
CIRCUS
തലേൽ പൂടയില്ലാത്തവന് രണ്ട് ഐസ്ക്രീം കൊട് ഒന്നു തണുക്കട്ടെ.
ഐസ്ക്രീം


13

## ബോബനും മോളിയും




ബോബൻേറം മോളീടേം ബർത്ത്ഡേ.
പായിസ സൽക്കാരമുണ്ട്.
അതെങ്ങനാടാ, നിങ്ങടെ രണ്ടു പേരുടേം ബർത്ത്ഡേ ഒരു ദിവസം വരുന്നത്?
ഇരട്ട പെററതാ.
അപകടങ്ങൾ കൂട്ടത്തോടെ വരുമെന്നല്ലേ?
അപ്പം നിങ്ങള് ഇരട്ട പെറ്റതാ?!
ഞങ്ങളല്ല ഞങ്ങടെ അമ്മ
അവനിപ്പം ഒരു സമ്മാനം കൊടുക്കണമല്ലോ? ഒററക്കാശില്ല.
ഇവിടെ നോക്കിയാലോ?
അന്വേഷിപ്പിൻ കണ്ടെത്തുമെന്നല്ലേ?
SHOP
അവൻെറ വീട്ടിലാ പരിപാടി. നാലു മണിക്ക്.
എൻെറ സമ്മാനം നിഗൂഢാർത്ഥ പ്രധാനമാണ്
ഇരു കത്തികളും ചേർന്ന് അരിഞ്ഞു മുറിക്കുന്നു.
അവനു സമ്മാനം കൊടുക്കാൻ ഇവനൊക്കെ തലയ്ക്കു വല്ലോം അസുഖമുണ്ടോ?
ഹാപ്പി ബർത്ത് ഡേ
പാത്രങ്ങളൊക്കെ കൂലിയ്ക്കെടുത്തതാ.
കൂലിയ്ക്കെടുക്കാത്തതായിട്ട് എന്തുണ്ട്?
എൻെറ സമ്മാനം ഒരു സിംബോളിക്ക് ഗിഫ്ററാണ്
താങ്ക് യൂ!
പാറക്കഷണം?
നമ്മുടെ സ്നേഹം അലിയാത്തതും ദൃഢമായതും പോറലേൾക്കാത്തതുമാണെന്നു സാരം.
പോട്ടെ!
ആരെങ്കിലും കാണുന്നതിനു മുൻപെടുത്തു പുറത്തോട്ടു കള
TOMS


## ബോബനും മോളിയും


മണി പത്താായി
ബോബാ
ബൗ... ബൗ...
അവൻെറ പട്ടിക്ക പിന്നേം മരിയാദ യറിയാം.
എവിടെ തെരയാൻ പോയെടാ
സൈക്കിൾ യജ്ഞം കാണാൻ.
സന്ധ്യയായാൽ വീട്ടിൽ വരണ മെന്ന ഞാൻ പറഞ്ഞിട്ടി ല്ലേ ?
ഇന്നൊന്നും കഴിക്കേണ്ട
അത്താഴം വച്ചി ല്ലങ്കിൽ അതു പറ.
മേലാൽ എന്നോടു ചോദിക്കാതെ ഈ വീട്ടീന്ന പുറത്തിറ ങ്ങാൻ പാടില്ല.
പപ്പാ ഇല്ലാ ത്തപ്പം പെര യ്ക്ക തീ പിടിച്ചാലോ?
കേട്ടില്ലേ, പറയുന്നത് ?! എടാ, മാതാപി താക്കളെ ബഹു മാനിക്കണ മെന്നാ ബൈ- ബിളിൽ
അത് ആദ്യം പഠി.
മാതാ പിതാ ക്കളെ ദൈവത്തെ പ്പോലെ കാണണം മനസ്സിലായോ?
വന്നു തിന്നു.
ഇന്ന് 'പാതിരാക്കോഴി' അവസാന ദിവസാ!
നല്ല സിനിമ യാണെന്നാ കേട്ടത്.
അലാറം അടിക്കുന്ന അവരെ ഒന്ന വിളി ച്ചേക്കാം. കേട്ട കാണുകേല.
കിർർർ
കിർർർ
കിർർർ
എഴുന്നേ രടാ.
പുതപ്പങ്ങോട്ട് വലിച്ചു മാററി കള.
ഞങ്ങളു ചോദിച്ചേച്ചാ പോയത്.
ഫോട്ടോയുടെ മുന്നിലാണോടാ ചോദിക്കുന്നത് ?
ദൈവത്തോടു നമ്മളു പിന്നെ എങ്ങനെയാ ചോദിക്ക ന്നത് ?
TOMS

# ബോബനും മോളിയും


പുതിയ താമസക്കാരു വന്നു.
റ്റി.വി. എടുത്തോ?
എല്ലാരും കേട്ടു.
അവടെ കയ്യേൽ പന്ത്രണ്ടു വളയാ.
അവർക്കു വേലക്കാരിയുണ്ടോടാ.
ഉണ്ട്. ഒരു അറുപത്ത-ഞ്ചു വയസ്
ഹാർമ്മോണിയമുണ്ട്.
എന്തിനാ എല്ലാം അങ്ങോട്ട് എത്തി നോക്കുന്നത്?
അതാ ഞാനും ചോദിക്കുന്നത്?
റിട്ടയാർഡ് സൂപ്രണ്ടിങ്ങ് എഞ്ചിനിയറാ. ഭാര്യ പാട്ടു പഠിക്കുന്നുണ്ട്.
പണ്ടേ എനിക്കിതു കേൾക്കരുത്.
ശല്യം.
ആ പഴേ തുരുമ്പു പിടിച്ച സാധനം ഇവിടെ ങ്ങാണ്ടുണ്ടായിരുന്നു.
അങ്ങേ വീട്ടിലെ ഏമ്മാൻ തന്നയച്ചതാ.
നില്ല് മറുപടി കൂടി തരാം.
ഭാഗവതരെ ഇഷ്ടം ഇതുവഴി കാണാറില്ലല്ലോ?
അവരു പാട്ടു പഠിത്തം നിറുത്തി.
TOMS



വാഴ്ത്തപ്പെട്ട കവി
മാതൃരാജ്യം
മഹാരമ.
രാജ്യാഭിമാനി.
പ്രസാധകർ


ഒരു അജ്ഞാത കവി-
FACT
KELTRON
മുഖ്യമന്ത്രിയുടെ അനുശോചനം
മരണാനന്തര ആസ്ഥാന മഹാ കവിപ്പട്ടം
നാളെ കവിയെപ്പറ്റി സ്പെഷ്യൽ ഫീച്ചർ
സ്മാരക കമ്മറ്റി
അമ്മേ- അച്ഛൻ!
TOMS

# ബോബനും മോളിയും


ഓണത്തിന ബോണസ് തരണം.
ഒരു കൊല്ലം മുഴുവൻ പശുന്റെ ചാണകം വാരി
പശു തരും
രണ്ടു ഉറുവായോ? നാലു വീട്ടിൽ കൈ നീട്ടിയാൽ കിട്ടുമല്ലോ രണ്ടു രൂപാ.
കിട്ടിയതും കൊണ്ടു പോടാ.
ഈ അമ്മച്ചി-യപ്പച്ചൻ കൂട്ടുകെട്ടെന്നു പറയുന്ന ദുഷിച്ച വ്യവസ്ഥിതി ഇവിടുന്ന് മാറാതെ ഗുണം പിടിക്കുകേല.
ലോട്ടറി ടിക്കറ്റെടുത്താലോ. പക്ഷെ തികയുകേല.
ഒരു രൂപാ എനിക്കുള്ളതാ.
ഒരു രൂപാ കടം താടാ.
പണം ആർക്കും കൊടുക്കരുതെന്നാ ഡാഡി പറഞ്ഞത്.
പണം നിന്റപ്പനും ബ്ലേഡിൽ പോയോ?
എന്നാൽ നമുക്കു രണ്ടാൾക്കും ചേർന്ന് ലോട്ടറി ടിക്കറ്റെടുക്കാം.
എന്റെ പേരിലെടുക്കണം.
എന്റെ പേരിന്റെ ആദ്യാക്ഷരവും നിന്റെ പേരിന്റെ അവസാനാക്ഷരവും ചേർത്തെടുക്കാം.
ശരി
സോഷ്യൽ സർവ്വീസുണ്ട്. പട്ടിണിപ്പാവങ്ങളെ കേക്കുണ്ടാക്കാൻ പഠിപ്പിക്കുന്നു.
ടൂ വീലറാ സമ്മാനം കിട്ടുന്നതെങ്കിൽ എങ്ങനെ വീതിക്കും?
രണ്ടു വീലുള്ള നിലയ്ക്ക് വീതിക്കാൻ സൗകര്യമല്ലേ.
കാറാ കിട്ടുന്നതെങ്കിൽ ഇങ്ങനെയങ്ങോട്ടു മലർന്നു കിടക്കും.
കാറായിരിക്കും മലർന്നു കിടക്കുന്നത്.
എടാ നിന്നെയവളു പറ്റിക്കും.
രണ്ടു പേരുടേം പേരിലാ എടുത്തിരിക്കുന്നത്. പറ്റിക്കാൻ സാധിക്കുകേല.
മോളിക്കു നൂറു രൂപേടെ പ്രോത്സാഹന സമ്മാനം.
കണ്ടോടാ! അവടെ പേരാ വിളിച്ചത്.
ടിക്കറ്റു കണ്ടോളൂ.
എന്റെ പേരിന്റെ ആദ്യാക്ഷരവും മോളീടെ പേരിന്റെ അവസാനാക്ഷരവും.

## ബോബനും മോളിയും


ക്രിസ്മസ് അവധിക്കാല മല്ലേ, ഒരു പടക്കക്കച്ചവടം തുടങ്ങാൻ പോകുവാ.
മൊട്ടക്കച്ചവടമാ പററിയത്.
മൊട്ടയ്ക്കു പടക്കക്കച്ചവടം.
സ്വയം തൊഴിലു കണ്ടെത്തുന്നവർക്കു സർക്കാരു വായ്പേം കിട്ടും.
ലാഭം കൊണ്ടു പാവപ്പെട്ട പിള്ളേർക്കു സൗജന്യ പുസ്തക വിതരണം. നിനക്കും തരാം.
ഊതാതെടാ.
ഇതെന്നാടാ? യുദ്ധക്കപ്പലോ?
എനിക്കു കമ്പിത്തിരീം റോക്കറ്റും
കെട്ടിടത്തിന്റെ താഴെയിരിക്കാം.
സിഗരറ്റു വലി പാടില്ല.
സോറി.
വെടിക്കെട്ടു കാണേണ്ടവർ ഓടി വരിൻ
പാവപ്പെട്ടവർക്കു വേണ്ടിയുള്ള ഇന്ത്യയിലെ ആദ്യത്തെ സമ്പൂർണ്ണ വെടിക്കെട്ട്
പാവപ്പെട്ട വർക്കുള്ള പുസ്തകവിതരണം എന്നാ?

# ബോബനും മോളിയും




ഇന്നു നമ്മുടെ വിവാഹ വാർഷികമല്ലേ?
അവസാനത്തെ രണ്ടക്ഷരം വിട്ടേര് വിവാഹ, വാർ.
യുദ്ധത്തിലാരെങ്കിലും മരിക്കണമല്ലോ. എന്നാൽ നമ്മുടെ പൂവൻ കോഴിയായിക്കോട്ടെ.
എന്തിനാടാ രണ്ടെണ്ണം?
ഒരുത്തൻ തടവുകാരനായിട്ടു കിടക്കട്ടെ. തികയാതെ വരും.
ആരാണ്ടടേം ഇരുപത്തഞ്ചാം വാർഷികത്തിന്റെ പടം. എന്തിനാ പടം കൊട്ടുക്കുന്നത്?
ഇരുപത്തഞ്ചു കൊല്ലം കഴിഞ്ഞിട്ടും അവരൊന്നിച്ചാ ജീവിക്കുന്നതെന്ന് അറിക്കാൻ.
തിമ്മൻ ചേട്ടൻ?!
ഇന്നു വിവാഹ വാർഷികമല്ലേ?
എങ്ങനറിഞ്ഞു. റേഡിയോയിലുണ്ടായിരുന്നോ?
നമ്മുടെ കുടുംബക്കാരുടെയൊക്കെ വിവാഹം, പിറന്നാള്, ഓർമ്മത്തീയതി ആണ്ടുചാത്തം. എല്ലാം ഈ ഡയറിയിലുണ്ട്.
ആരും കത്തിച്ചില്ലല്ലേ?!
കുറെ മുളകരച്ചതു കൂടി ഇങ്ങോട്ടു താ.
മുളകരച്ചതു പട്ടീടെ വായിലോട്ടു തിരുകാം.
പട്ടിയ്ക്കെന്തു പററിയെടാ? എന്താ കെട്ടിയിട്ടിരിക്കുന്നേ?
പട്ടിയ്ക്കു പേയിളകി.
കർത്താവേ!!
ബൌ
ബൌ-ബൌ
തല്ലിക്കൊല്ലാൻ അങ്ങോട്ടു പിടിക്കേണ്ടേ?
കയറു പൊട്ടിച്ചു!!
കൊല്ലടാ- കൊല്ല്.
കൊല്ലണമെന്നു പലപ്പോഴും തോന്നീട്ടുണ്ട്. എങ്ങനാന്നു വിചാരിച്ചാ.
സാരമില്ലടാ. കോഴിയിറച്ചി നിനക്കു തേനിൽ മുക്കി തരും.

# ബോബനും മോളിയും




ടി.വി. പരസ്യത്തിൽ വന്നതിന്റെ ഒരു ഗമ!
വാപൊളിച്ചാൽ പുന്നയ്ക്കാ എണ്ണടെ നാറ്റമാ.
പോഷ്ഫുഡ്ഡിനിപ്പം നല്ല ചിലവാ. ബോബനും മോളിയും അല്ലേ പരസ്യത്തിൽ!
നമ്മുടെ ബിസ്ക്കറ്റിന്റെ പരസ്യത്തിനു മൊട്ടയെ പങ്കെടുപ്പിക്കാം.
കോറാ കമ്പനിക്കാര് എന്നെ വിളിച്ചിരിക്കുന്നു. ടി.വി. പരസ്യത്തിന്.
500 രൂപാ അഡ്വാൻസും തന്നു
എന്നെ വല്ലവരും വിളിക്കുമായിരിക്കും.
ഒ.കെ. യുടെ പരസ്യത്തിനു വിളിച്ചേക്കും.
അറിഞ്ഞോ
കേരളത്തിൽ ഞങ്ങളാ ഈ ബിസ്ക്കറ്റ് ആദ്യം ഉണ്ടാക്കുന്നത്.
ശരിക്കും പറഞ്ഞാൽ നിങ്ങളെപ്പോലുള്ളവരെ ഉദ്ദേശിച്ചുണ്ടാക്കിയതല്ല.
വലിയ പണക്കാർക്കു വേണ്ടിയായിരിക്കും.
അങ്ങനെ പലപല പോസുകളിലിരുന്നും കിടന്നും ഒക്കെ തിന്നണം.
അങ്ങനെ.
ആയിരം രൂപാ!!
സംഭാഷണം വേറെയാളാ. പിന്നീടു കൂട്ടിച്ചേർക്കും.
ചലച്ചിത്രഗാനത്തിനു മുൻപാ. ഇപ്പം വരും.
അത്രയേറെ രുചിയാന്നത്. എന്റെ പട്ടിക്കുപോലും ഞാ നിത്യ കൊടുക്കുകേല.
കോറായുടെ **പട്ടി ബിസ്ക്കറ്റ്** എല്ലാ പട്ടികളും ഇഷ്ടപ്പെടുന്നത്.

# ബോബനും മോളിയും



ഇതിനകത്തു വച്ചു റിഹേഴ്സലു പററുകേല.
കലാബോധമില്ലാത്ത വർഗ്ഗം!!
എന്നെക്കൂടി നിങ്ങടെ മ്യൂസിക്ക് ക്ലബ്ബിൽ. ചേർക്കണം.
വോഷ് മ്യൂസിക്ക്
ഔറംഗസീബിന്റെ വംശപരമ്പരയാ ഈ നാട്ടില് !!
റിഹേഴ്സലിനു ഞാൻ സ്ഥലമുണ്ടാക്കാം. ഡിസ്പെൻസറിയിലിപ്പം അത്ര തിരക്കില്ല..
എന്തവാ എന്റെ ക്ലിനിക്കിൽ ?!
റാം ക്ലിനിക്ക്
ഡോ. റാം
എടാ ഇവിടം രോഗികളെ സൃഷ്ടിക്കുന്ന ഇടമല്ല! രോഗം ഭേദമാക്കുന്ന ഇടമാ.
അങ്ങോട്ടു കയറുമ്പം എനിക്കിത്രേം അസുഖമില്ലായിരുന്നു.
കുട്ടികളല്ലേ. അത്ര നിഷ്ക്കരുണം പെരുമാറരുത്.
റിഹേഴ്സലിനു ഞാനൊരു വീടു തരാം. വണ്ടിയേലോട്ടു കയറിക്കോ.
അല്ലം അകലെയായതു നന്നായി. ആർക്കും ഉപദ്രവമില്ലല്ലോ!
പഴക്കമാണെങ്കിലും കൊള്ളാം.
നിങ്ങൾക്കു സംഗീതത്തോടു പെട്ടന്നൊരു പ്രതിപത്തി തോന്നാനെന്താ കാരണം?
പത്തു മുപ്പതു കൊല്ലമായി ആൾത്താമസമില്ലാതെ കിടക്കുന്ന എന്റെ പഴയ തറവാടാ.
ഇപ്പം പിശാചുബാധയാ. ഒഴിഞ്ഞു പോകുന്നേൽ പോട്ടെ.
ചെകുത്താൻ തന്നെയല്ല, ചെള്ള്, ചിതല്, പാററ, എറുമ്പു വരെ ഒഴിയും.

## ബോബനും മോളിയും



ഇന്നെന്താ നമുക്കു കളിക്കേണ്ടതു്.
ശീട്ടു കളിക്കാം.
വ്യായാമം കിട്ടുന്ന കളി വേണം.
മേനോൻ സാറിന്റെ പേരേൽ കയറാം. പല്ലിനു നല്ല വ്യായാമം കിട്ടും.
നമുക്കു ഫാൻസീ ഡ്രസ് കളിക്കാം.
ഇതു പോലീസ് പരേഡ് ഗ്രൗണ്ടാ സിവിലിയൻസിനു കളിക്കാൻ മേല.
പോലീസു വന്നാൽ എനിക്കു പുല്ലാ.
പോലീസു വന്നാൽ ഞാനിങ്ങനെ പാറ പോലെ ഉറച്ചു നില്ക്കും.
ആദ്യം ഞാൻ വേഷം കെട്ടാം
കള്ളുകുടിയനായിട്ടാ
ഇനി അടുത്തതു ഞാൻ
എടാ, ഇന്നു ശനിയാഴ്ചയാ. അവസരം പാഴാക്കേണ്ട.
സിസ്റ്റർ മോളിക്കാ!
ആരാടാ പരേഡ് ഗ്രൗണ്ടിൽ കളിക്കുന്നതു്?
പൊന്നേമ്മാണെ ക്ഷമി-- ആഹാ! നീയാരുന്നോ?
TOMS

# ബോബനും മോളിയും




ബോംബേന്ന് നിങ്ങടെ അങ്കിളിന്റെ എഴുത്തു വന്നിരിക്കുന്നു. ഏതോ വലിയ സമ്മാനം നിങ്ങൾക്ക കൊട്ടുക്കുന്നുണ്ടെന്ന്.
ജോണി അറിഞ്ഞില്ലേ? അങ്കിള് ബോംബേന്ന് ഒരു വലിയ വലിയ സമ്മാനം ഞങ്ങൾക്കയച്ചിരിക്കുന്നു. എഴുത്തു വന്നിട്ടുണ്ട്
അങ്കിളിന് വലിയ ആന പോലെ മുഴുത്ത ജോലിയാണ് ബോംബേല്
ഇങ്ങനെയാ അങ്കിള് നടക്കുന്നത്.
ചെരിപ്പ്-മാല. പട്ടുടുപ്പ്. പൗഡറ് അങ്ങനെ എന്തെടിക്രൂട്ടം കാണും.
എന്റെ അങ്കിളു മരിച്ചു പോയി. അല്ലേൽ എനിക്കും സമ്മാനം ഒക്കെ അയച്ചു തന്നേനേം.
ക്യാമറാ സൈക്കിള്
ഛേഷ്-നിങ്ങൾക്കു വേണ്ടി കോട്ടയം എർണ്ണാകുളം എല്ലാം തിരക്കിയിട്ടും കിട്ടാഞ്ഞ ഒരു പുസ്തകം!!
എണ്ണുവടി
1 മുതൽ 100 വരെയുള്ള
പട്ടിക
ഒന്നു മുതൽ അഞ്ചു വരെയുള്ള പട്ടിക കാണാപ്പാഠം പഠിച്ചാലല്ലാതെ ഇന്നുച്ചയ്ക്കു ചോറില്ല!
പട്ടം പറപ്പിക്കാൻ വരുന്നില്ലേ? മോളീ!!
നീ ഭാഗ്യമുള്ളവനാ ജോണീ... നിന്റെ അങ്കിൾ മരിച്ചു പോയി.


# ബോബനും മോളിയും



## ബോബനും മോളിയും


അഞ്ചുരൂപാ തന്നാൽ വില്ലേജ് ആഫീസിൽ ചെന്നു കരം കെട്ടിയേച്ചു വരാമോ?
സന്തോഷം.
പപ്പാക്ക് ഇന്നു നല്ല മൂഡാ.
ഒരിക്കലും ഇങ്ങനെ പറയുന്നതല്ല
ഈശ്വരാ, ഇന്നു കണികണ്ടവനെ നാളേം കാണണേ
ഒരുരൂപക്ക് ഐസ്മിൽക്ക് മിഠായിതാ.
ബാക്കിക്കു കാപ്പികുടിക്കാം.
റസ്റ്റാറന്റ്
എന്താ വന്നു കയ്യും കെട്ടി നിൽക്കുന്നത്?
രാവിലെ ഇവിടെ വന്നു കരം കെട്ടണമെന്നു പപ്പാ പറഞ്ഞു.

## ബോബനും മോളിയും



ചേട്ടന്റെ തലേൽ മുഴയാ- ഇന്നെന്നാ ചേടത്തി ചൂലിനാണോ തല്ലിയത്?
ഞാനൊരു ചീത്തയാ. എന്റെ മുഖം കറുത്തു നീ കണ്ടിട്ടില്ല.
നീ ആരോടാടാ അനാവശ്യം പറയുന്നത്? നിന്റെ മൂത്ത ചേട്ടന്റെ പ്രായമുണ്ടല്ലോ അതിയാന്.
ഇക്കണക്കിനു നീ എന്നെപ്പറ്റീം ഇതുതന്നെ പറയുമല്ലോ?!
വിടരുതവനെ.
ഈ കുട്ടകത്തിന്റെ അടിയിൽ കയറിക്കോ.
ചേട്ടന്റെ മുഖം കറുത്ത് ആദ്യമാ കാണുന്നത്.
ടോംസ്

# ബോബനും മോളിയും




ഈ അമ്മായിയമ്മയ്ക്കും മരുമകൾക്കും എന്നും വഴക്കിനും തമ്മിത്തല്ലിനുമേ നേരമുള്ളൂ !!
ഈ മുതുക്കിത്തള്ള മുടിഞ്ഞു പോകണേ
നേരം വെളുത്താൽ വൈകുന്നതു വരെ ഈ പ്രാക്ക് തന്നെ!!!
ഈ മുതുക്കിത്തള്ള മുടിഞ്ഞു പോകണേ...
ഈ മുതുക്കി തള്ള മുടിഞ്ഞു പോകണേ
കഷ്ടം!! ഞാൻ ചോറു കൊടുത്തു വളർത്തിയ തത്ത പോലും അതു കേട്ടു പഠിച്ചു.
എനിക്കു സങ്കടമതല്ല മോളി എന്റെ തത്ത എന്നാണാവോ ഇങ്ങനെ പറയുന്നതിലാണ്.
അതിനു മാർഗ്ഗമുണ്ട്
നമ്മുടെ പള്ളീലെ അച്ചൻ ഒരു തത്തെ വളർത്തുന്നുണ്ട്. അതാണെങ്കിൽ സദാനേരവും–
കർത്താവേ അങ്ങടീ പ്രാർത്ഥന കേൾക്കണേ കർത്താവേ അങ്ങടീ പ്രാർത്ഥന കേൾക്കണേ ന്നാ പറയുക
അച്ചന്റെ തത്ത ഒരു നാലു ദിവസം നമ്മുടെ തത്തേടെ കൂടെ ഇട്ടു വളർത്തിയാൽ മതി. അതു കേട്ട് നമ്മുടെ തത്തയും നല്ലതു പറയാൻ തുടങ്ങും
നല്ല പരിപാടി തന്നെ
ഒരു നാലു ദിവസത്തേക്കു മതിയച്ചാ.
ഈ മുതുക്കി തള്ള മുടിഞ്ഞു പോകണേ
കർത്താവേ അങ്ങടീ പ്രാർത്ഥന കേൾക്കണേ

# ബോബനും മോളിയും



ബോംബേന്ന് വിദേശപര്യടനത്തിനു പോയ മന്ത്രി ഉരുണ്ടു വീണ് പല്ലു പോയെന്ന്.
ഗാന്ധീടെ പല്ലു പോയില്ലായിരുന്നോ?
ചക്കത്തോരൻ, ചക്ക അവിയല്, ചക്ക സാമ്പാറ്, ചക്ക രസം, ചക്ക ഉപ്പിലിട്ടത്. ഇനി മോരും ചക്ക കൊണ്ടാണോ?
കുറ്റകൃത്യങ്ങളെപ്പറ്റി പഠിക്കാൻ മന്ത്രി വിദേശ രാജ്യങ്ങൾ സന്ദർശിക്കുന്നെന്ന്.
അതിനേക്കാൾ വലിയ കുറ്റകൃത്യമെന്താ?
ജോണിയെ അറിയില്ലേ? അവൻ വിദേശത്താ. രണ്ടു കൊല്ലത്തിലൊരിക്കലേ നാട്ടിൽ വരൂ.
അവൻ മന്ത്രിയാണോ?
ആഫ്രിക്കൻ പായലിന് വിദേശ വിപണി കണ്ടുപിടിക്കാൻ കാർ
റെ കാണാൻ പോകുകയാ.
കുഴമ്പ കയ്ക്കു കൂടി. രണ്ടും ഒരുപോലെ ഉപദ്രവമായി.
ആനപ്പുറത്തിരിക്കുമ്പോഴല്ലേ താളി ഒടിക്കാൻ പറ്റൂ. മന്ത്രിമാർ നാളെയെങ്ങനെ പറക്കും?
ജനങ്ങളെ പറപ്പിച്ചോളും.
വലിയ ഉറപ്പൊന്നും വേണ്ട. അടുത്ത സമരത്തിന് വീണ്ടും മറിക്കാനുള്ളതാ.
വകുപ്പു മേധാവിയെന്നുള്ള നിലയിൽ ഞാൻ നാളെ പാരീസിലേക്കു പോകുന്നു.
ഭാര്യയെ കൊണ്ടുപോകുന്നുണ്ടോ?
സദ്യയുണ്ണാൻ പോകുന്നിടത്തു പൊതിച്ചോറും കെട്ടി പോകാറുണ്ടോ?
കടുത്ത വരൾച്ച വന്നപ്പോൾ ഞാനൊരു നേർച്ച നേർന്നിട്ടുണ്ട്.
ഇരുപത്തിയഞ്ചു രാജ്യങ്ങളിൽ പോയി ഇരുപത്തഞ്ചു വീടു തെണ്ടി വേളാങ്കണ്ണി മാതാവിനു കൊളുത്തേക്കാമെന്ന്.
മറ്റൊരു മന്ത്രി ഇന്നു പോയി!
കൂടെപ്പോയവരെ എണ്ണാൻ പറ്റിയില്ല. അവർ ഒരു പ്ലെയിനിൽ കടക്കാൻ എത്ര മിനിട്ടെടുത്തെന്നു പറയാം.
BUS
PRESS
BUS
മന്ത്രിയും കുടുംബവും മുപ്പത്തിയാറു കിങ്കരന്മാർ സഹിതം വിദേശ യാത്രയ്ക്ക്.
പല്ലു പോയതേയുള്ളൂ. ഇനി പല്ലിളിക്കുന്ന കാലം വരും.
Toms

## ബോബനും മോളിയും




ചക്ക പഴുത്തു കിടക്കുന്നു.
പേടകം ചക്ക ലക്ഷ്യമാക്കി ഉയരുന്നു.
ചക്കയുടെ ആകർഷണ വലയത്തിലെത്തിക്കഴിഞ്ഞു.
ഇപ്പോൾ നെഞ്ചിടിപ്പ് 250
ഇപ്പോൾ പേടകം ആശുപത്രി ലക്ഷ്യമാക്കി പാഞ്ഞുകൊണ്ടിരിക്കുന്നു.


# ബോബനും മോളിയും


എൻെറ അപ്പൂപ്പൻെറ കാലത്തു പണിത പാലമാ. കാലമൊന്നുമില്ല.
അന്നു സിമിൻ്റും കമ്പീം കണ്ടുപിടിച്ചിട്ടില്ലാരുന്നു.
ഇന്നിപ്പം പല സ്ഥലത്തു നിന്നും കണ്ടുപിടിക്കുന്നുണ്ട്.
കളിയാക്കാതടാ. ശാസ്ത്രവും സാങ്കേതിക വിദ്യയും ഒന്നും ഇല്ലാത്ത കാലത്തു പണിതതല്ലേ?
ഗതികേടു തീർന്നു. പുതിയ പാലം പണിയാൻ ഇക്കുറി അനുവദിച്ചു.
ആരുടെ ഗതികേടാ?!
കോൺട്രാക്ടറില്ല. ഇത്തവണ ഡിപ്പാർട്ടുമെൻ്റു നേരിട്ടാ പണി. ഇതാണു പ്ലാൻ.
PLAN
ആ "പ്ലാൻ" കൊള്ളാം.
സിമൻ്റിൻ്റെ പ്രൊപ്പോർഷൻ വൺ ഈസ്റ്റു സിക്സ്!
അതായത് ഒരു ചാക്കു ചേർക്കുമ്പോൾ ആറു ചാക്കു കടത്തുക.
ലക്ഷം ലക്ഷം പിന്നാലെ
PLAN
ഇനി ഈ പഴയ പാലം പൊളിച്ചു കളയാം. അതിവിടെ കാണുന്നതു തന്നെ ഐശ്വര്യക്കേടാ.
വേണ്ട സാർ. പഴമയുടെ ഒരു സ്മാരകമായി അതിവിടെ നിൽക്കട്ടെ.
താനൊരു പുരാണക്കിടമാണല്ലോ? എടോ, വെള്ളപ്പൊക്കമാ വരുന്നത്. പാലം ഒലിച്ചു പോകും.
പോയാലങ്ങു പോട്ടെ. 360 കൊല്ലത്തെ പഴക്കമായില്ലേ?
മഴക്കാലം തുടങ്ങി.
വെള്ളപ്പൊക്കം ഇത്ര ശക്തിയായിരിക്കുമെന്നു കരുതിയില്ല. ഒരുപക്ഷേ പഴയ പാലം ഒലിച്ചു പോകാനും ഇടയുണ്ട്.
പാലം ഒലിച്ചു പോയി
ഒലിച്ചു പോയതു പഴയ പാലമാണെന്നല്ലേ വിചാരിച്ചത്!
TOMS


## ബോബനും മോളിയും



# ബോബനും മോളിയും



ബസ് ചാർജ്ജ് വീണ്ടും വർധിപ്പിക്കണമെന്ന് ഉടമകൾ!
എന്നാൽപ്പിന്നെ പിടിച്ചുപറിക്കാനുള്ള ലൈസൻസങ്ങായാലോ? എന്താ?
വിദേശ പര്യടനത്തിനു പോയ ചേട്ടൻ വരുന്നു.
അവന്റെ മുമ്പിൽ കേറണം.
ആളു പോയി
വിട്ടോ. അയാളു ടിക്കറ്റെടുത്തതാ.
നിങ്ങളു പത്രക്കാർ എങ്കിലും ഈ മത്സരയോട്ടത്തെപ്പറ്റി ശക്തിയായിട്ടൊന്നെഴുതരുതോ?
അപ്പോപ്പിന്നെ അവർക്കു തന്നെ ട്രിപ്പിക്കുന്നവാർത്ത എവിടുന്നാ?
വിടരുതവനെ
അമേരിക്ക, ഫ്രാൻസ് തുടങ്ങിയ രാജ്യങ്ങളിലെ കണ്ണസ്സുകളെപ്പറ്റി പഠിക്കാൻ പോയതാ. 100.ൽ പരം ഉപയോഗിച്ചു നോക്കി
അൻപതാളുകളെ ഇനിയും കൊള്ളിക്കാം. ഉം, കേറട്ടെ.
അങ്ങോട്ടു തള്ളിക്കൊന്നട്ടുക്കടാ. നൂറു പേരെ കൊള്ളിക്കാം.
ഇത്തവണ സർക്കാരിലുണ്ടായിരുന്ന ഒരുത്തനെയാ അവരു ഡ്രൈവറാക്കിയിരിക്കുന്നത്.
വേഗം കേറിക്കോണം. ഇനി നാലു കിലോ മീറ്ററു കഴിഞ്ഞേ ഒരു ബസ്സുള്ളൂ.
മത്സരയോട്ടത്തിൽ ബസ് കൊക്കയിലേക്കു മറിഞ്ഞു.
BUS
ആറു പേരു മരിച്ചെന്ന് ഒരു പത്രം. എട്ടു പേരു മരിച്ചെന്നു മറ്റൊരു പത്രം
അവിടേം മത്സരം.
HOSPITAL
ആശുപത്രി
മോർച്ചറി
അതു കണ്ടക്ടറാ. ശവത്തിന്റെ പോക്കറ്റു തപ്പുകയാ. ആരാരോ രണ്ടാൾ കൂടി ടിക്കറ്റെടുക്കാനുണ്ട്.
TOMS

# ബോബനും മോളിയും



നീ പറയാതെ ഞാനെങ്ങനെയാ കേക്കുന്നത്?
അല്ലാ, ക്രിസ്മസ് കേക്ക്.
നിങ്ങളെ ചേട്ടൻ വിളിക്കുന്നു.
എടീ ചന്തേൽ പോയിട്ടു താറാവിനെ കിട്ടിയില്ല.
താറാവില്ലെങ്കിൽ കോഴിയായാലും മതി. ഞങ്ങൾക്കീ ശനിയന്റെ ഉപദ്രവമില്ല
മാട്ടിറച്ചിയുള്ളതു മതിയെന്നേ
പോരെടീ... നമുക്കീ പൂവൻ കോഴിയെ തന്നെ കൊല്ലണം.
എത്ര ദിവസമായെടാ, നിന്നെ ധ്യാനിച്ചു നോക്കിയിരിക്കാൻ തുടങ്ങിയിട്ട്!
അവിടെ നില്ലടാ. നിന്നെ ഇന്നു തട്ടുക തന്നെ.
എന്റമ്മോ!!
തന്നെയല്ലടോ!
നോയമ്പു വീടൽ ഒന്നു കഴിഞ്ഞോട്ടെന്നു വിചാരിച്ചു. അത്രേം എണ്ണത്തിന്റെ കുറവെട്ടത്താമതിയല്ലോ?
നിങ്ങളീ വയസുകാലത്തിതിനൊന്നും പോകണ്ട!
നീ പോടീ കെളവി!
ഈ കുന്ത്രാണ്ടം മുകളു വരെ എത്തുകേലല്ലോടാ!!
നീ അങ്ങോട്ടു മാറിക്കേടാ.
നിങ്ങക്കു വല്ലാത്ത സൂക്കേടാ!
എടീ പിടിച്ചോണം!!
ദ്രോഹീ!
ന്റമ്മോ!
ക്രിസ്മസ് പ്രമാണിച്ച് ഒരു കോഴിയെ കൊന്നു കറിവച്ചു മുഴുവൻ ഞാൻ കൊണ്ടു വന്നിട്ടുണ്ട്.
നല്ല പനിയുണ്ട്. രണ്ടു ദിവസം ബാർലി വെള്ളം മാത്രം കുടിച്ചാൽ മതി.

# ബോബനും മോളിയും



34-ന മുൻപ് പെണ്ണു കെട്ടിച്ചു തരാമെന്നുള്ള വാഗ്ദാനം അപ്പച്ചൻ പാലിച്ചില്ലേൽ ഞാനിപ്പം കിണറ്റിൽ ചാടും.
വാഗ്ദാനം പാലിച്ചിട്ടുണ്ടോന്നു പരിശോധിക്കാൻ ഒരു കമ്മീഷനെ നിയോഗിക്കാം.
ഓടി വായോ.. ഫിലിപ്പച്ചായൻ കിണററിൽ ചാടിയേ...
ഞാനിപ്പം കുടിച്ചു ചാകുവേ.. രക്ഷിക്കണേ...
അതു വെറും പൊട്ടക്കിണറാ.
അപ്പച്ചൻ ഇറങ്ങി വന്ന് എന്നെ തോളിൽ കയറ്റി വേണേൽ രക്ഷിച്ചോളൂ.
വേണ്ട.
എനിക്കു വിശക്കുന്നു. ആഹാരം താ!
ആഹാരം ഇല്ല. അടുത്ത എട്ടു ദിവസത്തേയ്ക്കും ഇല്ല.
എന്നാലൊരു ഏണി ഇറക്കിതാ ഞാൻ കയറി വരാം
ഇല്ല
ഒരു കയറെങ്കിലും
ഇല്ല
ഒരു നൂലെങ്കിലും ഇട്ടു കൊട്
ഇല്ല
അങ്ങനെ കയറി വാ. ഞാൻ പിടിച്ചുകയറ്റാം.
വീട്ടിലേക്കു കയറണമെന്നോ? മാപ്പെഴുതി തന്നിട്ടു കയറിയാൽ മതി.
മുട്ടു മടക്കി മുട്ടു മടക്കി കണ്ടോ അപ്പൻ മുട്ടു മടക്കി.
ജയിച്ചേ ജയിച്ചേ
ഇതു സർക്കാർ ജീവനക്കാരുടെ സമരം പോലായല്ലോടാ.
Toms

# ബോബനും മോളിയും



ഇഷ്ടം നടക്കാനൊന്നും പോകണ്ട. ഇവിടെ ചുമ്മാതിരുന്നോ!
ചുമ്മാതിരുന്നാൽ പിത്തം പിടിക്കുമല്ലോ. ശരീരത്തിനല്പം ഉന്മേഷവും ആയാസവും കിട്ടാനാ .....
സഹകരണ ബാങ്ക്
നീക്കിയിരുപ്പുണ്ടായിരുന്ന തുക ചിലവായിപ്പോയി!
സത്യമാ പറഞ്ഞത്! നീക്കിയിരുപ്പു തുക ചില "വായി" പ്പോയതാ !!
ഇവിടുത്തെ പോസ്റ്റാഫീസിലേക്ക പോകുന്ന വഴിയേതാ കുഞ്ഞുങ്ങളേ?
ഞങ്ങളു കാണിച്ചു തരാം. ഉപദേശി എവിടുന്നു വരുന്നു?
കുറച്ചു വടക്കാ. ഇന്നിവിടുത്തെ പള്ളിയിൽ എന്റെ ഒരു പ്രസംഗമുണ്ട്.
എങ്കിൽ ഞങ്ങളും പ്രസംഗം കേൾക്കാൻ വരാം. എന്നാ വിഷയം?
സ്വർഗ്ഗത്തിലേക്കുള്ള വഴി.
സ്വർഗ്ഗത്തിലേക്കുള്ള വഴിയോ?
സ്വർഗ്ഗത്തിലേയ്ക്കുള്ള വഴിയെപ്പറ്റി ഉപദേശി പ്രസംഗിക്കാൻ പോണെന്നോ?
അതേ കുഞ്ഞുങ്ങളേ..!
ഈ വഴിയെ ചെന്നിട്ടു തെക്കോട്ടു തിരിഞ്ഞു നടന്നാൽ പോസ്റ്റാഫീസു കാണാം.
അപ്പോ, നിങ്ങളെന്റെ പ്രസംഗം കേൾക്കാൻ വരുന്നില്ലേ?
പോസ്റ്റാഫീസിലേക്കുള്ള വഴിയറിയാൻ മേലാത്ത ഉപദേശിയെന്നാ, സ്വർഗത്തിലേക്കുള്ള വഴിയെപ്പറ്റി പ്രസംഗിക്കാനാ?
ടോംസ്

## ബോബനും മോളിയും




മോളീ... രണ്ടു പേരും കൂടി നമ്മുടെ കപ്പ ഇടാനുള്ള സ്ഥലമൊക്കെ ഒന്നു കിളച്ചിട്ടേ! കളി മതി.
വരാനുള്ളതുണ്ടോ വഴീത്തങ്ങാൻ പോണു!
നമ്മടെ മൊട്ടേം കൂട്ടുകാരും ദേണ്ടെ ചീട്ടു കളിക്കുന്നു!
സബാഷ്
സബാഷ്!!
എന്താ മോളീ?
ഈ പറമ്പു കിളച്ചപ്പം ഞങ്ങക്കു നാലണ കിട്ടി.
സബാഷ്!! ഇപ്പോഴിതാ ഒരു എട്ടണ കൂടി കിട്ടി.
ഇതാ വീണ്ടും ഒരു നാലണ!!
പണ്ടെങ്ങാണ്ടൊരു കച്ചവടക്കാരനെ ഇവിടെ വച്ചു കുടുവാ പിടിച്ചിട്ടുണ്ടെന്നു വല്യപ്പച്ചൻ പറഞ്ഞു കേട്ടിട്ടുണ്ട്.
ഓടി വാ. നമ്മക്കു കൂടി തൂമ്പാ എടുത്തു കൊണ്ടു വരാം.
എൽസി, തൂമ്പാ എടുത്തോണ്ടോടി വാടീ. മോളീടെ വേലിയ്ക്കകത്തു ഇരുനൂറാനു പണം കിളച്ചെടുക്കുന്നു.
കഷ്ടം!!
നാലണ പോയിട്ടൊരു കാലണയില്ല.
ഞങ്ങടെ പറമ്പു കിളച്ചു തന്നതിനൊരായിരം നന്ദി!
വരണം. ദാഹിക്കുന്നവർക്ക മോരും വെള്ളം കരുതിയിട്ടുണ്ട്.


# ബോബനും മോളിയും


ബസിൽ പോകുന്ന പെൺകുട്ടികളൊക്കെ ഇന്നു നടന്നാണല്ലോ പോകുന്നത്!?
നീ ബസിലെ ഞാനും കേറീട്ടുണ്ടാകുമെന്നു പേടിച്ചാവും.
ബസ് ജീവനക്കാരു പണി മുടക്കി.
എന്താടാ കാരണം?
വല്ല പോലീസുകാരനും മീശ പിരിച്ചു കാണിച്ചു കാണും!
നടക്കുവാണോ?
മോട്ടോർ വാഹനം കണ്ടുപിടിക്കുന്നതിനു മുൻപും ഇവിടെ മനുഷ്യരുണ്ടായിരുന്നു.
പാവം വികലാംഗൻ! അയാളെങ്ങനെ വീടെത്തും? നമ്മക്കൊന്ന് സഹായിച്ചാലോ?
BUS
അതിന് വികലാംഗ വർഷം കഴിഞ്ഞതല്ലോ?
വല്ല കാറോ ലോറിയോ വരട്ടെ. ഞങ്ങളു കൈ കാണിച്ചു കയറ്റി വിടാം.
വാനനിരീക്ഷകൻ കിണറ്റിൽ വീണന്ന്!!
മേലോട്ടും നോക്കി നടന്നാൽ പിന്നെ കിണറ്റിൽ വീഴാണ്ടിരിക്കുമോ?
അതിനെന്തിനാ കൈ കാണിക്കുന്നത്? സർക്കാരിന്റെ സാമൂഹ്യക്ഷേമ വകുപ്പുകാരുടെയാ.
BUS
പോലീസ് കുട്ടൻ പിള്ളയല്ലേ?
സാറെ ഒരു വികലാംഗനെ ഒന്നു സഹായിച്ചാൽ വേണ്ടില്ല. ദൂരെപ്പോകാനുള്ളതാ.
വല്ല വാഹനോം വരട്ടെ. ഞാൻ കൈ കാണിച്ചു നിറുത്താം.
നേരോം ഇരുട്ടി. ലോറി വരുന്നു. ഞാൻ കൈ കാണിക്കാം.
മാറിക്കോ.... മരണപ്പാച്ചിലാ!!
ആവൂ!! കൈയ്ക്കുള്ളിൽ നൂറിന്റെ രണ്ട്!!
Toms

## ബോബനും മോളിയും




# ബോബനും മോളിയും



വലിയ ഗമേലാ രണ്ടിൻേറം നടപ്പ്. എന്തോന്നാ കണ്ടിട്ടാ ഇത്ര ഞെളിയാൻ
അറിഞ്ഞില്ലയോ? ഏതോ പുതിയ ബിസിനസ് തുടങ്ങിയിരിക്കുന്നു രണ്ടു പേരും കൂടി.
അതും ശരിയാ. ബിസിനസ്സു കൊണ്ടേ പണമുണ്ടാകൂ!
തോന്ന്യാസത്തിൽ കൃഷ്ണപിള്ള അമേരിക്കയിലേക്ക ആട്ടുകറ്റ കയറ്റി അയയ്ക്കാൻ പോകുന്നു. അവിടെ ടോർച്ചു ലൈറ്റിനു പകരം ഉപയോഗിക്കാൻ.
എന്താ മോളീ, ഈയിടെ ഏതോ പുതിയ ബിസിനസ് തുടങ്ങിയിരിക്കുന്നെന്നു കേട്ടു? എന്താ പണി?
കൊളംബിലേയ്ക്കു ആണി കയറ്റുന്ന പണിയാ.
നിങ്ങളു തനിച്ചോ?!! അതത്ര വിശ്വസിക്കാൻ തരമില്ല.
തനിച്ചല്ല. ദാ, നമ്മുടെ ചേട്ടനുമായി പങ്കു ബിസിനസാ.
ശരിയായിരിക്കും. അവരുടെ അമ്മേടൊ ആങ്ങള ഒരുത്തൻ കൊളമ്പിലുണ്ട്. ആ വഴിയിൽ കൂടി വല്ല ബിസിനസ്സും ആയിരിക്കും.
ജോണിയറിഞ്ഞില്ലേ, ബോബനും മോളീം കൂടി കൊളംബിലേക്ക് ആണി കയറ്റാൻ പോണു.
നമുക്കു കൂടി അങ്ങോട്ടൊന്നു ചെല്ലാം.
കൊളമ്പെന്നു പറഞ്ഞത് കാളേടെ കൊളമ്പാ!
ലാടം അടിച്ചു കൊടുക്കപ്പെടും.

# ബോബനും മോളിയും



എന്റെ മകനെ പോലീസുകാരു പിടിച്ചോണ്ടു പോയി മാഷെ. ഞാൻ എം.എൽ.എ യെ കൂട്ടിക്കൊണ്ടു ഇൻസ്പെക്ടറെ ഒന്നു കാണാനിറങ്ങിയതാ.
അതിനു എമ്മെലെ എന്തിനാ? ഉപ്പായിമാപ്പിളടെ പെങ്ങടെ മകനാ എസൈ. അങ്ങേരു മതി.
വരണം. ഞാനും കൂടി വന്നു ഉപ്പായിയോടു പറയാം.
കാറു കൊണ്ടു വന്നിട്ടുണ്ടോ?
അങ്ങേരൊരു പാവപ്പെട്ടവനാ, ചേട്ടാ.
നാലു മണിക്കു ഞാൻ നടക്കാനിറങ്ങുന്നതു പോലും കാറേലാ. കാറു വേണം.
സ്വന്തക്കാരനാണന്നും പറഞ്ഞ് നിങ്ങളിങ്ങനെ എപ്പഴും എപ്പഴും ചെന്നുപദ്രവിച്ചാൽ അങ്ങേർക്കിഷ്ടമാകുമോ?
നീ പോടീ, അവനെ ഞാൻ ചെറുപ്പത്തിൽ എടുത്തോണ്ടു നടന്നതാ. അവന്റെ കെട്ടിയവളാണങ്കിൽ എനിക്കു മൂന്നു വഴീൽ സമ്മന്തമാ.
S.I
TAXI
താനും കൂടി കേറിവാടോ.
ഇരിയെടോ. ഇതെന്റെ സ്വന്തം വീടു പോലെ തന്നാ. തനിക്കു സിഗററ്റു വേണേലൊരെണ്ണം എടുത്തു വലിക്ക്
വലിയെടോ!
എടീ പെണ്ണേ അവനില്ലയോടീ ഇവിടെ?
S.I
ടാക്സിക്കൂലി വെക്കടോ!!
S.I. മിനിയാന്നു സ്ഥലം മാറി. ഇത് ഇന്നലെ ചാർജെടുത്ത പുതിയ ആളാണു ചേട്ടാ.

# ബോബനും മോളിയും


ഇന്നെന്ത താടീ കറി?
ഒലക്കേടെ മൂട്!
ഇവളെ അങ്ങ നെയങ്ങു വിടാൻ മേല. തലേൽ കേറും.
ചോറു തന്നെ ക്കട്ടെ?
ഈ കറികളൊന്നും വായിലോട്ടു വയ്ക്കാൻ കൊള്ളുകേല!!
മൂക്കിലോട്ടു വച്ചോ!
ഇതിനേക്കാൾ നല്ലത് ആ ഒലക്കേടെ മൂടാ!!
കറി വായിലോട്ടു വച്ചാൽ തൊഴിക്കാൻ തോന്നും!
അത്രയ്ക്കായോ?
ഇക്കാലത്തു വല്ല മനുഷ്യേരും ഭാര്യ വയ്ക്കുന്ന കറിക്കു കുറ്റം പറയുമോ?
വേണ്ടങ്കിൽ പട്ടിക്കു കൊടുക്കുമ്പോഴും അസ്സലായീന്നേ പറയാവൂ
ഇനി ഒറ്റ മാർഗമേയുള്ളൂ.
വീട്ടിലോട്ടു ചെന്നിട്ട് എന്തെങ്കിലും കഴിക്കുന്നതിനിടയിൽ പാചകത്തെ പുകഴ്ത്തണം.
പിറ്റേന്ന്
ഇത്തിരി പായസമാ.
എന്നാ മണം!
ഹായ്..! ഹായ്! എന്നാ രുചി!! ഇതു വച്ചവർക്ക് അവാർഡു കൊടുക്കണം.
ഇവളാ പെണ്ണ്!
ഇതു വച്ചവടെ കൈയ്ക്കു ഒരുമ്മ കൊടുക്കാൻ തോന്നുന്നു!
കർത്താവേ! ഇവിടെ ഉണ്ണോം മേല ദോഷോം മേല.
ഇന്നലെ കുടിച്ച പായസമുണ്ടല്ലോ, വടക്കേതിലെ ശോശാമ്മേടെ വീട്ടീന്നു കൊടുത്തയച്ചതായിരുന്നു!

## ബോബനും മോളിയും


ഡോബി വന്നില്ല.
അലക്കാൻ വെള്ളമില്ലാരുന്നു.
READY MADE
വേഗം കേറ്
WELCOME
?
ഡിക്കി തുറന്നിടടീ സദ്യവട്ടത്തിന്റെ മണമെങ്കിലും കിട്ടട്ടെ.
TOMS

## ബോബനും മോളിയും


ഷോപ്പിങ്ങിനൊന്നു പോയിട്ടു വരട്ടെ. പുറത്തേയ്ക്കിറങ്ങി നിന്നാൽ ബസ്സു കിട്ടിയേക്കും.
നടന്നു പോകുന്നതാ നല്ലത്. പോളച്ചനു പോയതു കാരണം കാലനിഷം കാറേലും ബസേലുമൊക്കെയാ നടക്കുന്നത്.
തൊഴിലാളികൾക്കു വേണ്ടി എന്തിനാ പരിപാടി? തൊഴിലാളികളുണ്ടോ ഇതു കേൾക്കുന്നുള്ളൂ?
മരിച്ചവർക്കു വേണ്ടിയുള്ള പ്രാർത്ഥന മരിച്ചവർ കേൾക്കണമെന്നുണ്ടോ?
ഇന്നത്തെ റേഡിയോ പ്രോഗ്രാം ഒന്നു നോക്കട്ടെ!
9-30 മുതൽ യോഗാഭ്യാസ പരിശീലനം..... അതൊക്കെ നോക്കിക്കളയാം.
ആൾ ഇന്ത്യാ റേഡിയോ തിരുവനന്തപുരം... ആലപ്പുഴ... യോഗാഭ്യാസ പരിശീലന ക്ലാസ്‌.......
ആദ്യമായി കാലും കൈകളും നിലത്തു കുത്തി തറയിൽ ഉറച്ചിരിക്കുക.
കാലുകൾ നീട്ടി വച്ച് കൈകൾ കൊണ്ട് പാദങ്ങളിൽ പിടിക്കുക.
അതിനു ശേഷം വലതു കാൽ തലയ്ക്കു മുകളിലൂടെ.....
പൊക്കിയെടുത്ത് കഴുത്തിന്റെ പിന്നിൽ ഉറപ്പിച്ചു വയ്ക്കുക.
തുടർന്നു മറ്റേക്കാലും കഴുത്തിന്റെ പിന്നിൽ പരസ്പരം കോർത്തു വയ്ക്കുക....
പിന്നീട് വലതു കൈ ഇടതു കാലിന്റെ ഇടയിൽ കൂടിയും ഇടതു കൈ വലതു കാലിന്റെ ഇടയിൽ കൂടിയും തിരുകി കോർക്കുക.
അതിനു ശേഷം പിന്നോക്കം മറിഞ്ഞ് മുകളിലേക്കു നോക്കി കിടക്കുക.
ഇനി കൈകാലുകളെ മോചിപ്പിച്ച് എങ്ങനെ നിവർന്നു നില്ക്കാം എന്നുള്ളതിന് അടുത്ത യാഴ്ച ഇതേ സമയത്തുള്ള പരിപാടി ശ്രദ്ധിക്കുക.

# ബോബനും മോളിയും


ഹിപ്പിച്ചായാ, ഒരു കല്യാണ പരസ്യം!
ഢിങ്ങ്
കുലീന കുടുംബത്തിൽ പെട്ട ഒരു യുവതിക്ക് അനുരൂപനായ ഒരു വരനെ-------
പോസ്റ്റ് ബോക്സ് 3618. ഉടൻ തന്നെ എഴുതിയേക്കാം.
ഭാഗ്യ നമ്പരാ.
അവരുടെ മറുപടി വന്നു. പെണ്ണു കാണാൻ ചെല്ലാൻ. ചേട്ടൻ കൂടി വരണം.
അക്കാര്യത്തിനു നിന്റെ കൂടെ ഇനി ഞാനില്ല.
ആദ്യം നിന്റെ ഈ അന്തിക്രിസ്തുവിന്റെ വേഷം ഒന്നു കളഞ്ഞു വാ.
നിനക്കിഷ്ടം എത്ര സ്ഥലത്തു ചെന്നു കാണാൻ പോയെടാ?
നിന്റെ ഈ കുട്ടിച്ചാത്തന്റെ വേഷം കാരണമാ അതൊക്കെ മാറിപ്പോയത്.
ഇതൊക്കെ ഒന്നു കളഞ്ഞേച്ചു വാ. നടക്കും.
ശരി
കല്യാണം നടക്കുമോ? എന്നാൽ കഴുത്തു വച്ചു കൊടുക്കാനും തയ്യാറാ.
ഈ കോഴിയെ ഒക്കെ ഒന്നോടിച്ചു കളയെടാ.
പേനിനെ കൊത്തിത്തിന്നുകയാ മാറുകേല
ഇപ്പഴാ മനുഷ്യന്റെ കോലം കണ്ടത്.
ആരെ പിടിച്ചാലാ ഇതൊന്നു നടക്കുന്നത്?
പെണ്ണിനെ പിടിച്ചാൽ നടക്കും.
ഏതു ക്ലാസിലാ പഠിക്കുന്നത്?
ബി. എസ് സി. ഫൈനലിന്.
രണ്ടു ദിവസത്തിനു ശേഷം–
അവൾക്കു മുടിയും കൃതാവുമൊക്കെയുള്ള ഒരു പരിഷ്ക്കാരിയെ മതിയെന്ന്!
?
?

## ബോബനും മോളിയും



കമലാ ട്യൂട്ടോറിയൽസ്
ഇദ്ദേഹമാ പ്രിൻസിപ്പല്.
ഒന്നാം ക്ലാസിൽ മൂന്നു കൊല്ലം തോറ്റ ഞാൻ തന്നെ ഇതിന്റെ ഉദ്ഘാടനം നിർവ്വഹിക്കുന്നതിൽ എനിക്കതിയായ സന്തോഷമുണ്ട്.
ഹിയർ ഹിയർ....
എല്ലാ വിഷയങ്ങൾക്കും ക്ലാസ് ഫീസ് 200 രൂപ ഉടൻ ചേരുക
അളിയാ, ഇതൊക്കെ പുതിയ ട്യൂട്ടോറിയലിൽ പഠിക്കുന്നവരാ!!
അതിനു നിനക്കെന്താ?
APPLICATION
നീ ജാംബവാ ട്യൂട്ടോറിയലിൽ പണമടച്ചതല്ലേ?
അതങ്ങു പോട്ടെന്നു വച്ചു.
മുഴുവൻ ഫീസും ഒന്നിച്ചടയ്ക്കുന്നവർക്കു മാത്രം പ്രവേശനം.
കമലാ
സീറ്റില്ല!
സീറ്റില്ലെങ്കിൽ കമ്പിയേൽ പിടിച്ചോണ്ടു നിന്നോളാം.
CLOSED
ചില തെമ്മാടികൾ കിട്ടിയിട്ടുണ്ട്. അവനെ ഞാൻ എടുത്തോളാം. നിങ്ങൾ വിഷമിക്കേണ്ട.
അഞ്ചു പെൺകുട്ടികളെ അവൻ തട്ടിക്കൊണ്ടുപോയി സാർ!
അതിലാ സങ്കടം!
ഇവൻ തന്നെ.
ഇവനെ ഞങ്ങളറിയുന്നതാ.
സാറെ ഞാനിവിടെ ഒരു ബാർബർ ഷാപ്പു നടത്തുന്നവനാ. പേര് ചെല്ലപ്പൻ.
നീ എവിടുന്നാടാ എം.എ. പാസ്സായത്?
മാക്കാംചിറയിൽ അപ്പുഷന്റെ മകൻ ചെല്ലപ്പൻ!
നീ തട്ടിക്കൊണ്ടുപോയ പെൺകുട്ടികളെന്തിയേടാ?
ഞാനാരേം തട്ടിക്കൊണ്ടുപോയില്ല. രണ്ടുപേരെന്റെ സഹോദരിമാരും മൂന്നുപേരെന്റെ പെൺമക്കളും ആയിരുന്നു.

# ബോബനും മോളിയും



എനിയ്ക്ക് ഇന്റർവ്യൂ. സർക്കസ് കമ്പനിയിൽ
അവരുടെ കുരങ്ങു ചത്തു പോയിക്കാണും.
പക്ഷെ. എനിക്കു ചെയിൻ പൊട്ടിക്കുന്ന ജോലിയാ ഇരുന്ന ഇഷ്ടം.
കയ്യിൽ കിട്ടുന്ന എന്തും പൊട്ടിക്കാൻ നീ വിരുതനാണല്ലോ. കഞ്ചവടം പൊട്ടിച്ചു!
തയിക്കാൻ കൊടുത്ത പാൻറ്സ് വാങ്ങണം. എന്നാ വിലയാ തുണിക്ക്?
എന്നാ വിലയാണേലും കാൽ മീററിന്റെ കാര്യമല്ലേ - യുള്ളൂ.
നീളക്കൂടുതലാ. നാലിഞ്ചു നീളം കുറയ്ക്കണം.
പക്ഷെ. തയ്യൽക്കാരൻ കടയടച്ചു.
ബെറ്റീം നാൻസീയൊക്കെ ഇവിടെ തയ്യലു പഠിക്കുന്നുണ്ട്.
തയ്യൽ സ്കൂൾ
നാലിഞ്ച് ഒന്നു നീളം കുറച്ചു തരണം.
അവിടെ വച്ചേരു. ഇതൊന്നു തയിച്ചു തീരട്ടെ.
അവളു പോകാൻ പറ. നാൻസി ഇവിടുണ്ടല്ലോ.
നാൻസീ, എന്റെ പാൻറ്സിന്റെ നീളമൊന്നു കുറയ്ക്കണം.
ഞാൻ പുറത്തേയ്ക്കൊന്നിറങ്ങുകയാ. വന്നാലുടനെ തയിക്കാം. അവിടെ വച്ചേര്.
എന്നാൽ ടീച്ചറിതൊന്നു തയിച്ചുതാ.
കുട്ടികളൊക്കെ ഊണുണ്ണാൻ പോകും. അപ്പോ ഞാൻ തയിച്ചു വച്ചേക്കാം. പൊയ്ക്കോ, ആളു വിട്ടേര്.
തയിച്ചു കൊടുത്തേക്കാം. അതല്ലെങ്കിൽ എന്നെപ്പററി ഇല്ലാത്തതെല്ലാം പറഞ്ഞു പരത്തും.
വെട്ടി തയിച്ചു കിട്ടി.
സർക്കസിൽ കോമാളീടെ വേഷമാണല്ലേ ?
നാലിഞ്ചു വച്ചു മൂന്നു പേരും കുറച്ചു.
TOMS

ബോബനും മോളിയും



ഇങ്ങേരെയുണ്ടോ ഒരുറക്കം! ഇങ്ങോട്ടൊന്നെഴുന്നേറ്റേ
അടുത്ത വീട്ടിൽ പുതിയതായി താമസിക്കാൻ വന്നിരിക്കുന്ന ഡോക്ടറും ഭാര്യയും ഇന്നിങ്ങോട്ടു വരുന്നെന്ന്
ഒന്നു വൃത്തിക്കും മെനയ്ക്കും ഒന്നു നിന്നേ. വല്ലവരും വരുമ്പഴെങ്കിലും.
ഒരെണ്ണ ഷർട്ടിന്റെ പുറം കീറിയതാ.
ഇങ്ങോട്ടൂരിക്കേ... വേറെ ഒരു പുത്തൻ എടുത്തിട്.
എല്ലാം ഒന്ന് അടുക്കി പെറുക്കി വയ്ക്കണം
അയ്യയ്യോ!! ബനിയൻ കണ്ടാൽ മതി ഓക്കാനിക്കാൻ. എന്തൊരു വിയർപ്പു നാറ്റം?!
ഈ പഴമ്പായയൊക്കെ വല്ല കാണാമറയത്തും കൊണ്ടെ വയ്ക്കട്ടെ!
ഇങ്ങോട്ടൂരിത്താ വേറെ അലക്കിയതു തരാം.
അവരു വരുമ്പം നല്ല അന്തസ്സിനു നില്ക്കണം. അല്ലെങ്കിൽ എനിക്കാ നാണക്കേട്.
ഇതാ ഈ തുണീടെ ഇന്നു കീറീട്ട് തുന്നിക്കെട്ടിയതാ.
നില്ല്. വേറെ തുണി തരാം.
അതാ. അവര് ഇങ്ങു വന്നു കഴിഞ്ഞു
ഉ
ഇതാ, അതു വേഗം ഉരിഞ്ഞു കള.
ഉ!
ഇത്ര ഇട്ടതലാണെന്നറിഞ്ഞില്ല. എന്നാൽപ്പിന്നെ തിരുവനന്തപുരത്തിനെങ്ങാനും...
ഹലോ!
ഓ!

## ബോബനും മോളിയും


വേഗം ആശുപത്രിയിൽ കൊണ്ടു പോ. ഇപ്പം രണ്ടു പ്രാവശ്യം ഛർദ്ദിച്ചു.
ഇഷ്ടഴത്തെ തെരെഞ്ഞെടുപ്പു പ്രസംഗം കേട്ടാലും ഛർദ്ദില് വരും.
നടന്നേക്കാം. വണ്ടിയേൽക്കേറിയാൽ വീണ്ടും ഛർദ്ദിക്കും.
സാറിന്റെ ലോണായിരിക്കും വേണ്ടിയത്. അതിവിടില്ല.
തന്റെ ലോണൊന്നും വേണ്ടടോ. ഒരൊക്കം കാര്യം കൊണ്ടാ വന്നിരിക്കുന്നത്
മിഠായി മേടിച്ചു തരണം. അല്ലാതെ ഒരടി നടക്കേല.
വിരേടെ ഉപദ്രവമാ. മധുരം തൊട്ടു പോകരുത്.
തിന്നരുത്. വീട്ടിൽ ചെല്ലുമ്പം മിഠായി നാലും എന്നെക്കാണിക്കണം.
ബാർലി വെള്ളം മാത്രമേ കഴിക്കാവൂന്നാ ഡോക്ടറു പറഞ്ഞിരിക്കുന്നത്.
സുഖക്കേടൊക്കെ മാറുമ്പം കുറച്ചു ചീങ്കണ്ണി രസായനം വാങ്ങിക്കൊട്.
ശരീര ശുദ്ധിക്കും ധാതു സംരക്ഷണത്തിനും ചീങ്കണ്ണി രസായനം കന്നുകാലികൾക്കുള്ള കാടി
തെരെഞ്ഞെടുപ്പിനു നില്ക്കുന്നുണ്ടെന്നു കേട്ടു. വീടും പറമ്പും വിൽക്കുമ്പോൾ പറഞ്ഞോളേണ്ട കൊടുക്കാവൊളേള...
രണ്ടെണ്ണം മാത്രമേ ആകാവൂ.
ഇതാ, എണ്ണം നാലും ഉണ്ടോന്നു നോക്ക്.

# ബോബനും മോളിയും


ഇനിയും വാങ്ങാം, നാലണാ മാത്രം.
നാശം! ചെവി കേൾപ്പിക്കുകേലല്ലോ!
ഈ പഷായ്ക്ക് ഒട്ടും കലാബോധമില്ലല്ലോ!
നിന്റെ ഫിഡിൽ ഇങ്ങു തന്നേക്കാമെങ്കിൽ ഒരു ത്രപ തന്നേക്കാം.
ശരി
ഇതാ
ക്ടിൻ

# ബോബനും മോളിയും




ഒന്നിറങ്ങിപ്പോടാ ശൂലേ.. അടുക്കളേന്ന് ഈ പിള്ളേരെ അങ്ങോട്ടൊന്നു വിളിക്കണേയ്..
ഇവിടെ വാടാ.
തേണ്ടീ കുസൃതി വെറുക്കനാ. ഞാനല്ല.
നിനക്കൊന്നും ഇന്ന് പള്ളിക്കൂടം ഇല്ലേടാ? നാളത്തെ പാഠം വല്ലതും പോയിരുന്നു വായീര്
നാളെ ആനിവേഴ്സറി പ്രമാണിച്ചുള്ള സ്പോർട്സാ. ചാട്ടവും ഓട്ടവും മിഠായി പെറുക്കും ഒക്കെ. അതിനു പഠിക്കാനൊന്നുമില്ല.
തെറ്റ്. അതിനും പഠിത്തവും പരിശീലനവുമൊക്കെ ആവശ്യമാ. ക്ലാസിലെ പാഠങ്ങൾക്കു മാത്രമല്ല.
ഡേവീസ് കപ്പ് മത്സരത്തിന് വേണ്ടി ഇന്ത്യൻ കളിക്കാരെ പരിശീലിപ്പിക്കുന്നു എന്ന് ഇന്നലത്തെ പത്രത്തിൽ വായിച്ചില്ലേ? എന്തിനാ?
ശരിയാ!
എടീ പിള്ളേരെ നയതന്ത്രപൂർവ്വം കൈകാര്യം ചെയ്യാൻ കൂടി പഠിക്കണം.
അല്ലാതെ പിടിയെടാ കെട്ടടാന്നൊന്നും പറഞ്ഞാൽ ഇക്കാലത്തൊരു പ്രയോജനവുമില്ല. എന്താ, ഇപ്പം കണ്ടോ എന്റെ മിടുക്ക്.
എടീ.. ഇതിനൊക്കെ ഒരു മനഃശാസ്ത്രമുണ്ട്. ഒരു മനഃശാസ്ത്രം ഡോക്ടർ ഉഡ്മണ്ട് പറഞ്ഞിരിക്കുന്നതെന്താന്നറിയാമോ?
പൂമ്പ്... പൂമ്പ്...
ഢും
ഢും ഢും
ഢും . .
ഢും
നാളെ കലം തല്ലിപ്പൊട്ടീരുമുണ്ട്.

## ബോബനും മോളിയും




വിറകൊന്നു കീറണം
ഞങ്ങളെന്നാ കൂലിപ്പണിക്കാരാണോ?
ഈ വീട്ടിൽ കഴിയുന്നതിലും ഭേദം വല്ല പിള്ളേരുപിടുത്തക്കാരുടേം പുറകെ പോകുന്നതാ...
ഛീ!
വിറകു കീറാതെ ഇവിടുന്നു പച്ച വെള്ളം തരികേല.
ആരു കയ്യൊഴിഞ്ഞാലും ദൈവം നമ്മെ കൈവെടിയുകയില്ല.
ചെല്ലമ്മ ടീച്ചറിന്റെ വീടേതാ? കുറച്ചു ദൂരേന്നു വരികാ.
അറിയാം എന്താ കാര്യം?
ഞാൻ S.S.L.C.ടെ പരീക്ഷയ്ക്കു ചേർന്നിട്ടുണ്ട്. എന്റെ പേപ്പറൊന്നു കാണാനാ.
പെയ്പ്പറുകണ്ടു മാർക്കു കൂട്ടിയിടീക്കാനാണോ? അത്രേയുള്ളോ! വരണം
ടീച്ചറു ഞങ്ങടെ സ്വന്തക്കാരിയല്ലേ.
ടീച്ചറു പെയ്പ്പറു നോക്കിക്കൊണ്ടിരിക്കുകയാ. നയത്തിനു നിന്നോണം. ഒന്നിനും എതിരു പറഞ്ഞേക്കരുത്.
പെയ്പ്പറൊന്നു കാണണം.
പെയ്പ്പറു കാണണേൽ വിറകു കീറണം. നിർബ്ബന്ധമാ
പേപ്പറു കാണാൻ വരുന്നവരു വിറകു കീറണമെന്നു ടീച്ചറു പറഞ്ഞതു കേട്ടില്ലേ!
എന്തതിശയമേ ദൈവത്തിൻ സ്നേഹം എത്ര മനോഹരമേ...!
ടോംസ്

## ബോബനും മോളിയും


ചേട്ടന്റെ വീട്ട നമുക്കു വാടകയ്ക്കു തരാമെന്നു സമ്മതിച്ചിട്ടുണ്ട് പോയി താക്കോലു വാങ്ങീട്ടു വാ.
വാക്കു പറഞ്ഞിരുന്നതു ശരിയാ. പക്ഷേ, എന്റെ വീട് സർക്കാരിൽ ജോലിയുള്ളവർക്കേ കൊടുക്കൂ.
സർക്കാരിൽ ജോലിയുള്ളവനാകുമ്പം സ്ഥലംമാറ്റം കിട്ടുമ്പം വീടൊഴിഞ്ഞു കിട്ടും. ഒരു എഞ്ചിനിയർ വീടിനു വന്നിട്ടുണ്ട്.
സർക്കാരിൽ ജോലിയുള്ളവനേ വീട്ട കൊടുക്കുള്ളു പോലും!
അപ്പോ ജോലിയില്ലാത്തവനൊക്കെ പെരുവഴീൽ കിടന്നോണമെന്നാണോ?
ക്ഷമിക്ക്. അയാളു വിവരം കെട്ടവനായിപ്പോയെന്നും കണ്ട് നമുക്കങ്ങനെയാകാമോ?
മോളീ, എഞ്ചിനീയറും കുടുംബവും ഇന്നു വീട്ടു കാണാൻ വരുന്നുണ്ട്.
വീട്ടു കൊള്ളാം. എനിക്കിഷ്ടപ്പെട്ടു.
അടുക്കളയൊന്നു കാണട്ടെ!
ന്റമ്മച്ചീ,
ഈ നാട്ടിലേക്കിനി ഞാനില്ല!!
കഴിഞ്ഞ കൊല്ലം എന്റെ അളിയനും ഒരു ചെകുത്താനെ അവിടെക്കണ്ടതാ.
എന്റെ ബലമായ സംശയം ചത്തുപോയ കിട്ടനാണെന്നുള്ളതാ!
ചേട്ടന്റെ വീട് ചെകുത്താനു വാടകയ്ക്കു കൊടുത്തിരിക്കുകയാണെന്നു കേട്ടല്ലോ?
അതിനു നിനക്കെന്താടാ ചേതം?
അല്ലാ, ചെകുത്താനും സർക്കാരിലാണോ ജോലീന്നറിയാൻ ചോദിച്ചതാ.


# ബോബനും മോളിയും


ബാലജനസഖ്യം
നമ്മുടെ നീക്കിയിരുപ്പ് തുകയൊക്കെ ചിലവായിപ്പോയി.
ചില "വായി" പ്പോയതാണെന്നറിയാം. ആരുടെ വായിലാണെന്നറിഞ്ഞാൽ മതി.
ഓർഡർ ഓർഡർ
നാടകം നടത്തി നമുക്കൊരു ഫണ്ടുണ്ടാക്കണം.
നമ്മള കഴിഞ്ഞ കൊല്ലം കളിച്ച നാടകം തന്നെ മതി "കാട്ടുചേന"
പുതിയ പേരിൽ വേണം.
കാട്ടാളനായി അഭിനയിക്കുന്ന സന്റിക്ക പനിയാ.
പകരം കോളേജിൽ പഠിക്കുന്ന എന്റെ ചേട്ടനെ പറ്റും. രണ്ടു കൊല്ലമായി തലമുടി വെട്ടിക്ക കേല കളീം ഇല്ല.
നമുക്കു വീടുതോറും നടന്നു ടിക്കറ്റു പിരിക്കണം.
ഇന്നു രാത്രി ഈ വർഷത്തെ ഏറ്റവും വലിയ പരീക്ഷണ നാടകം
അങ്ങനെ ഈ നാടകത്തിന്റെ ടിക്കറ്റു വില്പന ഞാൻ ഉൽഘാടനം ചെയ്യുന്നു......
അമ്മേൻ
കുറുപ്പു ചേട്ടൻ നാടകത്തിനു വരണം.
പത്തു രൂപാ തരികേം വേണം പിന്നെ ശിക്ഷിക്കുകേം വേണോ?
പുറത്തേയ്ക്കു പോയെന്നോ? പക്ഷേ ദൂരെ നിന്നും വരുമ്പോൾ അദ്ദേഹത്തിന്റെ തല ഞങ്ങൾ അകത്തു കണ്ടല്ലോ?
പക്ഷേ, അതിനു മുൻപേ അദ്ദേഹം നിങ്ങടെ തല കണ്ടു!
നീയാ കലക്ക ഇങ്ങെടുത്തേടീ..
ന്റമ്മോ...
നാല്പത്താറു ടിക്കറ്റു ചിലവായി. ഇനി ഗെയിററു പിരിവു വേറേ.
എന്താ തൊഷിയാരി കയ്യിൽ പിടിച്ചിരിക്കുന്നത്?
പൂണൊന്നു ഉറപ്പിക്കണം.
നാടകം തുടങ്ങിയതിനു ശേഷം-
ഇനി അകത്തു വിടാൻ പററുകേല
ഞാൻ ടിക്കറ്റിനുള്ള പണവും കൊണ്ടാ വന്നിരിക്കുന്നത്.
പററുകേല!
അതിനു നിങ്ങൾക്കെന്താ ചേതം? എനിക്കു ബാക്കി ഭാഗം കണ്ടാൽ മതി.
ക്ഷമിക്കണം. ഒരാളെ കയററാനായിട്ടു വാതിലു തുറന്നാൽ അകത്തിരിക്കുന്നവരെല്ലാം പുറത്തു ചാടും.



കാട് അവർക്കുള്ളതായിരുന്നു.
കുടിൽ അവർക്കു മാളികയായിരുന്നു
വരിനെല്ലും ചുള്ളരിയും അവർക്കാഹാരമായിരുന്നു
തേൻ അവർക്കു ഹരമായിരുന്നു.
അവന്റെ കൊട്ടിനും തുടിയിനും അവൾ നൃത്തമാടി.
ആനകളെ വിരട്ടിയതേയുള്ളൂ കൊമ്പ് അപഹരിച്ചില്ല.
മരം വിൽക്കാനുള്ളതല്ലായിരുന്നു
ആകാശത്തേയും മേഘങ്ങളേയും വിൽക്കാനോ, കളഞ്ഞോ?
നദീജലം വിൽക്കാനുള്ളതല്ലായിരുന്നു.
അവന്റെ കിടാത്തിക്കു ദേഹശുദ്ധിക്കുള്ളതായിരുന്നു.
വന്യമൃഗങ്ങളെ അവൻ ഭയപ്പെട്ടു.
അവന്റെ ദൈവങ്ങൾ അവനെ കാത്തു.
അപ്പോഴേക്കും നാഗരികൻ കടന്നു വന്നു. അവന്റെ ദൈവങ്ങൾക്കു
രക്ഷയില്ലാതായി.



അടുത്തപുറം


മരങ്ങൾ വെട്ടി വീഴ്ത്തി
അവന്റെ കുടിലുകൾ മാത്രം അവശേഷിച്ചു.
അവനതിനു തീയിട്ടു.
മരങ്ങൾ കടത്തി..
തണലിനു പുൽക്കൊടി പോലുമില്ലാതായി
കുടിലുകളുടെ സ്ഥാനത്തു മണിമന്ദിരങ്ങളുയർന്നു.
പഴയ കാലം അവന് ഓർമ്മകൾ മാത്രം.
അരവയർ നിറയ്ക്കാൻ വേണ്ടി അവന്റെ കിടാത്തി സമീപിച്ചു.
മുഴുവയർ നിറച്ചു കൊടുത്തു.
പിന്നാലെ അവരും എത്തി.
പള്ളികളുയർന്നു.
ഞാൻ നിങ്ങൾക്കു സ്വർഗരാജ്യം വാങ്ങി തരാം.
ആദ്യം അവനു നഷ്ടപ്പെട്ടതു ര വാങ്ങിക്കൊട് എന്നിട്ടു സ്വർഗരാജ്യം.

## ബോബനും മോളിയും



ബോബനും മോളിയും



# ബോബനും മോളിയും




കഷായത്തിനുള്ള മരുന്നു മേടിച്ചോണ്ടു വരണം.
ഒത്തിരി പഠിക്കാനുണ്ട്.
ഇത്തിത്തൊലീം ചെത്തിപ്പൂവും തഴുതാമ വേരും ആടലോടവും.
ചായക്കട
കപിൽ ദേവ്...
ഔട്ട്
ക്രിക്കറ്റ് കമന്ററി കേട്ടിട്ടു പോകാം.
ചെത്തിത്തൊലീം പിന്നേതാണ്ടൊരു ആമേടെ വേരാ. ശ്ശ്.. മറന്നു!
ഇത്തിത്തൊലീം പിന്നെ... മത്തിത്തൊലീം കൂടലാടമോ. എന്തൊന്നാ....
തലേലോട്ടിറങ്ങി വരട്ടെ.
തിരികെ വീട്ടിലോട്ട് ഇറങ്ങിച്ചെല്ലാം.
എന്നതാടാ രാവിലെ തെക്കുവടക്കു നടക്കുന്നത്?
രാവിലെ ഒരു എക്സ്ട്രാ സെഞ്ചുറി മെഡിസിനിറങ്ങിയതാ.
അതാ ഒരു പത്തു രൂപാ വഴീല്!
മിണ്ടണ്ട. അവന്റെ കയ്യീന്നു പോയതാ.
വഴീലെക്കാശു സ്വന്തമാക്കിക്കൂടാന്നാ ബൈബിളില്. എന്നാൽ പാവപ്പെട്ടവനു കൊടുക്കാം.
മനസ്സോടെ തരുന്നതു സ്വീകരിക്കാം.
പാവം, വികലാംഗനു കൊടുത്തേക്കാം.
അയാളു മനസ്സോടെ തരുന്നതു മേടിക്കാം.
അതെന്റെ പോക്കറ്റീന്നു തന്നെ പോയ രൂപായാ. മരുന്നു മേടിക്കാൻ തന്നത്!!
അപ്പം അതു കൊണ്ടാണോ ലോട്ടറി ടിക്കറ്റു വാങ്ങിയത്?
എന്നതാടാ ചത്ത വീട്ടു മാതിരി ഇരിക്കുന്നേ?
അല്ലാ, കുവൈറ്റിലകപ്പെട്ടു പോയവരുടെ സ്ഥിതിയോർത്തു പോയതാ.
BANK
പത്തു ലക്ഷത്തിന്റെ ആസ്തിയുള്ള സാധനമാ. ഇതിന്റെ ഈടിന്മേൽ പത്തു രൂപാ കടം തരണം.

# ബോബനും മോളിയും




എന്നാ, ഒരു മൗനം? റസ്റ്റാറന്റ് നഷ്ടത്തിലാണോ?
അതല്ലടാ.
ഫുഡ് ഇൻസ്പെക്ടരിപ്പം പരിശോധനയ്ക്കു വരും!! അയ്യാളൊരു കീറാമുട്ടിയാ.
അല്പം തകരാറു കണ്ടാൽ ലൈസൻസു റദ്ദു ചെയ്തു കളയും. ഒരു ദയയുമില്ല.
RESTAUR
അപ്പച്ചനൊക്കെ സുഖമായിരിക്കുന്നല്ലോ. ഞാൻ ചോദിച്ചതായി പറയണം.
അറിയില്ലേ? ഇൻസ്പെക്ടർ ഞങ്ങടെ അടുത്ത ബന്ധുവാ.
ഈ സ്പെഷ്യൽ റൂമിലേയ്ക്കിരിക്കാം സാർ.
ഇതൊന്നും വേണ്ടായിരുന്നല്ലോ?
അങ്ങനല്ല- ഹിഷിച്ചന്റെ ബന്ധു എന്റെ ബന്ധു കൂടിയാ- ഞങ്ങളൊ-ന്നാ.
രണ്ടു കുപ്പി മേടിച്ചോ- വേഗം വേണം.
പുള്ളിയ്ക്കിതൊന്നും ഇഷ്ടമുള്ള കാര്യമല്ല പിന്നെ- കഴിച്ചോളും
ഇൻസ്പെക്ടറെന്നു പറഞ്ഞത് ട്രാൻസ്പോർട്ട് ചെക്കിംഗ് ഇൻസ്പെക്ടറാ.
RESTAUR
അങ്ങേരു വന്നു!
ലൈസൻസില്ലാതെ മദ്യം വിററതിന് രണ്ടായിരം രൂപാ പിഴ !!!
TOMS

# ബോബനും മോളിയും


ഇതെന്നാ വീടിനു ചുറ്റും വേലികെട്ടി അടയ്ക്കുന്നത്.
നിന്റെ പള്ളനെക്കൊണ്ടു തോററു.
ഇനി ഒരുത്തനും ഇങ്ങോട്ടു കേറേണ്ട.
ഞങ്ങളെങ്ങനെ സ്കൂളിൽ പോകും?
പഞ്ചായത്തു വഴിയുണ്ട്.
ഗോകർണ്ണം വളഞ്ഞു വേണം ഇനി പോകാൻ
ആകാശവാണി വരുന്നുണ്ട്.
എന്തേലും കിട്ടിയാൽ നാട്ടുമുഴുവൻ പരത്തിക്കോളും
അറിഞ്ഞോ, ചേട്ടന്റെ വീട്ടിലിപ്പം രണ്ടടുപ്പാ. കഞ്ഞീം കറീം അവരു വെവ്വേറെയാ വയ്ക്കുന്നത്.
അവരിപ്പം കഞ്ഞീം കറീം വെവ്വേറെയാ. അതേന്നേ.
അറിഞ്ഞോ?
ആകാശവാണി പറഞ്ഞു.
അപ്പം അതുകൊണ്ടാ ചുറ്റും വേലികെട്ടി അടച്ചത്.
നേരാ, അങ്ങോട്ടാരേലും ചെന്നാൽ പുറത്തറിയുകേലേ?
നാണംകെട്ടിട്ടു പുറത്തോട്ടിറങ്ങാൻ മേല!
വേലി കെട്ടിയതു കൂടുതൽ സംശയത്തിനു കാരണമാ.
ആർക്കും വരാം കാണാം.
ആരാ ഈ നുണ പറഞ്ഞുണ്ടാക്കിയതെന്നറിയണമല്ലോ!
ആ ബോബനാ ഇതു പറഞ്ഞുണ്ടാക്കിയത്.
ഞങ്ങടെ വീട്ടിൽ രണ്ടടുപ്പാണെന്നു നുണ പറഞ്ഞോടാ?
നുണയല്ല. ഗ്യാസ്സ്റ്റൗവിനു രണ്ട് അടുപ്പില്ലേ?
കഞ്ഞീം കറീം ഞങ്ങളു വെവ്വേറെയാ വയ്ക്കുന്നതെന്നു പറഞ്ഞതോ?
കഞ്ഞീം കറീം വെവ്വേറെയല്ലാതെ ഒരു കലത്തിൽ വയ്ക്കുമോ?
TOMS

# ബോബനും മോളിയും



കോളേജിലെ പുതിയ വരവാ. പോഷ് കോളനിയിലാ താമസം.
ഇയാളാ എന്നെ എന്നും പിറകെ നടന്നു കമന്റടിക്കുന്നത്!
ലെഫ്റ്റ്.. റൈറ്റ്... ലെഫ്റ്റ്.. റയിറ്റ്..
ഞാൻ കോളേജു കഴിഞ്ഞ് ആൻറീടെ വീട്ടിൽ പോകുകയാ. ഈ ബാഗ് എന്റെ വീട്ടിലൊന്നു കൊടുക്കാമോ?
ഇങ്ങോട്ടു താ. അവളെന്നെ നോക്കിയാ അതു പറഞ്ഞത്.
നിനക്കു കൊങ്കണ്ണായതു കൊണ്ടങ്ങിനെ തോന്നിയതാ.
ഞാൻ
ഞാൻ ചത്താൽ തരികേല. എനിക്കു കൊടുക്കണം.
അതിനുള്ള ശിക്ഷ അതാ; നമ്മളു കൊടുക്കുന്ന വടി കൊണ്ടു പരസ്പരം അടിച്ചു ചാകണം.
ഞാൻ വിട്ടുവോ?
അവൾക്കു വേണ്ടി ഞാൻ സഹിച്ച യാതന അവളറിയണം.
അങ്ങനെയാടാ ബന്ധം നാമ്പിടുന്നത്.
തല മുഴച്ചിട്ടുണ്ട്. നാമ്പിടുന്നതാ.
ഇരി. നോക്കട്ടെ അവളെപ്പം വരുമെന്നുള്ളതിന് എഴുത്തു വല്ലതുമുണ്ടോന്ന്.
പ്രിയ ഡാഡി, ഇയാളാണ് എന്നെയെന്നും കമന്റടിക്കുന്ന ആ തൊരപ്പൻ. - വിൻസി
വടക്കുവശേ നില്ക്കുന്ന മാവേലോട്ട്.
ഇതൊരു അഴിയാത്ത ബന്ധമാ!
TOMS

# ബോബനും മോളിയും



ഈ കത്ത് കയ്യോടെ പോസ്റ്റു ചെയ്യണം.
കയ്യോടെ പോസ്റ്റു ചെയ്താൽ കൈ പിന്നെ എടുക്കാൻ മേലാതെ വരും !
അമ്പതു പൈസാ തരണം.
കഴിഞ്ഞ തവണ ഇരുപത്തഞ്ചു പൈസയാ തന്നത്.
പോസ്റ്റൽ റേറ്റു കൂട്ടിയെന്നു പത്രത്തിൽ വായിച്ചില്ലേ?
ചേട്ടനെന്തിനാ പിറകേ വരുന്നത് ?
അൻപതു പൈസാ തരുന്നതല്ലേ ? പോസ്റ്റു ചെയ്യുന്നോന്ന് അറിയാനാ.
ഭയങ്കര മഴ. റെയിൽവേ സ്റ്റേഷനിൽ കയറി നിൽക്കാം.
RAILWAYST
മഴമാറുന്ന ലാക്കില്ല ഓട്ടോയ്ക്കു പോകാം.
മൂന്നു രൂപാ വെറുതേ കളയാൻ എന്നെ കിട്ടുകേല.
പ്ലാറ്റ്ഫോമിൽ വികലാംഗന്റെ ഫോണുണ്ട്. രണ്ടു കുട കൊണ്ടു വരാൻ അവളോടു പറയാം.
ഹലോ, രണ്ടു കുട ഉടനെ കൊണ്ടു വരണം.
HIGGINBOTHAMS
കർത്താവേ! തീവണ്ടി വന്നു !!
ടിക്കറ്റോ ? ഞാൻ ഫോൺ ചെയ്യാൻ പോയതാ.
RAILWAY POLICE
തിരുവനന്തപുരത്തു നിന്നുള്ള ഇരട്ടി ചാർജ്ജും ഫൈനും തരുന്നോ. അതോ?
ജയിൽ
ചേട്ടൻ അകത്തോട്ടു പോയിട്ടു കാണുന്നില്ല.
അകത്തോട്ടു പോയ ആള് അകത്തായി
TOM

# ബോബനും മോളിയും



നമ്മുടെ മ്യൂസിക്ക് ക്ലബ്ബിന്റെ ഉദ്ഘാടനം ഇന്നാ.
നാട്ടുകാരെ മുഴുവൻ പങ്കെടുപ്പിക്കണം.
അതിനിപ്പം ഹോള് ബുക്ക് ചെയ്യാൻ നമ്മക്ക് പറ്റുമോ?
ഇവിടിന്നല്ലെ ഒരു രാഷ്ട്രീയ പാർട്ടിയുടെ സംസ്ഥാന സമ്മേളനം നടന്നു.
തെരുവു നീളെ മൈക്കാ. ഇതു നമുക്ക പ്രയോജനപ്പെടും.
ഒരു മണിക്കൂർ നേരത്തേക്കു കൊഞ്ചം വല്ലതും കൊടുത്താൽ മതി.
അവരു സമ്മതിച്ചു!
നമുക്ക പോപ്പ് മ്യൂസിക്കൽ തുടങ്ങാം.
പ്രിയപ്പെട്ട നാട്ടുകാരേ- ഇതാ നിങ്ങൾക്കൊരു സുദിനം.
ഞങ്ങളുടെ മ്യൂസിക്ക് ക്ലബ്ബിന്റെ ഉദ്ഘാടനം. ആരംഭ ഗീതം.
ഈ നാട്ടിലുള്ള മുഴുവൻ വീടുകളിലും കേൾക്കും.
ഹെ... ഫ്രം... പാരീസ്... ജോളി... ഓഫ്... പാരീ-സ്
BOBENS MUSIC CLUB
ഒന്നര മണിക്കൂറായി!
അടുത്തതായി ഞങ്ങളുടെ പ്രവർത്തകർ സംഭാവനകൾക്കായി നിങ്ങളെ വീടുകളിൽ സമീപിക്കുന്നതാണ്.
ഒററ പൈസാ കിട്ടണമല്ലോ?
ലോകത്തിലെങ്ങും കാണുകേല ഇതുപോലെ നാണം കെട്ട നാട്ടുകാര്!
പ്രിയപ്പെട്ട നാട്ടുകാരേ നിങ്ങളുടെയൊക്കെ നിസ്സഹകരണം കാരണം ഞങ്ങൾ ഈ മ്യൂസിക്ക് ക്ലബ്ബ് പിരിച്ചു വിടാൻ പോകുകയാണ്.
നിങ്ങൾക്കൊരു വിദൂര നമസ്കാരം.
അരുത് നിങ്ങളെ ഞങ്ങൾ തുണയ്ക്കാം. ഒരിക്കലും പിരിച്ചു വിടരുത്.
നിങ്ങളെ ഞങ്ങൾ സ്പോൺസർ ചെയ്തിരിക്കുന്നു. തല്ക്കാലം നൂറു രൂപാ ഇരിക്കട്ടെ.
ദൈവം ഇനീ ലോകത്തെ നശിപ്പിക്കുകേല.
നിങ്ങളാരാ?
മെഡിക്കൽ ഷാപ്പു നടത്തുന്നവരാ.
തലവേദനയ്ക്കുള്ള ആസ്പിരിനിപ്പം, നല്ല ചെലവാ.
TOMS

# ബോബനും മോളിയും



പുഷ്പഫല പ്രദർശനം കാണാൻ പോണന്നോ? ഫലമില്ല.
ഫലമില്ലാതെ പുഷ്പം മാത്രമേയുള്ളുന്നോ ?
പോയിട്ട് ഫലമില്ലെന്ന്.
ഇന്നത്തെ പ്രദർശനം ആണുങ്ങൾക്ക് മാത്രമാ.
ഇവരൊക്കെ ശിശു പ്രദർശനത്തിനാ.
ഞാനും പണ്ട് ശിശുവായിരുന്നു.
ശിശുപ്രദർശനം
ഇതാ, ഒരു കുട്ടിയെ ആർക്കോ കാണാതായി.
കുട്ടീടെ അപ്പന്റേം അമ്മേടേം പേരെന്നാ?
അപ്പനും അമ്മേം ഇല്ല.
മമ്മീം ഡാഡീം ഉണ്ട്.
ഇപ്പഴൊക്കെ അപ്പനും അമ്മയ്ക്കും പറയുന്നത് ഉമ്മീം കാടിംന്നാ.
ഐസ്ക്രീം
കരയാതെ ഐസ്ക്രീം മേടിച്ചു തരാം.
നമുക്കിവനെ പോലീസ് സ്റ്റേഷനിൽ ഏൽപിക്കാം.
കഴുത്തേൽ വല്ലതും ഉണ്ടോന്നു നോക്കിക്കോണം.
മഴയ്ക്കു മുൻപേ ചെല്ലണം.
എന്റെ കൊച്ചാണല്ലോ?
സന്യാസിയാ അവന്റെ ദീക്ഷ കണ്ടില്ലേ!
മമ്മീ ഇയാളെനിക്ക് ഐസ്ക്രീം മേടിച്ചു തന്നു!
നീയവനെ മധുരം കൊടുത്തു മയക്കിക്കൊണ്ടു പോകും! അല്ലേടാ ?
അങ്കിൾ - എന്നെ, വീണ്ടും കാണാതായി.
TOMS

# ബോബനും മോളിയും


ചേട്ടനും സായിപ്പും കൂടി നില്ക്കുന്ന പടം കുട്ടിപ്പത്രത്തിൽ !
ഊട്ടിൽ വച്ചൊരു സായിപ്പൊന്നിച്ചു പണ്ടു പടമെടുത്തിട്ടുണ്ട്.
അതല്ല. തുണിയില്ലാതെ സായിപ്പിന്റെ കൈ കൊടുത്ത പടം.
അന്തിത്തിരി കുട്ടിപ്പത്രത്തിൽ
ചതിച്ചോ ?
എടാ, അതു പത്തു പേരു കാണുന്നതിനു മുൻപു ചത്തേക്കുകയാ നല്ലത്.
അന്തിപ്പത്രമായതു കൊണ്ട് ഈ നാട്ടിലേ പ്രചാരമുള്ളൂ.
വി.പി.സിംഗ് കാണാതിരുന്നാൽ മതി. എന്നെ അംബാസിഡറാക്കാൻ ആലോചനയുണ്ടടാ.
കെനിയായിലെ അംബാസിഡറാക്കും. അവിടെ തുണിയുടുക്കാത്ത വർഗ്ഗമാ.
ഇതിലും ഭേദം കുരിശേലോട്ടു തറച്ചേക്കുവാരുന്നു.
പണിയുണ്ട്. ആകെ രണ്ടായിരം പത്രമേയുള്ളൂ. മുഴുവനും നമുക്കു മേടിച്ചേക്കാം.
പതിനഞ്ചു പത്രോം വേണമെന്നോ ?
എടേ പത്രം അവിടെ നില്ല്.
1000 രൂപാ എന്റെ ഒട്ടുപാലിന്റെ കാശില്ലടാ. ഇനി പുറത്തിറങ്ങി നടക്കാമല്ലോ !
ഒന്നില്ലാതെ തൂത്തു പെറുക്കി.
അങ്ങനെ കത്തട്ടെ.
നമ്മുടെ പിള്ളേരാ. വയറു നിറച്ചു കൊട്.
WOLF INTER NATIONAL
ഇനീം വേണോ?
ഇന്നത്തെ അന്തിത്തിരി 50 പൈസാ
അച്ചടിച്ചതു തീർന്നിട്ട് രണ്ടാമതു അവരിന്നു നാലായിരം കൂടി അടിച്ചു!
Toms

ബോബനും മോളിയും



കൃഷ്ണനു പോകുന്ന വഴി കുട്ടിയമ്മേടെ വീട്ടിലൊന്നു കേറണം.
പഠിച്ചു പഠിച്ചു കീഴ്പോട്ടായോടാ ?
കൃഷ്ണനു കണക്കു ചെയ്യള പഠിക്കാനാ സ്ലേറ്റ്.
വരണം.. കഴിഞ്ഞ മാസത്തിലൊന്നു കണ്ടതാ.
കാപ്പി കഴിച്ചിട്ടു പാം.
അന്നത്തെ ഔലോസ്പുണ്ടയാ.
കഴിഞ്ഞ തവണ നമ്മള് ഇതിനിട്ടു കടി കുറെ കടിച്ചതാ.
പറമ്പിലെങ്ങാണ്ടു തേങ്ങാ വീണ ഒച്ച !
മഴ പെയ്തതു കൊണ്ടു മയം വന്നു കാണും.
സ്വാമിയേ ശരണമയ്യപ്പാ.
അടിച്ചോ...
അടിച്ചു !!
എന്നാൽ രണ്ടിലൊന്നറിഞ്ഞിട്ടേയുള്ളൂ.
TOM

# ബോബനും മോളിയും



കപിൽദേവ് ക്രിക്കറ്റ് ക്ലബ്ബ്
ഒരു പശു വരുന്നു
അതിന്റെ തൊഴുത്താണെന്നു വിചാരിച്ചാവും.
ഇയ്യാളു നമ്മുടെ കേശവദേവിന്റെ ആരാടാ?
ഞങ്ങളെ കൂടി ക്ലബ്ബിൽ ചേർക്കണം.
പെണ്ണുങ്ങളു ക്രിക്കറ്റു കളിക്കുകയോ? ഹ-ഹ. ഹ. ഹ.
പിടക്കോഴി കൂവിക്കേട്ടിട്ടുണ്ടോ?
നാണിച്ചു പോയേ. നാണിച്ചു പോയേ..
വരണം- കാണികളായി പങ്കെടുക്കാൻ.
ലൈവാണോ? റ്റി.വി. ഏതു ചാനലിലാ?
സോണിയായല്ലേ? എത്ര കാലായി കണ്ടിട്ട്?
മോളേ - നിന്റെ കൂട്ടുകാരികളെയൊക്കെ ഒന്നു സത്കരിക്കേണ്ടേ?
ഞങ്ങടെ ഒരു കൂട്ടുകാരി അമേരിക്കേന്നു വന്നു. ഞങ്ങളെ ഡിന്നറിനു ക്ഷണിച്ചു.
സെവൻ കോഴ്സ് ഡിന്നർ!
സെവൻ കോഴ്സ്!! എന്തൊരു വെടി!
കാണും. അച്ചാറ്- പപ്പടം, ഉപ്പിലിട്ടത്, ചുക്കുവെള്ളം. എത്ര കോഴ്സായി!
ഊതാതെ.
നേരാ. കേട്ടോ!
പ്ലീസ്- ഞങ്ങളെ കൂടി.
അവരോടു ചോദിക്കണം. ഞാൻ ചോദിച്ചിട്ടു വരാം.
നിങ്ങളെക്കൂടി പങ്കെടുപ്പിച്ചോളാൻ പറഞ്ഞു.
ഹോട്ടൽ ലൂസിയായിൽ
സബാഷ്!!
ഞങ്ങളെ കൂടി പങ്കെടുപ്പിക്കാമെന്നു പറഞ്ഞിട്ട്?
കാണികളായി പങ്കെടുക്കാൻ
അടുത്തൊന്നിരുന്നോട്ടെ മണമെങ്കിലും---
ഞാനിന്നലെ തൊട്ടു പട്ടിണിയാ. തയാറെടുക്കാൻ.
TOMS

# ബോബനും മോളിയും



ഇതിലേ ഒന്നു വന്നേ.
സമയമില്ല.
നീ ബോബൻെറ വീട്ടിലെ സംഭവമറിഞ്ഞോ. നല്ല രസമാ. വാ പറയാം.
ങേ? എന്നതാ?
ഇതൊക്കെ ഒരു തമാശയല്ലേടാ.
ജീവിതം കെട്ടിനില്ക്കുന്ന ജലം പോലെയാവരുന്നതെന്നാ പറയുന്നത്.
ഓളോം ഒഴുക്കുമൊക്കെയുണ്ടെങ്കിലേ ഒരു രസമുള്ളൂ.
കാററത്തു ഞങ്ങടെ കുട ഇന്നലെ പറന്നുപോയെടാ.
അതും മരത്തേൽ തൂങ്ങിക്കിടക്കുന്നതു നിങ്ങടെ കുടയാവും.
ഞങ്ങടെ കുടയൊന്നു എടുത്തു താ ചങ്ങാതീ.
ഇന്നലെ രാത്രി മുഴുവൻ എന്നാ മഴയായിരുന്നു.
വെള്ളച്ചാട്ടമായാൽ ജീവിതം ഒന്നു കൂടി രസമാ.
TOMS

## ബോബനും മോളിയും




ഇട്ടുണ്ണനെ അറീക്കേലേ, നമ്മുടെ പുതിയ സ്വതന്ത്ര സ്ഥാനാർത്ഥി. ഇദ്ദേഹത്തിനു വേണ്ടിവേണം നമുക്ക് വോട്ടു പിടിക്കാൻ.
ആരെക്കണ്ടാലും ആകാശത്തോളം പൊക്കണം. ആരേം കൈയിലെടുക്കാൻ അതാ മാർഗ്ഗം.
അതാ, അപ്പുക്കുട്ടന്റെ അമ്മാവൻ വരുന്നുണ്ട്.
അങ്ങ് അപ്പുക്കുട്ടന്റെ മാത്രമല്ല, ഈ നാട്ടുകാരുടെ എല്ലാം അമ്മാവനല്ലേ?
ഇട്ടുണ്ണാ, വോട്ടു ഞാൻ നിനക്കേ ചെയ്യൂ. നീ നല്ലവനാണെന്നെനിക്കു നേരത്തെ അറിയാം.
ഫലിച്ചു ചേട്ടാ, ഫലിച്ചു! ഇനി ഇതു തന്നെ മാർഗ്ഗം. ആരെ കണ്ടാലും ഈ ശൈലി പ്രയോഗിച്ചേരു്.
ആവൂ. ഇതാരാ നമ്മുടെ അവറാന്റെ തള്ളയല്ലേ. നിങ്ങളീ നാട്ടുകാരുടെ എല്ലാം തള്ളയല്ലേ?
ഇട്ടുണ്ണാ, എനിക്കും വിള്ളേർക്കും കൂടി 56 വോട്ടുണ്ട്. എല്ലാം നിനക്ക തന്നേല്ലാണ്ടോർക്കാ?
ബംഗ്ലാവിലെ ഉണ്ണിക്കുഞ്ഞിന്റെ ഭാര്യ വരുന്നുണ്ട്.
ഭവതി ഉണ്ണിക്കുഞ്ഞിന്റെ ഭാര്യ മാത്രമല്ല, ഈ നാട്ടുകാരുടെ എല്ലാം ഭാര്യയല്ലേ!
ആകാശത്തോളം പൊങ്ങാ നല്ല പറഞ്ഞത്.
TOMS

# ബോബനും മോളിയും



## ബോബനും മോളിയും



മേശ ഇട്ടു കുലുക്കി സ്വരം കേൾപ്പിക്കാതെടാ. കാലിനടിയിൽ എന്തെങ്കിലും പൊക്കം വച്ചു കൊട്".
ഇപ്പോൾ ഈ കാല്യക്കുട്ടി ഉറപ്പുള്ളതായി.
ഇപ്പോൾ മേശ പടിഞ്ഞാട്ടു ചെരിഞ്ഞു.
നാലു കാലിനും പൊക്കം വയ്ക്കണം.
മോളീ, മേശ പൊങ്ങിയപ്പോൾ കസേരയ്ക്കു തീരെ പൊക്കമില്ലെന്നായി.
കറക്റ്റ്!
ഇപ്പോൾ മേശയ്ക്കു പൊക്കമില്ല.
എന്നാൽ മേശ കുറച്ചു കൂടി പൊക്കാം.
TOMS
© Toms Features Syndicate

## ബോബനും മോളിയും



അടിത്തറേം മാന്തിയേക്കാം. ഈ വർഗത്തിനെ ഇനി നാട്ടിൽ കാണരുത്.
നാട് അപ്പനു സ്ത്രീധനം കിട്ടിയതല്ലല്ലോ?
എന്നെ നീ അറീകേല!
പിശാചാണോ മറുതായാണോന്നല്ല സംശയമേയുള്ളൂ.
എച്ചിലു വടിച്ചുവാരിയതുണ്ട്, തരാം.
അപ്പം കെട്ടിയവൻ പട്ടിണിയായിപ്പോകുകേലേ?
എന്തു വന്നാലും വീടൊഴിയുന്ന പ്രശ്നമില്ല.
പണ്ടു കൂടോത്രം വച്ചിട്ടൊഴിഞ്ഞില്ല.
ചേടത്തിക്കു പണ്ടൊരുത്തൻ കൂടോത്രം വച്ചതാ.
കൂടോത്രം പന്നിക്കേലിക്കുകേല
മേൽക്കൂര ഞങ്ങളു താഴെയിറക്കാം.
ഇപ്പം രണ്ടു കമ്പിന്റെ ബലത്തിലാ ജീവിക്കുന്നത്?
നിങ്ങള് രണ്ട് കൊമ്പിന്റെ ബലത്തിലും!

ബോബനും മോളിയും




ബോബനും മോളിയും




ബോബനും മോളിയും




എടീ എന്റെ അമ്മ ഇന്നിങ്ങോട്ടു വരുന്നെന്ന്.
എന്തിനാ ഇങ്ങോട്ടു കെട്ടിയെടുക്കുന്നത്. അവിടെങ്ങാനും ഇരുന്നാ പോരേ?
സുഖമില്ലടീ. ആശുപത്രീക്കാണിക്കാനാ.
അമ്മച്ചിക്കു സ്വന്തം വീട്ടുകാരെയല്ലാതെ പപ്പേടെ വീട്ടുകാരെ ആരേം ഇഷ്ടമില്ല.
ആരു പറഞ്ഞു. അമ്മച്ചിക്കു സ്വന്തം അമ്മായിയമ്മയെക്കാളിഷ്ടം പപ്പായുടെ അമ്മായിയമ്മയാ.
അമ്മയ്ക്കു കഞ്ഞിക്കു പപ്പടം പൊരിക്കണം.
അവരെന്നെ ഇട്ടു കൊറെ പൊരിച്ചതാ.
ടെലഗ്രാം. അമ്മ മരിക്കാൻ കിടക്കുന്നെന്ന്.
വേഗം ഒരുങ്ങിക്കോ. കാറു പിടിച്ചോണ്ടു വാടാ.
നല്ലോരമ്മായിയമ്മയാരുന്നു. ഇത്ര പെട്ടന്നു പോകുമെന്നാരറിഞ്ഞു!
എന്റെ മാതാവേ! അമ്മയ്ക്കൊന്നും സംഭവിക്കരുതേ.
അതാ പൂച്ച വിലങ്ങനെ ചാടി.
ഇത്ര പെട്ടന്നു വന്നോ?
ഒന്നും സംഭവിച്ചില്ലടാ. ഇപ്പം നല്ല സുഖമുണ്ട്.
കാറുകൂലി കളഞ്ഞതു മിച്ചം.
അപ്പഴേ ഞാൻ വിചാരിച്ചതാ, പൂച്ച വിലങ്ങനെ ചാടിയാൽ പോയ കാര്യം നടക്കുകേലന്നു.
TOMS

# ബോബനും മോളിയും



## ബോബനും മോളിയും




## ബോബനും മോളിയും





## ചേട്ടൻ



# ബോബനും മോളിയും



എന്റെ കൈ നോക്കീട്ടൊരുത്തൻ പറഞ്ഞു എനിക്കു ബഹുമതി കിട്ടുമെന്ന്.
മരണാനന്തര ബഹുമതിയാകും.
നിനക്കു കണ്ടക്ടർ ജോലി കിട്ടാൻ പോണെന്നു പറഞ്ഞിട്ടോ?
അയ്യ വേണ്ടെന്നു വച്ചു.
എന്തിനാ, വേണ്ടാന്നു വച്ചത്? നല്ല ജോലിയല്ലാരുന്നോ?
അവരാ വേണ്ടെന്നു വച്ചത്.
നല്ല തിരക്കുള്ള ബസാണെങ്കി അവന്റ ശമ്പളോം വേണ്ട!
ഒരു ജോലീടെ കുറവുണ്ട്. അതാ നീ നന്നാവാത്തത്.
എന്റെ സ്നേഹിതന്റെ ബാങ്കിലൊരു വേക്കൻസിയുണ്ട്.
ഒപ്പൊന്നു കറിയാച്ചാ ഒന്നു വാങ്ങിക്കൊട്.
പ്രൈവറ്റു ബാങ്കാ.
എന്തായാലും മതി.
കരാട്ടെ അറിയാമെന്നോ? ശരി, നിയമിച്ചിരിക്കുന്നു.
കിട്ടാക്കുറ്റി പിരിക്കണം. ഒന്നു വെരട്ടണം.
പോണ വഴി ഇന കത്രിക ഒന്നു മൂർച്ച പിടിപ്പിച്ചോണ്ടു വരണം.
കാശു മേടിച്ചു നക്കിയേച്ചു നടക്കുന്നു. എവിടെടീ നിന്റെ കോന്തൻ?
മദ്രാസിനു പോയെന്നോ? ഊരടീ വള.
ഹലോ.. ഹലോ...


അപ്പം നീയാ ബ്ലേഡു മാഫിയാടെ ഗുണ്ടായാ.
ഇവന്റെ പോക്കറ്റിൽ കത്രിക.
അപ്പം നീ മുടി മുറിക്കാൻ വന്നവനാ.
കത്രിക താടോ.
ഹിപ്പിച്ചൻ തന്നെയാണോ?
കറിയാച്ചനെന്തു പണിയാ ഒപ്പിച്ചത്?
എന്റെ മകളോടിവൻ പറഞ്ഞത് ചെവീപ്പോലും പറയാൻ കൊള്ളുകേല.
ഞാൻ ഗാന്ധിയനായതു കൊണ്ടെനിക്കു തല്ലാൻ പറ്റുകേല, ഒരു പണിയൊപ്പിച്ചു.
പക്ഷേ, ഇതുപോലെ കോലം കെടുത്തുമെന്നറിഞ്ഞില്ല.
ഒരു സമ്മാനം!
അവനെ പിന്നീന്നു വരെ കോളേജു വാതുക്കൽ കണ്ടിട്ടില്ല.
TOMS

## ബോബനും മോളിയും


ROOMS AVILABLE
ഇവിടെ ആഹാരത്തിന്റെ സമയമൊക്കെ എങ്ങനെയാ?
രാവിലത്തെ ഭക്ഷണം 7 മുതൽ 11 വരെ ഊണു 12 മുതൽ മൂന്നു വരെ.
അത്താഴം അഞ്ചു മുതൽ 11 വരെ.
അപ്പം ഞങ്ങക്കീ പട്ടണമൊന്നു ചുറ്റിനടന്നു കാണാനെപ്പഴാ സമയം?

# ബോബനും മോളിയും



അവളെ താടാട്ടു കണ്ടൊരു പരിചയം?
കണ്ടു പരിചയമോ, കൊണ്ടു പരിചയമോ?
പുതിയ മിഡ് വൈഫാ.
ഞാൻ മിഡ് വൈഫാ. പ്രസവ കാര്യത്തിനു വന്നതാ.
അതിനിവിടെ സൗകര്യപ്പെട്ടുകേല. വല്ല ആശുപത്രീലോട്ടും ചെല്ല്.
അല്ല, പഞ്ചായത്തു പ്രസിഡന്റല്ലേ, കണ്ടേക്കാമെന്നു വച്ചു.
പിള്ളേരാ പറഞ്ഞത് ഒരു പ്രസവം അടുത്തിരിക്കുവാന്നു!
അതിവിടുത്തെ പശുവാ.
പ്രസവത്തിൽ മുൻപരിചയമുണ്ടോന്നോ? ഞാൻ അവിവാഹിതയാ.
എമ്മെല്ലെ ആകാത്ത മന്ത്രിയാകുന്നില്ലേ?
ഒറ്റയ്ക്കാ താമസമെന്നറിഞ്ഞു.
ഏതു കാര്യത്തിനും പാതിരായ്ക്കു വിളിച്ചാലും ഇറങ്ങി വരും. അതെന്റെ തൊഴിലാ.
ഏതു കാര്യത്തിനും പാതിരായ്ക്കും വിളിച്ചാ വരുമെന്നല്ലേ?
ഒരു കാര്യത്തിനാ.
മനസ്സിലായി. കേറി വരാം.
അവളൊറ്റയ്ക്കാ താമസമെന്നല്ലേ നീ പറഞ്ഞത്?
പക്ഷേ ഇന്നലെ അവടെ കെട്ടിയവൻ പട്ടാളത്തീന്നു വന്നാരുന്നു!
Toms


എങ്ങോട്ടാടാ?
അപ്പന്റെ ഓർമ്മ ദിവസമാ.
അയാള് ജീവിച്ചിരുന്നപ്പം ഓർത്തില്ല.
എന്റപ്പനാരാരുന്നെന്നറിയാമോ?
അപ്പം തനിക്കറിയാമ്മേലേ?
വല്ല്യ ആളാരുന്നെന്നു പറേവാരുന്നു.
എന്റെ അപ്പന്റെ പടമിവിടുണ്ടെന്നു കേട്ടു. കോപ്പിയെടുക്കാനാ.
എനിക്കു കോപ്പിയെടുത്തു നല്ല പരിചയമാ.
അതു കോപ്പിയടിച്ചോ!
ഇതു നോക്കി വരപ്പിക്കാം.
അപ്പന്റെ പടമൊന്നു വരയ്ക്കണം.
പടം കൊണ്ടുവന്നിട്ടുണ്ടോ?
ഇടത്തുന്നു നാലാമത്തെയാളാ!
ഇതു തെളിഞ്ഞിട്ടില്ല. വരയ്ക്കാൻ പറ്റുകേല.
അടുത്തു നില്ക്കുന്നയാളിന്റെ തെളിഞ്ഞിട്ടുണ്ട്.
എന്നാ അതായാലും മതി.
നിന്റമ്മയോടു ചോദിച്ചേ അതു തന്നെയാണോന്നു?
അമ്മയ്ക്കറിയാമെങ്കിലല്ലേ?
TOMS

# ബോബനും മോളിയും



ഡ്രൈവിങ് പഠിച്ചു. ഞാൻ പുറത്തൊന്നു പോകുവാ.
നീ പുറത്തു പോയാൽ ഞാനകത്തു പോകും. കാറ് എന്റെ പേരിലാ.
സാരിയുടുത്തിട്ടെങ്ങനുണ്ടെന്നോ? നീ ഉടുക്കാതിരിക്കുന്നതാ നല്ലത്!
അനാവശ്യം പറയരുത്.
വേലിക്കുററിയേൽ ഉണ്ണി ഉണങ്ങാനിട്ട മാതിരിയുണ്ട്.
എങ്ങനെ ഉണ്ടെടീ?
കറിയൊന്നുമില്ലാരുന്നു. പിന്നെ ഒരു തരത്തിലുണ്ടു.
സാരിയെങ്ങനുണ്ടെന്ന്?
അതു പോട്ടെ. ലിപ്സ്റ്റിക്ക് ഇട്ടപ്പം എങ്ങനുണ്ട്?
കണ്ണു വയ്ക്കാതിരിക്കാൻ കോലം കെട്ടിയ മാതിരിയുണ്ട്.
എന്നെ കണ്ടാലിപ്പം എത്ര വയസ്സു തോന്നിക്കും?
മുഖം കണ്ടാ 30 വയസ്.
ചുണ്ടു കണ്ടാൽ 25 വയസ്, മുടി കണ്ടാൽ 20 വയസ് മേനി കണ്ടാൽ 18 വയസ്!
ശരിക്കും എത്ര വരുമെന്നു പറ.
എല്ലാം കൂടി കൂട്ടി നോക്കണം.
ചേടത്തി പുറത്തോട്ടു പോണന്നു പറഞ്ഞിട്ടിപ്പം ചേട്ടനാണല്ലോ പുറത്തോട്ട്?
TOMS

# ബോബനും മോളിയും



എന്താ പതിവില്ലാതെ ഇന്ന് മാനേജരു വന്നിട്ടുണ്ടല്ലോ?
കമ്മീഷൻ വരുന്നു. നിശ്ചിത എണ്ണം കുട്ടികളില്ലാത്ത സ്കൂളിന്റെ ഗ്രാന്റ് നിർത്തും.
കമ്മീഷൻ വന്നു.
തീരെ കുട്ടികളില്ലാത്തത് പൂട്ടും.
പൂട്ടിയേച്ചാൽ കല്ലേറു കൊള്ളാതെ വഴി നടക്കാം.
ഈ ക്ലാസിൽ ഒരു കുട്ടിയല്ലേയുള്ളു. എങ്ങനെ നിലനിൽക്കും.
ദൈവം ഒന്നല്ലേയുള്ളു. എന്നിട്ടും സഭ നിലനിൽക്കുന്നില്ലേ.
ഇനി അടുത്ത സ്കൂളിലേയ്ക്ക് പോകാം.
ഈ ക്ലാസിൽ മൂന്ന് കുട്ടികൾ മാത്രം ഇത് മതിയെന്നാണോ?
ബ്രഹ്മാവ്, വിഷ്ണു, മഹേശ്വരൻ മതിയല്ലോ? എന്തിനാ നൂറ് ദൈവങ്ങള്.
ഈ ക്ലാസിൽ ഒരു കുട്ടി പോലും ഇല്ല. തന്നെ പിരിച്ച് വിട്ടിരിക്കുന്നു.
സന്തോഷം മേടിച്ച അഞ്ചുലക്ഷോം പലിശേം തന്നേക്കട്ടെ പിരിഞ്ഞോളാം.

## ബോബനും മോളിയും



ആന്റണി മുഖ്യമന്ത്രി പദം ഉപേക്ഷിക്കുമോ?
ഭാര്യയെ ഉപേക്ഷിക്കണമെന്നു പറഞ്ഞാൽ സമ്മതിച്ചേക്കും.
മുഖ്യമന്ത്രി ആന്റണിയെ പറ്റിയുള്ള അഭിപ്രായമെന്താ?
കാള മോഷണം നടത്തുന്ന കാതറിനെ എനിക്കു ബഹുമാനമാ. അവനു മോഷ്ടിക്കാനെങ്കിലുമറിയാം.
ഗവർണറാക്കാമെന്നു പറഞ്ഞാ രാജി വയ്ക്കും.
എങ്കിൽ ആന്റമാനിൽ ഗവർണറാക്കണം. കടലും കടത്തണം.
വട്ടപ്പൂജ്യം കിട്ടിയിട്ടും രാജിവയ്ക്കുകയില്ലത്രെ! നാണമില്ലല്ലോ?
നാണമില്ലാത്തവന്റെ എവിടെയോ ആലു കിളുത്താൽ അതും തണലാണെന്നു കേട്ടിട്ടില്ലേ?
പകരം ഉമ്മൻ ചാണ്ടി മതി.
അതിനല്ലേ അങ്ങേരെ സ്റ്റെപ്പിനിയായിട്ടു മാറ്റി നിർത്തിയിരിക്കുന്നത്. ഇയാളിതു തുലയ്ക്കുമെന്നറിയാരുന്നു.
തോറ്റേ, തോറ്റേ നിങ്ങടെ മുരളി തോറ്റേ!
തോറ്റാലെന്നാ ലോകറിക്കാർഡുണ്ടാക്കീല്ലേ?
മന്ത്രിയായിരിക്കുമ്പോൾ തോൽക്കുന്ന ആദ്യത്തെ മന്ത്രിയാ മുരളി.
അഴിച്ചേക്കാം. യു.ഡി.എഫ്.ജയിക്കുമ്പം പൊട്ടിക്കാൻ കെട്ടിയതാ.
അഴിക്കേണ്ട. ആന്റണി രാജി വയ്ക്കുമെന്നു കേൾക്കുന്നു. അന്നേരം പൊട്ടിക്കാം.
ആരേലും ഒന്നു പൊട്ടിക്കാമെങ്കിൽ രാജി വയ്ക്കും.
TOMS




ബോബനും മോളിയും
കരിസ്മാറ്റിക്കിനു പോയേപ്പിന്നെ ഹിപ്പിച്ചനു ഭയങ്കര മാറ്റാ!
എങ്ങോട്ടാണന്നോ? പള്ളീലേയ്ക്ക് ഹല്ലേല്ലൂയ്യാ.!
എടാ അവള് ക്ഷേത്രത്തിൽ പോകുന്നവളാ.
പള്ളീൽ പോകുന്നത് ഇതിലെയാ.
നിന്റെ കയ്യിലെന്നാടാ?
ബൈബിള്!
കർത്താവിന്റെ വചനം ഞാൻ കേട്ടു. പ്രെയ്സ് ദി ലോർഡ്!
കർത്താവു പറഞ്ഞിട്ടുണ്ട്, ഞാൻ സ്നേഹമാകുന്നു. സ്നേഹത്തിൽ വസിക്കുന്നൂന്ന്.
നമുക്കും സ്നേഹത്തിൽ വസിക്കാം പ്രിയേ
വിശുദ്ധ പൗലോസ് നാലാം അധ്യായം ഏഴാം വാക്യത്തിൽ പറയുന്നു...
എടാ അവള് ഞമ്മന്റെ ജാതിയാ!
കർത്താവു പറഞ്ഞിട്ടുണ്ട് നിങ്ങള് ശിശുക്കളെപ്പോലെയാകുവിനെന്ന്.
ഞങ്ങള് ശിശുക്കളെപ്പോലെയാ.
എങ്കിൽ ശിശുക്കൾ എന്റെയരുകിൽ വരുകാന്നാ കർത്താവു പറഞ്ഞിരിക്കുന്നത്.
ഞാൻ നിങ്ങളെ രക്ഷിക്കുമെന്നു കർത്താവു പറഞ്ഞിട്ടുണ്ട്.
എങ്കിലും നിങ്ങളിപ്രവൃത്തികെട്ട പണി കാണിച്ചതു ശരിയായില്ല.
ബൈബിളില് പറയുന്നുണ്ട് അവരവന്റെ കരണത്തടിച്ചു മുഖത്തു തുപ്പി - - - - -
TOMI

# ബോബനും മോളിയും





അടുത്തപുറം


ഭരണി പൊട്ടിയതെങ്ങനാണന്നോ?
വേറൊരു ഭരണീം ഇരുപ്പുണ്ട്. അതു കൊണ്ടുവാ. കാണിച്ചു തരാം.
ടൈപ്പിസ്റ്റു വീണ വന്നില്ലേ?
ആശുപത്രീൽ പോയിട്ടേ വരുവൊള്ളെന്നു പറഞ്ഞു. തലയ്ക്കു മൂന്നു സ്റ്റിച്ചുണ്ടെന്ന്!
നമ്മുടെ ടി.വി. ശരിയാക്കിയതിന്റെ ബില്ല്. 1500 രൂപാ.
ഉണ്ണിക്കുട്ടനിവിടെ നിൽക്കട്ടെ. ആ ചിക്കൻ പിടിച്ച വേലക്കാരിയെ അങ്ങോട്ടാക്കിയേര്.

## ബോബനും മോളിയും


നാടകത്തിന്റെ ഒരു ഫ്രീ പാസ് കിട്ടി!
ഷർട്ടും നിക്കറുമൊക്കെ മുഷിഞ്ഞു നാറിയല്ലോടാ. ഊരിത്താ, അലക്കാം.
ഊരിത്തന്നാൽപ്പിന്നെ വേറെ ഉടുക്കാനെന്നാ?
നാടകത്തിന്റെ പാസ് അലക്കാൻ കൊടുത്ത ഷർട്ടിന്റെ പോക്കറ്റിലാ.
അലക്കു മെഷീനിലായി!
എന്തു നാടകമാടാ?
ശോക നാടകമാ!
അഞ്ചു രൂപാ നോട്ടാന്നു പറഞ്ഞ് ഞങ്ങളുള്ള ബസേ കൊടുത്തു മാറി!


ചേട്ടൻ വീഡിയോ ക്യാമറാ മേടിച്ചു.
ഹിഷിച്ചനാ ഫോട്ടോഗ്രാഫറ്.
ക്യാമറാ ഇൻഷ്വർ ചെയ്തോട്ട്
മക്കടെ കല്യാണത്തിന് ക്യാമറാ ബുക്ക ചെയ്യാനാ.
എന്നാ കല്യാണംട്?
ആലോചിക്കാൻ പോണേയുള്ളൂ. ക്യാമറാ ആദ്യം ബുക്ക ചെയ്തേക്കാം.
നല്ല റേഞ്ചു
പണ്ടുവണ്ടി മുട്ടി ചത്തവന്റെ പടമെടുക്കാൻ ചെന്നപ്പം തെരക്കാരുന്നു. ആള മാറാൻ വേണ്ടി.
ചത്തതെന്റെ മരനാന്നു പറഞ്ഞു ചെന്നപ്പഴാരാ കഴുത!
കഴുതയ്ക്ക ജീവനുണ്ടാരുന്നെങ്കി നാലുകാലും പൊക്കി തൊഴിച്ചേനേം !!
കല്യാണ ഫോട്ടോ എടുക്കാൻ പോകുവാ.
പണ്ടു പുറകീന്നു മാറുകേലാരുന്നു. ഇനി പെണ്ണുങ്ങടെ മുമ്പീന്നും മാറുകേല
കല്യാണത്തിന്റെ പ്രധാന കാർമ്മികര് ക്യാമറാക്കാരാ. കെട്ടിക്കുക എന്ന ചെറിയ കർമ്മം മാത്രേ അച്ചനുള്ളൂ!
ഫുൾ പിക്ച്ചറെടുത്തു!
അതെങ്ങനെ പറ്റിച്ചെടാ?


200 പടം ഉണ്ട്.
മിന്നു കെട്ടിയപ്പം ചെക്കന്റെ കൈ വിറച്ചാരുന്നു.
ആദ്യമായതു കൊണ്ടാ. ഇനി വിറയ്ക്കുകേല.
കൊണ്ടു പോടാ!
പെണ്ണുമാറിപ്പോയി! ഇന്നലെ രണ്ടു കല്യാണമുണ്ടാരുന്നു.
TOMS

## ബോബനും മോളിയും


നീ കണ്ടില്ലേടീ തെങ്ങിന്റെ മടലിവിടെ കിടക്കുന്നത്.
അതു നനഞ്ഞതാ.
അടുപ്പില്‍ വച്ചാല്‍ കത്തുകേല!
വെറും പുക മാത്രമേ കാണൂ.
എന്നാലാര്‍ക്കേലും വില്‍ക്കരുതോ ?
വിറ്റാല്‍ ആന്റണീടെ വില പോലും കിട്ടുകേല.
TOMS


ബോബനും മോളിയും
തൊഴിലില്ലായ്മ വേതനം ലഭിക്കുന്ന യുവാവിന് തൊഴിലില്ലായ്മ വേതനം ലഭിക്കുന്ന യുവതിയെ ആവശ്യമുണ്ടന്ന്
അരി വില എന്താ ഉണ്ട്?
എന്നാ ഉണ്ടെന്ന് നോക്കിക്കേ?
അവനവൻ്റെ ആഹാര പ്രശ്നം!
എടാ, ഒരു വിവാഹപരസ്യം.
വേഗം എന്തെങ്കിലുമൊന്ന് നടക്കാൻ ഞങ്ങളും പ്രാർത്ഥിക്കാം.
പോസ്റ്റു ചെയ്തേക്കാം.
രഹസ്യമായി സൂക്ഷിക്കുമെന്നാ പരസ്യത്തിൽ
സ്വഭാവമായിരിക്കും!
ഫോട്ടോ
എൻ്റെ ഫോട്ടോ ഇഷ്ടപ്പെട്ടെടാ. അങ്ങോട്ടു ചെല്ലാൻ കത്തു വന്നിരിക്കുന്നു.
ഫോട്ടോ

# ബോബനും മോളിയും



ഒരു കൗൺസിലർ വന്നിട്ടുണ്ട്.
മുൻസിപ്പൽ കൗൺസിലറാണോ?
കൗൺസിലിങ്ങു നടത്തുന്ന കരിസ്മാറ്റിക്കകാരൻ. ഒരാഴ്ചയെടുക്കും.
രണ്ടു പേരും രണ്ടിടത്താണെങ്കി നല്ലതാ.
ഒരാഴ്ചയെങ്കിലും സമാധാനം കിട്ടുമല്ലോ?
കള്ളുകുടി മാറുമെന്നു പറഞ്ഞതു മാറി. ഇഷ്ടം ചാരായമാ.
രണ്ടു പേരും പ്രൊഫസറന്മാരാ. ഭാര്യ പെണ്ണുങ്ങളെ കൗൺസിലു ചെയ്യും.
എന്റെ ഒരു പഴയ കക്ഷിയാ. ഞാനദ്ദേഹത്തെ നാളെ കാണുന്നുണ്ട്.
പ്രെയ്സ് ദി ലോർഡ്! അത്താഴം കഴിക്കുവാ, ഇരിക്ക്!
ഭാര്യ എവിടെ?
അവടെ അത്താഴം വെന്തില്ല.
ഞങ്ങളു വെള്ളം കുടീം വെവ്വേറെയാ. പത്തു പന്ത്രണ്ടു കൊല്ലമായി.
കൗൺസിലിങ്ങിനു വന്നവർ പ്രത്യേകം പ്രത്യേകം ഹാളിലെത്തിക്കണം. കൗൺസിലർമാർ അതിനുള്ള ഒരുക്കത്തിലാണ്.
വെള്ളം കുടീം പൊറുതീം വെവ്വേറെയാണെങ്കിലും പ്രാർത്ഥന [redacted] ഒന്നിച്ചാ.
കുടുംബത്തിന്റെ ഐശ്വര്യം അവിടെയാണല്ലോ?
TOMS

# ബോബനും മോളിയും




ഇവിടെ പാർലമെൻറിലേക്ക് എന്നെയാ തിരുത്തിരിക്കുന്നത്. പത്രത്തിൽ വായിച്ചില്ലേ?
ആക്ഷേപങ്ങളും അഭിപ്രായങ്ങളും എന്ന കോളത്തിലാ വന്നത്.
സാറു രണ്ടു പ്രാവശ്യം ഇവിടെ നിന്നു തോറ്റതല്ലേ?
ഒരു പ്രാവശ്യം കൂടി തോറ്റാൽ ഗവർണറാകാനുള്ള യോഗ്യതയാവും.
വക്കീൽ സാറിനു കൂടി ഒരു സീറ്റിലൊന്നു നില്ക്കരുതോ?
അല്ലാതെ തന്നെ ഞാനെന്റെ കടങ്ങളൊക്കെ വീട്ടി!
സുകുമാരക്കുറുപ്പിനു കൂടി ഒരു സീററു കൊടുക്കേണ്ടതാ.
രാഷ്ട്രീയത്തിനു കുപ്പാണ പറ്റിയവൻ. ചതിയും തട്ടിപ്പും കൊലപാതകവും പണാപഹരണവും നടത്തിയിട്ട് ഒരുത്തനെങ്കിലും പിടിക്കാൻ പറ്റിയോ?
മന്ത്രി വരുന്നു!
പൊതുനിരത്തിലെന്താടാ കാര്യം?
സൂക്ഷിക്കണം. നമ്മുടെ വളർച്ചയിൽ സമ്പന്ന രാഷ്ട്രങ്ങൾ വളരെ അസൂയാലുക്കളാണ്.
ഞങ്ങടെ എന്നു പറ.
പാർട്ടി പ്രവർത്തകർക്കും പൊതുജനങ്ങൾക്കും വേണ്ടിയുള്ള യോഗമാ.
ഇത്രയുമൊക്കെയാണ് ഞാനിവിടെ ചെയ്തിട്ടുള്ള കാര്യങ്ങൾ...
TOWN
ഇനിയും നാളെ ഞാൻ ചെയ്യാൻ പോകുന്ന കാര്യത്തെപ്പറ്റിയാണ് പറയാൻ പോകുന്നത്...
എന്താ പോകുന്നത്?
ചെയ്യാൻ പോണതൊക്കെ പാർട്ടി പ്രവർത്തകർക്കും സ്വന്തക്കാർക്കുമല്ലേ? കേൾക്കാൻ അവരുണ്ടല്ലോ? ഞങ്ങളെന്തിനാ?
TOMY

## ബോബനും മോളിയും



പിളരും തോറും വളരുകയും വളരും തോറും പിളരുകയും ചെയ്യുമെന്ന് പറഞ്ഞതു ശരിയാ.
ആദ്യം ഒരുമന്ത്രിമാത്രമുണ്ടായിരുന്ന പാർട്ടി പിളർന്നപ്പോൾ എത്ര പേരു മന്ത്രിമാരായി.
ശ്യാമളയുടെ വിവാഹബന്ധം പിളർന്നതിനുശേഷമാ വളർന്നത്.പിന്നീട് രണ്ടുകുട്ടികൾക്കൂടി ഉണ്ടായി.
64നു ശേഷം ഇപ്പോൾ പതിനഞ്ചുപ്രാവശ്യം പിളർന്നു.
വീണ്ടും പിളർന്നു.
അതല്ലേ അവസാനം ജോസഫും ജോർജുമായുള്ള പിളർപ്പ്.
അതിനുശേഷം ദാരുണമായ ഒരു പിളർപ്പുകൂടി ഇപ്പം ഉണ്ടായി.
വളരും തോറും പിളരുമെന്ന സിദ്ധാന്തമനുസരിച്ച് പുള്ളി വീണ്ടും പിളർന്നു.
അപ്പോൾ അനുയായികളൊക്കെ മറു പക്ഷത്തായി.
അങ്ങനെ പാർട്ടിയിൽ അവസാനം താൻ മാത്രമായി.
ഇന്നു രാവിലെ പുള്ളിക്കൊരു വിറയലും കിടുകിടുപ്പും.
ഓരോ രോമവും എഴുന്നു വിറച്ചു.
എനിക്ക് പിളരണം. പുള്ളി അലറി.
അങ്ങനെയാ ബെൽറ്റു വാളിന് തലവെച്ച് രണ്ടായി പിളർന്നത്.
വളരാൻ വേണ്ടി.
TOMS


ബോബനും മോളിയും
ഭർത്താവാഷീസിലായിരിക്കുമ്പം വീടിനുള്ളിൽ ഭാര്യ അന്യപുരുഷനുമായി സല്ലപിക്കുന്നുണ്ടാവും എന്ന ഭീതിയിലാവും ചില ഭർത്താക്കന്മാർ.
മന:ശാസ്ത്രം
നിങ്ങളിന്നാഷീസിൽ പോകുന്നില്ലേ?
കണ്ടോ, കണ്ടോ... ഞാനാഷീസിൽ പോയിട്ടു വേണം അവക്ക് മറ്റവനുമായിട്ട്...
ഹലോ.... വരാമെന്നു പറഞ്ഞി
കേട്ടോ. കേട്ടോ?? അതവടെ മറ്റവനാ!!
നിങ്ങളൊരു സംശയരോഗിയാ.
ഉച്ചയ്ക്കാ കാന്റീനിന്നെങ്ങാനും ഉണ്ടു കൂടെ? ഈ നടപ്പാ നിങ്ങക്കി ക്ഷീണം!
അമ്പടി കള്ളീ?
ഇന്നാഷീസിൽ പോകണ്ട. വീട്ടിനകത്തൊളിച്ചിരിക്കാം.
തട്ടുംപുറത്തൊളിച്ചിരിക്കാം.
വരുന്നു! കയ്യിൽ സമ്മാനപ്പൊതിയുമുണ്ട്.
ഇന്നലെ വരാമെന്നല്ലേ പറഞ്ഞത്.
എത്രമാത്രം ജോലിയാ കിടക്കുന്നത്.


ഏതു മുറീലാ?
അകത്തെ മുറീൽ മതി അതാ സൗകര്യം.
എനിക്കു പേടിയാ.
എന്നാ പേടിക്കാനാ? എന്റെ പുള്ളിക്കാരനാ അണ്ണാക്കി ഇപ്പം
ആണിപ്പഴുതിൽ ശരിക്കും വീണോന്ന് നോക്ക്.
നന്നാക്കാൻ കൊടുത്ത ക്ലോക്ക് അയാളെക്കൊണ്ടു തന്നെ ഭിത്തിയിൽ തൂക്കിക്കുവാരുന്നു.
രക്ഷപ്പെടാൻ ഒരു മാർഗമേയുള്ളൂ. ആളു മനോരോഗിയാണെന്നു തെളിയിക്കണം.
ഇപ്പം മെഡിക്കൽ കോളേജിലെ സൈക്യാട്രി വാർഡിൽ കൊണ്ടിട്ടു.
അതിലും ഭേദം തൂക്കിക്കൊല്ലുന്നതാ.
TOMS

## ബോബനും മോളിയും


ഓ, കുഴൽക്കിണറിന് തുക അനുവദിക്കണമെന്നോ?
അതിന് ഇവിടെ ജലദൗർലഭ്യമുണ്ടെന്ന് ആദ്യം എനിക്കു ബോധ്യമാവണം.
കീഴ്ക്കാംതൂക്കു പഞ്ചായത്തിൽ മന്ത്രിയെ ചാണകം വലിച്ചെറിഞ്ഞെന്ന്.
മന്ത്രിയെ വലിച്ചെറിഞ്ഞില്ലല്ലോ.
ഒന്നു കുളിക്കാൻ ഈ നാട്ടു മുഴുവൻ പരതി നടന്നു സർ. എങ്ങും തുള്ളി വെള്ളമില്ല. സർ
ഇപ്പം മന്ത്രിക്കു മനസ്സിലായി ഇവിടെ ജലദൗർലഭ്യമുണ്ടെന്ന്.
ഇവിടെ ജലദൗർലഭ്യമുണ്ടെന്നു മന്ത്രിക്കൊന്നു ബോധ്യപ്പെടുത്തിക്കൊടുക്കണ്ടേ?
അതിനൊരു മാർഗം ഇതേ കണ്ടുള്ളൂ.
TOMS

## ബോബനും മോളിയും




## ഇഷ്ടം




## ബോബനും മോളിയും



## ബോബനും മോളിയും





## ബോബനും മോളിയും




## ബോബനും മോളിയും





ബോബനും മോളിയും
TELEPHONE KOTTAYAM DIV.
ഹലോ എന്റെ ഫോൺ പ്രവർത്തിക്കാതായിട്ടു രണ്ടു ദിവസമായി.
അയാളു പ്രവർത്തിക്കാതായിട്ടു നാലു ദിവസമായി.
കാക്കക്കുഞ്ഞു പറക്കപറ്റി! എന്നിട്ടും നന്നാക്കാനാളു വന്നില്ല.
കംപ്ലയിന്റിൽ പറഞ്ഞേഷം പള്ളീൽ പോയി പറയാൻട്ടു
അപ്പൂ ടെലിഫോൺസിൽ ക്ലാർക്കാരുന്നു. ഇഷ്ടം ചെവി ഒട്ടും കേൾക്കാൻ മേല.
അതു കൊണ്ടു വനെ കംപ്ലയിന്റ് സെക്ഷനിലേക്കു മാറ്റി.
ചെക്കനു ടെലഫോൺസിൽ കംപ്ലയിന്റ്സിലാ ജോലി.
എന്നാ നാക്കോടു ത്താർ തോന്ന്യാസമേ പറയൂ. നമുക്കിതു വേണ്ടരാ.
യൂ ആർ ഇൻ ദി ഓപ്പറേറ്റേഴ്സ് ക്യൂ! പ്ലീസ് വെയ്റ്റ്...!
പതിനാലു വിളിച്ചു.
ദൈവവുമായി ടെലഫോണിൽ സംസാരിക്കുന്നെന്നോ ?
ഒരുത്തൻ പോസ്റ്റേൽ കേറിയിരുന്നു പറേവാ ദൈവമേ നിനക്കു മാത്രമേ ഇനീ ഇതിന്റെ തകരാറു കണ്ടുപിടിക്കാൻ പറ്റുന്ന്.
എടാ ഈശോയേ. നീ എന്നെ ഒന്നു വിളിച്ചേ.
ഞങ്ങളോ പോട്ടെ നീ ദൈവത്തോടെങ്കിലും മരിയാദയ്ക്കു പറ.
ഈശോ മറ്റേ ലൈൻമാന്റെ പേരാടോ!
TOMS


ചേട്ടാ, ഈ എക്സിറ്റ് പോൾ എന്നു വച്ചാലെന്താ?
പോളിനെ എനിക്കറിയാം. മറ്റേതവന്റെ അപ്പനായിരിക്കും.
കാഷ്മീരിപ്പൊടി മേടിച്ചോണ്ടു പോയിട്ടെന്തിയേടീ?
മുളകു പൊടി പോലീസു പിടിച്ചു. നീ പൊടിയിട്ടു മയക്കാൻ നടക്കുവാന്നും പറഞ്ഞ്.
എക്സിറ്റ് പോളെന്നു വച്ചാലെന്താണെന്നോ?
തെരഞ്ഞെടുപ്പിനു മുമ്പുള്ള പ്രവചനം.
പ്രവാചകന്മാരേ, പറയൂ പ്രകാശമെവിടെയാണ്?
ആർക്ക് വോട്ടു ചെയ്യുമെന്നുള്ള ജനഹിതം ചോദിച്ചറിയും.
സ്വതന്ത്ര ശില്പികളേ പറയൂ. പ്രകാശമെവിടെയാണ്?
ശില്പികളെയൊക്കെ ശിലയാക്കിയില്ലേ?
ഈ ജനഹിതം ചോദിച്ചറിയാൻ പത്രക്കാരു ഒരു ഏജൻസിയോടു പറയും.
ഈ ഏജൻസി എല്ലാം ഒന്നാ. നാലു പത്രക്കാരും ഒറ്റ ഏജൻസിയോടാ പറയുന്നത്.
അവരൊരു കണക്കേ എടുക്കൂ. അതൊന്നാ.
എന്നിട്ട് പത്രക്കാരു ഏതു പാർട്ടിയാണെന്നറിഞ്ഞിട്ട് ആ താരിഫിനു മാറ്റീം കേറ്റീം പറഞ്ഞു കൊടുക്കും.
ചുരുക്കം പറഞ്ഞാൽ പ്രവാചകന്മാരു വരെ തട്ടിപ്പുകാരാ.
TOMS

## ബോബനും മോളിയും




മുതിർന്ന നേതാവിഷം കരുണാകര നല്ല, മുരളിയാ.
എന്തു വച്ചാൽ എന്തിനും മുതിരുന്ന വൻ· തല്ലാനും കൊല്ലാനും.
ഗുലുമാലു വരുന്നു.
ഇയ്യിടെ ഇവിടില്ലാ രുന്നോ?
മുരളി വിളി ച്ചിട്ടു പോയി രിക്കുവാരുന്നു, തല്ലാൻ.
കാറു മേടിച്ചു. ഇഷ്ടം പൂരാ കാശാ.
മൊബൈൽ ഫോണു ണ്ടന്നു കേട്ടു!
അവൻ തന്നതാ വിളിച്ചാലുടനെ ചെല്ലാൻ.
വണ്ടി തല്ലി പ്പൊളിച്ചെങ്കി മുരളീം കൂട്ടത്തി ലുണ്ട്.
അവ നോളം തല്ലിപ്പൊളി ആരുണ്ട്?
സോണിയാ യ്ക്കു സെക്യൂ രിറ്റി ബ്ലായ്ക്ക് ക്യാറ്റ്സ്.
മുരളിയെ പേടിച്ചാവും. അവനവരേം തല്ലിയേക്കാം.
ഗുലുമാലല്ലേ, എവിടെപ്പോ യിട്ടു വരുന്നു?
കരുണാ കരൻ വിളി ച്ചിട്ടാരുന്നു.
ഞാൻ കോൺ ഗ്രസ് 'ഐ'യിൽ ചേരണമെന്നു പറഞ്ഞു.
പ്രായത്തെ മാനിച്ചൊന്നും ചെയ്തില്ല.
അതിനേ ക്കാൾ ഭേദം തീട്ട വെള്ള ത്തിൽ ചാട്ട ന്നതാന്നു പറഞ്ഞു.
TOMS


## ബോബനും മോളിയും


വല്ല്യ ദിവ്യനാ, കരിസ്മാറ്റിക്ക് ധ്യാന ഗുരു!
നിങ്ങളു ചെന്നു കേൾക്കു. ഉണർവു കിട്ടട്ടെ.
ഉണർവ്വുള്ളടീ, ഉറക്കമാ കിട്ടാത്തെ.
ഭാഷാ വരം കിട്ടിയ ആളാ.
പിന്നെ പ്രവചനവരോം രോഗശാന്തി വരോം.
ഒരു വരം മാത്രമില്ല, വിവരം.
ലീലാമ്മേടെ മകടെ കല്യാണം നടന്നതു ധ്യാനം കൂടീട്ടാ.
രണ്ടാഴ്ച അയാളു് ആശുപത്രീലാരുന്നു.
പട്ടിയെപ്പോലെ? ... ന്നാ പിള്ളീ, മകളെ കെട്ടിക്കാനുണ്ടോ?
ധ്യാന കേന്ദ്രം
നിങ്ങളിൽ ഉണർവുണ്ടാകണം. എങ്കിലേ രക്ഷ പ്രാപിക്കാനാവൂ.
ങേ!! പകലു ധ്യാനപ്രസംഗം രാത്രീൽ ചാരായ കച്ചവടം?
ഉണർവ്വിനു രണ്ടു മാർഗമുണ്ട്.
ഹോളീ സ്പിരിററും വെറും സ്പിരിറ്റും.


പുത്തൻ സൈക്കിള് മേടിച്ചു. സ്കൂളിൽ പോവാനാ.
ആശുപത്രീലും പോകാം.
ഇത് ഉരുളു കല്ല്, ഒഴു കുകയാ.
രണ്ടു പേർക്കും കൂടി ഒരു സൈക്കിള് മേടിച്ചു തരണം.
നീയിന്നു മേടിക്കും.
രണ്ടു സീറ്റുള്ള ഹെലിക്കോപ്റ്ററായാലോ?
കോളേജിൽ കയറിയേച്ചിന്നാ എൻ്റപ്പനൊരു സൈക്കിള് മേടിച്ചു തന്നത്.
ഇന്നതുണ്ടായിരുന്നെങ്കി മീൻ കച്ചവടത്തിനെങ്കിലും പോകാരുന്നു.
തെരഞ്ഞെടുപ്പല്ലേ? ഒരു ജനസമ്പർക്ക പരിപാടിക്കു വന്നതാ.
സൈക്കിൾ വാടകയ്ക്ക്
എടാ, അതു ജന സമ്പർക്ക പരിപാടിയാ?
അവൻ വരുന്നു.
അതിനെന്നാ ഞാൻ മാളത്തിലൊളിക്കണോ?
ഞാൻ സിനിമാ പോസ്റ്ററു വായിച്ചതാ.
അവൻ വരുന്നു
മൊട്ടേടെ ഹാന്റിലേലൊന്നു മുട്ടിയതിനാ.
നീയാ സൈഡു തെറ്റിച്ചത്.
അല്ല നീയാ.


അധികം മൂപ്പെടുത്താൽ നിന്റെ നട്ടന്റെ കൊഴ ഞാൻ തെററിക്കും.
എന്നാല തൊന്നു കണ്ടിട്ടേ യുള്ളൂ.
ആറ്റിലോട്ടിട്ടാൽ ഒഴുകി പൊയ്ക്കോളും.

ബോബനും മോളിയും


ഞാൻ ആർമി കമാൻഡിംഗ് ഓഫീസറായിരുന്ന കാലം. ഒരിക്കൽ പരേഡ് ഗ്രൗണ്ടിലേക്ക് പോവുകയായിരുന്നു.
ട്രക്കിന്റെ വീൽ ചേറിൽ പുതഞ്ഞു.
നാലഞ്ചു പട്ടാളക്കാർ വിശ്രമിക്കുന്നതു കണ്ടു.
ഹയ്യ് ഒന്നു തള്ളിത്തരണം.
ഇവിടെ നമ്മുടെ യുദ്ധപ്രകടനം നടന്നുകൊണ്ടിരിക്കുന്നു.
ഞങ്ങൾ യുദ്ധത്തിൽ മരിച്ചവരാ.
ഇനി ഹവീൽദാർ വന്നു പറഞ്ഞാലേ എഴുന്നേൽക്കാൻ പാടുള്ളൂന്നാ.
ശരി. ആ ചത്തവന്മാരിൽ ഒരു രണ്ടെണ്ണത്തിനെ വലിച്ചു വീലിനടിയിൽ കൊണ്ടിട്.
എന്നിട്ടു വീല് അവരുടെ മേലേക്കൂടി ഉരുട്ടിക്കേറ്റ്.
പിന്നെ ഒട്ടും താമസിച്ചില്ല.
ഐലെസാ.
ഐലെസാ.
ഐലെസാ
ഐലെ

## ബോബനും മോളിയും




## ബോബനും മോളിയും




## ബോബനും മോളിയും



ബോബനും മോളിയും


പഞ്ചസാരയ്ക്കാരിക്കും? രാവിലെ ആരാ വിരുന്നുകാര്?
ഇവിടുത്തെ ഏണി ഒന്നു വേണമാരുന്നു. പെയിന്റു ചെയ്യാനാ.
ഏണി ആരും പെയിന്റു ചെയ്യുകേല.
ഏണിയല്ല വീട്!
ഇവിടുത്തെ ഏണി പാപ്പച്ചൻ മേടിച്ചോണ്ടു പോയിട്ടു മാസമൊന്നായി!
ഇവിടുന്നതു ജോസുകുട്ടി കൊണ്ടുപോയി.
ഇവിടുന്നതു സാറാമ്മേടെ വീട്ടിൽ കൊണ്ടുപോയി!
ഇവിടുന്നാരോ മേടിച്ചോണ്ടു പോയി. മറവി കാരണം ഓർക്കുന്നില്ല.
രവിവാര കുജ നക്ഷത്രം. കവടി നിരത്തിയിട്ടും കാണുന്നില്ല. പത്രത്തിൽ പരസ്യം കൊട്.
പത്രത്തിൽ കൊടുത്തിട്ടും കാണാഞ്ഞതാ പ്രശ്നത്തിനു വന്നത്.
എല്ലാ എഡിഷനിലും കൊടുത്തപ്പം കിട്ടി. കൈ മറിഞ്ഞ് 92 കി. മീറ്ററപ്പുറത്താ. ലോറിക്കൂലി .....
പുത്തനൊന്നു മേടിക്ക്!
പാപ്പച്ചനാ പുതിയ ഏണി കൊടുക്കാവോന്നു. വീടു തേച്ചിട്ടു രണ്ടു കൊല്ലമായെന്ന്.
വരാൻ പറ. അയാടെ കുറ്റിക്കൊന്നു കൊടുക്കാം.
TOMS

## ബോബനും മോളിയും


തുമ്പു വലിച്ചിടടീ.
അറ്റോം തുമ്പും ഉണ്ടായിട്ടു വേണ്ടേ?
കല്യാണത്തിനോ, ഫാഷൻ പരേഡിനോ?
പെണ്ണിതുവരെ വന്നില്ല. ബ്യൂട്ടി പാർലറിലാ.
ഷേർലി ഇട്ടിരിക്കുന്ന സാരി ഏഴു കൊല്ലം മുൻപ എന്റെ കല്യാണത്തിനിട്ടതാ.
10½ക്കല്ലേ കല്യാണം. പെണ്ണെവിടെ?
അച്ചോ കല്യാണം ഉച്ച കഴിഞ്ഞു നാലരയ്ക്കാക്കണം. മേക്കപ്പിതു വരെ കഴിഞ്ഞില്ല.
പിന്നാലെ പോരുന്നതു മേക്കപ്പ്മാനാ. ഇടയ്ക്കിടെ ടച്ചിങ്ങ് വേണം.
സമയം ലാഭിക്കാൻ വേണ്ടി പറയാ
ഒന്നുകിൽ മേക്കപ്പും കല്യാണവും പള്ളിയ്ക്കകത്തു ഒരേ സമയം.
അല്ലെങ്കിൽ അച്ചനും കപ്യാരും കൂടി ബ്യൂട്ടി പാർലറിലേക്കു ചെല്ലുക. രണ്ടു ചടങ്ങും ഒരേ സമയം. കാത്തു നിന്നു മുഷിയേണ്ടല്ലോ.
ചടങ്ങു നടക്കാൻ പോകുകയാണ്. സ്ത്രീകൾ പുരുഷന്മാർക്കു കൂടി കാണത്തക്ക വണ്ണം ഒരു വശത്തേക്കു മാറി നില്ക്കണം.
എന്തു? ബാവായ്ക്കും പുത്രനും റൂഹായ്ക്കും സ്തുതി എന്നു പറയാൻ പറ്റുകേലന്നോ...
പുത്രനും റൂഹായ്ക്കും പറയാം. ബാവാന്നു പറയുമ്പം ചിറിയേലെ ലിപ്സ്റ്റിക്ക പോകും!


ഫോട്ടോയിൽ കണ്ടപ്പം നീ ഇത്ര സുന്ദരിയാണെന്നറിഞ്ഞില്ല.
പവിഴ മീൻ കണ്ണ്, ടൊമാറ്റോ പോലെ ചെമന്ന കവിൾത്തടം, കറുത്തിരുണ്ട പുരികം!
താങ്ക് യൂ!
മോളേ കുളിക്കാൻ വെള്ളം ചൂടായി.
ആവൂ! ചന്ദ്രക്കല പോലത്തെ തല മുടി!!
കുളിച്ചേച്ചു വരാം.
പാല്!
മണവാട്ടിക്കു പകരം അവടമ്മയാണോ പാലു കൊണ്ടു വരുന്നത്? അവളെ വിടെടീ
അമ്മയല്ല, ഞാനാ- നിങ്ങടെ ഭാര്യ! നിങ്ങക്കെന്തു പറ്റീ?
എനിക്ക പറ്റിയെന്നുള്ളതു ശരിയാ! പക്ഷേ ഇങ്ങനൊരു പറ്റു പറ്റുമെന്നു വിചാരിച്ചില്ല.


## ബോബനും മോളിയും


സെക്രട്ടറിയെ ആവശ്യമുണ്ടെന്ന്. ശമ്പളവും കഴിഞ്ഞ് ആയിരം രൂപാ.
വെറുതേ ഇരുന്നാ മതി. കോടതീലും ആ ഇരുപ്പല്ലേ?
പിരിവുകാരാ. കാലണാ ഞാൻ കൊടുക്കേല.
കാലണ എവിടിരുന്നിട്ടു കൊടുക്കാൻ?
പഠിക്കാൻ ബുദ്ധിമുട്ടുള്ള കുട്ട്യോൾക്കു വേണ്ടിയുള്ള പിരിവാ.
പുസ്തകവും പെൻസിലും വാങ്ങാൻ നിവൃത്തിയില്ലാത്ത കുട്ട്യോളാ.
ഇക്കാലത്തുമുണ്ടോ അത്തരം കുട്ടികൾ?
അറുന്നൂറു കുട്ട്യോളുള്ള ഞങ്ങടെ സ്കൂളിൽ അത്തരം രണ്ടു കുട്ട്യോളേയുള്ളൂ.
എന്താ അവരുടെ പേര്?
ബോബനും മോളീന്നും.

# പാപത്തിന്റെ കറ



എടീ, ആ കോളേജിൽത്തന്നെ പ്ലസ്ടൂനൊരു വേക്കൻസി!
പ്ലസ് 2 എന്നു വെച്ചാൽ 5+2 = 7 ലക്ഷം എന്നാ!
നിന്നെ ഇത്രേം ബുദ്ധിമുട്ടി പഠിപ്പിച്ചിട്ട് വെറുതേ കുത്തിയിരിക്കുന്നതു കാണുമ്പം അപ്പച്ചനൊരു പ്രയാസം
കർത്താവേ പള്ളിയാണോ ഏഴു ലക്ഷം ചോദിച്ചത്?
ചോദിപ്പിൻ തരപ്പെടുമെന്നല്ലേ കർത്താവു പറഞ്ഞിരിക്കുന്നത്!
അതിപ്പം തരമായി
COLLEGE
പണം!
ഇവിടെ പലരും വരുന്നതാ. എന്റെ മുറിയിലേക്കു പോയേക്കാം.
ധൃതിയുണ്ട് ഭാര്യ ആശുപത്രീലാ
എല്ലാം കഴിഞ്ഞ് കാറിൽ വീട്ടിലാക്കാം..
എന്തിനാ കരയുന്നെ?!
വീട്ടിലാക്കാമെന്നു കേട്ടപ്പം കരഞ്ഞുപോയതാ. വീട്ടു വിറ്റു.
കതവടച്ചേക്കാം.
ഒന്ന്- രണ്ട്-
ആരാ അത്?!
എനിക്കു തോന്നിയതാവും.
മൂന്ന്- നാല്-
ആരാ
കട്ടിലിനടീലും ആരുമില്ലല്ലോ?!


ആറ്, ഏഴ്...
തോമാക്കത്തനാരേ, ഇത്ര ശരിയല്ല
കർത്താ വാരുന്നോ?
പള്ളിക്കൂടം നടത്തുന്നതിന്റെ പ്രയാസം കർത്താവിനറിയില്ല!!
കർത്താവു പള്ളിക്കൂടം നടത്തീട്ടുണ്ടോ? പള്ളിക്കൂടത്തിൽ പോയിട്ടുണ്ടോ?
കർത്താവിനു ഞങ്ങളൊരു കുരിശും തൊട്ടി പണിതു തന്നില്ലേ? ആ കാശ് എത്രാന്നാ വിചാരിയെ?
ക്രിസ്തുരാജ കോളേജിന്റെ നാമത്തിൽ ഇതു വാങ്ങാൻ പറ്റില്ല.
കർത്താവിനു ഞങ്ങളു മനോഹരമായ ഒരു പള്ളി പണിതു തന്നിട്ടുണ്ട്. കർത്താവ് അവിടിരുന്നാ മതി.
തോമാ കത്തനാരുടെ സ്ഥാനത്തു കർത്താവു കേറിയിരിക്കാൻ വരുന്നതു ശരിയാണോ കർത്താവേ!
ഇതു പള്ളിക്കൂടമാ. ആവശ്യമില്ലാത്ത കാര്യത്തിൽ കേറി ഇടപെടരുത്
ഈ ഇടപെട്ട് കേട്ടോളേണ്ട. ചട്ടു ഞാന്ന് പാമ്പലാക്കും.
എങ്കിൽ ഞങ്ങളു രണ്ടാണി കൂടി വയ്ക്കും.
TOMS

# ബോബനും മോളിയും



എന്തിനാ വയറും കാണിച്ച് വഴിയേ നടക്കുന്നത്?
ഒരുച്ചാൺ വയറിനു വേണ്ടി ഇറങ്ങി തിരിച്ചതാണെന്നറീക്കാൻ.
ഇഷ്ടാ ഓർത്തത് ഞാനും അവിടൊരു പ്രാസംഗികനാ.
എന്താ താമസിച്ചത്?
കെട്ടിയവനൊന്നു പറഞ്ഞിട്ടെന്താ കാര്യം? രാവിലെ ഭക്ഷണം തയാറായപ്പം മണി പത്ത്!
മറ്റെന്തേലുമൊരു വകയ്ക്കു കൊള്ളാരുന്നെങ്കിലും വേണ്ടുല്ലാരുന്നു.
മന്ത്രി വരുന്നെന്ന് പേരങ്ങു മറന്നു. പേരിൽ ഒരു കുട്ടിയുണ്ട്.
കുട്ടിയുള്ളതായി അറിവില്ല. ഉണ്ടെങ്കിൽ അനാഥ മന്ദിരത്തിലാ.
ഒന്നോ രണ്ടോ ആണെങ്കിൽ ഓർത്തിരിക്കാരുന്നു! എത്രയാ? ഇരുപതോട്ട്
ഇഷ്ടൊരു ചാൻസില്ല കൂടി ഉണ്ടായിട്ടുണ്ട്.
എന്താ അദ്ദേഹം ഇപ്പം വരാൻ?
തെരഞ്ഞെടുപ്പല്ലേ? ജനസമ്പർക്ക പരിപാടി.
വരുന്നു
എന്ത്? അവരെന്നെ അറീല്ലന്നോ?
ഞാൻ പേരു പറഞ്ഞപ്പം അറിഞ്ഞു.
EXIT
അതാണല്ലോ അവരു കടന്നു കളഞ്ഞത്!
EXIT

# ബോബനും മോളിയും




എന്താടാ ഓടുന്നെ?
നടക്കാൻ മേലാഞ്ഞാ. മുട്ടിനു വേദന.
മോങ്ങ നീ എഴുത്തു കൊടുക്കും അല്ലേടാ? അറവുകാരൻ കാതറിനെ നീ അറീകേല!
നാലു ബസ്സു വന്നിട്ടും കേറാഞ്ഞതെന്താന്നോ? അവനാദ്യം കേറീക്കോട്ടെന്നു വിചാരിച്ചാ.
BUS
അവരു കേറീട്ടു കേറാന്നു വിചാരിച്ചാ.
ഞാൻ കൊടുത്ത എഴുത്തയാള് ഹൈക്കോടതിയ്ക്കയച്ചേക്കുമോന്നാ?
കോടതിയ്ക്കയച്ച കത്ത് റിട്ട് ഹർജിയായി സ്വീകരിച്ചു കൊണ്ട് പ്രതിയുടെ പേരിൽ കേസു ചാർജ്ജു ചെയ്തെന്ന്.
അതിനു ചാർജ്ജെന്തു വരുമെടീ?
ഈ പൂവാലന്മാര് കരിസ്മാറ്റിക്കിനയച്ചാൽ നന്നായേക്കും.
ശരീരം നന്നാകും. അവിടെ നല്ല തീറ്റിയാ.
നിന്നെക്കൊണ്ടു നാട്ടുകാരും വീട്ടുകാരും മടുത്തു. നീ ഒരാഴ്ച കരിസ്മാറ്റിക്കിനു പോയിട്ടു വാ.
വന്നില്ലേലും വേണ്ടില്ല.
കരിസ്മാറ്റിക്കിനു പോയാൽ സമാധാനം കിട്ടുമെന്നു പറേണതു ശരിയാ. ഹിപ്പിച്ചൻ പോയേപ്പിന്നെ ഞങ്ങക്കെല്ലാ സമാധാനാ!
BUS
TOMS

ബോബനും മോളിയും


വോട്ടറും കമ്മീഷൻ തരണം.
തെരഞ്ഞെടുപ്പു കമ്മീഷൻ ഉത്തരവു ശരിവച്ചെന്നു പത്രത്തിൽ വായിച്ചു.
വോട്ട്
ഞാൻ തെരഞ്ഞെടുപ്പിന്റെ കാര്യം പറയാൻ വന്നതാ!!
തെരഞ്ഞെടുപ്പിന്റെ ദിവസം ഒരു കുർബാന ചൊല്ലണം അച്ചോ.
TOMS

## ബോബനും മോളിയും


ലേഡീസ് ഹോസ്റ്റലിൽ ഒരു വാച്ചറുടെ ജോലി ഒഴിവുണ്ട്. ഒന്നു റെക്കമെന്റു ചെയ്യണം.
അപ്പം നിന്നെ വാച്ചു ചെയ്യാൻ വേറൊരു വാച്ചറെ വയ്ക്കണമല്ലോ?
എടാ ഒരു കണ്ടക്ടർ ജോലി ഒഴിവുണ്ട്.
അതു നല്ല ത്രില്ലൊള്ള ജോലിയാ.
പണ്ടു ഞാനിവനൊരു ഡ്രൈവറു ജോലി വാങ്ങി കൊടുത്തതാ. റൂട്ട് മാറിപ്പോയി.
ഏതായാലും കണ്ടക്ടർ ടെസ്റ്റിനൊന്നു പങ്കെടുക്കുന്നുണ്ട്.
എങ്ങനെ റൂട്ടു മാറീന്നാ?
ബസിനു മുന്നേ ഒരു പെൺകുട്ടി സ്കൂട്ടറിൽ പോകുന്നുണ്ടാരുന്നു.
ബസ് അവളു പോയ ദിക്കിലേക്കു പോയി
ഇനിയെങ്കിലും നീ പെൺപിള്ളേരുടെ പുറകെയുള്ള നടപ്പൊന്നു നിറുത്ത്.
ഞാൻ പുറകെ നടക്കുന്നില്ല. അവരു മുന്നേ നടക്കുവാ.
എന്നാപ്പിന്നെ നിനക്കു മുന്നേ കേറി നടക്കരുതോ?
അപ്പം പിന്നെ എനിക്കെങ്ങോട്ടാ പോകേണ്ടതെന്നു ഞാനെങ്ങനെ അറിയും?
എനിക്കാ കണ്ടക്ടർ പണി കിട്ടി!!
പ്രാക്ടിക്കലിനു ഞാനു ഫസ്റ്റാ!
ഒരു തീപ്പെട്ടിയ്ക്കകത്തു എത്ര കൊള്ളി തിരുകി കൊള്ളിക്കാമെന്നാരുന്നു ടെസ്റ്റ്.
ഞാൻ 250 കൊള്ളി തിരുകി കൊള്ളിച്ചു. അങ്ങനെ ഞാനടിച്ചു!!
അടി കൊള്ളാൻ പോകണേയുള്ളൂ!

## ബോബനും മോളിയും




## ബോബനും മോളിയും




## ഉണ്ണിക്കുട്ടൻ



## ബോബനും മോളിയും




അന്തപ്പൻ മന്ത്രിയായി !
എന്തപ്പാ ഈ കേൾക്കിണത്?
ഈ സത്യപ്രതിജ്ഞ എന്തിനാ ചൊല്ലിക്കൊടുക്കുന്നത്? വായിച്ചാൽ പോരേ?
വായിക്കാനറിയാവുന്ന എത്ര പേരുണ്ടെന്നാ?
മൂന്നു തവണ ജയിലിൽ കിടന്നിട്ടുണ്ടെന്നാ പത്രത്തിൽ. സ്വാതന്ത്ര്യ സമരത്തിനാവും.
സ്വാതന്ത്ര്യമെന്നു വച്ചോളൂ.
സഹപ്രവർത്തകരുടെ സ്വീകരണമുണ്ട്.
എല്ലാരേം ഒരു ദിവസം പരോളിൽ വിട്ടമോ?
ഞങ്ങടമ്മെല്ലാ സമ്മതമുണ്ട്.
പത്രത്തിൽ കൊടുക്കാൻ പണ്ടത്തെ ഒരു പടം വേണം.
റെയിൽവേ സ്റ്റേഷനിലേക്കു ചെന്നാ മതി.
പക്ഷേ, അതെടുക്കാനിത്തിരി ബുദ്ധിമുട്ടാവാ, നോക്കാം.
ഒന്നാം ക്ലാസിൽ പഠിക്കുമ്പം പെൻസിലു ചൂണ്ടുമാരുന്നെന്നാ പറയും.
ഇവരെ സൂക്ഷിക്കുക!
ഇടത്തു നിന്നും രണ്ടാമത്തെയാരുന്നു. മന്ത്രിയായന്നു രാത്രി പോലീസിനെ വിട്ടു മാറ്റിച്ചു.
TOMS

# ബോബനും മോളിയും



ഹിപ്പിച്ചൻ ചാകാൻ വേണ്ടി കിണറ്റിൽ ചാടിയതാന്നാ കേൾവി!
ആ വേലക്കാരി പെണ്ണിനെ അവൻ വശത്താക്കിക്കളഞ്ഞു.
എങ്കി അവളാകും ഇനി കിണറ്റിൽ ചാടി ചാവുക.
ബോബനും മോളീം കൂടി ചാടിയതാ
ഇനീ വല്ല്യ ചാട്ടമങ്ങു നില്ക്കും.
ഒറ്റയ്ക്കു താമസിക്കുന്ന ഒരു തള്ളയ്ക്കൊരു വേലക്കാരിയെ വേണം. മക്കളെല്ലാം ഗൾഫിലാ.
ശമ്പളം നാലിരട്ടി! കിളവിക്കു കണ്ണു കാണാൻ മേല.
റേഷൻ വാങ്ങി വാ.
രാഹു കഴിയട്ടെ. രാഹുകാലം കഴിയാതിറങ്ങിയ സരളയെയാ വണ്ടി ഇടിച്ചത്.
ആ ഗൾഫുകാരത്തീടെ വീട്ടിലെ വേലക്കാരി കല്യാണി കിണറ്റിൽ ചാടി ചത്തതു കഴിഞ്ഞ കൊല്ലമല്ലാരുന്നോ?
കല്യാണി അടുക്കളേൽ തൂങ്ങി ചാകുവാരുന്നു. തമിഴത്തി സെൽവമാ കിണറ്റിൽ ചാടിയത്.
നീയെന്താടീ റേഷൻ കടേൽ പോയിട്ട് തിരിച്ചു പോന്നത്?
വഴീലൊരു പോത്തു നിൽക്കുന്നു. കന്നിനെ കണി കണ്ടേച്ചു വഴി പോകരുതെന്നാ.
എനിക്കു വേറൊരു വീട്ടിൽ പണി കിട്ടി. ഞാൻ പോകുവാ.
ഹിപ്പിച്ചൻ വേല വച്ചതാ!


വക്കീലിന്റെ വേലക്കാരി ഗൾഫു വീട്ടിൽ പോകാൻ പോണെന്ന് കേട്ടല്ലോടാ?
ഒരു ചാൻസു കിട്ടിയാൽ ആരെങ്കിലും കളയുമോ?
ചാൻസ് അവക്കോ നിനക്കോ?
നീ ഇന്ന് പോണെന്ന് പറഞ്ഞിട്ടോ?
ഇന്ന് ബുധനാഴ്ച ഭരണിക്കാർക്കു ശുഭദിനമല്ല. ഞാൻ ഭരണീലാ ഉണ്ടായത്.
ചുമ്മാതല്ല, ഭരണി പോലിരിക്കുന്നത്.
പിറ്റേന്ന്
എങ്കിലിറങ്ങട്ടെ കൊച്ചമ്മേ.
ങേ!!
എന്താടീ ഒരു മനം മാറ്റം?
നിങ്ങളെയൊക്കെ പിരിയുന്ന കാര്യമോർത്തിട്ടാ!
പൂച്ചയ്ക്കൊരു എലിയെ പിടിച്ചു കൊടുക്കണം കേട്ടോടാ.
TOMS

## ബോബനും മോളിയും


സത്യം പറയണമല്ലോ. നിന്റപ്പൻ പള്ളീലെ കുഴിവെട്ടുകാരനാരുന്നെന്ന് പറഞ്ഞു.
എടാ നായേ!
നിന്റമ്മ നിന്നെ പുറംപോക്കിലാ പെറ്റിട്ടതെന്നു പറഞ്ഞു..
എല്ലാം എന്റെ ആത്മാവിന്റെ മോചനത്തിനു വേണ്ടി കാഴ്ച വയ്ക്കുന്നു.
എല്ലാം എന്റെ വിശ്വാസത്തിന്റെ രക്ഷയ്ക്കു വേണ്ടി.
എല്ലാം അന്ത്രപ്പിയുടെ ദാനത്തിനു വേണ്ടി.
തന്നെത്താൻ താഴ്ത്തപ്പെടുന്നവൻ ഉയർത്തപ്പെടും.
നിങ്ങടെ ഒരു കുമ്പസാരം!
ഇവിടെ... ഇവിടെ ഒരു വരദാനം കിട്ടിയതിവിടാ.
നീ കൂടിയൊന്നു കരിസ്മാറ്റിക്കിനു പോ.
TOMS

# ബോബനും മോളിയും



...യുവതിക്ക് പതിനെട്ട് ബിരുദധാരികളിൽ നിന്നും വിവാഹാലോചന.... സിനിമാ നടിയാവും.
പതിനെട്ട് വയസാ.
നമ്മടെ മോക്കു ഇരുപത്തിയെട്ടായി
പത്രത്തിലൊരു പരസ്യം കൊടുക്കാമെടീ. പക്ഷേ കാശെമ്പടിയാകും.
എന്നാ മതിലേലെഴുതി പറ്റിക്ക്.
അതിനും ചിലവാ. കരികൊണ്ടെഴുതണം.
പരസ്യം പത്രക്കാരന്റെ കൈയിൽ കൊടുത്തയക്കാം.
നമ്മുടെ പശുന്റെ കാര്യത്തിനും പരസ്യം കൊട്.
അതിനു തൊമ്മന്റെ കാളമതിയെടീ.
അതല്ല! നമ്മുടെ കറമ്പി പശുനെ വിൽക്കുന്ന കാര്യം.
പരസ്യം വായിക്കാം. 'നല്ലയിനം പശുവിനെ വില്പനയ്ക്ക്'..........
രണ്ടു പരസ്യമുണ്ട്. ഒന്നു വിവാഹം പിന്നൊന്നു പശുനെ വിൽക്കാൻ.
പരസ്യത്തിനടിൽ ആറു മാസം ചെനയുണ്ടെന്നു കൂടി എഴുതിയേക്കണം.
കമ്മീഷൻ പകുതി ഞങ്ങക്കാ.


സ്വർണം കൊടുത്താൽ ചെക്കൻ വിൽക്കും. സ്വർണം സർക്കാരിൽ വച്ചു ബോണ്ടാക്കി കൊടുക്കാം.
ബോണ്ടു കഴുത്തേൽ തൂക്കിനടക്കട്ടെ.
ചെക്കന്റെ കഴുത്തേലാണോ?
ചെറുക്കന്റെ കഴുത്തേലല്ലേ പെണ്ണ് തൂങ്ങുന്നത്?
പത്രക്കാരനെ ചേടത്തി ഒലക്കയ്ക്കു തല്ലി. ആശുപത്രീലാ.
ആറുമാസം ചെനയുണ്ടെന്ന വിവാഹപരസ്യത്തിനലാ വന്നത്!
TOMS

## ബോബനും മോളിയും


ചേട്ടനെ ആരോ കാണാൻ വന്നിരിക്കുന്നു. ഈ നാട്ടുകാരനല്ല.
ഇവിടെ പട്ടിയുണ്ടോ?
ഞാനല്ലേ ഇവിടെ നിൽക്കുന്നത്. ചോര്.
അതീ നാട്ടുകാർക്കറിയാം. അങ്ങേർക്കറിയണമെന്നില്ല.


## ബോബനും മോളിയും



വിരല് കടിക്കരുത്. വിരല് കടിക്കുന്നതെനിക്ക് കണ്ടുകൂടാ.
വിരലല്ലേലും കടിക്കുകേലേ. കടിക്കുന്നതു ഞാനാ.
ഒരുത്തനും ഭാര്യേം കൂടി ഒന്നിച്ചിരിക്കുന്ന പടം.
മുഖത്തോടു മുഖമാണോ തെക്കോട്ടും വടക്കോട്ടും തിരിഞ്ഞതാണോ?
തെക്കു വടക്കു തിരിഞ്ഞാ.
എങ്കിൽ അൻപതാം വിവാഹ വാർഷികമാ.
എന്തിനാ അൻപതാം വിവാഹ വാർഷികം പത്രത്തിൽ കൊടുക്കുന്നത്?
അൻപതു വർഷം കഴിഞ്ഞിട്ടും ഒന്നിച്ചാ ജീവിക്കുന്നതെന്നറിക്കാൻ.
ഞങ്ങടേം അൻപതാം കൊല്ലമാ. ഒരു പടം കൊടുക്കണം.
ചേട്ടൻെറ പടം ഒരു പത്രത്തിലും ചേടത്തീടെ മറ്റൊരു പത്രത്തിലും.
എങ്കിലൊന്നു മനോരമേലും ഒന്നു ദേശാഭിമാനീലും.
രണ്ടും ക്ഷീരോം പാമ്പും പോലാ.
അൻപതു വർഷത്തിനിടേൽ നിങ്ങളെന്നെങ്കിലും ഞാനുമായിട്ടൊന്നു പുറത്തേയ്ക്കിറങ്ങീട്ടുണ്ടോ?
നുണ പറയരുത്. 72-ൽ പെരയ്ക്കു തീ പിടിച്ചപ്പം ഒന്നിച്ചല്ലേടീ പുറത്തേയ്ക്കിറങ്ങിയത്?
ഒന്നിച്ചിരിക്കുന്ന പടത്തിനെവിടെ പോകും?
വെള്ളിടി വെട്ടണം. അപ്പം അതിയാനടുത്തു വന്നിരിക്കും.


രണ്ടും കൂട്ടി ചേർക്കാം. പക്ഷേ ചിരിക്കുന്നില്ല!
കാണുന്ന വരു ചിരിച്ചോളും.
സെൻറീമീറ്ററിനു 600 രൂപയോ കർത്താവേ! ഞാൻ തന്നെ 120 സെൻറീമീറ്ററാ.
പത്രത്തിലെ കോളം സെൻറീമീറ്ററാ.
അടിക്കുറിപ്പിൽ പിശകു പറ്റി!!
അൻപതാം ചരമ വാർഷികമെന്നാ.
ഒരു തരത്തിൽ ശരിയാ.
അൻപതു കൊല്ലം മുൻപല്ലേ ചേടത്തിയെ കല്യാണം കഴിച്ചത്. അന്നു മരിച്ചു.
TOMS

## ബോബനും മോളിയും


അതാരാടാ വരുന്നതു? കക്ഷിവല്ലോമാണോടാ?
കക്ഷിയല്ല, യക്ഷിയാ. ഭാര്യ!
കുട്ടനും വക്കനും തമ്മിലടി. കുട്ടൻ കേസു കൊടുത്തു.
വക്കന്റെ വക്കാലത്തിങ്ങു പിടിച്ചോ.
തന്റെ സ്വന്തക്കാരനല്ലേ. കമ്മീഷൻ നേരത്തേ തന്നേക്കാം.
തല്ലിയവനെ വെറുതെ വിടാൻ പാടില്ല.
കോടതി വെറുതെ വിട്ടോളും.
വക്കാലത്ത് ഒപ്പിട്ടേര്.
കുട റിപ്പയറേ, കുട റിപ്പയറേ..
എന്തു പയറാടീ അത്?
കുട റിപ്പയർ ചെയ്യുന്നയാളാ.
എസ്കർഷനു പോകാനുള്ള 200 രൂപാ തരണം.
ഇന്നു പണം കിട്ടും.
അടി കിട്ടിയതു ഒരു പോലായതു കൊണ്ട് അവരു കേസു രാജിയായെന്ന്. 100 രൂപയും പോയി.
ഇപ്പം അടി കിട്ടിയതു നമുക്കാ.
TOMS

## ബോബനും മോളിയും




## ചേട്ടൻ




## ബോബനും മോളിയും



## ബോബനും മോളിയും


സോണിയാ ഉമ്മൻ ചാണ്ടിയെ ഉമ്മൻ ചണ്ടീന്നാ വിളിക്കുന്നെ! ഇംഗ്ലീഷിലാകുമ്പം ചണ്ടീന്നും വായിക്കാം.
ഒരു ചണ്ടിയുണ്ടാരുന്നത് രാജീവമ്പു പോയ്ല്ലോ!
നാളെ സിനിമയ്ക്കു .......
നാളെ എനിക്ക് എൻ.സി.സി. പരേഡുണ്ട്. പിന്നൊരു ദിവസമാട്ടെ.
ഈ ആഴ്ച കഴിഞ്ഞോട്ടെ.
വാരഫലത്തിൽ മാനഹാനീം ശരീരാസ്വാസ്ഥ്യവും ഫലമെന്നാ.
പിറ്റേന്ന്
ശാലിനിയതാ എൻ.സി.സി. വേഷത്തിൽ!
പരേഡു കഴിഞ്ഞ് സിനിമയ്ക്കു പോകാം.
പാതിരാ പടത്തിനു പോകാം. നമുക്കു കെട്ടിപ്പിടിച്ചിരുന്നു സിനിമാ കാണണം.
എന്റെ കരളല്ലേ- പ്ലീസ്.
അടി കൊണ്ടപ്പഴേ വനിതാ എസൈയാണെന്നു മനസിലായെന്നോ? അതെങ്ങനാടാ.
ഇതിനു മുൻപും കൊണ്ടിട്ടുണ്ട്.
TOMS

## ബോബനും മോളിയും




മകന് വേണ്ടി വിവാഹപരസ്യം കൊടുത്തതിന്റെ മറുപടി. നാളെ ഇങ്ങോട്ട് വരുന്നുണ്ടന്ന്. കാഞ്ഞിരപ്പള്ളിക്കാരനാ.
റബർ മുതലാളിമാരാ അവിടൊക്കെ. സ്റ്റൈലും കാര്യങ്ങളുമൊക്കെയുണ്ടങ്കിലേ അവരടുക്കൂ.
സിൽക്കു ജൂബ്ബായിടാം.
നീയാ കാഞ്ചീപുരം സാരിയെടുത്തുടുക്ക്.
നിങ്ങടെ ഫോൺ കൂടി കൊണ്ടുവാ. രണ്ടിരിക്കട്ടെ.
മൈക്രോവേവുണ്ടോ?
വേവിത്തിരി വാലമാ. അതു സാരമില്ല.
വടക്കേതിക്കാരുടെ ടീ.വി. കൂടി മേടിച്ചോ. എല്ലാ ബെഡ് റൂമിലും ടി.വി. വേണം.
മുറ്റത്തു മൂന്ന കാറു വേണം. ഏർപ്പാടാക്കീട്ടുണ്ട്.
വരുന്നുണ്ട്. ബോബൻ സെർവന്റ് ബോയി.
മോളി പുറത്തൂന്ന ഫോണിലിങ്ങോട്ടു വിളി.
അകത്തേയ്ക്കിരിക്കാം. A.C.......
വേണ്ട, ജലദോഷം!
രക്ഷപ്പെട്ടു!
ട്ർ..... ട്ർ...
ഹലോ തേങ്ങാ ഏഴായിരത്തിനു തരാം. ഈ മാസം മുപ്പത്തയ്യായിരം വരും.
റബറു കൊടുത്തു. നാലായിരം കിലോ. അടുത്ത മാസം അയ്യായിരം വരും.



അളിയനാണോ? എസ്റ്റേറ്റു അറുപതിയഞ്ചു ലക്ഷത്തിനു മേടിച്ചു.
പുറത്തു പറയണ്ട. പകുതി കുഴൽപ്പണവും ബാക്കി ബിനാമിയിൽ കിടന്ന കള്ളപ്പണവും.
ഇത് സ്കോച്ച് ബ്രാണ്ടി.
ഗേശ് എന്തു വരെ പഠിച്ചു?
എന്റെ പേരു ഗേശ് എന്നല്ല - പോൾ. ഐസക്ക് പോൾ ഇൻകം ടാക്സ് കമ്മീഷണർ.
നിങ്ങളുടെ സ്വത്തു വിവരങ്ങളെക്കുറിച്ച് ചിലരു വിളിച്ചറിയിച്ചതിനെ തുടർന്നു അന്വേഷണത്തിനു വന്നതാ.
എന്റെ പൊന്നു സാറെ കല്യാണക്കാരാണെന്നു വിചാരിച്ചു കുറെ ബഡായി കാച്ചിയതാ.


## ബോബനും മോളിയും



എന്നെപ്പറ്റിക്കാമെന്നു നീ സ്വപ്നത്തിൽ വിചാരിക്കേണ്ട.
ങ്ങേ!
നിന്നെയിന്നു തച്ചിട്ടേയുള്ളൂ.
TOMS


മണ്ഡലം പ്രസിഡൻറ് ഇട്ടിമാത്തൻെറ കല്യാണം. പെണ്ണ് ലത്തീൻകാരിയാ.
ഞാൻ കേട്ടത് ചെമ്പുക്കാവുകാരിയാണെന്നാണല്ലോടാ.
കല്യാണത്തിന് നാലു മന്ത്രിമാരു്!
ജയിച്ചുയരുന്ന നേതാവല്ലേ?
കോഴിക്കോട്ടുന്നിവിടം വരെ വന്നിട്ടു കിട്ടിയതു കട്ടൻ ചായേം ബിസ്ക്കറ്റും!
നേതാവല്ലേ?
ഇന്നു നമ്മുടെ ആദ്യരാത്രിയാണെന്നറിയാം. എങ്കിലും കാസർകോട്ടുനിന്നും നാളെ ജനസമ്പർക്ക ജാഥയുണ്ട്. എനിക്കുടനെ പോണം.
ജനസമ്പർക്ക ജാഥാ കഴിഞ്ഞേച്ചും നാല്പതു ദിവസമായി വരുന്ന വഴിയാ.
നാളെ ഡൽഹിയിൽ എ.ഐ.സി.സി.യുണ്ട്. അടുത്ത ഫ്ളൈറ്റിനു പോണം.
ഹൈക്കമാൻറ് ഗ്രാമങ്ങളിൽ ജനസമ്പർക്ക പരിപാടിക്ക് എന്നെ നിയോഗിച്ചിരിക്കുവാ. എങ്കിൽ അടുത്ത കൊല്ലം മന്ത്രിയാക്കാമെന്നു പറഞ്ഞു.
ജനസമ്പർക്ക പരിപാടീന്നു പറയുന്നത് വോട്ടുബാങ്കാ.
ഞാൻ പോയിട്ടു വരാം.
പിന്നീട്
ഫോറിൻ സിഗററ്റ്, സെൽഫോൺ ഇതാരുടെയാടീ.
മറന്നു വച്ചു പോയതാവും.
ഞാനും ഒരു ജനസമ്പർക്ക പരിപാടി തുടങ്ങി. വോട്ടുബാങ്ക്.
TOMS

## ഉണ്ണിക്കുട്ടൻ


വെളുക്കും മുൻപുണരേണം വെളുത്ത മുണ്ടുടുക്കേണം.
വെളുത്ത മുണ്ടല്ല, സാരിയാ ഉടുക്കുന്നത്.
ഇവനു മലയാളം കൂട്ടി വായിക്കാനും അറിയില്ല.
അതിനു പത്രം വായിക്കണം.
നേരാ. പത്രം വായിച്ചാ ഞാനീ നെലേലായത്.
അഛ വിവാഹ പരസ്യം വായിച്ച്. ഞാനാണങ്കിൽ നിലയില്ലാത്ത കയത്തിലും ആയി!
അപ്പോൾ വിവാഹപരസ്യമായിരുന്നു നിങ്ങളെ ബന്ധിപ്പിച്ചത്.
വിവാഹപരസ്യത്തിലൂടെ എന്നെ ബന്ധിച്ചൂന്ന പറയുന്നതാ ശരി.
പത്രക്കാരൻ പത്രം വലിച്ചെറിഞ്ഞേച്ചു പോയി! എടുത്തോണ്ടു വാടാ.
ശരിക്കും നമ്മളാ വലിച്ചെറിയേണ്ടത്. പരസ്യമല്ലാതെ ഒന്നുമില്ല.
പത്രത്തിലെ ഈ പടം ആരുടെയാ?
അതൊരു കള്ളന്റെ പടമാ. അവനെ ഇന്നലെ പിടിച്ചു.
ഇന്നത്തെ പത്രത്തിൽ മൂന്നു പേരുടെ പടം.
എടാ അതു മൂന്നും കൊള്ളക്കാരാ. മൂന്നിനേം കസ്റ്റഡിയിലെടുത്തു.
ഇന്നത്തെ പത്രത്തിൽ നിറയെ കൊള്ളക്കാര്.
അതു കേന്ദ്ര മന്ത്രിസഭ ഒന്നു വികസിപ്പിച്ചതാടാ.
കൊള്ളക്കാരു തന്നെ. പിടികൂടാൻ പറ്റൂകേല!
TOMS

## ബോബനും മോളിയും




## ബോബനും മോളിയും




## ബോബനും മോളിയും



## ബോബനും മോളിയും




## കാരണം




## ബോബനും മോളിയും



## ബോബനും മോളിയും



ഭയങ്കര മറവി. ഇന്നു കണ്ടവനെ നാളെക്കണ്ടാലറീകേല!
കൊണ്ടാലും അറീകേല.
മന:ശാസ്ത്രജ്ഞനെ കാണിയ്ക്കേണ്ട ഒരു രോഗമാ അത്... ഓർമ്മക്കുറവാ.
ഞാൻ കാശു പാത്തു വയ്ക്കുന്ന ഇടമൊക്കെ നല്ല ഓർമ്മയാ.
ഡോ. "ഇൻ" ഇങ്ങനൊരു ആനെ കേറ്റിട്ടില്ലേ?
അത് ഡോക്ടർ അകത്തുണ്ടെന്നാ
Dr. IN
എന്താ വന്നത്?
എന്തിനാ വന്നതെന്നു തന്നെ മറന്നു!
ഞാൻ ആരാണെന്ന് ഒന്നു പറയാമോ?
വാടാ പോയേക്കാം.
നൂറു രൂപാ കൊടുത്തപ്പഴാ അകത്തോട്ടു കേറ്റിയത്?
എന്നിട്ടു ഡോക്ടർ ചോദ്യം തുടങ്ങിയപ്പം നിങ്ങളെന്താ പോന്നത്?
അയാളെന്നെ എന്നാ ചികിത്സിക്കാനാ?
അയാളാരാന്ന് അയാക്കു തന്നെ അറിയാമ്മേല- എന്നോടാ ചോദിക്കുന്നത്?
TOMS

# ബോബനും മോളിയും




തെങ്ങിൽ കയറാതെ തെങ്ങിന്റെ ഉയരം കണ്ടു പിടിക്കുന്ന ഒരു ഉപകരണം കണ്ടു പിടിച്ചെന്ന്.
ആ ഉപകരണം ഞങ്ങടെ വീട്ടിലുണ്ട്. ഒരു ടേപ്പും മൂർച്ചയുള്ള ഒരു കോടാലിയും.
പട്ടി എങ്ങോട്ടാടാ?
നീയെന്നെ പട്ടീന്ന് വിളിക്കും അല്ലേടാ?
ഞാനെന്റെ പട്ടിയോടാ ചോദിച്ചത് എങ്ങോട്ടാടാന്ന്.
എന്തിനാ ഈ പട്ടിയെ വളർത്തുന്നത്?
ഞങ്ങടെ പട്ടി നാട്ടുകാർക്കും ഉപകാരിയാ.
നേരാ. വഴിയൊക്കെ വൃത്തിയാക്കും, അല്ലെങ്കി നാറീട്ട് നടക്കാൻ മേലാതിരിക്കും.
പരിസരത്ത് കള്ളന്മാരു കേറീട്ടുണ്ടെങ്കി അപ്പം ഞങ്ങൾക്കറിയാം.
പട്ടി ഓടിവന്ന് കട്ടിലിനടിയിൽ കേറിയിരിക്കും.
ഞങ്ങളെവിടെപ്പോയാലും പട്ടി ഞങ്ങടെ കാലിനിടേന്ന് മാറുകേല.
ആരേലും തല്ലിക്കൊള്ളുമെന്ന് പേടിയാ.
പത്രക്കാരൻ ഗേറ്റിൽ ഇട്ടിട്ടു പോകുന്ന പത്രം അവൻ കടിച്ചെടുത്തു കൊണ്ടു വന്നു തരും.
നിങ്ങടെ പട്ടി മാത്രമല്ല ശശീടേം, രാജന്റേം, രാമുന്റേം എന്റേം പട്ടി പത്രം കടിച്ചെടുത്തോണ്ടു വരും.
അതിന് നിന്റെ വീട്ടിൽ പത്രം വരുത്തുന്നില്ലല്ലോ?
പക്ഷേ അടുത്ത വീട്ടുകാരു പത്രം വരുത്തുന്നുണ്ട്. അതല്ലേ അവന്റെ മിടുക്ക്!
TOMS

## ബോബനും മോളിയും



കയറു പറിച്ചു നടക്കുന്ന ഒരു ജന്തു നമ്മുടെ വാഴ മുഴുവൻ തിന്നു.
നിങ്ങളൊരാണല്ലേ ഒന്നു പിടിച്ചു കെട്ട്.
ആണാരുന്നെങ്കി ഇവിടേം ഇല്ലേ കയറും പറിച്ചു നടക്കുന്ന ഒന്ന്!
കയറു പറിച്ചു നടക്കുന്നതാരാണെന്നു ഞാൻ പറയുന്നില്ല.
അതു പറയാതെല്ലാവർക്കുമറിയാമല്ലോ!
അതു ഫിലിപ്പിന്റെ വീട്ടിലെ മൂരിക്കാളയാ.
അപ്പം അവിടെ രണ്ടു മൂരിക്കാളയുണ്ടോ?
എന്റെ വീട്ടിൽ ഒരു മൂരിയേയുള്ളു.
എങ്കിൽ മറ്റേതു വീട്ടിലെയാ?
ഇതിനെ ഒന്നു പിടിച്ചു കെട്ടാൻ നോക്കീട്ട് ഓടിക്കളയുന്നു.
ഒളിമ്പിക്സിനു കാളയോട്ടമുണ്ടായിരുന്നെ, ഇന്ത്യയ്ക്കൊരു സ്വർണം ഉറപ്പായേനേം.
കണ്ടോണം ഇന്നു ഞാനവനെ പിടിച്ചു കെട്ടിയിട്ടേയുള്ളു.
കയറും കൊണ്ടു മരത്തിൽ കേറിയിരിക്കാ.
കാള ഇതിലേ വരുമ്പം കുരുക്കിട്ടു പിടിക്കും.


നീയാ
കാളേ
ഇങ്ങോ
ട്ടാണോ
ടിച്ചു വിട്.
കർത്താവേ!
കയറു മേത്ത
ചുറ്റിയാ കിട
ന്നത്.
കുരുക്കിട്ട
കയർ!!
നില്ലെടോ.
അപ്പം ആത്മ
ഹത്യാശ്രമമാ
അല്ലേ!!
ആശുപ
TOMS

## ബോബനും മോളിയും.


അയലത്തെ
അപ്പുട്ടൻ കാറു
മേടിച്ചു. ഭാര്യ
പറഞ്ഞിട്ടാ
മാരുതി തന്നെ
മേടിച്ചത്.
അപ്പുട്ടൻെറ കെട്ടി
യവള് മാരുതി,
അവടെ പേരുള്ള
കാറു മേടിച്ചു.
മാരുതി കാറ്.
അവളെ
യങ്ങനെ
യങ്ങു വിടാ
ൻ പാടി
ല്ല.
നമുക്കു
മറിയേന്നു
പേരുള്ള
ഒരു കാറു
തന്നെ വാ
ങ്ങണം.

## ബോബനും മോളിയും


ഞങ്ങളു തലപ്പന്തടിക്കാൻ പോകുവാ.
ഒരു ദിവസം പത്തു ഗ്ലാസ്സ് വെള്ളം കുടിക്കണമെന്നാ. നിങ്ങൾ കുടിക്കുന്നുണ്ടോ?
വെള്ളം കുടിപ്പിക്കുന്നുണ്ട്.
പന്തു തലയ്ക്കിട്ടാണോടാ അടിക്കുന്നത്?
ഇതു തലപ്പന്തടിയാ!
കുളത്തിപ്പോയ പന്തെടുത്തു തരണം.
എനിക്കു മുങ്ങാൻ മേല.
കടക്കാരെക്കാണുമ്പം മുങ്ങും.
ഞാനെടുത്തു കൊടന്നേ.
പണ്ടേനിയ്ക്കൊരബദ്ധം പറ്റിയതാ.
ഇവക്കു പതിനാറു വയസ്സുള്ളപ്പം കുളത്തിൻ കരയിൽ നില്ക്കുമ്പഴാ ഞാനതു വഴി പോയത്.
കുളം കണ്ടപ്പം കാലു നനയ്ക്കണമെന്നു തോന്നിക്കാണും!
വെള്ളം കോരാനിറങ്ങിയപ്പം ഇവളു കാലു തെറ്റി കുളത്തിൽ വീണു.
പതിനാറല്ലേ പ്രായം. കണ്ണായിരിക്കും ആദ്യം തെറ്റിയത്?
അന്നു കുളത്തിൽ ചാടി ഞാനാ അവളെ രക്ഷിച്ചത്.
എന്നിട്ടു ഞാനിന്നുവരെ ആ കുളത്തീന്നു കരപറ്റീട്ടില്ല.
TOMS

ബോബനും മോളിയും




ബോബനും മോളിയും




ബോബനും മോളിയും





ബോബനും മോളിയും
ആരാണ്ടും വരുന്നു!
കർത്താവേ! ഇവിടെ തരി അരീം കാപ്പിപ്പൊടി പോലുമില്ല.
കാറിവിടൊ ന്നിടാൻ കയറിയതാ. ഞാൻ ഡൽഹിക്കു പോകുന്നതു ട്രെയിനിലാ.
ബ്രേക്കിസ് ദി ലോഡ്
ഒരു മാസം കഴിഞ്ഞേ വരൂ. താക്കോലും ഇവിടിരിക്കട്ടെ.
ഊണു കഴിച്ചേച്ചു പോകാം. കാപ്പിയെങ്കിലും...
കാപ്പിയെടുത്തോന്നു പറഞ്ഞിരുന്നെങ്കിൽ അമ്മച്ചി എന്തെടുത്തേനേ?!
അയാളന്തസ്സില്ലാത്തവനൊന്നുമല്ല.
നല്ല പുത്തൻ കാറ്. നമ്മളു മേടിച്ചതാണെന്നു പറയാം.
ഒരു മാസം കഴിയുമ്പം പുതിയ മോഡലു വാങ്ങാൻ വിറ്റെന്നു പറയണം.
എടീ, രണ്ടുകൊല്ലം കഴിയുമ്പം മുറ്റത്തു കാറുകാണുമെന്നാ ജ്യോത്സ്യരു പറഞ്ഞത്.
മുറ്റത്തല്ല. ആകാശത്തില്!
ഞങ്ങളു കാറുമേടിച്ചെടാ.
അപ്പന് ലോട്ടറിയടിച്ചോടാ?
കാറേലിരിക്കുമ്പം ചൊരുക്കാതിരിക്കാനുള്ള കഷായമുണ്ടോ?
എന്നാ കാറുമേടിച്ചെ?
വൈദ്യശാല



ഒരെണ്ണം ബുക്ക് ചെയ്തിട്ടുണ്ടടീ..
കാറാണോ?
അല്ല. ബോയിംഗ് വിമാനം.
ഈ ടൈം പരിസുകൂടി പോണ വഴി നന്നാക്കാം.
വക്കീല് കാറുമേടിയല്ലേ?!
എ.സി കാറ്?!
ആകാശത്തൊന്ന് വച്ചേടാ.
ഫോറിൻ കാറ്!
കണ്ടുകിണറ്റിലെ തവളക്കുഞ്ഞിന് കുന്നിൻ മീതെ പറക്കാൻ മോഹം...
അത് അരു പഴഞ്ചനാ ഡിസ്കോ ഇല്ലേടാ?
നാലുകെട്ടും നാലുകോഴിയും മേടിച്ചോ.
എന്താ ഇവരെല്ലാം നമ്മുടെ വീട്ടിൽ?!
തനിക്കു കാറുമേടിക്കാൻ കാശുണ്ട്? രണ്ടായിരം കടം മേടിച്ചിട്ടു പത്തു കൊല്ലമായി!
ഇല്ലാഞ്ഞല്ല. മനഃപൂർവ്വമാ.
വാടക തന്നിട്ടു മൂന്നുകൊല്ലം?!
രണ്ടുകൊല്ലത്തെ പാലിന്റെ കാശ് ഇപ്പം തരണം.
എന്റെ കെട്ടിയോടെ മാലകൊണ്ടെ പണയം വച്ചിട്ടു കൊല്ലം രണ്ടായില്ലേ?
എന്നിട്ടേ നരി കാറേലിങ്ങനെ ഞെളിഞ്ഞിരിക്കുന്നു. അമ്പട വീരാ!
TOMS

# ബോബനും മോളിയും


തക്കിടഗുണാരി അന്തിപത്രം
പത്രം ചെലവാകണേൽ പീഢനം വേണം.
പത്രം വായിക്കുന്നതു പീഢനമാണല്ലോ?
അല്ലടോ സ്ത്രീ പീഢനം.
എടോ നായരേ, ഒരു പെൺവാണിഭം വേണം. താൻ വിചാരിച്ചാൽ സാധിക്കും.
ജാമ്യം മേടിച്ചു തരാമോ?
അതല്ലടോ. കണ്ടുപിടിക്കണം. അതാ റിപ്പോർട്ടൂടെ കിട്ടുക്ക്!
ഒരു കത്തനാരല്ലേ പെണ്ണിനേം കൊണ്ടു പോകുന്നത്?!
നമുക്കു വല്ല ലോഡ്ജിലും മുറിയെടുക്കണം.
ഈ എടുത്തയാളിന്റെ പേരോ.. ഫാദർ സിറിയക്ക്.
ലോഡ്ജ്
കൂടെയുണ്ടായിരുന്നതോ?
എൽസി!
നാല് ആൺ പട്ടികൾ ചേർന്ന് ഒരു പെൺ പട്ടിയെ പീഢിപ്പിക്കുന്നു, ചെല്ല്!
ഒരു കത്തനാരുടെ പെൺ വാണിഭം കിട്ടി.
കത്തോലിക്കാ പുരോഹിതനാ. ളോഹ കണ്ടാലറിയാം.
പൗരോഹിത്യ പെൺ വാണിഭം
ങേ!? നമ്മുടെ വികാരിയച്ചനല്ലേ?!!


നിങ്ങടെ കത്തനാര് ഒരു പെണ്ണിനേം കൊണ്ടു ലോഡ്ജില് ....
നിങ്ങടെ കാഞ്ഞിമഠം ഏഴു പെണ്ണുങ്ങളെ യല്ലേ...... ... ഒന്നും പറയുന്നില്ല.
നിങ്ങടെ റിപ്പോർട്ടറെ പീഡിപ്പിക്കുന്നു!
അതിനവൻ പെണ്ണല്ലല്ലോ?
ശാരീരിക പീഡനം!
ഇടവകക്കാരാ തല്ലിയത്,
അവരുടെ അച്ചനെപ്പറ്റി അപഖ്യാതി പരത്തിയതിന്.
അത് അച്ചന്റെ അമ്മയാരുന്നു!!
വെളുപ്പിനത്തെ ഫ്ലൈറ്റിന് കയററി വിടാൻ പോയതാ.
പത്ര സ്വാതന്ത്ര്യത്തിനു നേരേയുള്ള അവകാശ ലംഘനമാണെന്നു പറഞ്ഞ് നീ മുഖ്യമന്ത്രിക്ക പരാതിയയക്ക്!

## ബോബനും മോളിയും


ദൈവ പ്രമാണം പത്തും പറഞ്ഞേ.
പുസ്തകം നോക്കാൻ പറ്റുകേല.
മൂന്നു കൊല്ലമായല്ലോ പഠിക്കുന്നു. കാണാതെ പറയാൻ പറ്റുകേലേ?
അച്ചൻ കുർബാന ചൊല്ലാൻ തുടങ്ങിയിട്ടു മുപ്പതു കൊല്ലമായല്ലോ.
എന്നിട്ടും പുസ്തകം നോക്കാതെ ചൊല്ലാറായില്ലേ?

## ബോബനും മോളിയും




## ബോബനും മോളിയും




## ബില്ല്



ബോബനും മോളിയും




ചേട്ടൻ




ബോബനും മോളിയും






ബോബനും മോളിയും
ഇവിടെന്നാ ഒരു ചോരേടെ മണം?
യക്ഷികളുള്ള വീട്ടിൽ ചോര മണക്കും.
എന്തു പറഞ്ഞെടീ?
നാടകത്തിനു ക്ഷണിക്കാൻ വന്നതാ. ക്രിസ്മസ് നാടകം.
ഞങ്ങളു വേഷം കെട്ടുന്നുണ്ട്.
നിങ്ങളു വേഷം കെട്ടിക്കുകയല്ലേ?
മോളി മാതാവ്. ഞാൻ സത്രം സൂക്ഷിപ്പുകാരൻ.
കന്യകാമറിയം കലക്കി ഇനി കഴുത വേണം.
ഉപ്പായി ചന്തു പറ്റിയരു കഴുതയായിരുന്നു.
യൗസേപ്പ് പിതാവ് അസ്സലായി.
അവരു സത്രത്തിൽ വരുമ്പം ഇവിടെ ഇടമില്ലെന്നു പറയണം.
പ്രസവമടുത്തു സത്രത്തിലൊരു മുറി തരുമോ?
തരാം കയറി വാ.
ഹ.. ഹ.. ഹ.. ഹ... ഹ.. ഹ.. ഹ...
തൊലച്ചു! ഇടമില്ലെന്നാ പറയേണ്ടത്.
കന്യകമറിയത്തിന്റെ കരച്ചിലു കണ്ടപ്പം അങ്ങനെ പറയാൻ നാക്കു പൊങ്ങീല്ല.
പൂ..പൂ.... പൂ.....


പൂ...പൂ....
പൂ....
ഞാനൊന്നു കേറി നോക്കിയേച്ചു വരട്ടെ, കാവൽക്കാരാ.
അതിനകം മുഴുവൻ വൃത്തികേടാ. നാറ്റം കൊണ്ടടുക്കാൻ മേല.
പോയേക്കാം.
ഇതിനേക്കാൾ ഭേദം വല്ല പശുത്തൊഴുത്തിലും കേറി കിടക്കുവാ.
TOMS

## ബോബനും മോളിയും


SHOP
എല്ലാരും ഇങ്ങനെ ചില്ലറ തന്നെ തന്നാൽ കുഴയും. കറൻസി നോട്ടില്ലേ?
നോട്ടുള്ളവരു കയറിയാൽ മതി. ചില്ലറ വേണ്ട.
പണ്ടൊക്കെ ചില്ലറയില്ലാത്തവരെ കയറ്റുകേലാരുന്നു.
HOTEL
ചില്ലറയുമായി വരുന്നവർക്കു പ്രവേശനമില്ല
ബിരിയാണി സിംഗിളു വേണോ ഹാഫ് വേണോ?
രണ്ടും പഷാതി പോരട്ടെ!
എന്താ ഇങ്ങനെ മലവെള്ളം പോലെ ചില്ലറ പെരുക്കാൻ കാരണം?
കാരണം, ഒരുത്തന്റെ കൈയിലും നോട്ടില്ല!
എങ്ങനെ വരാൻ? റബറിനു വിലയില്ല, തേങ്ങായ്ക്കു വിലയില്ല, പാക്കിനു വിലയില്ല, ഒന്നിനും വിലയില്ല.
പിന്നെ ഈ ചില്ലറയെല്ലാം എങ്ങനെ പെരുകി?
പിടിച്ചു നിൽക്കണ്ടേ? എല്ലാ വീട്ടിലും ഇഷ്ടം സമ്പാദ്യക്കുടുക്ക തല്ലിപ്പൊട്ടിക്കുവാ.
ആശാന്റെ കുടുക്കേം?

## ബോബനും മോളിയും


ഞങ്ങടെ ബാസ്കറ്റ് ബോൾ കളി പഞ്ചായത്ത് പ്രസിഡന്റു വേണം ഉൽഘാടനം ചെയ്യാൻ.
വന്നോളും!
ബാസ്ക്കറ്റ് ബോൾ കാലു കൊണ്ടോ കൈ കൊണ്ടോ കളിക്കുന്നത്?
വന്നേക്കണം.
എടീ നമ്മുടെ പശൂന്റെ മഞ്ഞപ്പിത്തം! മൂത്രം മഞ്ഞയാ.
പശുക്കടെ മൂത്രത്തിനു നിറമുണ്ടു മനുഷ്യാ.
പന്ത് ഇതിനകത്തോട്ടിടണം.
അതു കീറ വലയാടോ. പന്തിങ്ങു പോന്നു.
കളി നിറുത്തിനെടാ.
തനിക്കു കളിയറീല്ല. ഒരു പന്തേൽ തൊടാൻ പറ്റിയോ?
ഞാൻ അമ്പയറാ.
മാങ്ങാത്തൊലി!
ഒരു പന്തിനു വേണ്ടി ഈ പിള്ളേരിങ്ങനെ പിടിച്ചു പറിക്കണോ? അവരുടെ മനോവീര്യം താൻ നശിപ്പിക്കും.
ഇന്നാ, ഓരോരുത്തർക്കും ഓരോ പന്തു മേടിച്ചു കൊട്. ഒറ്റയ്ക്കൊറ്റയ്ക്കു കളിക്കട്ടെ!
പണ്ടു കൊച്ചീല് തന്നെപ്പോലൊരു രാജാവുണ്ടായിരുന്നെന്നു കേട്ടിട്ടുണ്ട്.
TOMS

## ബോബനും മോളിയും



പാത്തുമ്മാ. ലോട്ടറി നിരോധിച്ചു!!
പടച്ചോന്റെ രൂപ!!
അതിനു സർക്കാരു തയ്യാറാകുമോ?
സർക്കാരു തയാറാ. പ്രശ്നം അതല്ല!

# ബോബനും മോളിയും




രാഷ്ട്രീയത്തിൽ തനിക്ക് ഒത്തിരി അനുഭവം ഉണ്ടായിട്ടുണ്ടെന്നു കരുണാകരൻ.
"അനുഭവിക്കാൻ ഒത്തിരി" എന്നു പറയുന്നതാ ശരി!
പോ, സ്ററ്!
നോട്ടീസ്
.... പലിശയടക്കമുള്ള തുകയും ചേർത്ത് 15-ാം തീയതിക്കകം അടയ്ക്കാതിരുന്നാൽ ജപ്തി നടപടികൾ...
കോടതി നോട്ടീസാ!!
മന്ത്രിയെക്കണ്ട് സ്റ്റേ വാങ്ങണം. വിട്ടോ, തിരുവനന്തപുരത്തിന്
ഒരു ഇരുപത്തയ്യായിരമെങ്കിലും കയ്യിലിരിക്കണം.
അതവസാനം. തന്റെ കൈയിലിരിക്കും.
നോട്ടീസ്
TAXI
മന്ത്രി
സ്ഥലത്തില്ല. ഇന്നു കോഴിക്കോട്ടാ സ്റ്റേ.
കോഴിക്കോട്ടാ സ്റ്റേ കൊടുക്കുന്നതെന്ന്. അങ്ങോട്ടു വിടാം.
അമ്പടാ കള്ളാ!!
TAXI
റവന്യൂ മന്ത്രിയെ കണ്ടു. സ്റ്റേ ഗ്രാഫ്റ്റു ചെയ്തു കൊണ്ടിരിക്കുവാ.
ഡ്രാഫ്റ്റു ചെയ്യുകാന്ന് പറ.
സ്റ്റേ തന്നെന്നു പറയുന്ന മന്ത്രി രണ്ടു മാസായി വിദേശ പര്യടനത്തിലാ.
ടീവീലാരിക്കും കണ്ടത്!
ഹൈക്കോടതീടെ സ്റ്റേ വാങ്ങിത്തരാം. പത്തിനായിരം കയ്യിലിരിക്കണം.
എർണാകുളത്തിനു വിട്ടോ!
കേറീട്ടു വിട്ടാ ഷോരെ!
TAXI
അവസാനം വിധിത്തുക മുപ്പതിനായിരം കെട്ടിവച്ചു ജപ്തി ഒഴിവാക്കി.
സ്റ്റേ വകയ്ക്ക് ചെലവ് അൻപത്തിമൂവായിരം
പോസ്റ്റ്
ങേ!!
മറ്റൊരു നോട്ടീസും കൂടി കൈപ്പറ്റിയെടാ.
നോട്ടീസ്
പുതിയ തിയേറ്ററിന്റെ ഉൽഘാടനമാ!
ഫ്രീ പാസിനൊപ്പം അയച്ച സിനിമാ നോട്ടീസാ!
നോട്ടീസ്

## ബോബനും മോളിയും


എടാ, കാണിയാ
രെ ഒന്നു വിളിച്ചോ
ണ്ടു വന്നേ.
ഇപ്പം നാലു
പ്രാവശ്യത്തെ
വിളിയായി.
വരാൻ പറ്റില്ല.
ഈ മരുന്നെല്ലാം
അരച്ചു ഗുളികയു
രുട്ടി ഉണങ്ങ
ണം.
ഇനി എന്നു
വരാൻ പറ്റു
മെന്ന് ഒന്നു
പ്രശ്നം വച്ചു
പറയാമോ?
ഉണങ്ങാനാണെ
ങ്കിൽ വെയിലി
ല്ല.
ഗുളികയുരുട്ടുന്ന ഒരു
മെഷീൻ ഞങ്ങടെ
വീട്ടിലുണ്ട്. ഇതിപ്പം
യന്ത്രയുഗമല്ലേ?
വെയിലും വേണ്ട
വെട്ടോം വേണ്ട അര
ക്കേം വേണ്ട. ഉരു
ട്ടേം വേണ്ട.
എല്ലാം
ഓട്ടോ
മാറ്റിക്കോ.
മരുന്നിങ്ങു തന്നേര്.
നാളെ ഗുളികയാക്കി
ത്തരാം.
നാളെ ഗുളികയ്ക്കു
കൂട്ടേം കൊണ്ടു
വന്നേര്.
യന്ത്രം പ്രവർത്തനം
നടത്തിക്കൊണ്ടി
രിക്കുകയാ.
ഇതാ, ഗുളികയ്ക്കു
ള്ള പുറകിലോട്ടു
പിടിച്ചോ.

## ബോബനും മോളിയും



വോട്ടില്ലേ.. വോട്ടില്ലേ... നിങ്ങടെ പാർട്ടിക്കോട്ടില്ലേ.
ബോബന് വോട്ടു ചെയ്യുക
ഇത്ര കൊണ്ടായില്ല. നമുക്ക് സ്ഥാനാർത്ഥിയുമായി എല്ലാ വീട്ടുകളും കയറിയിറങ്ങണം.
അങ്ങനെ തന്നെ.
നാധിപത്യത്തിൽ വിശ്വസിക്കുന്ന എല്ലാ നല്ലയാളുകളും
നമ്മുടെ ബാലസദസ്സിന്റെ സ്ഥാനാർത്ഥി ബോബൻ. വോട്ട് ബോബന് ചെയ്യണം.
ശരി
ചങ്ങാതീ വോട്ട് എനിക്ക് ചെയ്യണം.
വോട്ട് ചെയ്യുക
ബോബൻ അഞ്ചു പൈസയ്ക്ക് മുട്ടായിയല്ലേ പറഞ്ഞത്. ഞാൻ പത്തു പൈസയ്ക്ക് വാങ്ങിത്തരാം.. എന്തു പറയുന്നു?
ഷെയിം! ഷെയിം! തിരുമേനിയെ നിങ്ങൾ ചാക്കിട്ടു പിടിച്ചു.
മൂന്നാമത് ആരെങ്കിലും കൂടി നിൽക്കുന്നുണ്ടോന്നറിഞ്ഞിട്ടു പറയാം.
സുഹൃത്തുക്കളേ... നിങ്ങളുടെ രണ്ടു സ്ഥാനാർത്ഥികളും ഒരേ പ്ലാറ്റ്ഫോമിൽ സംസാരിക്കുന്നതാണ്.
എന്റെ മാന്യ സുഹൃത്തുക്കളോടു ഞാൻ ചോദിക്കുന്നു......
ഞാനും ചോദിക്കുന്നു...
ഇതാ, ഞങ്ങളുടെ പ്രകടന പത്രിക. അടുത്ത അഞ്ചു കൊല്ലത്തിനകം ചെയ്യാനിരിക്കുന്ന കാര്യങ്ങൾ.
പ്രിയപ്പെട്ട നാട്ടുകാരേ..
ഒരു നാലഞ്ചെണ്ണം കൂടി ഇങ്ങു താ.
പററുകേല. അടുത്ത തെരഞ്ഞെടുപ്പിനു കൂടി ഉദ്ദേശിച്ച് അച്ചടിച്ചിട്ടുള്ളതാ.
അച്ചടക്കം പാലിക്കുക.
പോളിങ്ങ് ബൂത്ത്
വരുന്നുണ്ട്! എത്ര ദിവസമായി!! ഊണുമില്ല. ഉറക്കവുമില്ല!!
അവന്റെ കെട്ടും മട്ടും ഒക്കെ കണ്ടില്ലേ. ജയിച്ചതിന്റെ പദവിയായിരിക്കും!
എത്ര ദിവസമായി ഒന്നു കുളിച്ചിട്ട്. എണ്ണ തേച്ചേ.
എടുക്കടാ... നിന്റെ തലേക്കെട്ടും നെറ്റിപ്പട്ടമൊക്കെ!
ഒരു പന്തയം വച്ചിട്ടുണ്ടായിരുന്നു.

## ബോബനും മോളിയും



എന്താ വായിക്കുന്നത്?
ജോർജ് വാഷിംഗ്ടനെ കേട്ടിട്ടുണ്ടോ?
അമ്മച്ചീടെ ആരാണ്ടു മല്ലേ?
അമ്മച്ചീടപ്പൂപ്പൻ! എടാ, അദ്ദേഹം അമേരിക്കൻ പ്രസിഡൻറായിരുന്നയാളാ.
നീയൊക്കെ വായിക്കേണ്ട പുസ്തകമാ. അദ്ദേഹത്തിന്റെ ചെറുപ്പകാലം പിള്ളേർക്കൊരു നല്ല പാഠമാ.
തല പോയാലും ശരി, സത്യം പറയുക. അതായിരുന്നു സ്വഭാവം.
തല പോയാൽ പിന്നെങ്ങനാ പറയുന്നത്?
ഒരിക്കൽ ജോർജിൻെറ കുട്ടിക്കാലത്ത് ഒരു സംഭവമുണ്ടായി. എന്തായിരുന്നെന്നു പറയാമോ?
ജോർജ് സംഭവം
അദ്ദേഹത്തിൻെറ അപ്പച്ചൻ വളരെ വിശേഷപ്പെട്ട ഒരു കൈക്കോടാലി സമ്മാനിച്ചു.
തോട്ടത്തിൽ ചെന്ന കുട്ടി അപ്പച്ചൻ ഓമനിച്ചു വളർത്തിയിരുന്ന ഒരു മരം വെട്ടി മറിച്ചു.
അന്വേഷണങ്ങൾ നടന്നു കൊണ്ടിരിക്കെ താനാണു മരം മുറിച്ചതെന്ന് അപ്പൻെറ മുന്നിൽ സത്യം വെളിപ്പെടുത്തി.
അറിയാമോ? നാല്പത്തു വർഷങ്ങൾക്കു ശേഷം ജോർജ് വാഷിംഗ്ടൺ അമേരിക്കയുടെ പ്രസിഡന്റായി.
എന്തോന്നാ വെളിക്കകത്തൊരു വലിയ ശബ്ദം?
പപ്പാ ചോദിക്കുമ്പം സത്യം പറയാൻ വേണ്ടിയാ വാഴയെല്ലാം വെട്ടിയത്.
ആരാ വെട്ടിയതെന്ന് ഒന്നു ചോദിച്ചേ!
പപ്പാ വിഷമിക്കേണ്ട. ഞാൻ ഇന്ത്യൻ പ്രസിഡൻറാകുന്ന കാലത്ത് എത്ര ഏത്തക്കുല വേണം? പറഞ്ഞേര്.

ബോബനും മോളിയും



ചേടത്തീ, ചേടത്തീ... ചേട്ടൻ കാറുമേടിക്കാൻ പോണു!!
എന്റെ ജാതകത്തിലുണ്ടെടാ മേടിക്കുമെന്ന്!
എടീ, ലാഭത്തിനൊരെണ്ണം വന്നിട്ടുണ്ട്. മൂവായിരത്തിനു കിട്ടും.
ഉടനെ മേടിക്കണം.
ആ കുന്തക്കാലീം കൊട്ടിയവനും കൂടി സ്കൂട്ടറെപ്പോകുമ്പം ഞാനോർക്കും ഒരു വാഹനം നമുക്കും വേണമെന്ന്.
ഇരുപ്പും പോലെ രണ്ടിന്റേം പോക്ക് കാണണം.
ബ്രോക്കറു വരുന്നു.
മൊതലാളീ വണ്ടി കൊണ്ടുവന്നിട്ടുണ്ട്.
ശരി
കഴിഞ്ഞ ആഴ്ചയിൽ ഇത്തരം മൂന്നു വണ്ടി ഇവിടെ ഞാൻ കൊടുത്തു. അതിന്റെയൊക്കെ രാജനാ ഇത്.
നമ്മുടെ ഡോക്ടറാ ഒരു വണ്ടി എടുത്തത്.
കയറണം സർ, ഓടിച്ചൊന്നു നോക്കിക്കളയാം
സാറെന്നെ അറീക്കേലങ്കിലും, സാറിനെ എനിക്കറിയാം.
സാറിനെപ്പോലുള്ള മാന്യന്മാരുമായിട്ടു മാത്രമേ എനിക്കിടപാടുള്ളൂ.
കൊള്ളാം. വണ്ടി എനിക്ക് ഇഷ്ടപ്പെട്ടു.
ഇതാ, മൂവായിരത്തി ഒന്നു രൂപാ.
ഏതായാലും എഞ്ചിൻ നല്ല ഏ വണ്ണാ! ശബ്ദം പുറത്തേയ്ക്ക് കേൾക്കാനില്ല
ആരാടാ പിന്നിൽ മുട്ടിയത്?
താൻ കുറേ നേരമായല്ലോ എന്റെ പിന്നാലെ വരുന്നു? സൈഡെടുത്തു മുന്നോട്ടു കയറിപ്പോടോ!
മറ്റേ ആളു പറഞ്ഞതനുസരിച്ചു ഞാനിതു തള്ളിക്കൊണ്ടു വരികയാ.
?

# ബോബനും മോളിയും




എന്റമ്മോ വയറ്റിൽ വേദനേം ശ്വാസം മുട്ടലും സഹിക്കാൻ മേല.
പകലൊള്ള നേരത്ത് വയറുവേദന എവിടെപ്പോയി കിടക്കുകയായിരുന്നു!! രാത്രി ഒൻപതു മണിയായി.
ഓടിച്ചെന്നു നാലു വായു ഗുളിക മേടിച്ചോണ്ടു വന്നേ.
കറിയാച്ചന്റെ വീട്ടീന്ന് ഇത്തിരി തേനും കൂടി മേടിച്ചോണം.
ഇപ്പഴെങ്കിലും വന്നതു നന്നായി. ഞാൻ കട അടയ്ക്കാൻ തുടങ്ങുകയായിരുന്നു.
ഇരിക്കാൻ സമയമില്ല. അവൾക്കു കലശലാ.
ഇതാ, തേൻ എടുത്തു കഴിഞ്ഞു.
ഓടിയോടി പതപ്പ് കലങ്ങി!!
എടീ, വായു ഗുളിക കാണുന്നില്ല. കറിയാച്ചന്റെ വീട്ടിൽ വച്ചു മറന്നു പോയെന്നാ തോന്നുന്നത്.
വേഗം എടുത്തോണ്ടു വാ.
ഇന്നു കണി കണ്ടവന്റെ തല തെറിച്ചു പോകാത്തേയുള്ളൂ!
കറിയാച്ചോ കറിയാച്ചോ.
അവരെല്ലാം പൂട്ടിയേച്ചു സിനിമയ്ക്കു പോയി.
കടേം അടച്ചു
അടുക്കളേടെ കൊളുത്തെടുക്കാൻ പ്രയാസമില്ല. കറിയാച്ചൻ വരുമ്പം പറഞ്ഞാൽ മതി.
അയലോക്കത്തു കള്ളൻ കയറിയേ ഓടി വായോ..
വിടരുതവനെ..
അമ്പടാ! വീട്ടിലാളില്ലാത്ത തരം നോക്കി അവനിറങ്ങിയിരിക്കുവാ.
ഏതായാലും നിങ്ങൾക്കു ഭാഗ്യമുണ്ട്. ഗുളിക നിലത്തു കിടന്നു കിട്ടി.
നിങ്ങടെ മുണ്ടു മാറിയപ്പം മടീന്നു താഴെ വീണതാരുന്നു.
അതേൽ രണ്ടെണ്ണം എന്റെ വായിലോട്ടൊന്നിട്ടേടീ..
ടോംസ്

# ബോബനും മോളിയും


ചേട്ടാ, തിരുവോണമായിട്ട് നമുക്കൊരു കടുവാ കളി നടത്തിയാലോ?
പരിപാടി കൊള്ളാം. പക്ഷേ നമ്മുടെ ഭാര്യ അറിഞ്ഞാൽ ഗുലുമാലാ.
അറിയാത്ത വിധം ഞങ്ങള് മേക്കപ്പ് ചെയ്യാം.
പണ്ടത്തെ പേരെടുത്ത ഒരു പരിചമുട്ട് കളിക്കാരനാ ഞാൻ.
പണ്ടത്തെ വാളും പരിചേം ഒക്കെ വീട്ടിലിരിപ്പുണ്ട്. കണ്ടിട്ടുണ്ടോ?
യുദ്ധോം കണ്ടിട്ടുണ്ട്.
സാക്ഷാൽ കടുവ കണ്ടാൽ പേടിച്ചോടണം.
ഏറ്റു.
ഈ മുഖം മൂടി വച്ചു കഴിഞ്ഞാൽ ആർക്കും ആളിനെ തിരിച്ചറിയാൻ പറ്റുകേല.
സബാഷ്
സബാഷ്
തിരുവോണം സിന്ദാബാദ്
ഇതാരെടാ ഈ കടുവാ? വളരെ നന്നായിരിക്കുന്നല്ലോ!
എന്നു വച്ചാൽ പത്തു മുപ്പതു കൊല്ലമായി ഒരു കടുവായുടെ കൂടെയാ മൂപ്പരു കഴിഞ്ഞു വരുന്നത്.
പട്ടി കാലിനിടേന്നു മാറിത്തരുകേലല്ലേ. ഒന്നു പോടാ പട്ടീ.
പട്ടി ഇങ്ങനെ ഇണങ്ങി നടക്കണമെങ്കിൽ ആള് മറ്റാരുമായിരിക്കാൻ വഴിയില്ല. എന്റെ വീട്ടിൽ വളർത്തുന്ന പട്ടിയാ ഇത്.
കടുവായെ കിട്ടുവ പിടിച്ചെന്നു കെട്ടിട്ടേയുള്ളൂ.
ഏതാശുപത്രിയിൽ പോകണമെന്നുള്ളതാ പ്രശ്നം. മനുഷ്യർക്കുള്ള ആശുപത്രിയിലോ, അതോ മൃഗാശുപത്രിയിലോ?

# ബോബനും മോളിയും



കവി വരുന്നുണ്ട്!
കൊഴഞ്ഞില്ലായോ?
'കതിനാവെടി' എന്ന എന്റെ പുസ്തകത്തിന്റെ പ്രസിദ്ധീകരണ ഉദ്ഘാടനം.
പുസ്തകം വായിച്ച് സാറൊരു ആശംസാ പ്രസംഗം നടത്തണം.
ഉദ്ഘാടകൻ, അദ്ധ്യക്ഷൻ പ്രാസംഗികർ എല്ലാം പത്രാധിപന്മാരു തന്നെ.
അതിലൊരു വലിയ രഹസ്യമുണ്ട്.
വലിയ പരസ്യമെന്നു പറ
കതിനാവെടി ഇന്ന് പ്രകാശനം
പോലീസ് നിരോധിച്ചായിരുന്നു.
കതിനാക്കുറ്റിയിൽ വെടിമരുന്നുണ്ടെന്ന്. പിന്നെ ഒക്കെ അതിൽ തീർന്നു.
ഒക്കെയില്ലാരുന്നെങ്കിൽ മറ്റി മരുന്നു കണ്ടേട്ടേനെ.
നമുക്കും ഒന്നു കയറാം.
ഒരു മഴ പെയ്തിട്ടു തുടങ്ങാം. കുടയില്ലാത്ത ചിലരെങ്കിലും ഇങ്ങോട്ടു കയറിയെന്നിരിക്കും.
HALL
ശ്രീ. പെടമാടൻ രചിച്ച കതിനാവെടി മുഴുവനും ഞാൻ വായിച്ചു
ഇതിലെ കഥാപാത്രങ്ങൾ നാം ഓരോരുത്തരുമാണ്. നമ്മുടെ അമ്മമാരേയും അച്ഛന്മാരേയും..
... സഹോദരിമാരെയും മക്കളേയും ഒക്കെ ഇതിൽക്കാണാം.
സാറേ കതിനാവെടി വസ്തുതകളെപ്പറ്റിയുള്ള ഒരു ലേഖന സമാഹാരമാ.
സുഹൃത്തുക്കളേ..., ഈ യോഗം തല്ക്കാലത്തേക്ക് ഒന്നു മരവിപ്പിച്ചു കൊണ്ട് അടുത്ത പ്രാസംഗികനെ പ്രതീക്ഷിച്ചു കൊള്ളുന്നു.
ഇദ്ദേഹത്തിന്റെ കുന്താലി എന്ന ഗ്രന്ഥവും ഞാൻ വായിച്ചിട്ടുണ്ട്.
മലയോര ജീവിതത്തെ സ്പർശിക്കുന്ന ഒന്നാംതരം ഒരു നോവൽ
സാറേ അതൊരു കവിതാസമാഹാരമായിരുന്നു.
കതിനാവെടി എന്ന കവിതാസമാഹാരം കുന്താലിയേക്കാൾ മെച്ചമാണെന്നു പറയാതെ തരമില്ല.
സാറിന്റെ പ്രസംഗം വേണ്ടന്നു വച്ചോ. സമയം വളരെയായി. മണിക്കൂറിന്നു പത്തുരൂപാ കൂലിയാ.
ഈ ഹാളിനോ?
അല്ല. ഒരാളിന്.
.. കേന്ദ്ര സർക്കാർ അവാർഡോ, നോബൽ പ്രൈസോ കിട്ടേണ്ട ഉത്തമ സാഹിത്യ സംഭാവനയാണിതെന്ന് ഗ്രന്ഥത്തെ
വിമർശനബുദ്ധ്യാ വിലയിരുത്തിക്കൊണ്ട് പ്രാസംഗികർ സംസാരിച്ചു.
TOMS

# ബോബനും മോളിയും




നമ്മുടെ സഖ്യത്തിന്റെ വാർഷികം ഇത്തവണ കേമമാക്കണം.
മന്ത്രിയെ ക്ഷണിക്കാൻ സഹകാരി പോയിട്ടുണ്ട്.
ബാലജന
കുഴപ്പമായീന്നാ തോന്നുന്നത്. പഞ്ചായത്തു പ്രസിഡന്റ് മന്ത്രിയെ കഷണിക്കാൻ തിരുവനന്തപുരത്തേക്കു പോയെന്നാ പത്രത്തിൽ
അതു പുതിയ ലിപിയിൽ "ക്ഷണിയ്ക്ക"കാന്നെഴുതിയപ്പം "ക"യുടെ മുകളിൽ ചന്ദ്രക്കല വിട്ടു പോയതാ.
പുതിയ ഡി.ഇ.ഓ. രാധാകൃഷ്ണന്റെ മറുപടി. ഉദ്ഘാടനം നടത്തിത്തരാമെന്ന്.
എല്ലാം കൂടി വച്ച് ഉടനെ നോട്ടീസും വാൾപോസ്റ്ററും അടിക്കണം.
കമ്പി വന്നു! മന്ത്രിക്കു വരാൻ പറ്റുകേലന്ന്!
ഒരു സിനിമാ നടിയെ കൂടി ക്ഷണിക്കാൻ വയ്യായിരുന്നോ? മന്ത്രി വന്നേനേം.
പകരം നമുക്കു ഡി.എസ്.പി.യെ ക്ഷണിച്ചാലോ?
പുതിയ ഡി.ഇ.ഒ. ഒരു സ്ത്രീയാണന്നാ കേട്ടത്.
അബദ്ധം. രാധാകൃഷ്ണനെന്നു കേട്ടാലറിഞ്ഞുകൂടെ പുരുഷനാണന്ന്.
ശരി. ഞാൻ വരാം. സമ്മതിച്ചിരിക്കുന്നു.
കീഴ്ക്കാംതൂക്ക് ബാലജനസഖ്യം വാർഷികം ഉൽഘാടനം: ഡി.ഇ.ഒ. ശ്രീമാൻ രാധാകൃഷ്ണൻ അദ്ധ്യക്ഷൻ: ഡി.എസ്.പി. ശ്രീമതി മധുകുമാർ
ബ്ലഡി ഫൂൾസ്!! ഞാൻ ശ്രീമാൻ രാധാകൃഷ്ണനല്ല. ശ്രീമതി രാധാകൃഷ്ണൻ.
രാധയെന്നുള്ളത് എന്റേറും കൃഷ്ണൻ എന്നുള്ളത് ഭർത്താവിന്റേം പേരാ.
ഏമാൻ വിളിക്കുന്നു. വേഗം സ്റ്റേഷനിലേയ്ക്കു വരാൻ.
ഡി.എസ്.പിയെ അത്ര അപമാനിക്കാൻ വളർന്നോ?
ആരെടാ എന്റെ പേരിന്റെ മുന്നിൽ ശ്രീമതീന്നു വച്ചത്?
?
സാറിന്റെ പേരിന്റെ മുന്നിൽ എന്തു വയ്ക്കണമെന്നു ഞങ്ങൾ ചോദിച്ചപ്പോൾ സാറല്ലേ പറഞ്ഞത് "ശ്രീ"മതീന്ന്!

# ബോബനും മോളിയും




അയ്യയ്യോ! ഇങ്ങനെയുമുണ്ടോ കൊതിമൂത്ത പിള്ളേര്?!
എഴുന്നേറ്റു പോടാ.
ഈ പിള്ളേരെ അങ്ങോട്ടു വിളിക്കുന്നുണ്ടോ?
ആരു പറഞ്ഞെടാ, അടുക്കളയിൽ കയറി ഇരിക്കാൻ?
ഇന്ത്യയിൽ എവിടെയും ആയിരിക്കാനുള്ള സ്വാതന്ത്ര്യം ഭരണഘടനയനുസരിച്ച് ഓരോ പൗരനുമുണ്ട്.
നിന്റെ ശരീരത്തിൽ എവിടെയും അടിക്കാനുള്ള സ്വാതന്ത്ര്യം എനിക്കുമുണ്ട്.
ഇന്നു കണക്കിന്റെ പരീക്ഷയല്ലേടാ? നിനക്കൊന്നാ മതാഷിയറിയാം.
ഇന്നലെ ക്ലാസിലിട്ട ഒരു കണക്ക് കേൾക്കട്ടെടാ.
ഒരുവൻ 567 രൂപാ കൊടുത്ത് ഒരു കാളയെ വാങ്ങി. എന്നാൽ ഒരു പശുവിന്റെ വിലയെന്ത്?
വിഡ്ഢി!!
ഒരുവൻ 100 മുട്ടയ്ക്ക് 2 രൂപാ പ്രകാരം വാങ്ങി. വിറ്റപ്പോൾ 5 ശതമാനം ലാഭം കിട്ടി. എന്നാൽ വിറ്റ വിലയെന്ത്? എന്തു ചെയ്യണം?
ഗുണിക്കണം.... അല്ല... ഹരിക്കണം...
അവൻ വിറ്റതു നീ ഇന്നു മേടിക്കുമെടാ.
കണക്കിനു തോറ്റേച്ചിങ്ങോട്ടു വന്നാലുണ്ടല്ലോ, ഇന്നു കണക്കിനു തരും.
ചോദ്യം രണ്ടു മൂന്നാവർത്തി എങ്കിലും വായിച്ചു നോക്കിയിട്ടു വേണം ചെയ്യാൻ തുടങ്ങാൻ.
?
22½ മീറ്റർ നീളമുള്ള തുണിയിൽ നിന്നും 2¾m നീളമുള്ള എത്ര കഷണങ്ങൾ മുറിച്ചെടുക്കാം?
ഈ കണക്കിട്ടവന്റെ തല തെറിച്ചു പോകുകയേയുള്ളൂ!
എല്ലാം ഭിന്നസംഖ്യകളാ!!
?
നീ നോക്കിയെഴുതും അല്ലേടാ?
ഞാൻ നോക്കിയെഴുതുകയല്ലായിരുന്നു. ഭിന്നസംഖ്യയെ ഭിന്ന സംഖ്യ കൊണ്ട് ഹരിക്കുകയായിരുന്നു.
ഭിന്നസംഖ്യയെ ഭിന്നസംഖ്യ കൊണ്ടു ഹരിക്കുമ്പോൾ "തല തിരിച്ചിട്ട്" ഗുണിക്കണമെന്നാ പഠിപ്പിച്ചിരിക്കുന്നത്!
?

## ബോബനും മോളിയും




പി. എസ്. സീടെ ഇന്റർവ്യൂ കാർഡ് കിട്ടി. നാളെയാ.
ഭരതനും കാർഡ് കിട്ടി. ലേശം നിർഭാഗ്യം. റിട്ടയർമെന്റ് പീര്യഡ് കഴിഞ്ഞു.
തിരുവനന്തപുരത്തിനു ഞങ്ങളും. സ്ഥലങ്ങളൊക്കെ ഒന്നു കാണണം.
എല്ലാവരേയും കടത്തി വിടാൻ പററുകേല. ഇന്റർവ്യൂന് വന്നിട്ടുള്ള ആളിനെ മാത്രം.
നമുക്കീ കെട്ടിടമൊക്കെ ഒന്നു ചുററി നടന്നു കാണാം.
P.S.C OFFI
നില്ല്. അതു സ്ത്രീകൾക്കുള്ള വഴി. ഇതു പുരുഷന്മാർക്കുള്ള വഴി.
തനിക്കൊന്നും അറിഞ്ഞു കൂടാ. പറഞ്ഞു തരാം. ഇതു പട്ടികജാതിക്കാർക്കുള്ള വഴി.
താൻ പെടുമോ?
ഇല്ല.
ഇത് എമ്മെല്ലേമാരുടെ റെക്കമെന്റേഷനുള്ളവർക്കുള്ള വഴി. നിങ്ങളതിൽ പെടുമോ?
ഇല്ല
ഇവിടെ മന്ത്രിമാരുടെ റെക്കമെന്റേഷനുള്ളവർ. നിങ്ങൾ പെടുമോ?
ഇല്ല
ഗവർണ്ണറന്മാരുടെയും കേന്ദ്രമന്ത്രിമാരുടെയും റെക്കമെന്റേഷനുള്ളവർക്കുള്ള വഴി. നിങ്ങൾ?
ഇല്ല
ഇതു പണം കൊണ്ടു വന്നിട്ടുള്ളവർക്കുള്ള വഴി
ഇല്ല
ഇതൊന്നുമില്ലാതെ ഫസ്റ്റ് ക്ലാസ് ഡിഗ്രിയും റാങ്കും ഉള്ളവർക്കുള്ള വഴി ഏതാ? എനിക്കതുണ്ട്.
അവർക്കുള്ള വഴിയാ ഇത്. അങ്ങോട്ടു കടന്നോളൂ.
TOMS

## ബോബനും മോളിയും



റിസൽററു വന്നല്ലോ. നമ്മുടെ ഹിപ്പിച്ചായനും ചേർന്നിട്ടുണ്ട്.
വരവു കണ്ടിട്ട് ഇന്നു പാസായ ലക്ഷണമുണ്ട്.
ഇന്നു പുസ്സായ ലക്ഷണമാ.
പഠിക്കാൻ ഒരു മൂഡില്ലായിരുന്നു.
പുസ്തകത്തിനും മൂഡില്ലായിരുന്നു.
എടാ നല്ല ഒരു ട്യൂട്ടോറിയൽസ് നോക്കി വയ്ക്കണം.
ശരി!
നല്ല മേച്ചിൽ സ്ഥലം തേടി വയ്ക്കണമെന്നു സാരം.
ദൈവസഹായം ട്യൂട്ടോറിയൽസ്
ഇതത്ര മെച്ചമല്ലടാ.
അധ്യാപകരുടെ കാര്യത്തിലോ? അതോ?
എൻെറ 22-ാമത്തെ ചാൻസാ എഴുതാൻ പോകുന്നത്.
മൂന്നു കൊല്ലം കൂടി കഴിയുമ്പം നിങ്ങൾ ജൂബിലി ആഘോഷിക്കണം.
ൻറർനാഷണൽ ട്യൂട്ടോറിയൽസ്
ഉടൻ ചേരുക
അദ്ധ്യയനത്തിൽ ഏറ്റവും മികച്ചത് പഠിച്ചവർ തന്നെ വീണ്ടും വീണ്ടും പഠിക്കുന്നു.
ആപ്ലിക്കേഷനിൽ സെക്സ് ഏതാണെന്നു ചോദിച്ചിരിക്കുന്നു.
ഇപ്പഴത്തെ ആണിനേം പെണ്ണിനേം കണ്ടാൽ എങ്ങനെ തിരിച്ചറിയും?
പെൺകുട്ടികൾക്കു മാത്രം
ഛായ്! എന്തൊരു സങ്കുചിതം!
മഹിളാമണികൾ ഇതിലേ കടന്നുപോയ ലക്ഷണമുണ്ട്. മണ്ണിൽ ചെരുപ്പിൻെറ പാട്.
ഇതു വല്യ കുഴപ്പമില്ല!
പാരഡയിസ് ട്യൂട്ടോറിയൽസ്
അഡ്മിഷൻ കൗണ്ടർ
പാരഡയിസ്
നാലു ദിവസത്തിനു ശേഷം-
തിരുമ്മു വൈദ്യശാല
മൂപ്പർക്കു പിടലി വെട്ടല്.
ടോംസ്

## ബോബനും മോളിയും




എടീ നിനക്കിതിനു മുൻപു വേറേ ഭർത്താക്കന്മാരു വല്ലവരും ഉണ്ടായിരുന്നോ?
നിങ്ങളെന്താ തല്ലുകൊള്ളിത്തരമാ ഈ പറയുന്നത്?
എടീ, വോട്ടേഴ്സ് ലിസ്റ്റിൽ എന്റെ പേരിന്റെ സ്ഥാനത്ത് വേറൊരുത്തന്റെ പേരാ.
എന്തോന്നാടാ പത്രത്തിലെ പടം?
പ്രസംഗിച്ചു കൊണ്ടു നിൽക്കുന്നതു രാജാജി, നടുവിൽ ഇരിക്കുന്ന കാമരാജ്"
എങ്കിലും ആ തടിയാപ്പുള്ള ആ കിളവന്റെ നടുവിനു കയറിയിരിക്കുന്നതു കുറെ ഭയങ്കരമാ.
ചേട്ടാ, ഇന്നു ടൗൺ ഹാളിൽ ശ്വാനപ്രദർശനം. ചേട്ടന്റെ പട്ടിയെക്കൂടി മത്സരത്തിൽ പങ്കെടുപ്പിച്ചാലോ?
സമ്മാനമുണ്ട്!
അങ്ങനെ തന്നെ. ഈ ഇനം പട്ടി ഇവിടാർക്കുമില്ല.
കള്ളന്മാരെ പേടിച്ചിന്നലെ ആറ്റൻപതു രൂപയ്ക്കു മേടിച്ചതാ.
ഈ, പന്നിയേം കൊണ്ട് എങ്ങോട്ടാ?
ഇതു പന്നിയല്ലടോ, പട്ടിയാ!
അതെനിക്കറിയാം. ഞാനീ പട്ടിയോടാ ചോദിച്ചത്.
കണ്ടില്ലേ. അവനാ ചെളിവെള്ളത്തിൽ കിടന്നു മറിയുന്നത്?!
ശ്ശ്!!! അവന്റെ നിറം പോലും മാറിപ്പോയി!
ഹും! പട്ടിക്കു മേലു കുടയാൻ കണ്ട സമയം.
ഈ പെമ്പ്രന്നോരുടെ നിറം മാറുന്നു ചേട്ടാ. ഓടിക്കോ!
ഇഷ്ടം സാരി നല്ല പുള്ളിയാ
സാരി തന്നെയല്ല, ആളും പുള്ളിയാ.
തന്റെ പട്ടി എന്റെ സാരി മുഴുവൻ ചെളി കുടഞ്ഞു തെറിപ്പിച്ചെടാ.. ചൂലേ
എടാ, അവനൊരു പുലിമുഖമാ. നിങ്ങ ഉപദ്രവിക്കരുത്.
ബൌ.
ബൌ..
ശ്വാന മത്സരം തുടങ്ങി
തെണ്ടി പട്ടികള്. അത്രയ്ക്കായോ?
അങ്ങേർക്കു സമ്മാനം കിട്ടിയോടാ?
ഉവ്വ്. സമ്മാനം പട്ടി തന്നെ കൊടുത്തു.
ടോംസ്

# ബോബനും മോളിയും




നിങ്ങൾക്കൊരു പുസ്തകം വാങ്ങീട്ടുണ്ട്.
പാട്ടാണോ?
ഏത സിനിമായുടേതാ?
ഇതിൽ പറയുന്നത് മാതാ പിതാക്കന്മാരെ ദൈവത്തെപ്പോലെ കരുതണമെന്നാ!
അതൊക്കെ നിങ്ങളൊന്നു മനസിലാക്കണം. അതിനാ വാങ്ങിയത്.
എന്തു കഷ്ടമപ്പട്ടാ നിങ്ങളെയൊക്കെ പോറ്റി വളർത്തിയതെന്നറിയാമോ?
ഏതു പോറ്റിയാ ഞങ്ങളെ വളർത്തിയത്?
അമ്മച്ചിയേം അപ്പച്ചനേം ഒക്കെ ദൈവത്തെപ്പോലെ കരുതുന്നതാ ഞങ്ങൾക്കും ഇഷ്ടം.
ഇനി അങ്ങനെ കരുതാം.
ഇപ്പം കണ്ടോടാ അവർക്കു ബോധമുണ്ടായത്? അവർക്കു നല്ലതു പറഞ്ഞു കൊടുക്കാഞ്ഞിട്ടാ.
എന്നാൽ പിന്നെ നിനക്കങ്ങോട്ടാകാൻ പാടില്ലായിരുന്നോ?
വേഗം എഴുന്നേറ്റേ. ഉറങ്ങിക്കിടന്ന പിള്ളേരെ കാണുന്നില്ല!?
ബോബോ...
മോളീ...
എവിടാരുന്നെടാ?!
സിനിമയ്ക്കു പോയിരുന്നു.
നിന്നോടു പറഞ്ഞിട്ടില്ലേ, സന്ധ്യ കഴിഞ്ഞാൽ എന്നോടു പറയാതെ പുറത്തേക്കിറങ്ങരുതെന്ന്?!
പക്ഷേ, ദൈവത്തെ നേരിൽക്കണ്ടല്ലല്ലോ നമ്മളോരോന്നു പറയുന്നത്?

# ബോബനും മോളിയും



ചേട്ടൻ നടക്കാനിറങ്ങിയതാണെങ്കിൽ ഈ പിള്ളേരെക്കൂടി കൊണ്ടുപോ. അത്രേം നേരത്തേയ്ക്കെങ്കിലും ധൈര്യം കിട്ടട്ടെ.
ഞാൻ പറയുന്നതു കേട്ടു നടക്കാമെങ്കിൽ മാത്രം എന്റെ കൂടെ വന്നാൽ മതി.
HOTEL
ചൈനയിൽ അണുബോംബു പൊട്ടിച്ചിരിക്കുന്നു.
അണുബോംബെങ്ങനാടാ പൊട്ടിയിരിക്കുന്നത്?
ഇന്ത്യാ-ചൈനാ യുദ്ധത്തിന്റെ കാരണമെന്താ ചേട്ടാ?
എനിക്കറിഞ്ഞുകൂട.
കാലാവസ്ഥ. കേരളത്തിനകത്തോ പുറത്തോ, ഭാഗികമായോ തുടർച്ചയായോ മഴ പെയ്യാനോ പെയ്യാതിരിക്കാനോ ഇടയുണ്ട്
എന്റെ മുന്നേ കേറി നടക്കേണ്ട. പ്രായമുള്ളവരുടെ പുറകെ വേണം കുട്ടികൾ നടക്കാൻ.
ഭരണഘടനേൽ പറയുന്നുണ്ടോ?
കാഷ്മീർ പ്രശ്നം എന്തവാ ചേട്ടാ?
എനിക്കറിഞ്ഞുകൂട.
പഠിത്തം കഴിയുമ്പം ജോലി കിട്ടിയില്ലെങ്കിലും ചുമടു ചുമന്നെങ്കിലും ജീവിക്കാം.
കോലാഹല സമാജം
കൊറിയൻ പ്രശ്നം എന്തവാ?
എനിക്കറിഞ്ഞുകൂടാ.
ഇങ്ങനെ എപ്പോഴും ഓരോരോന്നു ചോദിക്കുന്നതുകൊണ്ട് ചേട്ടനു വിരോധമുണ്ടോ?
ഏയ്... അങ്ങനെ ചോദിക്കണം. അല്ലാണ്ടു നീയൊക്കെ എങ്ങനെയാ ലോക കാര്യങ്ങളു മനസ്സിലാക്കുന്നത്?
നമ്മുടെ പ്രതിരോധ മന്ത്രി ആരാ ചേട്ടാ?
എനിക്കറിഞ്ഞുകൂടാ.
ഇവിടെ വാടാ. എന്റെ മുന്നിൽ കയറി നടക്കരുതെന്നു ഞാൻ പറഞ്ഞില്ലേ?
കുഞ്ചൻ നമ്പ്യാരുടെ ഒരു കവിത ഞങ്ങൾക്കു പഠിക്കുവാനുണ്ട്...
അതിൽ പറയുന്നത്, "അറിവില്ലാത്തവർ പിൻപേ നടന്നീടൊല്ല" എന്നാ.

# ബോബനും മോളിയും



പെര മുഴുവൻ തപ്പീട്ടും താക്കോല് കാണുന്നില്ല.
താക്കോല് പെരേലല്ല. അരേലാ... അമ്മച്ചീടെ.
ഈ വീടിന്റെ ഭരണ സംവിധാനത്തിൽ ന്യൂനപക്ഷത്തെ അവഗണിച്ചിരിക്കുന്നു.
നാക്കു വായിൽ കിടക്കണം.
നാക്കു വായിൽ തന്നാ.
ഭരണ തലത്തിൽ അഴിമതി കൂടിയ തീത്ര.
എന്നതാടാ ഇവിടെ?
പ്രതിപക്ഷത്തിന് ഇവിടെ കാര്യമൊന്നുമില്ല.
ആരാടാ നിന്റെ പ്രതിപക്ഷം?
ഗുണ്ടായിസം അവസാനിപ്പിക്കും.
ഈ വീട്ടിൽ കേന്ദ്രം ഇടപെടണം.
ഈ വീട്ടിൽ ഇന്നു മുതൽ ഒരു മൂന്നാം ചേരി രൂപം കൊണ്ടിരിക്കുന്നു.
അനുജന്മാർക്ക് ഒരു പെരുമാറ്റച്ചട്ടം വേണം.
ഒരു ഒത്തുതീർപ്പിനെപ്പറ്റി ആലോചിക്കാനും ഞങ്ങൾ തയ്യാർ.
ഒരു മിനിമം പരിപാടിയുടെ അടിസ്ഥാനത്തിൽ സംഭാഷണം നടത്താം.
ആദ്യമായി വകുപ്പുകളൊന്നു വിഭജിക്കണം.
വിദേശ കാര്യം പപ്പായ്ക്ക് ആഭ്യന്തരം അമ്മച്ചിക്ക് ഭക്ഷ്യ വകുപ്പ് ഞങ്ങൾക്ക്.
ഒത്തുതീർപ്പായി. സ്റ്റോറിന്റെ താക്കോൽ ഞങ്ങളെ ഏൽപ്പിച്ചു.
സ്റ്റോറിലിരുന്ന ഏത്തക്കുല എന്തിയേടാ?
ഒരു റിട്ടയാർഡ് ജഡ്ജിയെക്കൊണ്ട് അന്വേഷിപ്പിക്കുന്നുണ്ട്. റിപ്പോർട്ട് രണ്ടു വർഷത്തിനകം.
TOMS


## ബോബനും മോളിയും



## ബോബനും മോളിയും



പോലീസ് സ്റ്റേഷൻ
ചിത്രങ്ങള് നക്സൽ ഭീഷണിയുള്ള വീടുകളിൽ വയ്ക്കാനാ. കാവലിനു!
മന്ത്രി വരുന്നു!
നക്സലേറ്റുകളെ പിടിക്കാൻ നാലു ചുറ്റും വല വിരിച്ചിട്ടുണ്ട്. ഇനി വല പൊക്കി അകത്തു കയറുന്ന തക്കം നോക്കി പിടിക്കണം...
എന്റെ അയ്യായിരം രൂപാ ഒരുത്തൻ പിടിച്ചു പറിച്ചു!
പിടിച്ചു പറിയെ പിടിച്ചു പറി കൊണ്ടു നേരിടുക എന്നതാണു നയം.
പോലീ
ലീസ് സ്റ്റേഷൻ
നക്സലേറ്റിനെ പിടിക്കാൻ പോയ പോലീസുകാരൻ വരുന്നുണ്ട്.
തിരികെ വന്നോ?
എന്നെ കണ്ടയുടൻ അവൻ കാട്ടിനുള്ളിലേയ്ക്ക് ഒരോട്ടം. ഞാൻ വിടുമോ? .....
പുറകേ ഓടി...
ഓടിയോടി തൊട്ടു തെത്തി.. .......
തന്റെ കയ്യിൽ ലാത്തി ഇല്ലായിരുന്നോ?
അതെങ്ങനാ ഇവിടെ പത്തു പോലീസുകാർക്കുംകൂടി മൂന്നു ലാത്തിയല്ലേയുള്ളൂ
ഓടി അടുത്തെത്തുകേം ചാടി ഒരു പിടുത്തോം.
പിന്നെ കാരണക്കുറ്റി നോക്കി ഒറ്റ അടിയാ.
മൂക്കും കുത്തി താഴെ!
സബാഷ്!
ഞാനല്ല, അവനാ അടിച്ചത്.
എഴുന്നേറ്റു വരുമ്പം അവനോടിക്കഴിഞ്ഞു.
ഞാനും ഓടി....
അവനേക്കാൾ വേഗത്തിലായിരുന്നു എന്റെ ഓട്ടം.
വേഗത്തിലോടിയിട്ടോ?
അങ്ങനെ വേഗത്തിലോടിയതുകൊണ്ടല്ലേ ഇത്ര പെട്ടെന്നു ഞാൻ വന്നത്
അവനെവിടെ?
കർണ്ണാടകത്തിലോ മൈസൂറിലോ ആന്ധ്രായിലോ കാണും. സൂക്ഷ്മം അറിയണമെങ്കിൽ പ്രശ്നം വയ്ക്കണം.
ഒരു നേട്ടമുണ്ട്. ഞാൻ തെളിവു കൊണ്ടുവന്നിട്ടുണ്ട്.
ഇതാ അവന്റെ വിരലടയാളം!!
TOMS

# ബോബനും മോളിയും



എന്തിനാ ഭിക്ഷ യാചിക്കുന്നത്? സർക്കാരു വാർദ്ധക്യകാല പെൻഷൻ കൊടുക്കുന്നുണ്ട്.
ഒരു തൊഴിലുമാകും
കാലനും പണിമുടക്കിലാണോ?
പിച്ചയ്ക്കു വന്നതല്ല സാർ
ഇവിടല്ല. പഞ്ചായത്ത് എക്സിക്യൂട്ടീവ് ആഫീസറെ സമീപിക്കണം.
ചട്ടിക്കകത്തു വല്ലതും ഉണ്ടോന്നു നോക്കിക്കേ.
തഹസിൽദാർ
അതിന്റെ വഴികളൊക്കെ മുറപ്രകാരം സാറൊന്നു പറഞ്ഞു തന്നേ.
പറയാനൊന്നുമില്ല. 1963-ലെ 136-ാം ലക്കം 7-ാം വാല്യം ഗസററു നോക്കിയാൽ മതി.
പഞ്ചായത്ത് ഓഫീസർ
വരുമാന സർട്ടിഫിക്കറ്റോടെ താലൂക്കിലപേക്ഷിക്കണം. ഫോർവേഡു ചെയ്യും. എൻക്വയറിക്കു വരും. അന്നേരം കരുതി വന്നേരു.
വില്ലേജ് ഓഫീസർ
ഇനി മക്കളില്ലെന്നുള്ളതിനും ജോലി ചെയ്യാൻ നിവൃത്തിയില്ലെന്നുള്ളതിനും സർട്ടിഫിക്കററു വേണം.
മേലിൽ മക്കളുണ്ടാവാൻ സാധ്യതയില്ലെന്നുള്ളതിനു കൂടി ഡോക്ടറുടെ സർട്ടിഫിക്കറ്റ്
കാലം ഇത്രയും ആയ നിലയ്ക്ക് ഇയാൾ ഇപ്പോഴും ജീവിച്ചിരിക്കുന്നു എന്നതിനു സർട്ടിഫിക്കേറ്റും രണ്ടു സാക്ഷികളും.
മൂപ്പിന്നു സ്റ്റാർനൈറ്റ് കണ്ടിട്ടുണ്ടോ? ടിക്കറ്റു തരാം. ഒന്നു കാണണം.
അതു കാണാൻ കള്ളുഷാപ്പിന്റെ മുന്നിൽ പോയി നിന്നാലും മതി.
അപേക്ഷ സമർപ്പിച്ച് നിശ്ചിത തിയതികളിൽ തുക സാങ്ഷനായിട്ടില്ലാത്ത നിലയ്ക്ക് ഇനി കളക്ടറുടെ സ്പെഷ്യൽ ഉത്തരവ് വേണ്ടി വന്നിരിക്കുന്നു. കാത്തിരിക്ക്.
SHOP
കൊടുത്ത വിവരങ്ങളൊക്കെ ശരിയാണോന്നറിയാൻ എൻക്വയറിക്കു വരുന്നെന്ന്.
എനിക്കാ അപേക്ഷകനെ നേരിട്ടൊന്നു കാണണം
വരണം.
?
തുമ്പാ തരാം. നേരിട്ടു കണ്ടോളൂ.
ഏതായാലും നടപടികൾ തുടർന്നോട്ടെ. അദ്ദേഹം പുനർജന്മം ഉണ്ടെന്നു വിശ്വസിക്കുന്ന കൂട്ടത്തിലാ.
TOMS

# ബോബനും മോളിയും



ഒന്നു വേഗം പറ!
ഇന്നു തന്നെ ആധാരം എഴുതിയേക്കാം.
ശരി, ഇറങ്ങിക്കോ. ഇപ്പോൾത്തന്നെ ആധാരം രജിസ്റ്ററാക്കിയേക്കാം.
രണ്ടു കൊല്ലത്തെ കരംകുടിശ്ശികയുണ്ട്. അതുകൂടി കെട്ടിക്കോണം.
ശരി ഏറ്റു.
കർത്താവേ!! അരി മേടിക്കാൻ വച്ചിരുന്ന കാശുമെടുത്താ നിങ്ങള് കല്ലിടാനെന്നും പറഞ്ഞ് കൊണ്ടുപോയത്.
അങ്ങനെ കഞ്ഞിക്കകത്തു കല്ലിട്ടു!!

## ബോബനും മോളിയും



## ബോബനും മോളിയും



# ബോബനും മോളിയും



മൂന്നു ദിവസത്തെ ചീട്ടുകളി മത്സരം പോണില്ലേ?
അവളറിഞ്ഞാൽ കൊല്ലും.
പങ്കെടുക്കണമെന്നുണ്ട്.
ഒരു പണി പറ്റു തരാം. ഐസ്ക്രീം മേടിച്ചു തരണം.
തല തണുത്താലേ ഐഡിയാ വരൂ. കളിക്കാനുള്ള കാര്യം ഒപ്പിച്ചു തരാം.
ചേട്ടനു വേണ്ടേ?
കഷായം കുടിക്കുമ്പം പച്ചവെള്ളം പാടില്ലന്നാ.
അതു കൊള്ളാമെടാ. നല്ല പ്ലാൻ
ശരി, എങ്കിൽ നാളത്തെ പോസ്റ്ററിൽ എഴുതിയങ്ങു വരാം
നിൻറാങ്ങളയ്ക്ക് ഒരു ഉദ്യോഗക്കാര്യം പറഞ്ഞിരുന്നില്ലേ? ഇതാ എൻ്റെ ള്ളെടെ കത്ത്. മന്ത്രിയെക്കാണാൻ ഉടൻ ചെല്ലാൻ
പിടീന്നു പൊക്കോ.
പിടീന്നു വന്നാൽ ചോദിക്കുന്നിടെ പിടീന്നു.
നട്ടെനൊരു വേദന.
വേറെ വല്ലോരടേം കാര്യത്തിനായിരുന്നെങ്കിൽ ഇഷ്ടം പാഞ്ഞേനേല്ലോ?
നൂറു രൂപാ കൂടി കൊട്ട്
അതു പോരടീ അയാൾക്കു വെള്ളം മേടിച്ചു കൊടുക്കേണ്ടേ.
പിന്നെ കാറുകൂലി.
അവളെ ഒപ്പിച്ചു!
നാലു ദിവസത്തിനു ശേഷം–
മന്ത്രിയെ കണ്ടെടീ. ഉടനെ സാധിയ്ക്കും
പത്രം
നീയെന്നാ അതുനെ ചോദിക്കുന്നത്? മന്ത്രിയുമായി കണ്ടിച്ചിരുന്നല്ലേ ഞങ്ങളു സംസാരിച്ചത്!
നിങ്ങളു കണ്ടെന്നു പറയുന്ന മന്ത്രി മൂന്നു മാസത്തെ വിദേശപര്യടനം കഴിഞ്ഞു നാളെ എത്തുമെന്നു പത്രത്തിൽ!
ചീട്ടുകളി മത്സരത്തിൽ എനിക്കു മൂന്നാം സമ്മാനം കിട്ടിയെന്ന് പത്രത്തിലുണ്ട്.
ബാക്കി കേൾക്കട്ടെ.
ബാക്കി നാളെ കേൾക്കാം. എൻ്റെ ചരമ വാർത്ത!!

## ബോബനും മോളിയും


ചെറുക്കനെ പഠിപ്പിക്കുന്ന ശാന്തമ്മടീച്ചറ് എഴുതിക്കൊടുത്തയച്ചിരിക്കുന്നു.
അവളു പറഞ്ഞുകൊണ്ടിരുന്നപ്പഴേ വല്ല എഴുത്തുകൊടുത്തു പുറത്താക്കിയാരുന്നു
എടീ ഞാനങ്ങോട്ടു ചെല്ലുവാ.
ഞാനൊന്നും ചെല്ലത്തില്ല. മാനേജരെന്നെ പിരിച്ചുവിട്ടു!
എന്നാലതിനാവും പിരിച്ചുവിട്ടത്
മകൻ മഹാ ധിക്കാരിയാ. അവനെക്കൊണ്ടു നിക്കപ്പൊറുതി മുട്ടി!
ഞങ്ങൾക്കും.
അവനെ ഇനി തല്ലാതെ നന്നാകുകേല.
അതു പറയാനാ അച്ഛനെ വിളിപ്പിച്ചത്. പിന്നീടു പരാതീം കൊണ്ടുവന്നേക്കരുത്.
അതിനൊരു പണി ഞാനു പറയാം.
ഇവന്റെ ചേട്ടനും മഹാ കുസൃതിയായിരുന്നു. ഞാനവനെ തല്ലുന്നതു കാണുമ്പം ഇവനും പേടിച്ചു മര്യാദക്കിരിക്കും.
അതുകൊണ്ട്, ഇവനെന്തെങ്കിലും തെറ്റുകാണിച്ചാൽ ഇവന്റടുത്തിരിക്കുന്നവനെ പിടിച്ചു തല്ലിയാൽ മതി.
TOMS

# ബോബനും മോളിയും


എപ്പോം നോക്കിയാലും ടി.വി.യുടെ മുന്നിൽ!
മുന്നിലല്ലാതെ അകത്തു കയറി ഇരിക്കാനൊക്കുമോ?
നേരം വെളുത്താൽ കിടക്കുന്നതു വരെ കാണാനുള്ളതല്ലെടാ ഇത്.
പ്രോഗ്രാം ഉള്ളപ്പഴേ കാണുന്നുള്ളൂ.
ഞാൻ പറഞ്ഞതാ ഈ കുന്ത്രാണ്ടം മേടിക്കുന്നതിനു പകരം മാലേം വളേം മേടിക്കാമെന്ന്.
നിങ്ങടെ തൊഴിൽ പഠിത്തമാ. ഇതിനൊക്കെ ഓരോ സമയമുണ്ട്. അറിയാമോ?
അറിയാം. മിക്കി മൗസ് 7.30ന് രാമായണം പത്തിന്, ക്രിക്കറ്റ് പന്ത്രണ്ടരയ്ക്ക്.
ഈ വീട്ടിൽ എല്ലാവർക്കും ഓരോ പണിയുണ്ട്. നിന്റെ അമ്മേ നോക്ക്.
നോക്കീല്ലേൽ അമ്മയെന്നാ ഓടിക്കളയുമോ?
വീട്ടിലൊരു പെരുമാറ്റച്ചട്ടം വേണം. പരീക്ഷയ്ക്കിനി രണ്ടാഴ്ചയല്ലേയുള്ളൂ.
രണ്ടാഴ്ചത്തേക്കു ടി.വി. ബന്ത്.
ടി.വി. എന്നും കണ്ടേ തീരൂ.
നിരാഹാര സമരം 26-ാം മണിക്കൂർ
ടി.വി. സമരം സിന്ദാബാദ്
എങ്ങനെയെങ്കിലും ഒന്നൊത്തു തീർപ്പിലെത്തിക്ക്.
ആഹാരം കഴിക്കുന്ന സമയത്തു മാത്രം ടി.വി. കണ്ടോ. എന്താ?
ശരി.
BLUECI
ചോറു കാലമായോ, ഒരു നല്ല പ്രോഗ്രാമുണ്ട്.
കലത്തിലെ ചോറു മുഴുവൻ തീർന്നു!!
ചോറു കൊണ്ടുവാ.
ഡോക്ടർ
അതൊരു നീണ്ട സിനിമായായിരുന്നു.
ഇനി സിനിമായുള്ള ദിവസം റേഷനരിയേ വയ്ക്കാവൂ.

# ബോബനും മോളിയും



ഫുഡ്
ഭക്ഷ്യസാധനം ഒരു പ്രദർശന വസ്തുവാകുന്ന കാലവും വരും.
സമ്പാദ്യ കുടുക്കയിൽ മൂന്നു നയാ പൈസയുണ്ട്!
ഇവിടെ ഉണ്ടാകുന്നതൊക്കെ ഭക്ഷിച്ചാൽ മതി.
നിർമ്മാതാക്കൾ സാമ്പിളു കൊടുക്കുന്നുണ്ട്.
ഫുഡ്
തീററി മത്സരവും കാണുമായിരിക്കും!
ഫുഡ് ഇന്ത്യായുടെ പന്നിയിറച്ചി. സാമ്പിൾ നോക്കാം.
തീററി മത്സരമോ? മേടിച്ചു വീട്ടിൽ കൊണ്ടുപോയി മത്സരിച്ചു തിന്നാം.
ഇതു കഷണ്ടിക്കാർക്കു വേണ്ടി കമ്പനി പ്രത്യേകം തയാറാക്കിയ ആഹാരം.
സാമ്പിൾ പായ്ക്കററ് രണ്ടു പേർക്കും കൂടി ഒന്നു പോരേ?
ഞങ്ങളു രണ്ടു വീട്ടിലേയാ.
എന്നിട്ടൊരു പോലിരിക്കുന്നല്ലോ!
ഞങ്ങളെ ഇരട്ട പെററതാ.
നിങ്ങളു നേരത്തേ വന്നു സാമ്പിളു മേടിച്ചു.
അല്ലാ, അതു കഴിഞ്ഞു നിങ്ങളു പുതിയ പ്രോഡക്ററു വല്ലതും ഇറക്കിക്കാണുമെന്നു വിചാരിച്ചു.
HOTEL WOLF INTERNATIONAL
ഒരു താറാവിനെ സാമ്പിളു കൊടുക്കുമോ?
ഇഷ്ടം നല്ലതു സാമ്പിളായി!
ഫ്രീ വാട്ടറും!
സർക്കാരാശുപത്രിയിൽ ഫ്രീ മെഡിസിനും.
പക്ഷേ നിന്നോണ്ടു കാണണം.
മലബാർ ഫുഡ്സ്
നേരേ എതിരേ ഫർണിച്ചർ കടയാ.
നിങ്ങളിവിടെ നിന്നെന്തെങ്കിലും വാങ്ങാനുദ്ദേശിക്കുന്നുണ്ടോ?
സാമ്പിൾ സിററിങ്ങ് ഒന്നു നോക്കട്ടെ.
രണ്ടു മണിക്കൂർ ഇരുന്നാൽ നടു കഴയ്ക്കുമോന്നറിയണം.
TOMS

# ബോബനും മോളിയും


എറണാകുളം പട്ടണത്തിലൂടെ തുണിയില്ലാതോടിയെന്ന്.
ഭ്രാന്താശുപത്രീന്ന് മൂന്നുപേരു മതിലു ചാടിയിട്ടുണ്ട്.
വക്കീലിന്റെ സന്തതികളെക്കൊണ്ടു മടുത്തു!
ലോ കോളേജിലെ വിദ്യാർത്ഥികൾ സ്ട്രീക്കിങ്ങ് നടത്തിയതാത്രേ!
"ലോ" എന്നു വച്ചാൽ കീഴേക്കിടയുള്ളതെന്നും അർത്ഥമുണ്ട്.
കുട്ടികളെ മര്യാദയ്ക്കു വളർത്തണം
വക്കീൽ സാറിന്റെ കുട്ടികളെക്കൊണ്ടു മഹാശല്യമായി.
തനിയ്ക്ക് എന്നോടു പരാതിയെങ്കിലും പറയാം ഞാനാരോടു പറയാൻ?
അവധിയായതിൽപ്പിന്നെ പുറത്തേയ്ക്കിറങ്ങിയാൽ പരാതിക്കാരേയുള്ളൂ.
സമാജത്തിൽ ചെന്നാൽ അവിടേം പരാതി. പിടിച്ചു നല്ലതു നാലു കൊട്
പിടികൂടണേൽ മരംകേറ്റം പഠിക്കണം
രാത്രിയിൽ ഉറക്കത്തിൽ പിടികൂടാം.
നില്ല്.. ഞാൻ പിടികൂടിക്കോളാം
നീ തടസ്സം പിടിക്കാനെങ്ങാനും വന്നേക്കരുത്.
സിനിമയ്ക്കു പോയെടീ.
വരട്ടെ.. കളി മുറീൽ കയറുമ്പം പിടികൂടാം.
ഇന്ന് എല്ലാത്തിനും കൂടി തരുന്നുണ്ട്
ആ തുണി പറിച്ചിട്ടു തുടയ്ക്കിട്ടു കൊട്
അമേരിക്ക കൊളംബിയായുടെ കാര്യത്തിൽ ഇടപെടുന്നതിനെ പ്രതിഷേധിച്ച് സ്ട്രീക്കിങ് നടത്തുകയാ
TOMS


# ബോബനും മോളിയും


പാവം! എന്തോ മന:പ്രയാസമുണ്ട്.
ജീവിതം പരാജയപ്പെട്ട ഒരുവനാ. എല്ലാം നഷ്ടപ്പെട്ടു.
ഇതാ, ഒരു സിഗരറ്റു വലിക്ക്.
ഞാനിന്നു വരെ വലിച്ചിട്ടില്ല.
ഒത്തിരി പേരു വലിപ്പിച്ചിട്ടുണ്ട്.
കാറിൽ മദ്യമുണ്ട്. വാ, അല്പം കഴിക്കാം.
ഞാനിന്നു വരെ കുടിച്ചിട്ടില്ല.
എങ്കിൽ നമുക്കു ക്ലബ്ബിൽ പോയി റമ്മികളിക്കാം.
ഞാനിന്നു വരെ റമ്മി കളിച്ചിട്ടില്ല.
പറഞ്ഞതു നേരാ.
ജീവിതത്തിൽ ഒരു ദുശ്ശീലവുമില്ലാത്തവന്റെ ഗതി കണ്ടില്ലേ?
ഇയാളെ എന്റെ ഭാര്യയെ ഒന്നു കാണിക്കണം.
ഈ വക ദുർനടപടികളൊന്നുമില്ലാത്തവന്റെ ഗതി അവളൊന്നു കാണട്ടെ.
വാ ചങ്ങാതി ഞാൻ, തന്നെ എന്റെ ഭാര്യയുമായി ഒന്നു മുട്ടിക്കാം.
എനിയ്ക്കാ പരിപാടീം ഇല്ല.

# ബോബനും മോളിയും



ഈ അരിപ്പെട്ടി ഇവിടുന്നൊന്നു മാറ്റണം. രണ്ടു കൂലിക്കാരെ വിളി.
നാളെ വരുന്ന വേലക്കാരി ചുണ്ടെലികാരി യാന്നാ പറഞ്ഞ ത്‌ ?!
അതൊരു സ്ഥലപ്പേരാ !
അല്ലേലും മാറ്റണം. അരി പോക്കു ണ്ടടാ. എന്റെ മുറീലോട്ട്‌ മാറ്റ്‌.
ദു:ഖിച്ചാൽ സുക്ഷിക്കേ ണ്ടന്നല്ലേ പ്രമാണം.
പക്ഷേ, കൂലി ക്കാര്‌ അട്ടിമറി ക്കാരാ. ഒന്നനു ഭവിച്ചതല്ലേ?
നിങ്ങളും മാറ്റാമെ ന്നോ? കൂലി പറ.
അതൊക്കെ ഒരു ധാരണയു ടെ അടിസ്ഥാ നത്തിൽ...
അവസാനം 'ധാരണേ'ൽ അവസാനി ക്കും!
കിർ കിർ
വക്കീലാ ഫോ ണിൽ വിളിച്ചത്‌. ഇന്ന കേസിന്റവ ധിയാ. വിട്ടു പോയി.
വിട്ടുപോയെ ങ്കിൽ പിന്നെ ന്തിനാ പോ ണത്‌?
പെട്ടി നിങ്ങ ങ്ങു മാ ക്കോ.
പിള്ളേരു തള്ളിയാൽ മാറുവോടാ?
സർക്കാരിനെ മാറ്റീട്ടുണ്ട്‌. പിന്നാ!
എന്റമ്മേ പണിയിച്ചതാ.
ങ്ഹാ.. തള്ള്‌.. ആഞ്ഞു തള്ള്‌...
ഹാവൂ... അനങ്ങു ന്നില്ല!
ഒന്നൂകൂടി ആഞ്ഞു തള്ള്‌..
മണ്ടക്കുസേ.. നമ്മളിപ്പം സെയിം സൈഡാ!
ഞങ്ങളങ്ങോട്ടു തള്ളുമ്പം നീ ഇങ്ങോട്ടാ തള്ളു ന്നത്‌!
പൊക്കിക്കൊണ്ടു പോണം.


ആവൂ! പൊങ്ങുന്നില്ല!
ശകലമൊന്നു പൊങ്ങി കിട്ടിയിരുന്നെങ്കിൽ ഒലക്കേൽ വച്ചുരുട്ടാരുന്നു.
പോലീസ് മുറതന്നെ വേണം!.
ശരിക്കു പിടുത്തം ചെല്ലാൻ ബഞ്ചേൽ പൊങ്ങി നിന്നു പിടിക്കണം.
വൺ.. ടൂ.. ത്രീ ന്നു പറയുമ്പം ഒപ്പം പിടിച്ചോണം.
വൺ... ടൂ... ത്രീ..
ചങ്ങാതല്ല! ഇതിന്റെ കാല് തറേൽ ഉറപ്പിച്ചിരിക്കുവാ.
മൊസൈക്കിന് ഇത്ര ഉറപ്പാണെന്നിപ്പഴാ അറിഞ്ഞെ!
ശരി ഇനി പൊക്ക്.
പൊങ്ങുന്നുണ്ട്. പൊങ്ങട്ടെ.
പൊങ്ങിയത് ആണിയടക്കമാരുന്നു!
നിറയെ അരിയാരുന്നു! പിന്നെങ്ങനെ പൊങ്ങാനാ?
ഇനി വലിച്ചു നിരക്കാം.
എന്നാലിനി അപ്പുറത്തൂന്ന് അങ്ങോട്ടു വലിക്കാം.
അരി മാറി കിട്ടിയതു കൊണ്ട് ഇനി നീങ്ങും.
എന്നാലിനി എതിർ വശത്തേയ്ക്ക വലിക്കാം.
ഇനി, അരിക്കുട്ട മാറ്റിയാ മതി.

## ബോബനും മോളിയും



പഞ്ചായത്ത് പ്രസിഡന്റിനെ കാണാൻ വന്നിരിക്കുന്നു.
ഞാൻ തിരക്കിലാണെന്നു പറയെടാ.
വാച്ച് അഞ്ചു മിനിറ്റു സ്ലോയാ.
വല്യ ആളുകളുടെയൊക്കെ സമയം ഇത്തിരി മുന്നോട്ടാവും. ഞാൻ പഞ്ചായത്ത് പ്രസിഡന്റല്ലേ!
അപ്പം ഇന്ത്യൻ പ്രസിഡന്റിന്റെ സമയം മണിക്കൂറുകള് മുന്നോട്ടാവുമല്ലോ?
മേനോനദ്ദേഹത്തിനൊരു ഡ്രൈവറെ വേണം. സാറൊന്നു പറഞ്ഞാൽ...
തെരഞ്ഞെടുപ്പു കഴിഞ്ഞു. നാട്ടുകാർക്കെന്തേലും ചെയ്യാൻ സമയമായി.
കാറില്ലാതെങ്ങും പോകാറില്ല. വെളുപ്പിനെ നടക്കാനിറങ്ങുന്നതും കാറിലാ.
ഇയ്യിടെയെല്ലാം ഇന്ത്യൻ പ്രസിഡന്റു വരുന്നതു പ്രമാണിച്ച് തിരക്കിലായിരുന്നു.
മൂപ്പരു തെരക്കിനകത്തായിപ്പോയി.
അതിയാനെന്തിയേടാ?
വരുന്നു. പഴേ പോലെ നടക്കാനൊന്നും മേല.
എന്നു വച്ചാ രാപകലോട്ടമല്ലേ?
ഓടേണ്ടി വന്നാ ഓടാതിരിക്കാൻ പറ്റ്വോ?
കാപ്പി കിട്ടിയോടീ. കടി വല്ലതുമുണ്ടായിരുന്നോ?
കടി കാപ്പിക്കു മുന്നേ കിട്ടി.
അവരുടെ പട്ടീടെ
തെരഞ്ഞെടുപ്പു കഴിഞ്ഞ കാര്യം പട്ടിയുണ്ടോ അറിയുന്നു?!
TOMS

## ബോബനും മോളിയും





ടോംസിന്റെ

# ബോബനും മോളിയും




TOMS PUBLICATIONS
SH Mount P.O. Nagampadom, Kottayam-686 006 Kerala, India. Tel: 0481-2565642, 3297317.
Email: tomscomics@rediffmail.com